# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 19, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 – നമ്പർ 17

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 19, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ.വി.ശശി**

സെക്രട്ടറി
**ശ്രീ.വി.കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

280/2020

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...82

**II. അടിയന്തരപ്രമേയം**

മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രതിസന്ധി ...299

(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധ ക്ഷണിക്കൽ**

1. റോഡ്/പൊതു നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

- ശ്രീ. സി. കൃഷ്ണൻ …316

2. സൈബർ സുരക്ഷാ സംവിധാനം

- ശ്രീ. പി. ഉബൈദുള്ള …319

**IV. സബ്മിഷൻ**

1. ചാവറ റോഡ് നിർമ്മാണം

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...324

2. വിവരാകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം

- ശ്രീ. വി. ഡി. സതീശൻ ...327

*പേജ്*

3. ധനസഹായം

- ശ്രീമതി യു. പ്രതിഭ ഹരി ...329

4. സ്ഥലം അനുവദിക്കൽ

- ശ്രീ. കാരാട്ട് റസാഖ് ...331

5. ശമ്പള പരിഷ്കരണം

- ശ്രീ. എം. രാജഗോപാലൻ ...331

6. ഓണറേറിയം വർദ്ധിപ്പിക്കൽ

- ശ്രീ. കെ. രാജൻ ...333

7. അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള പ്രായപരിധി ഉയർത്തൽ

- ശ്രീ. ഡി. കെ.മുരളി ...335

8. ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ നിയമനം

- ശ്രീ. ടി. വി. ഇബ്രാഹിം ...336

**V. ഗവൺമെന്റ് പ്രമേയം**

ജനിതകമാറ്റം വരുത്തിയ കടുക് വിത്ത്

- കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) ...338

**VI. റിപ്പോർട്ട് സമർപ്പണം**

2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...341

**VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം** ..341

# കേരള നിയമസഭാ നടപടികൾ

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

*2017 മേയ് 19, വെള്ളി*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2017 മേയ് മാസം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ (*511)

### പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുരോഗതി ഉറപ്പുവരുത്താനുള്ള പദ്ധതികൾ

1 (*511) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>:

<u>ശ്രീ. സണ്ണി ജോസഫ്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പട്ടിക വിഭാഗക്കാരുടെ പുരോഗതിക്കുവേണ്ടി നീക്കിവെയ്ക്കുന്ന തുക വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംവരണാനുകൂല്യം അവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം, സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ, വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് അടക്കമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ, തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ, സ്വയം തൊഴിലിനുള്ള വായ്പയും സബ്സിഡിയും ലഭ്യമാക്കുന്ന പദ്ധതികൾ, ദുർബല വിഭാഗക്കാരുടെ വികസനത്തിന് പ്രത്യേക പാക്കേജ്, വിദേശ തൊഴിൽ സഹായം, പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം, മിശ്രവിവാഹ ധനസഹായം, സഹകരണ സ്ഥാപനങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കുമുള്ള സഹായം, ചികിത്സാ സഹായം മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പെൺകുട്ടികളുടെ സുരക്ഷയ്ക്കായുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി, പഠന മുറി/സാമൂഹ്യപഠന മുറി, വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ പുതിയ ആറ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നീ പുതിയ പദ്ധതികൾ 2017-18-ൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

ആറ് ഹോസ്റ്റലുകൾ, മൂന്ന് ഐ.ടി.ഐ. കെട്ടിടങ്ങൾ, ഒരു പി.ഇ.ടി.സി. എന്നിവ കിഫ്ബി മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ എം.ആർ.എസ്.-കളിലും പ്ലസ് ടു അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും ഏഴ് ഐ.ടി.ഐ.-കളെ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്.

പട്ടികജാതി വികസന പദ്ധതികൾ അനുബന്ധം 1 (എ) യിലും പട്ടികവർഗ്ഗ വികസന പദ്ധതികൾ അനുബന്ധം 1 (ബി) യിലും നൽകുന്നു*.

(ബി) പട്ടിക വിഭാഗക്കാരുടെ പുരോഗതിക്കുവേണ്ടി നീക്കിവെയ്ക്കുന്ന തുക വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ട്.

ഇത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് വരികയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംവരണം ഭരണഘടന അനുശാസിക്കുന്ന അവകാശമാണ്. സംവരണ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ റിവ്യൂ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ഏതെങ്കിലും വകുപ്പുകളിൽ സംവരണ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടോയെന്ന് പരിശോധിക്കുക കുറവുള്ളപക്ഷം ആവശ്യമായ ഘട്ടങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തുക എന്നിങ്ങനെയുള്ള നടപടികൾ റിവ്യൂ കമ്മിറ്റി ചെയ്തുവരുന്നു. ഈ സാഹചര്യത്തിൽ ഇത് നിയമത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി വിഭാഗക്കാരുടെ പുരോഗതിക്കുവേണ്ടി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ആ തുക ചെലവഴിക്കുന്നില്ലെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാൻ നിയമനിർമ്മാണം നടത്തുന്നതും നല്ലകാര്യം തന്നെയാണ്. എന്റെ ചോദ്യം, സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട 657 പേർ മാത്രമാണുള്ളതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് വിഭാഗത്തിലും സംവരണമില്ല. സർക്കാരിന്റെ ധനസഹായത്തോടുകൂടി പ്രവർത്തിക്കുന്ന എയ്ഡഡ് മേഖലയിൽ സംവരണമേർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; ശ്രീ. ടി. വി. രാജേഷ് ചെയർമാനായ നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുപാതികമായ സംവരണം വേണമെന്നുള്ള ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത ശിപാർശ അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണത്. പ്രത്യേകിച്ച്, ആഗോളീകരണ കാലഘട്ടത്തിൽ സ്വകാര്യ മേഖലയിലാണ് തൊഴിലവസരങ്ങൾ കൂടുന്നത്. ഗവൺമെന്റ് മേഖലകളിൽ കുറയുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സ്വകാര്യ-എയ്ഡഡ് മേഖലകളിൽ സംവരണം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് പൊതുസമൂഹം പ്രത്യേകിച്ച്, ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരു സമവായത്തിലെത്തണം. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരിശ്രമം ഗവൺമെന്റ് നടത്തുന്നതായിരിക്കും. എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് 70 വർഷമായി. ഇന്ത്യൻ ഭരണഘടന നിലവിൽവന്നിട്ട് 67 വർഷവുമായി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്ഥിതി ഇപ്പോഴും അതിദയനീയമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ടുകൾ കൊടുക്കുന്നുണ്ട്. അത് യഥാവിധി ചെലവഴിക്കാൻ ഇപ്പോഴും കഴിയുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 15(4)-ഉം, 335-ഉം ഉറപ്പ് വരുത്തുന്ന സംരക്ഷണം പൂർണ്ണതോതിൽ അവർക്ക് ലഭിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിയുടെ കാര്യത്തിലും കരാർ അടിസ്ഥാനത്തിലുള്ള ജോലിയുടെ കാര്യത്തിലും ഒരു മാനദണ്ഡവുമില്ല, അതിലൊന്നും പട്ടികജാതി വിഭാഗക്കാർക്ക് കടന്നുചെല്ലാൻ സാധിക്കുന്നില്ല. അതുകൊണ്ട് സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പട്ടികജാതി വിഭാഗക്കാർ ഇല്ലാത്ത സ്ഥലങ്ങളിൽ അവരെ നിയമിക്കാനാവശ്യമായ നടപടിക്ക് തുടക്കംകുറിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ദേശീയ തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സ്ഥിതി എന്തായിരുന്നോ അതല്ല ഇപ്പോൾ കേരളത്തിലുള്ളത്. കുറെയൊക്കെ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട കാരണം ഭൂപരിഷ്കരണ നിയമമാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തികമായി കുറച്ച് മെച്ചപ്പെട്ട സ്ഥിതി കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചത് ശരിയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവൺമെന്റ്/എയ്ഡഡ് മേഖലകളിലും ഗവൺമെന്റ് മേഖലകളിലുമൊക്കെയുള്ള സംവരണം ഉറപ്പുവരുത്തുക എന്നുള്ളത് ഗവൺമെന്റ് വിചാരിച്ചാൽ സാധിക്കുന്ന കാര്യമാണ്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ റിവ്യൂ കമ്മിറ്റിയുണ്ട്. അത് എല്ലാവർഷവും റിവ്യൂ ചെയ്യാറുണ്ട്. ഇപ്രാവശ്യം ജൂൺ ആറാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം റിവ്യൂ ചെയ്യുന്നതിനുവേണ്ടി ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ബാക്ക്‌ലോഗ് ഉണ്ടെങ്കിൽ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫിനുവേണ്ടി ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾക്കുവേണ്ടിയുള്ള ഡോ. ബി. ആർ. അംബേദ്കർ പദ്ധതിയിൽ, കോളനി തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം 40 കുടുംബങ്ങളിൽ കൂടുതലായിരിക്കണമെന്നുള്ളതാണ്. ഈ വർഷത്തെ ലിസ്റ്റ് ചോദിച്ചപ്പോൾ, എന്റെ മണ്ഡലമായ അരുവിക്കര പോലുള്ള ഒരു മണ്ഡലത്തിൽ

രണ്ടാമത് ഒരു കോളനി കൊടുക്കാനുള്ള നമ്പേഴ്സ് ഇല്ലെന്നാണ് പറയുന്നത്. ഈ കോളനികളിൽ എത്ര ആളുകൾ താമസിക്കുന്നുണ്ടെന്നുള്ള സർവ്വേ അടിയന്തരമായി നടത്താനുള്ള നടപടി സ്വീകരിക്കുമോ; അതിനനുസൃതമായി വരുംവർഷങ്ങളിലെ കോളനികൾക്കുള്ള ഫണ്ട് ലഭ്യമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ സർവ്വേയുടെ പ്രശ്നം വരുന്നില്ല. 40 കുടുംബങ്ങളുള്ള കോളനികൾ ഏതാണ്, 50 കുടുംബങ്ങളുള്ള കോളനികൾ ഏതാണ് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ കൈവശം കണക്കുകളുണ്ട്. പല സ്ഥലങ്ങളിലും 50-ഉം 60-ഉം 100-ഉം വീടുകളുള്ള കോളനികളുണ്ട്. അത് മുന്നിൽ കണ്ടുകൊണ്ടാണ് മിനിമം 40 കുടുംബങ്ങൾ എന്ന് പറയുന്നത്. അതേസമയം ചില മണ്ഡലങ്ങളിൽ 40-ൽ കുറവ് കുടുംബങ്ങളാണുള്ളത്. അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കാം. സമഗ്രവികസനത്തിന്റെ ഭാഗമായി ഇപ്പോഴുള്ളവയുടെ പുരോഗതി വിലയിരുത്തി വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഇപ്പോൾ കരാർ നിയമനങ്ങളാണ് നടക്കുന്നത്. അതിൽ ഒരു സംവരണവും പാലിക്കാറില്ല. സാംസ്കാരിക വകുപ്പിലെ സ്ഥാപനങ്ങളിൽപോലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ നോക്കുകുത്തിയാക്കി കരാർ നിയമനം നടക്കുകയാണ്. പ്രസ്തുത സാംസ്കാരിക സ്ഥാപനങ്ങളിൽ കരാർ നിയമനങ്ങളിൽ സംവരണം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങനെയുള്ള നിയമനങ്ങൾ സാംസ്കാരിക വകുപ്പിൽ ചിലപ്പോൾ പെട്ടെന്ന് വേണ്ടിവരുന്നതാണ്. ഉദാഹരണമായി, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ വരുമ്പോൾ ഒരു പ്രത്യേക ഘട്ടത്തിലാണ് അത് ആവശ്യമായി വരുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ പറ്റില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ഒരു സ്ഥിരം സ്വഭാവമുള്ള തൊഴിലുകളുള്ള ഏതെങ്കിലും സാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഗവൺമെന്റിന്റെ കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രൈവറ്റ് സെക്ടറിൽ എസ്.സി. വിഭാഗം ആളുകൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകുമെന്ന് സൂചിപ്പിക്കുകയുണ്ടായി. അതൊക്കെ അതിവിപ്ലവകരമാണ്. ഗവൺമെന്റ് സാലറി നൽകുന്ന എയ്ഡഡ് സെക്ടറിൽപ്പോലും നമുക്ക് ഇതുവരെ സംവരണം

ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള മാനേജ്മെന്റുകളുടെ നിയമനാധികാരം നിലനിർത്തിക്കൊണ്ട് റിസർവേഷൻ പാലിക്കണമെന്ന കാര്യത്തിൽപ്പോലും നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഈയൊരു സാഹചര്യത്തിൽ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് രണ്ട് ഗവൺമെന്റുകളുടെയും (എൽ.ഡി.എഫ്./ യു.ഡി.എഫ്.) കാലത്ത് കൊണ്ടുവന്ന നിയമത്തിന്റെ ഭാഗമായി, ദേവസ്വം ബോർഡുകളിൽ ചില കാര്യങ്ങൾ ഒഴികെയുള്ള മേഖലകളിലൊക്കെ റിസർവേഷൻ കൊണ്ടുവരാൻ കഴിഞ്ഞു. രണ്ട് ഗവൺമെന്റുകളുടെ കാലത്ത് നിയമം രണ്ട് തരത്തിലാണ് പാസ്സായത്. അതുകൊണ്ട് ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിൽ റിസർവേഷൻ നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അത് ശരിയാണ്. ഗവൺമെന്റിന്റെ നിയന്ത്രണങ്ങളിലുള്ള സ്ഥാപനങ്ങളിൽപ്പോലും സംവരണം പാലിക്കുന്നില്ലെങ്കിൽ മറ്റ് സ്വകാര്യ മേഖലകളിലെ സംവരണത്തെപ്പറ്റി പറഞ്ഞിട്ട് അർത്ഥമില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ദേവസ്വം ബോർഡിൽ സംവരണം ഉണ്ടായിരുന്നില്ല, ആ മേഖലയിലെ സംവരണവുമായി ബന്ധപ്പെട്ടുള്ള നടപടികളെ സംബന്ധിച്ച് പ്രസ്തുത വകുപ്പുമായി ആലോചിക്കുന്നതായിരിക്കും. എയ്ഡഡ് കോളേജുകളിൽ സംവരണം ഉറപ്പുവരുത്തുന്നതിന് സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും അനുകൂല വിധിയുണ്ടായിട്ടും അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അക്കാര്യം പഴയ സർക്കാരിനും കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഈ ഗവൺമെന്റ് അതിലേയ്ക്കുള്ള നീക്കം നടത്തിയപ്പോൾ അത് സ്റ്റേ ചെയ്തിരിക്കുകയാണ്. ആ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; ഇപ്പോൾ ആദിവാസികൾക്കുള്ള സംവരണം രണ്ട് ശതമാനമാണ്. വയനാട് ജില്ലയിൽ ആദിവാസികളുടെ ജനസംഖ്യ 18.75 ശതമാനമാണ്. ജില്ലാ അടിസ്ഥാനത്തിൽ ആദിവാസികളുടെ, വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജനസംഖ്യാതോതനുസരിച്ച് സംവരണത്തിനകത്ത് സംവരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഒ.ബി.സി., ധീവര, വിശ്വകർമ്മ തുടങ്ങിയവർക്ക് പ്രത്യേകം സംവരണങ്ങളുണ്ട്. ഈ ജോലികൾ പ്രത്യേക കേന്ദ്രങ്ങളിൽ പ്രത്യേക ജനവിഭാഗങ്ങൾക്ക് മാത്രം കേന്ദ്രീകരിച്ചു കിട്ടുന്നത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ; പുതിയ പദ്ധതികൾ വിശദീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പുതിയ പദ്ധതികളെ സംബന്ധിച്ച് കഴിഞ്ഞ ദിവസത്തെ ഡിമാന്റ് ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ അത് വിശദീകരിക്കുകയാണെങ്കിൽ സമയം ഏറെയെടുക്കും. ചോദ്യോത്തരവേള വളരെ ലിമിറ്റഡ് ആണ്. സംവരണത്തിനുള്ളിലെ സംവരണത്തെക്കുറിച്ച് ഗവൺമെന്റ് നയപരമായി തീരുമാനിച്ചിട്ടില്ല. വയനാട് ജില്ലയിൽ ഏതാണ്ട് 18 ശതമാനത്തോളം ആദിവാസികളുണ്ട്. ഇവിടെ 2 ശതമാനം സംവരണമാണ് കൊടുക്കുന്നത്. സംവരണത്തിനുള്ളിൽ സംവരണം എന്ന് പറയുമ്പോൾ വയനാട് ജില്ലയിൽ കൂടുതൽ ആദിവാസികൾ ഉള്ളതിനാൽ സംവരണം കുറച്ച് കൂടുതൽ കിട്ടുമെന്നുള്ളത് ശരിയാണ്. സംവരണത്തിനുള്ളിലുള്ള സംവരണത്തെക്കുറിച്ച് ഗവൺമെന്റ് നയപരമായി തീരുമാനിച്ചിട്ടില്ല. ജനറലായിട്ടുള്ള സംവരണമാണ് ഇപ്പോൾ കൊടുക്കുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ, വ്യാജ സർട്ടിഫിക്കറ്റുകളുടെ മറവിൽ പലരും നേടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ജോലിയിൽ പ്രവേശിക്കുന്നവർക്കും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നവർക്കുമെതിരെ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ അവർ കോടതിയിൽപ്പോയി സ്റ്റേ വാങ്ങുകയാണ്. പക്ഷേ ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പലപ്പോഴും ഉണ്ടാകുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് കാലംവരെ അവരുടെ ആനുകൂല്യങ്ങൾ പറ്റിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ നേടിയിട്ടുള്ള എത്ര ആളുകൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; ഇത്തരം ആളുകളുടെ ലിസ്റ്റ് സർക്കാരിന്റെ കൈവശമുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, വ്യാജ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. ഗവൺമെന്റ് അത് സമർപ്പിക്കാം. ഇങ്ങനെയുള്ള കുറച്ച് കേസ്സുകളുണ്ട്. വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലിയിൽ പ്രവേശിക്കുന്ന ആൾക്കാർക്ക് ജോലിയിൽ തുടരാൻ കഴിയില്ല. കോടതിയിൽനിന്നും സ്റ്റേ വാങ്ങുന്നതിന്റെ ഭാഗമായിട്ടാണ് അങ്ങനെ വരുന്നത്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനും സമയബന്ധിതമായി ഇടപെടുന്നതിനും വേണ്ടി പ്രത്യേക സംവിധാനം അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ ഉണ്ടാക്കിയിട്ടുണ്ട്. സ്ക്രൂട്ടിണി കമ്മിറ്റി വളരെ സജീവമായി ഇത്തരം കാര്യങ്ങൾ

പരിശോധിക്കുന്നതാണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ട്. ഇതിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ കിർത്താഡ്സിന് സമർപ്പിക്കും. ഇപ്പോൾ കിർത്താഡ്സ് വളരെ സജീവമാണ്. വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കി പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ തട്ടിയെടുക്കാൻ ഒരു തരത്തിലും ഗവൺമെന്റ് സമ്മതിക്കില്ല. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കും. അവർ സർവ്വീസിൽ ഉണ്ടാകില്ല, കൊടുത്ത ആനുകൂല്യങ്ങളടക്കം തിരിച്ചുപിടിക്കും.

<u>ശ്രീ. ബി. സത്യൻ</u>: സർ, തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിന്റെ വിനിയോഗം പല രംഗങ്ങളിലും പിറകോട്ടാണെന്നാണ് കാണുന്നത്. അതുപോലെ ഡിപ്പാർട്ട്മെന്റുവഴിയും തനതായിട്ടുള്ള ചില പദ്ധതികൾ മാത്രമാണ് സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നത്. ആ പണം പലപ്പോഴും അടുത്ത വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാനോ വളരെ നന്നായി, ആഗ്രഹിച്ച നിലയിൽ പദ്ധതി പൂർത്തീകരിക്കാനോ കഴിയാത്തൊരവസ്ഥ നിലനിൽക്കുന്നുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ കൃത്യമായി നടത്താൻവേണ്ടി ഒരു നിയമമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; കിട്ടുന്ന പണം അതത് സാമ്പത്തിക വർഷംതന്നെ ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുന്ന നിലയിൽ നിയമനിർമ്മാണം നടത്താൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഗവൺമെന്റ് വിചാരിച്ചാൽ പദ്ധതി വിനിയോഗം വകുപ്പ് തലത്തിൽ നല്ല രൂപത്തിൽ ചെലവഴിക്കാൻ സാധിക്കും. കഴിഞ്ഞ വർഷം സാമ്പത്തിക രംഗത്ത് കുറെ പ്രശ്നങ്ങളുണ്ടായിട്ടുപോലും 95.42 ശതമാനം പട്ടികവർഗ്ഗ വകുപ്പിലും ഏകദേശം 93 ശതമാനം പിന്നോക്ക സമുദായ വകുപ്പിലും 83 ശതമാനം പട്ടികജാതി വകുപ്പിലും ചെലവഴിക്കാൻ സാധിച്ചു. ഇത് സാധാരണ നിലയിലുള്ളതിനേക്കാൾ കുറച്ചുകൂടി കൂടുതലാണ്. ഇത് കുറച്ചുകൂടി മെച്ചപ്പെടുത്താൻ പറ്റും. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൊടുക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് ജനപ്രതിനിധികളിലേയ്ക്ക് കൊടുക്കുന്നതാണ്. അവിടെയുള്ള ഏറ്റവും വലിയ തകരാറ് കാര്യക്ഷമമായ മോണിറ്ററിംഗ് ഇല്ലെന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ ഇതിനെക്കാൾ നല്ലത് ബ്യൂറോക്രസിയാണെന്നുള്ള തോന്നൽ ജനങ്ങളിലുണ്ടാകും. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ തുക ചെലവഴിക്കാൻ പറ്റുന്നില്ലെങ്കിൽ എന്തിനാണ് ഈ പണം ഇവർക്ക് കൊടുക്കുന്നത്, ഇത് വീണ്ടും ഡിപ്പാർട്ട്മെന്റിലേയ്ക്കുതന്നെ തിരിച്ചുകൊടുക്കുന്നതല്ലേ നല്ലത് എന്ന സന്ദേശമാണ്

ജനങ്ങളിലേയ്ക്ക് പോകുന്നത്. അതുകൊണ്ട് ശക്തമായ നിലപാട് അക്കാര്യത്തിൽ ഗവൺമെന്റ് എടുക്കും. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ആ മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക റിവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഡയറക്ട് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുകയുണ്ടായി. ഏത് ഗവൺമെന്റുകളുടെ കാലത്തായാലും ഈ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച്, പട്ടികവർഗ്ഗങ്ങളുടെ ബാക്ക്ലോഗ് നികത്താനുണ്ടാകുമെന്നത് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. എന്റെ മണ്ഡലത്തിലുൾപ്പെടെ നല്ല കായിക ക്ഷമതയുള്ള ചെറുപ്പക്കാർ പോലീസിലും മറ്റും ചേരാൻ താൽപ്പര്യം പ്രകടിപ്പിച്ച് വരാറുണ്ട്. പോലീസ് വകുപ്പിൽ ചേരാൻ താൽപ്പര്യമുള്ളവർ ഹാജരാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അടുത്തകാലത്ത് പോലീസ് വകുപ്പിൽനിന്നും അവർക്ക് കത്തും കിട്ടുകയുണ്ടായി. അതുപോലതന്നെ ഫോറസ്റ്റ് വാച്ചർമാരായി ധാരാളം ആദിവാസി യുവാക്കൾ ജോലി ചെയ്യുന്നുണ്ട്. ഒരുപാട് വർഷമായിട്ടും അവരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ഗവൺമെന്റിന്റെ സജീവമായ ഇടപെടലിലൂടെ അവരെ സ്ഥിരപ്പെടുത്താനും പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ജോലി കൊടുക്കാനുള്ള സമീപനവും ഉണ്ടാകണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ അഹാഡ്സ് പൂട്ടിയപ്പോൾ 91 ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കളെ ഡയറക്ട് റിക്രൂട്ട്മെന്റിലൂടെ വനം വകുപ്പിൽ ജീവനക്കാരാക്കി. അതിന് പ്രൊവിഷനുണ്ട്, അത് ഉപയോഗപ്പെടുത്തണം. നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞ പ്രശ്നം അട്ടപ്പാടിയിലുമുണ്ട്. അട്ടപ്പാടിയിലെ ജനസംഖ്യയിൽ 40 ശതമാനത്തോളം പട്ടികവർഗ്ഗക്കാരാണ്. ആ മേഖലയിൽ പ്രത്യേകമായി ഇത്തരം സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാർ ഇടപെടുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അഭ്യസ്തവിദ്യരായിട്ടുള്ള എല്ലാ ആദിവാസികൾക്കും പരമാവധി ജോലി കൊടുക്കുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അല്ലാതെ നമ്മൾ അടിസ്ഥാന വർഗ്ഗത്തിന്റെയും അടിച്ചമർത്തപ്പെട്ട വർഗ്ഗത്തിന്റെയുമെല്ലാം താൽപ്പര്യം പറഞ്ഞിട്ട് കാര്യമില്ല. അവരെ വിശ്വാസത്തിലെടുക്കണമെങ്കിൽ അത് ചെയ്തേ പറ്റൂ. അതിന്റെ ഭാഗമായി അടുത്തമാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വയനാട്ടിൽ ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട്, 241 ഗോത്രഭാഷ അറിയാവുന്ന - ലിപിയില്ലാത്ത പ്രാദേശിക ഭാഷ അറിയാവുന്ന അഭ്യസ്തവിദ്യരായിട്ടുള്ള ആദിവാസികൾക്ക് പ്രത്യേകിച്ച്, പ്രിമിറ്റീവ് വിഭാഗത്തിലുള്ള ആൾക്കാർക്ക് തൊഴിൽ കൊടുക്കുന്നതിന്റെ ഭാഗമായി 241 അദ്ധ്യാപകരെ തെരഞ്ഞെടുത്ത്

ജോലികൊടുക്കുകയാണ്. ഏകദേശം 22,000 രൂപയാണ് അവർക്ക് കൊടുക്കാൻ പോകുന്നത്. പിന്നീട് ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കി അവരെ അബ്സോർബ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കായികക്ഷമതയുള്ള, നല്ല ആരോഗ്യമുള്ള ആദിവാസികൾക്കുവേണ്ടി ഒരു പ്രത്യേക റിക്രൂട്ട്മെന്റിനെ സംബന്ധിച്ചും ആലോചിക്കുന്നുണ്ട്. അങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ടുകൊണ്ട് അവരെ മുന്നോട്ടുകൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. കണക്കുകൾ പരിശോധിക്കുമ്പോൾ എസ്.എസ്.എൽ.സി/പ്ലസ് ടു പാസ്സായ ഏകദേശം 19000-ത്തോളം വരുന്ന ആദിവാസികളുണ്ടെന്നാണ് മനസ്സിലാകുന്നത്. പക്ഷേ ബി.എ., ബി.എഡ്സ്., എം.എ., ടി.ടി.സി. തുടങ്ങിയ പ്രൊഫഷണൽ കോഴ്സ് പാസ്സായിട്ടുള്ളവരുടെ ഇടയിൽ alarming ആയിട്ടുള്ള തൊഴിലില്ലായ്മയില്ല. ഇവർക്കൊക്കെ തൊഴിൽ കൊടുക്കാൻ സാധിക്കും. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പദ്ധതിയെ സംബന്ധിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങയുടെ സാന്നിധ്യത്തിലാണ് കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച നടത്തിയത്. അതിന്റെ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ആംഗ്ലോ-ഇന്ത്യൻ കമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ രണ്ടുപ്രാവശ്യം ചർച്ച ചെയ്തു. ബഹുമാനപ്പെട്ട എം.പി. റിച്ചാർഡ് ഹെയിൻ വന്ന് അക്കാര്യങ്ങൾ ചർച്ച ചെയ്തു. അതുസംബന്ധിച്ച് വളരെ പോസിറ്റീവായിട്ടുള്ള ചില തീരുമാനങ്ങൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ അസംബ്ലിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങളെക്കുറിച്ച് ഞാൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ലഭിച്ച ഉത്തരം കണ്ടപ്പോൾ ഞാൻ തന്നെ ഞെട്ടിപ്പോയി. അത്രത്തോളം ആനുകൂല്യങ്ങളാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്നത്. എന്നാൽ ഇതുസംബന്ധിച്ച് സാധാരണക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവബോധം ഇല്ല. അതുകൊണ്ട് അവരിൽ അവബോധം സൃഷ്ടിക്കാൻ വേണ്ടിയാണ് പ്രൊമോട്ടർമാരെ നിയമിക്കുന്നത്. പ്രൊമോട്ടർമാർ അവരുടെ ഉത്തരവാദിത്വം ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്നതുസംബന്ധിച്ച് പരിശോധിക്കാനുള്ള എന്തെങ്കിലും മാർഗ്ഗമുണ്ടോ; പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; രാഷ്ട്രീയ പിൻബലമാണോ പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യം സംബന്ധിച്ച് അവർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് പി.ആർ.ഡി.-യെ ഉപയോഗപ്പെടുത്തിയും പട്ടികജാതി/പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റ്വഴിയും ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളെ സംബന്ധിച്ചും അവർക്കറിയില്ല. ഒ.ബി.സി.-ക്ക് ലഭിക്കുന്ന ആനുകൂല്യത്തെപ്പറ്റി അവർക്കും അറിയില്ല. വിദേശത്തേയ്ക്ക് പോകാൻ പിന്നോക്ക ഡിപ്പാർട്ട്മെന്റ് സൗജന്യമായി 10 ലക്ഷം രൂപവരെ കൊടുക്കുന്നുണ്ട്. പ്രവാസികളായി നാട്ടിൽ വരുന്നവർക്ക് കോർപ്പറേഷൻ 20 ലക്ഷം രൂപവരെ രണ്ടര ശതമാനം പലിശയ്ക്ക് കൊടുക്കുന്നുണ്ട്. അങ്ങനെയുള്ള ധാരാളം ആനുകൂല്യങ്ങളെക്കുറിച്ച് പലർക്കും അറിയില്ല. ഇതുസംബന്ധിച്ച് നല്ല ബോധവൽക്കരണം നടത്തണമെന്ന് പറഞ്ഞത് ശരിയാണ്. പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച് റിവ്യൂ നടത്തിയതിനുശേഷമാണ് അവരുടെ പുനർനിയമനം നടത്തുന്നത്. ഓരോ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും ഇതുമായി ബന്ധപ്പെട്ട് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രൊമോട്ടർമാരെ നിയമിക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, എസ്.സി/എസ്.റ്റി. സഹകരണ സംഘങ്ങളിലെ പ്രവർത്തനങ്ങൾ നവീകരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ടാക്കുന്ന ഉല്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ലാഭകരമായ വിപണി കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സഹകരണ സംഘങ്ങളുണ്ടെങ്കിൽപ്പോലും ഭൂരിപക്ഷം സഹകരണ സംഘങ്ങളും defunct ആണ്. അവരുടെ ഉല്പന്നങ്ങൾ ഫലപ്രദമായി വിപണനം നടത്തുന്നതിനും ക്വാളിറ്റിയുള്ള ഉല്പന്നങ്ങളുണ്ടാക്കുന്നതിനും സഹകരണ സംഘങ്ങൾ ശ്രദ്ധിക്കാറില്ല. ഗദ്ദികയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളിൽനിന്ന് ഉല്പന്നങ്ങൾ വിപണന മേളയിലേയ്ക്ക് എത്തിക്കാൻ പറഞ്ഞിട്ടുപോലും പലർക്കും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഡിമാന്റ് മനസ്സിലായപ്പോൾ അവർതന്നെ പുറത്തുനിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്ന് ആദിവാസി ഉല്പന്നം എന്നുപറഞ്ഞാണ് വിറ്റത്. എന്നിട്ടുപോലും 80 ലക്ഷം രൂപയുടെ ഉല്പന്നങ്ങളാണ് രണ്ട് ഗദ്ദികയിലുമായി വിറ്റത്. ഇത് ചരിത്രത്തിൽ ഇല്ലാത്ത വിൽപ്പനയാണ്. ഇപ്പോൾ ക്വാളിറ്റിയുള്ള ഉല്പന്നങ്ങളുണ്ടാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്നുണ്ട്. സഹകരണ സംഘങ്ങളുണ്ടാക്കുന്ന എല്ലാ സാധനങ്ങളും വിറ്റഴിക്കാൻ സാധിക്കും. ഗദ്ദിക രണ്ടെണ്ണം എന്നത് അഞ്ചെണ്ണം വരെ ആക്കാവുന്നതാണ്. അതിലൂടെ അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും തൊഴിലില്ലായ്മ പരിഹരിക്കാനും സാധിക്കും. ഇക്കാര്യം സഹകരണ സംഘങ്ങളാണ് പ്രത്യേകമായി ശ്രദ്ധിക്കേണ്ടത്.

ശ്രീ. പി. ഉബൈദുള്ള: സർ, എസ്.സി. വിഭാഗത്തിന് അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു എന്ന പരാതി പലപ്പോഴും ഉണ്ടാകാറുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ കോർപ്പറേഷനുകളിലും ബോർഡുകളിലുമായി എത്ര എം.ഡി.-മാരെയും മറ്റ് ഉദ്യോഗസ്ഥൻമാരെയും നേരിട്ട് നിയമിച്ചിട്ടുണ്ട്. അതിൽ എത്ര ആളുകൾ എസ്.സി. വിഭാഗത്തിൽപ്പെട്ടവരുണ്ട്; എം.ഡി.-മാരുടെ നിയമനത്തിൽ എസ്.സി. വിഭാഗത്തിനും പിന്നോക്ക സമുദായങ്ങൾക്കും അർഹമായ സംവരണം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ സംവരണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, എക്സിക്യൂട്ടീവ് പോസ്റ്റിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് പൂർണ്ണമായും സംവരണതത്വം പാലിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്, അക്കാര്യം പരിശോധിക്കാം. ഏതെല്ലാം എം.ഡി.- മാരെ നിയമിച്ചിട്ടുണ്ടെന്നതുസംബന്ധിച്ച് ഇപ്പോൾ പറയാൻ സാധിക്കില്ല. കാരണം 5 പോസ്റ്റിൽ കുറവേയുള്ളൂവെങ്കിൽ സംവരണം കമ്പൽസറിയല്ല. എം.ഡി. പോസ്റ്റിലേയ്ക്ക് ചിലപ്പോൾ എസ്.സി. വിഭാഗത്തിൽനിന്ന് ഉദ്യോഗസ്ഥനെ കിട്ടില്ല. അങ്ങനെയുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ ഉദ്ദേശിക്കുന്ന രൂപത്തിൽ സംവരണം പാലിക്കാൻ സാധിക്കാറില്ല.

**മത്സ്യസമ്പത്തിന്റെ സംരക്ഷണം**

2(*512) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) നിയമവിരുദ്ധമായ മത്സ്യബന്ധനം തടയുന്നതിനും സ്വാഭാവിക മത്സ്യ പ്രജനന സ്ഥലങ്ങളിൽ സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നശിച്ചുപോയ ജലാശയ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും അതിന്റെ ഭാഗമായി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) നടത്തുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ ഫലപ്രാപ്തി അവലോകനം ചെയ്യാറുണ്ടോയെന്നും വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 2017-18 സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്:

- കായലുകളിലെ അനധികൃത മത്സ്യബന്ധനം കണ്ടെത്തുന്നതിനായി കായൽ പട്രോളിംഗ് പദ്ധതി.
- ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് മത്സ്യസങ്കേതം സ്ഥാപിക്കുന്ന പദ്ധതി.
- മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കാർപ്പ്, ആറ്റുകൊഞ്ച് കൂടാതെ തനത് മത്സ്യങ്ങളായ ചെമ്മീൻ, കരിമീൻ, കണമ്പ് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി.
- മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യക്കുഞ്ഞുങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി ആവശ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി കൃത്രിമ പാര് നിർമ്മിക്കൽ, കണ്ടൽക്കാട് വച്ചുപിടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ.
- തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി.
- കടൽ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തൽ.
- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കൽ.

(ബി) ഉണ്ട്. കടലിൽ നിയമവിരുദ്ധ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ KMFR Act, 1980 അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കിവരുന്നു. ഉൾനാടൻ മേഖലയിൽ കേരള ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും ആക്ട് 2010 പ്രകാരം നിയമലംഘനത്തിന് പിഴ ഈടാക്കിവരുന്നുണ്ട്.

(സി) നശിച്ചുപോയ ജലാശയ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് അഷ്ടമുടി കായൽ, വേമ്പനാട് കായൽ എന്നിവിടങ്ങളിലും കണ്ണൂർ, കോഴിക്കോട് ജില്ലകളിലും കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി 2017-18 സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റാംസർ പട്ടികയിൽ ഉൾപ്പെട്ട വേമ്പനാട്, അഷ്ടമുടി കായലുകളുടെയും ശാസ്താംകോട്ട തടാകത്തിന്റെയും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതാണ്.

(ഡി) കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് താഴെപ്പറയുന്ന ഗവേഷണ പദ്ധതികൾ ഫിർമ നടപ്പാക്കിവരുന്നു:

1. കുട്ടനാട് ഇക്കോസിസ്റ്റം സംരക്ഷിക്കുന്നതിനും നാശോന്മുഖമായ മത്സ്യസമ്പത്ത് പുനഃസൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഒരു പ്രത്യേക മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.

2. നിലവിലുള്ള മത്സ്യസമ്പത്തിന്റെ വിവരശേഖരണവും ജലാശയങ്ങളെ മാലിന്യമുക്തമാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള പദ്ധതിയെ സംബന്ധിച്ചും ഫിർമ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്.

ഇവയുടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഇവയുടെ ഫലപ്രാപ്തി എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, മത്സ്യവകുപ്പ് ഡയറക്ടർ വിളിച്ചു ചേർക്കുന്ന പുരോഗതി അവലോകന യോഗങ്ങൾ എന്നിവയിൽ ചർച്ച ചെയ്യുന്നു. ഇതിനുപുറമെ ഗവേഷണ പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ഫിർമയിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും നിലവിലുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, മത്സ്യത്തൊഴിലാളി മേഖലയും മത്സ്യസമ്പത്തും സംരക്ഷിക്കാൻ അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന എല്ലാ ശ്രമങ്ങളെയും ഒരു തീരദേശ പട്ടണമുൾപ്പെടുന്ന മണ്ഡലത്തിലെ പ്രതിനിധിയെന്ന നിലയിൽ ഞാൻ അഭിവാദ്യം ചെയ്യുകയാണ്. ഇവിടെ മത്സ്യസമ്പത്ത് വലിയ രീതിയിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പലപ്പോഴും സർക്കാരിന്റെ ചില കമ്മീഷനുകൾ, കലാവർ കമ്മീഷൻ, ബാലകൃഷ്ണൻ കമ്മീഷൻ തുടങ്ങിയ കമ്മീഷനുകൾ കണ്ടെത്തിയത് യന്ത്രവൽകൃത യാനങ്ങളുടെ നിയന്ത്രണമുണ്ടാകണമെന്നതാണ്. അത് ഇവിടെ സൂചിപ്പിച്ചിരുന്നു. പക്ഷേ ശക്തമായ രീതിയിൽ നിയന്ത്രണമേർപ്പെടുത്തിയാൽ മാത്രമേ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. മത്തി ഉൾപ്പെടെ പല മത്സ്യങ്ങളുടെയും ഉല്പാദനം

കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്തരം മത്സ്യസമ്പത്ത് സംരക്ഷിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; മത്സ്യസമ്പത്ത് കുറയുന്നതിൽ ഗ്ലോബൽ ക്ലൈമറ്റ് ചെയ്ഞ്ച് ബാധകമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗ്ലോബൽ ക്ലൈമറ്റ് ചെയ്ഞ്ചിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശാസ്ത്രജ്ഞൻമാരുടെ സഹായം തേടുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യസമ്പത്ത് സംരക്ഷണമെന്നത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. കടലിൽത്തന്നെ 13 ശതമാനം മത്സ്യത്തിന്റെ കുറവുണ്ടെന്നാണ് വിദഗ്ദ്ധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നമ്മൾ ഇക്കാര്യത്തിൽ ഗൗരവതരമായ സമീപനം അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ലാത്ത അവസ്ഥയാണുള്ളത്. രജിസ്റ്റേർഡ് ബോട്ട് യാഡുകൾ കേരളത്തിലില്ല, വള്ളം ഏത് വലിപ്പമുള്ളതായിരിക്കണമെന്ന് കൺട്രോൾ ചെയ്യുന്ന വ്യവസ്ഥയില്ല, എങ്ങനെയാണ് വല ഉപയോഗിക്കേണ്ടത്, അതിന്റെ കണ്ണി വലിപ്പം എങ്ങനെയാണ്, ഏതെല്ലാം മത്സ്യങ്ങൾ പിടിക്കാൻ പാടില്ല തുടങ്ങിയ കാര്യങ്ങളിൽ യാതൊരു വ്യവസ്ഥകളും ഇന്നില്ല. അതുകൊണ്ട് ഇത്തരത്തിൽ കർശനമായ വ്യവസ്ഥ കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ആദ്യ പരിഗണന നൽകുന്നത്. KMFR ആക്ടിൽത്തന്നെ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ ശിപാർശയുടെ ഫലമായി 44 ഇനം ചെറുമത്സ്യങ്ങൾ പിടിക്കുന്നത് നിരോധിക്കുന്ന നോട്ടിഫിക്കേഷൻ വരാൻ പോകുകയാണ്. ഇപ്പോൾ 14 ഇനം മത്സ്യങ്ങൾ നോട്ടിഫൈ ചെയ്തിട്ടുണ്ട്. 44 എണ്ണം കൂടി വരുന്നതോടുകൂടി കർശനമായ നടപടി അക്കാര്യത്തിൽ കൊണ്ടുവരികയാണ്. ബോട്ടുകളുടെ വലിപ്പം ഇത്ര മീറ്റർ മാത്രമേ പാടുള്ളൂ, അതിന് മാത്രമേ ലൈസൻസ് നൽകൂ എന്നുപറയാൻ കഴിയണമെങ്കിൽ ബോട്ട് യാർഡുകളുടെമേൽ നമുക്ക് നിയന്ത്രണമുണ്ടാകണം. ഇവിടെ ബോട്ട് യാർഡുകൾക്ക് ലൈസൻസുമില്ല, രജിസ്ട്രേഷനുമില്ല, ആർക്കും എവിടെയും ബോട്ട് വയ്ക്കാം, വലിപ്പം എത്രയുമാകാം, എത്ര കിലോ വലയും ഉപയോഗിക്കാം, ഏത് കണ്ണി വലിപ്പവുമാകാം തുടങ്ങി അനിയന്ത്രിതമായ സംവിധാനമാണ് മത്സ്യമേഖലയിൽ നിലനിൽക്കുന്നത്. അക്കാര്യത്തിൽ കർശനമായ ഇടപെടൽ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഭേദഗതി കൊണ്ടുവന്ന് ബോട്ട് യാർഡുകൾക്ക് നിർബന്ധിതമായി രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ലൈസൻസുള്ള യാനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന കൊണ്ടുവരികയും ചെയ്യും. ഇത്തരത്തിൽ കർശനമായ ചില നിയന്ത്രണങ്ങൾ മത്സ്യബന്ധന രീതിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ക്ലൈമറ്റ് ചെയ്ഞ്ച് ഫണ്ട്

വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ക്ലൈമറ്റ് അഡാപ്റ്റേഷൻ ഫണ്ട് നമുക്ക് ലഭ്യമായിട്ടുണ്ട്. ഉൾനാടൻ പാടശേഖരങ്ങളിൽ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രോഗ്രാംവഴി 25 കോടി രൂപ ലഭ്യമായിട്ടുണ്ട്. കയ്പാട്, പൊക്കാളി നിലങ്ങൾ, കുട്ടനാട് പാടശേഖരം എന്നിവിടങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിലെ ഏക ഫിഷറീസ് യൂണിവേഴ്സിറ്റിയാണ് KUFOS. മത്സ്യസമ്പത്ത് ശോഷിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ KUFOS-ൽ സീനിയർ സയന്റിസ്റ്റുമാരെ ഉൾപ്പെടെ നിയമിച്ചുകൊണ്ട് ഫലപ്രദമായി വിനിയോഗിച്ചാൽ അക്വാകൾച്ചർ ഡെവലപ് ചെയ്യാൻ സാധിക്കുമോ; അക്വാകൾച്ചർ ഡെവലപ് ചെയ്യുമ്പോൾ തിരുത, കരിമീൻ, പൂമീൻ, വരാൽ പോലുള്ള മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. അതിന് KUFOS-നെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികളുണ്ടോ; സീനിയർ സയന്റിസ്റ്റുമാരെ KUFOS-ൽ കൊണ്ടുവരാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഫിഷറീസ് രംഗത്തുള്ള ഇന്ത്യയിലെ പ്രശസ്തമായ സ്ഥാപനമാണ് KUFOS. KUFOS രൂപീകരിച്ചിട്ട് ആറ് വർഷമേ ആയിട്ടുള്ളൂ. അത് ഇപ്പോഴും ബാലാരിഷ്ടതയിലാണ്. പഴയ ഫിഷറീസ് കോളേജിനെയാണ് യൂണിവേഴ്സിറ്റിയാക്കി മാറ്റിയത്. യൂണിവേഴ്സിറ്റി ആയതിനുശേഷം അക്വാകൾച്ചർ രംഗത്ത് ഗവേഷണവും മറ്റും നടത്തുന്നുണ്ട്. അത് കുറച്ചുകൂടി സ്ട്രെങ്ത്തൻ ചെയ്യേണ്ടതുണ്ട്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽനിന്ന് സ്റ്റാഫിനെ വിട്ടുകിട്ടിയെങ്കിലും സ്റ്റാഫ് സ്ട്രെങ്ത് മാറ്റിത്തന്നിട്ടില്ല. അവിടെ അദ്ധ്യാപകരുടെയും ഗവേഷകരുടെയും കുറവ് പ്രധാനമാണ്. ഞാൻ അഗ്രികൾച്ചർ മിനിസ്റ്ററുമായി ഇക്കാര്യം പലതവണ ചർച്ച ചെയ്തെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. സ്റ്റാഫ് സ്ട്രെങ്ത്തുള്ളത് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലാണ്. ഫിഷറീസ് യൂണിവേഴ്സിറ്റിയായി ആറുവർഷം പിന്നിട്ടിട്ടും സ്റ്റാഫിനെ കൈമാറാൻ കഴിഞ്ഞിട്ടില്ലെന്ന പരിമിതി ബ്യൂറോക്രസിയുടെ രംഗത്ത് വളരെ പ്രധാനമായി നിൽക്കുന്നു. ഈ ഗവൺമെന്റ് അതിന് സത്വരമായ ശ്രദ്ധപതിപ്പിക്കും. അവിടെ അദ്ധ്യാപകരും ഗവേഷകരും അനിവാര്യമാണ്. അതുറപ്പാക്കിയാൽ മാത്രമെ നാം ഉദ്ദേശിക്കുന്ന തരത്തിൽ കാര്യങ്ങൾ വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യസമ്പത്ത് വികസന കാര്യത്തിൽ അങ്ങയുടെ പ്രവർത്തനങ്ങൾ വളരെ നല്ല നിലയിലാണ് മുന്നോട്ടുപോകുന്നത്. അക്വാകൾച്ചർവഴി മത്സ്യഉല്പാദനം നടത്തുന്ന രാജ്യങ്ങളിൽ ചൈനയ്ക്ക് തൊട്ടുപിറകിലാണ് ഇന്ത്യയുടെ സ്ഥാനം ചൈന എക്വിപ്ഡായ ഉദ്യോഗസ്ഥരെ

ഉപയോഗിച്ച് നല്ല രീതിയിലാണ് മുന്നോട്ടുപോകുന്നത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നല്ല രീതിയിൽ മത്സ്യസമ്പത്ത് വളർത്താൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്; അതോടൊപ്പം ഉദ്യോഗസ്ഥരെ അതിനനുസരിച്ച് ട്രെയിൻ ചെയ്യാനുള്ള നടപടിയുണ്ടാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അക്വാകൾച്ചർ രംഗത്ത് കേരളത്തിന് അനന്തമായ സാധ്യതയാണുള്ളത്. വർഷങ്ങൾക്ക് മുമ്പ് കേരളം ഈ രംഗത്ത് രണ്ടും മൂന്നും സ്ഥാനത്തായിരുന്നതെങ്കിൽ ഇന്ന് പത്താം സ്ഥാനത്താണ്. ചൈന ഇന്ത്യയെക്കാൾ വളരെ മുന്നിലാണ്. ആന്ധ്രാപ്രദേശാണ് ഇന്ന് ഇന്ത്യയിൽ അക്വാകൾച്ചർ രംഗത്ത് ഏറ്റവും മുന്നിൽ നിൽക്കുന്നത്. കേരളത്തിന്റെ സമ്പന്നമായ ജലാശയങ്ങളെ ഇതിനുപയോഗിക്കുന്ന വിധത്തിലേയ്ക്ക് വന്നിട്ടില്ല. ഇതുസംബന്ധിച്ച് ഇന്നലെ ധനാഭ്യർത്ഥന ചർച്ചയിലും പറഞ്ഞതാണ്. 68000 ഹെക്ടർ പാടശേഖരങ്ങളിൽ "ഒരു നെല്ലും ഒരു മീനും" പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയാൽ അക്വാൾച്ചർ രംഗത്ത് അത്ഭുതാവഹമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. കേവലം 6000 ഹെക്ടർ മാത്രമേ ഇന്നുവരെ നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇപ്പോൾ 40000 ടൺ മത്സ്യമാണ് അക്വാകൾച്ചർ രംഗത്ത് നാം ഉല്പാദിപ്പിക്കുന്നത്. അതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് ടാർജറ്റ് ഇട്ടിട്ടുള്ളത്. തീർച്ചയായും അതിനപ്പുറത്തേയ്ക്ക് നമുക്ക് പോകാൻ കഴിയും. പാടശേഖരങ്ങളെല്ലാം 'ഒരു നെല്ലും ഒരു മീനും' എന്ന പദ്ധതിയിലൂടെ നെൽകൃഷി ചെയ്യുന്നവർക്ക് മാത്രമേ മത്സ്യകൃഷിക്ക് ഗവൺമെന്റ് പ്രോത്സാഹനം നൽകുകയുള്ളൂവെന്നുള്ളത് ഗവൺമെന്റ് നയമാണ്. അത് നടപ്പിലാക്കണമെങ്കിൽ ഇൻഫ്രാസ്ട്രക്ചർ രംഗത്ത് വളരെ മുന്നേറ്റം ഉണ്ടാകേണ്ടതുണ്ട്. ബണ്ടുകൾ വളരെ കൃത്യമായി വയ്ക്കാനും ശുദ്ധജലം വരുമ്പോൾ കൃഷി ചെയ്യാനും നെൽപ്പാടങ്ങളിൽ ഓരുജലം കയറുന്നത് തടയാനും നെൽകൃഷി മാലിന്യമുക്തമാക്കാനും ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ രീതികൾ അവലംബിച്ച്, പഴയ കൺസർവേറ്റീവ് നിലപാട് മാറ്റി നെൽകൃഷിയും മത്സ്യകൃഷിയും കൃഷിയാണെന്നും സമ്പത്ത് ഉല്പാദനത്തിന്റെ കാര്യത്തിൽ കേരള ജനതയുടെ റിജിഡ് ആയിട്ടുള്ള ആറ്റിറ്റ്യൂഡ് മാറ്റി മുന്നോട്ട് പോകാൻ കഴിഞ്ഞാൽ അക്വാകൾച്ചർ രംഗത്ത് അത്ഭുതാവഹമായ നേട്ടം ആർജ്ജിക്കാൻ കഴിയും.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഫിഷറീസ് രംഗത്ത് വളരെ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് വലിയ മാറ്റങ്ങളുണ്ടാക്കാൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രമിക്കുന്നതിനെ അഭിനന്ദിക്കുന്നു. ട്രോളിംഗ് നിരോധനം ഈ വർഷം എത്ര

ദിവസമായിരിക്കും; ട്രോളിംഗ് നിരോധന സമയത്ത് വിദേശ ട്രോളറുകൾ തീരക്കടൽ വരെ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെയുള്ള നടപടികൾ ശക്തിപ്പെടുത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ വർഷത്തെ ട്രോൾബാൻ വരാൻ പോകുന്നതേയുള്ളു. അതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 2-ാം തീയതി മീറ്റിംഗ് വിളിച്ചിട്ടുണ്ട്. പുതിയ ലൈസൻസ് ഇല്ലാത്തതുകൊണ്ട് ട്രോൾബാൻ കാലയളവിൽ വിദേശ ട്രോളറുകൾ തീരത്തേയ്ക്ക് വരുന്നില്ലെന്നാണ് പറയുന്നതെങ്കിലും വരുന്നുണ്ടെന്നാണ് തൊഴിലാളികൾ പറയുന്നത്. ഇക്കാര്യത്തിൽ ട്രോളിംഗ് കാലയളവിൽ പട്രോളിംഗ് നടത്തി ശക്തമായ സുരക്ഷാ സംവിധാനമേർപ്പെടുത്തുന്നതാണ്.

ശ്രീ. വി. ജോയി: സർ, കടലിൽ ചെറിയ കണ്ണികളുള്ള വലയുപയോഗിച്ച് മത്സ്യബന്ധനം നടത്തുകയും അവസാനം കുഞ്ഞുങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന ഗുരുതരമായ വിഷയത്തെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇതിനെതിരെ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വീടുകളിൽ ഫലപ്രദമായി മത്സ്യകൃഷി നടത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. അടുത്തദിവസം കൊല്ലത്ത് അത്തരത്തിൽ പിടിച്ച ബോട്ടിന് രണ്ട് ലക്ഷം രൂപ വരെ പിഴയിട്ടു. ഇതിനുമുമ്പ് കൊല്ലം അടക്കമുള്ള സ്ഥലങ്ങളിൽ ഈടാക്കുന്ന പിഴ 20,000-25,000 രൂപയായിരുന്നു. ചെറുമത്സ്യങ്ങളെ കൃത്യമായി പിടിച്ചുകൊണ്ടുവരികയും വളനിർമ്മാണ കമ്പനികൾക്ക് കൊടുക്കുകയും ചെയ്താൽ 25,000 രൂപ കൊടുക്കുന്നത് അവർക്ക് 10 രൂപ കൊടുക്കുന്നതിന് തുല്യമാണ്. അനിയന്ത്രിതമായ ഈ സ്ഥിതി ഇനി മുന്നോട്ടുകൊണ്ടുപോകാൻ അനുവദിക്കില്ലെന്ന സന്ദേശമെന്ന തരത്തിൽ കടുത്ത പെനാൽറ്റി നിശ്ചയിച്ചിട്ടുണ്ട്, അത് തുടരുകയും ചെയ്യും. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് കർശനമായ നിയന്ത്രണത്തിന് വിധേയമാക്കേണ്ടതാണെന്ന സന്ദേശമാണ് ഇതുവഴി നൽകുന്നത്. വീടുകളിൽ മത്സ്യകൃഷി നടത്തുന്നത് സംബന്ധിച്ച് ചോദിക്കുകയുണ്ടായി. അത് പ്രധാനപ്പെട്ട കാര്യമാണ്. റീ-സർക്കുലേറ്റഡ് അക്വാകൾച്ചർ സിസ്റ്റം എന്നുപറയുന്ന, വീടുകളിൽ മത്സ്യം വളർത്താൻ കഴിയുന്ന ഒരു പദ്ധതി നീല വിപ്ലവത്തിന്റെ ഭാഗമായുണ്ട്. അങ്ങ് ഉൾപ്പെടെയുള്ള എല്ലാ മെമ്പർമാർക്കും അത് സ്വീകരിക്കാവുന്നതാണ്. മുക്കാൽ സെന്റ് മുതൽ മൂന്ന് സെന്റ് വരെയുള്ള സ്ഥലത്ത് ഒന്ന് മുതൽ ഒന്നര ടൺ വരെ മത്സ്യം ഉല്പാദിപ്പിക്കാൻ കഴിയും. നമുക്കെല്ലാം ശുദ്ധമായ മത്സ്യം ലഭിക്കുന്ന

വലിയ സാധ്യതയാണിത്. 1710 ലക്ഷം (ഏകദേശം 17 കോടി) രൂപ ഏറ്റവും അത്യന്താധുനികമായ മത്സ്യകൃഷിക്കായി മാറ്റിവച്ചിട്ടുണ്ട്. അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ത്യയിൽ നാല് മില്ല്യൻ മത്സ്യത്തൊഴിലാളികളാണുള്ളത്. 5 കാരണങ്ങൾ കൊണ്ടാണ് മത്സ്യസമ്പത്ത് കുറയുന്നതെന്നാണ് വിലയിരുത്തൽ. അൺ കൺട്രോൾഡ് ഹാർവെസ്റ്റ്, കോസ്റ്റ് ഫിഷിംഗ്, പൊല്യൂഷൻ, ഓയിൽ സ്പില്ലിംഗ്, ഗ്ലോബൽ വാമിംഗ് എന്നീ കാരണങ്ങൾ കൊണ്ടാണ് മത്സ്യസമ്പത്ത് കുറയുന്നതെന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതും കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള പല വിജ്ഞാപനങ്ങളിലും സൂചിപ്പിച്ചിട്ടുള്ളതും. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ബ്ലൂ റെവല്യൂഷനെക്കുറിച്ച് പറയുന്നുണ്ട്. അൺകൺട്രോൾഡ് ഫിഷിംഗ് വളരെ വ്യാപകമാകുന്നുവെന്നുള്ളതാണ് ബ്ലൂ റെവല്യൂഷനിലൂടെ കാണാൻ കഴിയുന്നത്. ഇനിഷ്യേറ്റീവിനെ ഞാൻ എതിർക്കുകയല്ല. കേന്ദ്ര ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും ഭാഗത്ത് ബ്ലൂ ഗ്രോത്ത് ഇനിഷ്യേറ്റീവ് കൂട്ടുതലായി ഉണ്ടാകുന്നില്ലെങ്കിൽ വരുംകാലഘട്ടങ്ങളിൽ കടലിൽ മത്സ്യസമ്പത്ത് ഉണ്ടാകില്ല. മൂന്നുദിവസം മുമ്പാണ് പുതിയ ദേശീയ ഫിഷറീസ് നയം പുറത്തുവന്നത്. അതിലെ 15-ാം ഖണ്ഡികയെക്കുറിച്ച് ഇന്നലെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചതാണ്. അതിൽ 'Government will consider the alternative mechanism for development of the sector, rescind the existing LoP and private investment will be promote in deep sea fishing' എന്ന് പറയുന്നുണ്ട്. വ്യാപകമായ രീതിയിൽ സ്വകാര്യ നിക്ഷേപകരെ വിളിച്ച് വലിയ രീതിയിൽ ഫിഷിംഗ് പ്രോത്സാഹിപ്പിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഇക്കാര്യങ്ങൾ കണ്ടുകൊണ്ട് കേരളം ഗ്ലോബൽ ഫിഷിംഗ് സ്റ്റാൻഡേർഡ് രൂപീകരിക്കാനും കേന്ദ്രത്തിന്റെ ഈ തെറ്റായ നയത്തിനെതിരെ ശബ്ദമുയർത്താനും മുന്നോട്ടുവരുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, വളരെ ആഴത്തിലുള്ളതും ദീർഘ വീക്ഷണമുള്ളതുമായ ചോദ്യമാണിത്. അഞ്ച് കാര്യങ്ങളാണ് അങ്ങ് ചൂണ്ടിക്കാട്ടിയത്. അൺ കൺട്രോൾഡ് മെതേഡ് മുതൽ ഏറ്റവും അവസാനം പറഞ്ഞ ആഗോളതാപനം വരെയുള്ള കാര്യങ്ങൾ നമ്മുടെ മത്സ്യസമ്പത്തിനെ ബാധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് വളരെ കൃത്യ നിഷ്ഠയോടുകൂടിയും സൂക്ഷ്മമായും ദീർഘവീക്ഷണത്തോടുകൂടിയതുമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഞാൻ അൺ കൺട്രോൾഡ് വ്യവസ്ഥയെ

എങ്ങനെ നിയന്ത്രണവിധേയമാക്കാമെന്നതിനെക്കുറിച്ച് കഴിഞ്ഞ ചോദ്യത്തിന് വിശദമായ മറുപടി പറഞ്ഞു. അതിന്റെ ആവർത്തനത്തിലേയ്ക്ക് പോകുന്നില്ല. ഇപ്പോൾ ആഗോളതാപനത്തെ എങ്ങനെ പ്രതിരോധിക്കണം എന്നതുമായി ബന്ധപ്പെട്ട് അഡാപ്റ്റേഷൻ ഫണ്ടിൽനിന്ന് സമ്പത്ത് സ്വീകരിച്ചുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കാനും ആഗോളതാപനത്തെ പ്രതിരോധിക്കാനും കഴിയുന്ന പദ്ധതികൾക്കാണ് തുടക്കംകുറിച്ചിട്ടുള്ളത്. അങ്ങ് സൂചിപ്പിച്ച 'നീല വിപ്ലവ'വുമായി ബന്ധപ്പെട്ട് ഇൻഡ്യാ ഗവൺമെന്റ് സ്വീകരിക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും മത്സ്യസമ്പത്തിനെയും സംരക്ഷിക്കുന്നതിനേക്കാൾ കുറേക്കൂടി ഉയർന്ന തലങ്ങളിലേയ്ക്ക് സമ്പത്ത് ആർജ്ജിക്കാനുള്ള ഒരു മേഖലയാക്കി അതിനെ മാറ്റുക എന്നതാണ്. ആ പ്രശ്നത്തിന് പരിഹാരം കാണാനുള്ള കൂട്ടായ്മ വേണമെന്ന് ഇന്നലെ അങ്ങ് സൂചിപ്പിച്ചതനുസരിച്ച് വൈകുന്നേരം തന്നെ ഞങ്ങൾ ചർച്ച നടത്തുകയും അങ്ങയുടെ അഭിപ്രായംകൂടി മാനിച്ചുകൊണ്ട് ഈ രംഗത്തെ സാങ്കേതിക വിദഗ്ദ്ധരെയും സയന്റിസ്റ്റുമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജൂൺ 2-ാം തീയതി വൈകുന്നേരം ഒരു സെമിനാർ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിൽ അങ്ങയുടെ സാന്നിദ്ധ്യം അഭ്യർത്ഥിക്കുകയാണ്. അന്ന് ട്രോൾ ബാനിന്റെ ചർച്ച വിളിച്ചിരിക്കുന്ന ദിവസമായതിനാൽ ട്രേഡ് യൂണിയനുകളും ഉണ്ടായിരിക്കും. അങ്ങ് ചൂണ്ടിക്കാട്ടിയ പ്രശ്നം വളരെ ഗൗരവതരമാണ്. ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് മാതൃകയായി കേരളം ശക്തമായ ഒരു മുന്നേറ്റം നടത്താനുദ്ദേശിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കടലിൽ മത്സ്യലഭ്യത കുറഞ്ഞു വരുന്നത് സംബന്ധിച്ച് അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. കടലിൽ ചില പ്രത്യേക സ്ഥലങ്ങളെ മത്സ്യം ധാരാളമായുള്ള കേന്ദ്രങ്ങളായി സമുദ്ര ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. അതിനെ 'ഫിഷ് ബാങ്കുകൾ' എന്നാണ് വിളിക്കുന്നത്. ഇത്തരം ഐഡന്റിഫൈഡായിട്ടുള്ള ഫിഷ് ബാങ്കുകളിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതലായി കടന്നുചെല്ലാനും മത്സ്യബന്ധനം നടത്താനുമുള്ള സംവിധാനം ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഒരുക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതേക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഹൈദ്രാബാദിലെ INCOIS (Indian National Centre for Ocean Information Services)-ന്റെ സാങ്കേതികസഹായം തേടിക്കൊണ്ട് മത്സ്യക്കൂട്ടങ്ങളെ കണ്ടെത്താനുള്ള ജി.പി.എസ്. സംവിധാനം ഇപ്പോൾത്തന്നെ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്നുണ്ട്. അത് കുറേക്കൂടി ശാസ്ത്രീയമാക്കി കൂടുതൽ തൊഴിലാളികളിലേയ്ക്ക് എത്തിക്കാൻ കഴിയുന്ന ഒരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മത്സ്യോത്പാദനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കൃത്രിമ ബീജസങ്കലനത്തിന് പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ട സമയമാണ്. ലോകത്തിന് കേരളം നൽകിയ വലിയ സംഭാവനകളിലൊന്നായ മത്സ്യത്തിന്റെ ക്യത്രിമ ബീജസങ്കലനം കണ്ടുപിടിച്ചത് ഡോ. അലിക്കുഞ്ഞ് സാഹിബാണ്. എന്നാൽ അദ്ദേഹത്തെ കേരളംപോലും വേണ്ടവിധം ഓർമ്മിക്കുന്നില്ല. ഇത് പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കേരളത്തിന്റെ പൈതൃകമൊക്കെ കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ മത്സ്യ വിത്തുൽപ്പാദനരംഗത്ത് വളരെ വലിയ മുന്നേറ്റം നടത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പന്ത്രണ്ടര കോടി മത്സ്യക്കുഞ്ഞുങ്ങളെ നമുക്കാവശ്യമുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. കൃത്രിമമായിട്ടാണ് നമ്മൾ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നത്. രണ്ടര കോടി മത്സ്യക്കുഞ്ഞുങ്ങളുണ്ടായിരുന്നത് ഈ സാമ്പത്തിക വർഷം അഞ്ച് കോടിയിലേക്കെത്തിക്കഴിഞ്ഞു. ഇനിയും അത് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തീർച്ചയായും അങ്ങയുടെ അഭിപ്രായം പരിഗണനാർഹമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധാരാളം പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഉപയോഗിക്കാതെ പോകുന്ന ധാരാളം ജലാശയങ്ങൾ ഇപ്പോഴുമുണ്ട്. എന്റെ മണ്ഡലത്തിൽ ധാരാളം കരിങ്കൽ ക്വാറികൾ വെള്ളം നിറഞ്ഞ് നിൽക്കുന്നുണ്ട്. ഇങ്ങനെയുള്ള കരിങ്കൽ ക്വാറികളിൽ മത്സ്യം വളർത്താനാവശ്യമായ പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യം വളർത്താനുള്ള സൗകര്യം എവിടെയുണ്ടോ അവിടെയൊക്കെ പദ്ധതി ആവിഷ്കരിക്കാം. അങ്ങ് തന്നെ മുൻകയ്യെടുത്ത് അത്തരം പ്രൊപ്പോസൽ തന്നാൽ പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തിയുള്ള പ്രവൃത്തികൾക്കും ഈ സർക്കാരിന്റെ ഇടപെടൽ വളരെ ശ്രദ്ധേയമാണ്. തീരദേശ മേഖല പലപ്പോഴും ചെറുതും വലുതുമായ സംഘർഷങ്ങൾക്ക് വിധേയമാകാറുണ്ട്. അത് മത്സ്യത്തൊഴിലാളികളുടെ ജോലിയും ജീവിതസാഹചര്യവുമായി ബന്ധപ്പെട്ടാണ്. അത് കണക്കിലെടുത്ത് തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ സാംസ്കാരികോന്നമനത്തിനും കലാ സാംസ്കാരിക ഉന്നമനത്തിനുമെല്ലാം സഹായകരമായ രീതിയിൽ അത് പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് തീരദേശ മേഖലയെ കേന്ദ്രീകരിച്ചുള്ള സാംസ്കാരിക പരിപാടികൾക്ക് നേതൃത്വം നൽകാൻ വകുപ്പ് ശ്രദ്ധിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അത് നല്ലൊരു നിർദ്ദേശമാണ്. ഇപ്പോൾ 'അക്ഷരസാഗരം' പദ്ധതിവഴി സാക്ഷരത മിഷനുമായി ബന്ധപ്പെട്ട് തീരദേശത്ത് വളരെ ഫലപ്രദമായ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആദിവാസികളുടേതുപോലെ മത്സ്യത്തൊഴിലാളികൾക്കും ഒട്ടേറെ തനത് കലാരൂപങ്ങളുണ്ട്. ആ തനത് കലയെ പ്രോത്സാഹിപ്പിക്കാനും കഴിയുന്നതു മത്സരങ്ങളടക്കം സംഘടിപ്പിക്കാനും കഴിയുന്ന തരത്തിൽ ആലോചിക്കാവുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, സമുദ്ര മത്സ്യങ്ങളോടൊപ്പംതന്നെ കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വളരെ സ്വാദിഷ്ഠമായ ഒട്ടനവധി മത്സ്യങ്ങൾ ലഭിക്കുന്നുണ്ട്. പ്രത്യേകിച്ച് കുട്ടനാട്ടിലെ വരാൽ, കാരി, ചെമ്പല്ലി തുടങ്ങിയ വിവിധ ഇനം മത്സ്യങ്ങൾക്ക് ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവയുടെ പുനരുജ്ജീവനത്തിനാവശ്യമായ ശക്തമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ; പലവിധ രോഗങ്ങൾ മാറാൻ സഹായിക്കുന്ന പള്ളത്തി ഉൾപ്പെടെയുള്ള മത്സ്യങ്ങൾ, 15 വർഷത്തിനിപ്പുറം പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. സ്വഭാവികമായി ഇതിന്റെയൊരു പുനരുജ്ജീവനം സാധ്യമാക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാനത് മറുപടിയിൽ പറഞ്ഞു. 'ഫെർമ' നടത്തുന്ന ഗവേഷണങ്ങളിലൊന്ന് കുട്ടനാടിന്റെ ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് പ്രത്യേകമായ ഒരു മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക എന്നതാണ്. തീർച്ചയായും അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഗവേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കുന്നമുറയ്ക്ക് ഇതിനുള്ള പ്രായോഗിക പദ്ധതിയിലേയ്ക്ക് പോകുന്നതാണ്.

**വനഭൂമിയുമായി ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമിയുടെ ക്രയവിക്രയം**

3 (*513) ശ്രീ. കെ. രാജൻ:

ശ്രീ. സി. ദിവാകരൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിരാക്ഷേപ പത്രം ആവശ്യമായി വരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വനഭൂമിയുമായി ചേർന്നുകിടക്കുന്ന സ്വകാര്യഭൂമിയുടെ ക്രയ വിക്രയവുമായി ബന്ധപ്പെട്ട് നിരാക്ഷേപപത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ;

(സി) ഇത്തരം അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ;

(ഡി) ഏതെല്ലാം മേഖലകളിൽ നിന്നാണ് ഇത്തരം അപേക്ഷകൾ കൂടുതലായി ലഭിക്കുന്നതെന്നറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ക്രയവിക്രയം നടത്തുമ്പോഴും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിരാക്ഷേപപത്രം ആവശ്യമായിവരുന്നു.

(ബി) വനം വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിലുൾപ്പെടുന്ന ഭൂമിക്ക് ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് വിധേയമായി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻമാർ നിരാക്ഷേപപത്രം നൽകിവരുന്നു. അതിർത്തി കൃത്യമായി വേർതിരിച്ചിട്ടില്ലാത്തതും അവ്യക്തതയോ/ തർക്കങ്ങളോ/വ്യവഹാരങ്ങളോ നിലനിൽക്കുന്നതുമായ സ്ഥലങ്ങളിൽ സർവ്വേയർമാരെക്കൊണ്ട് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നു.

(സി) അതിർത്തി കൃത്യമായി വേർതിരിച്ചിട്ടില്ലാത്തതും അവ്യക്തതയോ/ തർക്കങ്ങളോ/വ്യവഹാരങ്ങളോ നിലനിൽക്കുന്നതുമായ സ്ഥലങ്ങൾ ഉൾപ്പെടുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. കൂടാതെ സർവ്വേ സ്കെച്ചുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും അതിരടയാളങ്ങൾ മനഃപൂർവ്വം നീക്കം ചെയ്യപ്പെടുന്ന അവസരങ്ങളിലും അപേക്ഷയിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടാറുണ്ട്.

(ഡി) റിസർവ് വനം, നിക്ഷിപ്ത വനം, പരിസ്ഥിതി ദുർബല പ്രദേശങ്ങൾ എന്നിവയുമായി അതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമികൾ ഉൾപ്പെടുന്ന മലയോര/ മലബാർ മേഖലകളിൽ നിന്നാണ് കൂടുതൽ അപേക്ഷകൾ ലഭിക്കാറുള്ളത്.

നോർത്തേൺ സർക്കിൾ കണ്ണൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട്, സെൻട്രൽ സർക്കിൾ തൃശ്ശൂർ, സതേൺ സർക്കിൾ കൊല്ലം എന്നിവയ്ക്ക് കീഴിൽ വരുന്ന റെയ്ഞ്ചുകളിൽ നിന്നാണ് ഇത്തരത്തിലുള്ള കൂടുതൽ അപേക്ഷകൾ ലഭിക്കാറുള്ളത്.

<u>ശ്രീ. കെ. രാജൻ</u>: സർ, 1977-ന് മുമ്പ് ഭൂമി കൈവശമുണ്ടായിരുന്ന ആളുകളുടെ പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.മാരുടെ ഒരു യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽവച്ച് 1977-ന് മുമ്പ് കൈവശമുണ്ടായിരുന്നതും വനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായ പരിശോധന നടത്തേണ്ടതുമായ സ്ഥലങ്ങളിൽ അടിയന്തരമായി പരിശോധന നടത്തണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും കൊടുത്തിരുന്നു. എന്റെ ചോദ്യം ജെ.വി.ആർ. (ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്) തയ്യാറാക്കാൻ അവശേഷിക്കുന്ന സ്ഥലം എത്രയുണ്ടെന്നും ജെ.വി.ആർ. പൂർത്തീകരിക്കാൻ ഏതാണ്ട് എത്ര സമയമെടുക്കുമെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ ഇനിയും അൽപ്പംകൂടി സമയം ആവശ്യമായിവരും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിൽവച്ച് ഇതുവരെ അതിർത്തി നിർണ്ണയം നടന്നിട്ടില്ലാത്ത പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താനും അതോടൊപ്പംതന്നെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് തർക്കമുള്ള പ്രദേശങ്ങളിൽ 1977-ന് മുമ്പ് കൈവശമുള്ളതാണോ അല്ലയോ എന്നത് തിട്ടപ്പെടുത്തുന്നതിനും ഏരിയ തിട്ടപ്പെടുത്തുന്നതിനും റവന്യൂ വകുപ്പിലെയും വനം വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ പരിശോധന നടത്തുന്നതിനുള്ള തീരുമാനമാണ് അന്നെടുത്തിട്ടുള്ളത്. അതനുസരിച്ചുള്ള നിർദ്ദേശം വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുമുണ്ട്. ഇനി അവശേഷിക്കുന്ന സ്ഥലത്തിന്റെ സർവ്വേ നടന്നുവരികയാണ്. ജോയിന്റ് വെരിഫിക്കേഷനും അതുപോലെ സർവ്വേയും നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, വനാതിർത്തി വർദ്ധിപ്പിക്കുന്നതിനും, വനം കയ്യേറ്റം ഒഴിവാക്കുന്നതിനുമുള്ള ഏറ്റവും നല്ല മാർഗ്ഗമായി ഇപ്പോൾ അവലംബിക്കുന്നത് ജണ്ടയിടലാണ്. ജണ്ടയിട്ട് പോകുന്ന നടപടി പല സ്ഥലങ്ങളിലും വേണ്ടത്ര വേഗതയിൽ നടക്കുന്നുണ്ടോ എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ വർഷങ്ങളെ അപേക്ഷിച്ച് ജണ്ടയിടുന്ന പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പുരോഗതി നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ജണ്ടയിടാൻ പറ്റാത്ത സ്ഥലങ്ങളിൽ തർക്കംമൂലം എത്ര ദൂരം അത് മാറ്റിവച്ചിട്ടുണ്ട്; തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ?

ശ്രീ. കെ. രാജു: സർ, ജണ്ട നിർമ്മാണം പലപ്പോഴും അതിർത്തി തർക്കം കാരണം ത്വരിതപ്പെടുത്താൻ കഴിയാതെ വരുന്ന സാഹചര്യമുണ്ട്. 1-1-1977-ന് മുമ്പുള്ളതാണെന്ന് കണ്ടെത്തിയ സ്ഥലങ്ങളുടെ സർവ്വേ സ്കെച്ച് സംയുക്ത പരിശോധനാ സമയത്ത് തയ്യാറാക്കിയിരുന്നില്ല. ഒരേ വ്യക്തിയുടെ കൈവശം തന്നെ 1977-ന് മുമ്പും ശേഷവുമുള്ള കയ്യേറ്റങ്ങൾ ഉണ്ടാകാം. 1977-ന് ശേഷമുള്ളവ സംയുക്ത പരിശോധനയോടൊപ്പം ഒഴിപ്പിച്ച് എടുത്തിട്ടുണ്ടാകില്ല. പരിശോധന കഴിഞ്ഞ് വർഷങ്ങൾക്കുശേഷം അതിർത്തി കണ്ടെത്തി ജണ്ട നിർമ്മിക്കുന്നത് പലപ്പോഴും തർക്കങ്ങൾക്ക് കാരണമാകാറുണ്ട്. ഇതുമൂലം ജണ്ട കെട്ടി തിരിക്കാത്ത സ്ഥലങ്ങളിൽ സ്ഥലം കൈമാറ്റത്തിനും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി പ്രാദേശിക നിവാസികൾക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രം നൽകാൻ കാലതാമസം വരാറുണ്ട്. ഇത് പലപ്പോഴും കർഷകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ഈ കാര്യത്തിൽ അവരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി ജണ്ട നിർമ്മാണം ത്വരിതപ്പെടുത്താൻ ശ്രമിച്ചുവരുന്നുണ്ട്. അത് ഒരു പരിധിവരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വേയർമാരെ ഉപയോഗിച്ചാണ് സർവ്വേ നടത്തുന്നത്. നേരത്തേ റവന്യൂ വകുപ്പിലെ സർവ്വേയർമാരുടെ സേവനമായിരുന്നു ഉപയോഗിച്ചിരുന്നത്. ആവശ്യമായ സമയത്ത് ഈ ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കാത്തതിനാൽ വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വേയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ പരിശീലനം നൽകിവരികയാണ്. ഇപ്പോൾ 120 പേർ അടങ്ങുന്ന ഒരു ബാച്ചിന്റെ പരിശീലനം നടന്നുവരുന്നുണ്ട്. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് അവരെയും കൂടി അതിർത്തി സർവ്വേ നടത്താൻ നിശ്ചയിക്കാനും, അതുമൂലം ജണ്ടയിടുന്ന പ്രവർത്തി എളുപ്പമാക്കാനും വേണ്ടി ഗവൺമെന്റ് പരിശ്രമിച്ച് വരികയാണ്.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ സംസ്ഥാനത്തിന് പ്രകൃതി നൽകിയ വരദാനങ്ങളിലൊന്നാണ് വനം. നദികളും പുഴകളുമെല്ലാം വറ്റിവരണ്ടു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ വനഭൂമിയെ സംബന്ധിച്ച് തന്നിരിക്കുന്ന ഉത്തരത്തിൽ, അതിർത്തി കൃത്യമായി വേർതിരിച്ചിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിന്റെ പക്കൽ ഇതുസംബന്ധിച്ച് എന്ത് കണക്കാണുള്ളത്; എത്ര വനഭൂമിയാണ് കൈവശമുള്ളത്; ഏതെല്ലാം കമ്പനികളും വ്യക്തികളുമാണ് വനം കയ്യേറ്റം നടത്തിയിരിക്കുന്നത്; എവിടെയാണ് അതിർത്തി തർക്കമുള്ളത്; എന്നീ കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, കേരള സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 29% വനമാണ്. യഥാർത്ഥത്തിൽ ഒരു സംസ്ഥാനത്തിന്റെ മൊത്തം

ഭൂവിസ്തൃതിയിൽ ഇത്രയും ശതമാനം വനമുള്ള മറ്റൊരു സംസ്ഥാനവും ഇല്ല. 29% വനം ഇപ്പോഴും കേരളം സംരക്ഷിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പശ്ചിമഘട്ട മേഖല സംരക്ഷിക്കുന്നതുകൊണ്ടാണ് ഇപ്പോഴും നമുക്ക് പച്ചപ്പും, ശുദ്ധവായുവും ശുദ്ധജലവുമെല്ലാം ലഭിക്കുന്നത്. അതുകൊണ്ട് വനങ്ങൾ സമ്പൂർണ്ണമായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വനങ്ങൾ സംരക്ഷിക്കുന്നതിന് വനാതിർത്തി നിർണ്ണയിക്കുക എന്നത് വളരെ പ്രധാനമാണ്. വനാതിർത്തിയും വനത്തോട് ചേർന്നുള്ള റവന്യൂ വസ്തുക്കളും സ്വകാര്യ വസ്തുക്കളുമൊക്കെ വേർതിരിക്കുക എന്നത് പരമപ്രധാനമാണ്. പലപ്പോഴും പല മേഖലകളിലും ആ അതിർത്തി പൂർണ്ണമായി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ചില മേഖലകളിൽ ചെറിയതോതിൽ അതിർത്തി പ്രദേശങ്ങളിൽ കയ്യേറ്റവും നടക്കുന്നുണ്ട്. ആ കയ്യേറ്റം പൂർണ്ണമായും ഒഴിവാക്കാൻ സർവ്വേ നടത്തി ജണ്ട ഇടുക എന്നത് വളരെ നിർബന്ധമാണ്. ജണ്ട ഇടൽ ഗവൺമെന്റ് വളരെയധികം ശ്രദ്ധ നൽകിക്കൊണ്ട് കാര്യക്ഷമമായി നടപ്പിലാക്കി വരികയാണ്. വരുന്ന 3 വർഷംകൊണ്ട് ജണ്ട നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വനാതിർത്തി പ്രദേശത്ത് ജണ്ട ഇടാൻ ഇനിയും 2300 കി.മീ. ബാക്കിയുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സത്വരമായ നടപടികളിലേയ്ക്കാണ് പോകുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ചെറുതല്ല. അവരുടെ ജീവിത സാഹചര്യങ്ങൾ പലപ്പോഴും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ പ്രതിസന്ധിയിലാകുന്ന സ്ഥിതിയുണ്ടാകാറുണ്ട്. ഇ.എഫ്.എൽ. ആയോ ഇ.എസ്.ഐ. ആയോ ഒരിക്കൽ നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ അതിൽനിന്ന് അവർക്ക് ഒരിക്കലും പുറത്തുവരാൻ കഴിയുന്നില്ല. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് എം.എൽ.എ.-മാർ അതത് നിയോജകമണ്ഡലങ്ങളിൽ ചെയർമാൻമാരായി കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കമ്മിറ്റി രൂപീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും കൃഷിക്കാരുടെ ഭൂമിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിനുവേണ്ടി ഭൂമികൾ ശിപാർശ ചെയ്യുകയും ചെയ്തു. എന്നാൽ അതിന്മേൽ പിന്നീട് നടപടികളൊന്നുമുണ്ടായില്ല. ഇവിടെ ചർച്ച ചെയ്ത കുറിഞ്ഞി സാങ്ച്വറിയിലെ നോട്ടിഫിക്കേഷനകത്ത് ഉൾപ്പെട്ടുപോയിട്ടുള്ള നിരവധി കർഷകരുണ്ട്. അതിലെ തർക്കങ്ങൾ മാറ്റിവച്ച് കർഷകർക്ക് അവരുടെ ഭൂമി ഒഴിവാക്കി കൊടുക്കാമെന്ന് നിരവധി തവണ നിയമസഭയ്ക്കകത്ത് ഉറപ്പ് കിട്ടിയതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഉറപ്പ് പറഞ്ഞതുമാണ്. എന്നാൽ ആ

സാങ്ച്വറിയിൽ ഉൾപ്പെട്ട് പോയിട്ടുള്ളതോ, ഇ.എഫ്.എൽ-ൽ ഉൾപ്പെട്ട് പോയിട്ടുള്ളതോ ആയ കർഷകരുടെ ഭൂമി ഒഴിവാക്കുന്നതിന് നാളിതുവരെ മാറിമാറി വന്ന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഇത്തരത്തിൽ ഇതിൽ ഉൾപ്പെട്ടുപോയ യഥാർത്ഥ കൃഷിക്കാരെ ഒഴിവാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആരുടെയെങ്കിലും സ്വകാര്യ വസ്തു ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്തുകൊണ്ടുള്ള ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. എന്നാൽ വർഷങ്ങൾക്കുമുമ്പ് ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച തർക്കങ്ങൾ ട്രിബ്യൂണലിലും, ഹൈക്കോടതിയിലുമെല്ലാം നടക്കുന്നുണ്ട്. അതിന്റെ വിധി ഇപ്പോൾ വരുന്നുണ്ട്. എന്നാൽ അത് ഫോറസ്റ്റിന് അനുകൂലമായിരിക്കാം ചിലപ്പോൾ വിട്ടുകൊടുക്കാൻ പറഞ്ഞു കൊണ്ടുള്ളതുമായിരിക്കാം. ആ വിധികൾ നടപ്പിലാക്കുന്നതിന് അപ്പുറത്തേയ്ക്ക് പുതിയതായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഈ ഗവൺമെന്റ് വന്നശേഷം ഇ.എഫ്.എൽ. നോട്ടിഫിക്കേഷൻ അനുസരിച്ച് എടുത്തിട്ടില്ല. ആ സമീപനം ഗവൺമെന്റിന് ഇല്ല എന്നുള്ളതും ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് വനഭൂമിയുടെ അതിർത്തി നിശ്ചയിച്ച് അതിന്റെ അളവ് തിട്ടപ്പെടുത്താൻ സാധ്യമായിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ അത് എത്രത്തോളമാണ്?

ശ്രീ. കെ. രാജു: സർ, അതിനെ സംബന്ധിച്ചാണ് ഞാൻ നേരത്തേ ബഹുമാനപ്പെട്ട സി. ദിവാകരൻ ചോദിച്ച ചോദ്യത്തിന് ഉത്തരമായി സൂചിപ്പിച്ചത്. വനത്തിന്റെ അതിർത്തി നിർണ്ണയിച്ച് ജണ്ട നിശ്ചയിക്കുന്ന ജോലി നടന്നു വരികയാണ്. ഇനിയും രണ്ടായിരത്തി മുന്നൂറോളം കിലോമീറ്റർ വരുന്ന പ്രദേശത്തേയ്ക്ക് ജണ്ട ഇടേണ്ടതുണ്ട്. വരുന്ന 3 വർഷംകൊണ്ട് സർവ്വേ പൂർത്തീകരിച്ച് ജണ്ട ഇടൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ജണ്ട ഇടുന്ന നടപടി പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ പല മേഖലകളിലും വനഭൂമിയുടെയും സ്വകാര്യ ഭൂമിയുടെയും ഉടമസ്ഥർ തമ്മിലുള്ള തർക്കങ്ങൾ പൂർണ്ണമായി അവസാനിപ്പിക്കാൻ കഴിയൂ. മാത്രമല്ല വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി ഫെൻസിംഗും മറ്റും നടത്തുന്നതിന് ചില മേഖലകളിൽ അതിർത്തി തർക്കം ഒരു വിഷയമാണ്. അതുകൊണ്ട് അതിർത്തി നിർണ്ണയിക്കുകയും ജണ്ട ഇടുകയും ചെയ്യുന്നത് വളരെ പരമ പ്രധാനമായ കാര്യമായാണ് വനം വകുപ്പ് കരുതുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇ.എഫ്.എൽ. ആക്ടിനെക്കുറിച്ച് പറഞ്ഞു. ഇ.എഫ്.എൽ. ആക്റ്റിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ കേസ് പോയിരുന്നു. 51,000 ഏക്കർ ഭൂമി കേരള സംസ്ഥാന ഗവൺമെന്റിന്റേതാണെന്നും ഇ.എഫ്.എൽ. ആക്ട് നിയമപരമാണെന്ന ഹൈക്കോടതിയുടെ വിധി വന്നതിന് അപ്പീലുമായി 51 കൗണ്ടർ പെറ്റീഷനേഴ്സ് ഇപ്പോൾ സുപ്രീംകോടതിയിലേയ്ക്ക് പോയിരിക്കുകയാണ്. സുപ്രീംകോടതിയിൽ ഈ കേസ് ദുർബലപ്പെടുത്തുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുവെന്ന് പുറത്ത് സംസാരമുണ്ട്. അങ്ങ് ഒരിക്കലും അതിൽ ഇടപെടില്ലെന്ന് എനിക്കറിയാം. ഇത് കൃത്യതയോടുകൂടി ചെയ്ത് സംസ്ഥാനത്തിന്റെ വകയാക്കി മാറ്റുന്നതിനു വേണ്ടിയുള്ള ശ്രമം നടക്കണം. അതോടൊപ്പം ഇ.എഫ്.എൽ ആക്ടിലെ മൂന്നാം വകുപ്പും നാലാം വകുപ്പും തമ്മിലൊരു വ്യത്യാസമുണ്ട്. ഒന്ന് കോമ്പൻസേഷൻ കൊടുത്തും, മറ്റൊന്ന് കോമ്പൻസേഷൻ കൊടുക്കാതെയും ഈ ഭൂമി എടുക്കുന്നതിനെ സംബന്ധിച്ചാണ്. ഗവൺമെന്റ് ഇക്കാര്യം വളരെ കൃത്യതയോടുകൂടി പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം പരിഗണിക്കുന്നതിനുവേണ്ടിയുള്ള എല്ലാ മുൻഗണനയും കൊടുക്കുമോ?

ശ്രീ. കെ. രാജു: സർ, സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള എല്ലാ മുൻഗണനയും ഈ ഗവൺമെന്റ് നൽകും. അങ്ങ് സൂചിപ്പിച്ചതുപോലെ ഇ.എഫ്.എൽ. നിയമത്തിന്റെ പ്രാബല്യത്തെയും അതിന്റെ നിയമസാധ്യതയേയും സംബന്ധിച്ച് ചോദ്യം ചെയ്തുകൊണ്ട് സുപ്രീം കോടതിയിൽ ഇപ്പോൾ കേസ്സ് നടന്നുവരികയാണ്. അതിൽ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായ ഒരു വീഴ്ചയും ഉണ്ടാകാത്ത തരത്തിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കേസിൽ നമ്മുടെ വാദം ദുർബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് എന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യമല്ല. അങ്ങ് അറിയിച്ചാൽ അതിനെ പ്രതിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഗവൺമെന്റിന്റെ ഒരു നയം ഞാൻ നേരത്തേ പറഞ്ഞു. പുതിയതായി കർഷകരുടെ കയ്യിലിരിക്കുന്നതോ അല്ലെങ്കിൽ സ്വകാര്യ മേഖലയിൽ ഇപ്പോൾ ഇരിക്കുന്നതോ ആയ ഭൂമി അവർക്ക് നോട്ടീസോ കോമ്പൻസേഷനോ കൊടുക്കാതെ വനം വകുപ്പ് ഏറ്റെടുക്കുന്ന നടപടി ഈ ഗവൺമെന്റ് സ്വീകരിക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ... ഓർഡർ ... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇക്കോ ടൂറിസം

4 (*514) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ദേശീയ കരട് വന നിയമത്തിൽ ഇക്കോ ടൂറിസം മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കോ ടൂറിസത്തിനായി ഒരു നയം രൂപീകരിക്കുമോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകുന്നതിനായി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക സുരക്ഷ ശക്തമാക്കൽ, പരിസ്ഥിതി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ, തദ്ദേശീയരായ വനാശ്രിത സമൂഹത്തിന് കൂടുതൽ വരുമാനം ലഭ്യമാക്കാൻ പരിശീലനം നൽകൽ, സന്ദർശകർക്ക് താമസ സൗകര്യത്തിനായി വനത്തിനുപുറത്തും വനാതിർത്തിയിലും സൗകര്യങ്ങൾ ഒരുക്കൽ എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഇക്കോ ടൂറിസം നടപ്പാക്കുന്ന വനമേഖലയിൽ പരിസ്ഥിതി ആഘാത പഠനം നടത്തുവാനും നടപടി സ്വീകരിച്ചു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കോട്ടൂരിൽ നിലവിലുള്ള ആന പുനരധിവാസ കേന്ദ്രം അന്തർദ്ദേശീയ നിലവാരത്തിൽ വികസിപ്പിക്കുന്നതിന് 105 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിസ്ഥിതി ആഘാതം കുറച്ചും പ്രകൃതി സംരക്ഷണത്തിനും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയും തദ്ദേശീയ സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിച്ചും ഉത്തരവാദിത്വ ടൂറിസം തത്വങ്ങൾ ഉറപ്പുവരുത്തിയും വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും

ദോഷകരമാവാത്ത വിധത്തിലും തദ്ദേശീയ ജനങ്ങൾക്ക് പരമാവധി വരുമാനം ഉണ്ടാകുന്ന വിധത്തിലും ഇക്കോട്ടൂറിസം പദ്ധതികൾ നടപ്പിലാക്കാനാണ് കരട് ദേശീയ വന നയത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ നിലവിലെ ഇക്കോട്ടൂറിസം നയം കരട് വന നയത്തിലെ നിബന്ധനകൾ അനുസരിച്ചുള്ളതാണ്. പരിസ്ഥിതി വിദ്യാഭ്യാസം, വനപരിസ്ഥിതി സംരക്ഷണം, സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവ് എന്നിവ ഇപ്പോൾ നിലവിലുള്ള നയത്തിന്റെ ഭാഗമാണ്.

**തോട്ടംമേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

5(*515) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കിയിരുന്നോ; വിശദാംശം അറിയിക്കുമോ;

(ബി) പ്ലാന്റേഷൻ ലേബർ ആക്ടിൽ ആരോഗ്യപരിപാലനത്തിനും ചികിത്സക്കുംവേണ്ട എന്തൊക്കെ സൗകര്യങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്; തൊഴിലാളികൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന കാര്യം അറിയിക്കുമോ;

(സി) ആക്ടിൽ നിഷ്കർഷിക്കുന്ന തരത്തിൽ താമസസൗകര്യം ലഭ്യമാകുന്നുണ്ടോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് തോട്ടമുടമകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉണ്ടായ വേതനപരിഷ്കരണ കരാറിൽ ജോലിസമയവും ജോലിഭാരവും നിയമത്തിന് അനുരൂപമല്ലാത്ത തരത്തിൽ വർദ്ധിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും തൊഴിൽ

വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും തൊഴിൽ ഉടമകളുമായും വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) 1951-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിലെ വകുപ്പ് 8 മുതൽ 10 വരെയുള്ള ഭാഗങ്ങളിലും 1959-ൽ നിലവിൽവന്ന പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിലുമാണ് തോട്ടം തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനും ചികിത്സയ്ക്കുംവേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. വകുപ്പ് 8 പ്രകാരം തോട്ടം ഉടമ തൊഴിലാളികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. വകുപ്പ് 9 പ്രകാരം തോട്ടം തൊഴിലാളികൾക്ക് (സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകമായി) വൃത്തിയുള്ള ശൗചാലയവും ഉടമ തോട്ടത്തിനുള്ളിൽത്തന്നെ ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 32 പ്രകാരം തോട്ടം ഉടമകൾ തോട്ടത്തിലെ തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഡിസ്പെൻസറികൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്. 5-6-2015-ലെ 62/2015/എൽ.ബി.ആർ. നമ്പർ ഉത്തരവ് പ്രകാരം ചട്ടം 32-ൽ ഭേദഗതി വരുത്തി സ്കാനിംഗ്, ആൻജിയോഗ്രാം തുടങ്ങിയ ആധുനിക ചികിത്സാ സൗകര്യങ്ങളും തൊഴിലാളികൾക്ക് ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആവശ്യമായ ചികിത്സാ സൗകര്യമില്ലാത്ത തോട്ടങ്ങളിലെ തൊഴിലാളികൾ തോട്ടത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ നടത്തുന്നതിന് ചെലവായ തുക തൊഴിലാളികളുടെ അപേക്ഷ പ്രകാരം പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഉടമയിൽനിന്ന് ഈടാക്കി നൽകുന്നുമുണ്ട്.

പ്ലാന്റേഷൻസ് ലേബർ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന സൗകര്യം ലഭ്യമാകുന്നുണ്ട്. ആരോഗ്യ പരിപാലനത്തിനും ചികിത്സയ്ക്കും തോട്ടം ഉടമകൾ വീഴ്ച വരുത്തുന്നുണ്ടോയെന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തുകയും വീഴ്ചവരുത്തുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) താമസസൗകര്യം ലഭ്യമാകുന്നുണ്ട്. കൂടാതെ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ ഓഫ് കേരള, കേരള സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പ്രോജക്ടുമായി സഹകരിച്ച് ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീടുവച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് തോട്ടത്തിനുള്ളിൽത്തന്നെ സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകുന്നതിനും സ്വന്തമായി സ്ഥലമുള്ള തൊഴിലാളികൾക്ക് അവരവരുടെ സ്ഥലത്തുതന്നെ വീട് നിർമ്മിച്ച് നൽകാനുമാണ് സർക്കാർ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ഡി) സ.ഉ.(പി) നമ്പർ 76/2016/തൊഴിൽ ഉത്തരവുപ്രകാരം തോട്ടം മേഖലയിൽ നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്കിൽ 15-12-1966-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റബ്ബർ മരങ്ങളുടെ ടാപ്പിംഗ് ടാസ്ക് 400 ആയി നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ തേയില തോട്ടങ്ങളിൽ പീസ് റേറ്റ് വർക്കിൽ 'ഷിയർ പ്ലക്കിംഗ് എന്ന ബി വിഭാഗവുംകൂടി മുൻ മിനിമം വേതന ഉത്തരവിൽനിന്നും വിഭിന്നമായി ജി.ഒ(എം എസ്.)15/14/തൊഴിൽ എന്ന ഉത്തരവിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**കടൽമത്സ്യ വിഭവശോഷണം സംബന്ധിച്ച് പഠനം**

6(*516) ശ്രീ. എ. എം. ആരിഫ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യ വിഭവശോഷണം, കായൽ അലങ്കാര മത്സ്യകൃഷി എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കായൽ അലങ്കാര മത്സ്യകൃഷി പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരളതീരത്ത് നടപ്പാക്കിവരുന്ന ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ മത്സ്യ ലഭ്യതയിൽ കുറവ് കാണുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം 9 ജില്ലകളിൽ നടത്തിയ മറൈൻ ക്യാച്ച് അസെസ്മെന്റ് സർവ്വേയുടെ 2006-07 മുതലുള്ള 10 വർഷത്തെ കടൽമത്സ്യ ഉൽപ്പാദനത്തിന്റെ കണക്കുകൾ പ്രകാരവും മത്സ്യോൽപ്പാദനത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. 10 വർഷത്തെ കടൽ മത്സ്യോൽപ്പാദനത്തിന്റെ കണക്കുകൾ അനുബന്ധമായി *ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അലങ്കാര മത്സ്യകൃഷി പുനരുദ്ധരിക്കുന്നതിനായി കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർ നാഷണൽ ലിമിറ്റഡ് (KAVIL) സമർപ്പിച്ച പ്രൊപ്പോസൽ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസലിൽ ഇപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധരിച്ച് കേരളത്തിലെ വിവിധ ജില്ലകളിലെ മത്സ്യ കർഷക വികസന ഏജൻസിയുമായി സഹകരിച്ച് അലങ്കാര മത്സ്യകൃഷി വിപുലീകരിക്കുന്നതിനും ഉൽപാദിപ്പിക്കുന്ന അലങ്കാര മത്സ്യങ്ങൾ KAVIL വഴി വിപണനം നടത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**നൂതന മത്സ്യകൃഷി രീതികൾ**

7(*517) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നൂതന മത്സ്യകൃഷി രീതികൾ പ്രയോജനപ്പെടുത്തുന്ന മാതൃകാ ഫാമുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത കൃഷിരീതികൾ നടപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തുന്നതെന്ന് പറയാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് നൂതന മത്സ്യകൃഷിരീതികൾ നടപ്പിലാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നൂതന പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഘടക പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. കുളങ്ങളിൽ ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി പദ്ധതി.

2. ഓരുജല മത്സ്യങ്ങളുടെ കൂട് കൃഷി

3. കുളങ്ങളിൽ അന്തരീക്ഷ വായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി

4. അണക്കെട്ടുകളിൽ കൂട്ടകൃഷി.

5. കുളങ്ങളിൽ രോഗാണുവിമുക്ത കാര ചെമ്മീൻ കൃഷി

6. കുളങ്ങളിലെ നാരൻ ചെമ്മീൻ കൃഷി

7. ശുദ്ധജല ആറ്റുകൊഞ്ച് കൃഷി

8. റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം

9. കുളങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി.

10. കടലിൽ കല്ലുമ്മേക്കായ കൃഷി പദ്ധതി

11. പ്രോജക്ട് സ്റ്റാഫുകളുടെ നിയമനം

12. ഡോക്യുമെന്റേഷൻ, റിപ്പോർട്ടിംഗ്.

(ബി) നൂതന മത്സ്യകൃഷിരീതി വ്യാപിപ്പിക്കുന്നതിനായി 230 നൂതന മത്സ്യകൃഷി മാതൃകാപ്രദർശന യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ഓരോ ജില്ലയിലെയും മത്സ്യ കർഷക വികസന ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ജലകൃഷി വ്യാപന പദ്ധതികളിൽ ഉൾപ്പെടുത്തി മാതൃകാ മത്സ്യകൃഷി ഫാമുകൾക്കായി 975 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) നൂതന മത്സ്യകൃഷിരീതി പദ്ധതി ഓരോ ജില്ലയിലും മത്സ്യ കർഷക വികസന ഏജൻസികൾ മുഖേനയാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ പ്രസ്തുത പദ്ധതികൾക്കുള്ള സാങ്കേതിക സഹായങ്ങൾക്കും പരിശോധയ്ക്കുമായി സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ്വാട്ടർ അക്വാകൾച്ചർ (സി.ഐ.ബി.എ). രാജീവ്ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ (ആർ.ജി.സി.എ) കേരള യൂണിവേഴ്സിറ്റീസ് ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) എന്നീ സ്ഥാപനങ്ങളുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു.

**തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി**

8(*518) ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. സി. മമ്മൂട്ടി :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളെ തീരത്തുനിന്നും അമ്പത് മീറ്ററെങ്കിലും മാറിയുള്ള സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതി മത്സ്യബന്ധന വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി ഏത് ഏജൻസിവഴി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്ത് തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ ഫണ്ട് എങ്ങനെ കണ്ടെത്താനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കടലാക്രമണ ഭീഷണി നിലനില്ക്കുന്ന തീരദേശത്ത് തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള ഭവന പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2017-18-ലെ മത്സ്യത്തൊഴിലാളി ഭവനപദ്ധതികൾ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് പ്രഥമ പരിഗണന നൽകിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾ ഫിഷറീസ് വകുപ്പ് തീരദേശ ജില്ലാ ഓഫീസുകൾ മുഖേന നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള കെട്ടിട സമുച്ചയ നിർമ്മാണം കേരള തീരദേശ വികസന കോർപ്പറേഷൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖേനയും നടപ്പിലാക്കുന്നു.

(സി) 2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി ഭവന പദ്ധതിക്കായി 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഏകദേശം 12000 കോടി അടങ്കൽ വരുന്ന ഒരു ബൃഹത് പദ്ധതിയുടെ സമീപനരേഖ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് (GCF) ലഭ്യമാക്കുന്നതിന് NABARD -ന് നൽകിയിട്ടുണ്ട്.

**ബാലവേല**

9(*519) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. സി. ദിവാകരൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിലനിൽക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടൽ, ബേക്കറി, മത്സ്യസംസ്കരണ യൂണിറ്റുകൾ, ആഭരണ നിർമ്മാണശാലകൾ എന്നീ മേഖലകളിൽ ബാലവേല ചെയ്യുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 18 വയസ്സിൽ താഴെയുള്ള കുട്ടികളെ ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ സ്ഥാപന ഉടമകൾക്കെതിരെ എന്ത് ശിക്ഷാനടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ഉണ്ട്.

(സി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം അനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുഖേന പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവരുന്നു. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2016 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 17507 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ദേശീയവനവൽക്കരണ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ**

10 (*520) ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. ബാബു:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിപാടിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വനങ്ങളുടെയും വനവിഭവങ്ങളുടെയും സംരക്ഷണത്തോടൊപ്പം വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആളുകളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാലാവസ്ഥാ വ്യതിയാനംമൂലം വനമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ( ശ്രീ. കെ. രാജു):

(എ) രാജ്യത്തെ പ്രക്ഷീണ വനങ്ങളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പങ്കാളിത്ത വന പരിപാലനത്തിലൂടെ നടപ്പിലാക്കിവരുന്ന ഒരു കേന്ദ്ര സർക്കാർ ആവിഷ്കൃത പദ്ധതിയാണ് ദേശീയ വനവൽക്കരണ പരിപാടി. താഴെപ്പറയുന്ന വിവിധ വനവൽക്കരണ പ്രവൃത്തികളാണ് ദേശീയ വനവൽക്കരണ പരിപാടിയിലൂടെ നടപ്പിലാക്കുന്നത്:

1. വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ.
2. വനംവച്ചുപിടിപ്പിക്കൽ
3. മുളം കാടുകളുടെ പുനരുജ്ജീവനം
4. ചൂരൽ കാടുകളുടെ പുനരുജ്ജീവനം
5. തീറ്റപ്പുല്ലുകൃഷി
6. ഔഷധ ഗുണമുള്ള വൃക്ഷങ്ങൾ നട്ടുവളർത്തൽ
7. ഔഷധസസ്യ പുനരുജ്ജീവനം

ഈ പ്രവർത്തനങ്ങളോടൊപ്പം മണ്ണ്-ജല സംരക്ഷണം, വനാശ്രിതരുടെ കോളനി വികസന പ്രവർത്തനങ്ങൾ, വനാശ്രിത സമൂഹത്തിന് വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ എന്നീ പരിപാടികളും നടപ്പാക്കുന്നുണ്ട്.

(ബി) പങ്കാളിത്ത വന പരിപാലന പരിപാടിയായി നടപ്പാക്കുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

1. വനങ്ങളുടെ സുസ്ഥിര പരിപാലനവും ജൈവവൈവിദ്ധ്യ സംരക്ഷണവും

2. വനങ്ങൾക്ക് നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തൽ

3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തൽ.

(സി) ദേശീയ വനവൽക്കരണ പരിപാടിയിൽ പങ്കാളികളാകുകവഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും, വരുമാന വർദ്ധനവിനും അതുവഴി അവരുടെ ജീവനോപധി വർദ്ധനവിനും സഹായകരമാകുന്നു. കൂടാതെ സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടി, ഗതാഗത സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സാമൂഹിക ആസ്തികൾ ഉണ്ടാക്കുന്നതിനുള്ള ധനസഹായവും തടിയിതര വനവിഭവങ്ങൾ അധിഷ്ഠിതമായി തൊഴിലവസരങ്ങളും ദേശീയ വനവൽക്കരണ പരിപാടിയിലെ എൻട്രി പോയിന്റ് ആക്ടിവിറ്റി (ഇ.പി.എ) വഴി ലഭ്യമാകുന്നു.

(ഡി) രാജ്യത്തെ പ്രക്ഷീണ വനങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോട വിഭാവന ചെയ്ത ദേശീയ വനവൽക്കരണ പരിപാടി നടപ്പിലാക്കുന്നതിലൂടെ വനങ്ങളുടെ കാർബൺഡയോക്സൈഡ് ആഗിരണ പ്രാപ്തി വർദ്ധിക്കുകമൂലം കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് വനങ്ങൾ കൂടുതൽ സജ്ജമാകുന്നു.

**വന്യജീവി ആക്രമണം തടയുന്നതിന് നടപടി**

11(*521) <u>ശ്രീ. എൽദോ എബ്രഹാം:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിൽ നിലവിൽ എത്ര റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(സി) മനുഷ്യരെ ആക്രമിക്കുന്ന ഏതെല്ലാം വന്യജീവികളെ കൊല്ലുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>):

(എ) വന്യജീവി ആക്രമണം തടയുന്നതിന് നിലവിൽ അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

- വന്യമൃഗങ്ങൾ വനമേഖലയിൽ നിന്നും പുറത്തേക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വിവരം തദ്ദേശവാസികളെ അറിയിക്കുന്നതിനായുള്ള Early Warning SMS Alert System വയനാട്, ആറളം, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റ് 43 കേന്ദ്രങ്ങളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പ്രശ്നക്കാരായ ആനകളെ നിരീക്ഷിക്കുന്നതിന് റേഡിയോ കോളർ സംവിധാനം ഉപയോഗിക്കാറുണ്ട്.
- വയനാട് മേഖലയിൽ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ ക്യാമറ ട്രാപ്പ് സംവിധാനം ഉപയോഗിച്ച് നിരീക്ഷണം നടത്താറുണ്ട്.
- വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്കിറങ്ങുന്നത് തടയുന്നതിനായി ആന പ്രതിരോധ കിടങ്ങുകൾ/മതിലുകൾ, സൗരോർജ്ജ കമ്പിവേലി എന്നിവയ്ക്ക് പുറമെ റെയിൽ ഫെൻസിംഗ് സംവിധാനം നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.
- റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വനം വകുപ്പിൽ നിലവിൽ 14 റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.റ്റി.) ചുവടെപ്പറയുന്ന സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്:

| | |
|---|---|
| 1. പേപ്പാറ | 8. മണ്ണാർക്കാട് |
| 2. പുനലൂർ | 9. നിലമ്പൂർ |
| 3. റാന്നി | 10. താമരശ്ശേരി |
| 4. മൂന്നാർ | 11. സുൽത്താൻ ബത്തേരി |
| 5. പീരുമേട് | 12. തളിപ്പറമ്പ് |
| 6. മലയാറ്റൂർ | 13. കല്പറ്റ |
| 7. ഒലവക്കോട് | 14. കാസർഗോഡ് |

വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികള കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും ആർ.ആർ.റ്റി.-യുടെ സേവനം വിനിയോഗിച്ചുവരുന്നു.

(സി) മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലുന്നതിന് അനുവാദം നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 95/2014/വനം തീയതി 17-11-2014 പ്രകാരം കൃഷിയിടങ്ങളിലിറങ്ങി നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാദികളോടെ വെടിവച്ചുകൊല്ലുവാൻ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ നിലവിൽ മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലുന്നതിന് അനുവാദമില്ല.

**പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ**

12(*522) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രഗവൺമെന്റിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളെ ഏതുപ്രതികൂല കാലാവസ്ഥയിലും മത്സ്യബന്ധനം നടത്തുന്നതിന് ഉപയുക്തമാക്കാൻ തക്കവിധത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് 14 സ്ഥലങ്ങളിൽ പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യതാപഠനത്തിനും അന്വേഷണ ഗവേഷണ പഠനങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പഠനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. അന്വേഷണ ഗവേഷണ പഠനങ്ങൾ പൂർത്തിയാക്കി പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരിപക്ഷം മത്സ്യബന്ധന തുറമുഖങ്ങളുടെയും നിർമ്മാണം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് പ്രൊപ്പോസൽ ഒന്നുംതന്നെ നിലവിൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലില്ല. പുതിയ മത്സ്യബന്ധന തുറമുഖങ്ങൾക്കായുള്ള മാതൃകാപഠനം, പരിസ്ഥിതി പഠനം, പരിസ്ഥിതി ക്ലിയറൻസ് എന്നിവ പൂർത്തിയാക്കിയശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാക്കാൻ സമർപ്പിക്കുന്നതാണ്.

(സി) മത്സ്യബന്ധന തുറമുഖങ്ങളുടെ മാതൃകാപഠനം നടത്തുമ്പോൾത്തന്നെ പ്രതികൂല കാലാവസ്ഥയിലും മത്സ്യബന്ധനം നടത്തുന്നതിന് ഉപയുക്തമാക്കാൻ തക്കവിധത്തിലാണ് മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ അലൈൻമെന്റ്, വാർഫിന്റെ സ്ഥാനം എന്നിവ നിർണ്ണയിക്കുന്നത്.

## തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ മാർഗ്ഗങ്ങൾ

13(*523) ശ്രീ. കെ. ദാസൻ:

ശ്രീ. എം. സ്വരാജ്:

ശ്രീ. പി. കെ. ശശി:

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സംരംഭക സൗഹൃദമായി മാറുന്നതിനോടൊപ്പം അതിന് വിഘ്നംവരാത്ത രീതിയിൽ തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ ഇടപെടൽ വിശദമാക്കാമോ;

(സി) ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന പീടികകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ജൗളിക്കടകൾ എന്നിവിടങ്ങളിലെ തൊഴിലാളികളുടെയും അതിന്റെ പരിധിക്കുപുറത്തുള്ള സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയവരുടെയും ക്ഷേമത്തിനും ഇവർ ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിലുടമ തൊഴിലാളി ബന്ധം ഊട്ടിഉറപ്പിക്കുകയും തദ്വാര കേരളത്തെ ഒരു സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും വികസന പദ്ധതികൾക്ക് വിളനിലമാകാനും നയരൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തൊഴിൽ വകുപ്പ് തയ്യാറാക്കിയ കരട് തൊഴിൽ നയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് തൊഴിലാളി സൗഹൃദമാകുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ സംബന്ധിച്ച് വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം വകുപ്പിന്റെ മേഖലാ കേന്ദ്രങ്ങൾവഴി ട്രേഡ് യൂണിയൻ നേതാക്കൾ ഉൾപ്പെടെയുള്ള വിവിധ കാറ്റഗറികളിലുള്ള തൊഴിലാളികൾക്കായി ആരോഗ്യ സുരക്ഷിതത്വ അവബോധ പരിപാടികളും, വകുപ്പിന്റെ 'സുരക്ഷാരഥം' എന്ന മൊബൈൽ പരിശീലന വാഹനം ഉപയോഗിച്ച് നേരിട്ട് ഫാക്ടറികളിൽ എത്തി നിർമ്മാണ പ്രക്രിയയ്ക്ക് അനുയോജ്യമായ സുരക്ഷിതത്വ ആരോഗ്യ പരിശീലന വിദ്യാഭ്യാസ പരിപാടികളും തൊഴിലാളികൾക്ക് നൽകി വരുന്നു. കൂടാതെ സംസ്ഥാനത്ത് ആദ്യമായി തൊഴിലാളികൾക്ക് ജോലിയുടെ ഭാഗമായി ഉണ്ടാകാൻ സാധ്യതയുള്ള തൊഴിൽജന്യ രോഗങ്ങൾ, തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേയിലൂടെ കണ്ടുപിടിച്ച് പ്രതിരോധിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം ക്രഷർ, കശുവണ്ടി ഫാക്ടറി തൊഴിലാളികളിൽ പൂർത്തിയായി. സീഫുഡ് ഫാക്ടറി തൊഴിലാളികൾ, വെൽഡിംഗ് തൊഴിലാളികൾ, ഇലക്ട്രോപ്ലേറ്റിംഗ് തൊഴിലാളികൾ, അസംഘടിത മേഖലയിൽ പണിയെടുക്കുന്ന പാക്കിംഗ് തൊഴിലാളികൾ എന്നിവരിലും തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേ നടത്താൻ ലക്ഷ്യമിടുന്നു. തൊഴിലാളികളിൽ സുരക്ഷിതത്വ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും സുരക്ഷാദിനത്തോടനുബന്ധിച്ച് സേഫ്റ്റി അവാർഡുകളും നൽകിവരുന്നു.

(സി) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽവരുന്ന പീടികകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ജൗളിക്കടകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾ അതിന്റെ പരിധിക്കുപുറത്തുള്ള സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ ഏകദേശം 4567 സ്ഥാപനങ്ങളിൽ

നിന്നും 99237 തൊഴിലാളികൾക്ക് 515 കോടിയോളം രൂപ ഈ സംവിധാനം മുഖാന്തരം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സമെന്റ് വിഭാഗം 1960ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. 2017-ൽ നാളിതുവരെ 14238 സ്ഥാപന പരിശോധനകൾ നടത്തുകയും 1799 പ്രോസിക്യൂഷനും 161 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി മേഖല ഉൾപ്പെടെയുള്ള 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണിമുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതത് ഇൻസ്പെക്ടർമാർക്ക് യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

**തൊഴിൽ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി**

14(*524) ശ്രീ. വി. ജോയി:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വകുപ്പിന്റെ വിവിധ തലങ്ങളിൽ ലഭിക്കുന്ന വ്യത്യസ്തമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇത് എപ്രകാരമെല്ലാം പ്രയോജനപ്പെടുന്നു എന്ന് വിശദമാക്കാമോ;

(സി) സർക്കാർ മിനിമം വേതനം നിശ്ചയിച്ച തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആയത് ഉറപ്പാക്കുന്നതിനായി ഇ-പേയ്മെന്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) തൊഴിൽ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം, വേതന സുരക്ഷാ പദ്ധതി എന്നിങ്ങനെ രണ്ട് പ്രധാന ഇ-ഗവേണൻസ് പദ്ധതികൾ തൊഴിൽ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) മുഖാന്തരം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, ഭേദഗതി എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നുണ്ട്. ഇതിലൂടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി നൽകുവാൻ കഴിയുന്നു. സ്ഥാപന പരിശോധനയ്ക്കുശേഷമുള്ള തുടർനടപടികൾ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തുന്നത് വകുപ്പ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ സഹായകരമാകുന്നു. കൂടാതെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാനും സാധിക്കുന്നു.

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വേതനസുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ വേജ് സ്ലിപ്പ് ഓൺലൈനായി ലഭ്യമാകുന്നു. വേതന സുരക്ഷാ പദ്ധതിവഴിയുള്ള ശമ്പളവിതരണ പ്രക്രിയകൾ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും പരാതികൾ യഥാസമയം പരിഹരിക്കുന്നതിനും സാധിക്കുന്നു. ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുകയും ചെയ്യുന്നു. കോൾസെന്റർ മുഖാന്തരം ലഭ്യമാകുന്ന പരാതികളിന്മേൽ യഥാസമയംതന്നെ വകുപ്പിലെ ഉദ്യോഗസ്ഥർ പരിഹാരം കാണുന്നുണ്ട്.

(സി) ഉണ്ട്. അസംഘടിതമേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം

തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ സ്ഥാപന പരിശോധന കൂടാതെതന്നെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. നാളിതുവരെ 4560 സ്ഥാപനങ്ങളിൽനിന്നും 99237 ജീവനക്കാർക്ക് 515 കോടി രൂപ ടി പദ്ധതി വഴി വിതരണം നടത്തിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ**

15(*525) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) കർഷകർക്ക് കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നതായി അറിവുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഡി) അഞ്ചിൽ കൂടുതൽ പശുക്കളെ വളർത്തുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ അനുമതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് എളുപ്പമാക്കുന്നതിനായി ക്ഷീര വികസന വകുപ്പ് ക്രിയാത്മകമായി ഇടപെടുമോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് പ്രധാനമായും നടപ്പിലാക്കുന്നത് താഴെപ്പറയുന്ന പദ്ധതികളാണ്:

പാലിന് സബ്സിഡി/കാലിത്തീറ്റ സബ്സിഡി

കറവപ്പശു വളർത്തൽ

കിടാരി വളർത്തൽ

കാലിത്തൊഴുത്ത് നിർമ്മാണം

തീറ്റപ്പുൽകൃഷി

ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്.

പട്ടികജാതി ഗ്രൂപ്പുകൾക്ക് കാളക്കുട്ടി - പോത്തുകുട്ടി പരിപാലനം

ചാണകനിർജ്ജലീകരണ യൂണിറ്റ്

കറവയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി

മൊബൈൽ ഗുണനിയന്ത്രണ പദ്ധതി.

(ബി) കർഷകർക്ക് കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും ക്ഷീരവികസന വകുപ്പ് മുഖേനയും ഒരേ പദ്ധതികൾ നടപ്പിലാക്കുന്നുവെന്ന കാരണത്താൽ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു.

(സി) കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തടസ്സം നീക്കംചെയ്യുന്നതിന് ക്ഷീരവികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെടുകയും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ ഇത് അവതരിപ്പിച്ച് തടസ്സം നീക്കം ചെയ്യുകയുമുണ്ടായി.

(ഡി) അഞ്ചോ അതിൽ കൂടുതലോ കറവപ്പശുക്കൾ വളർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ അനുമതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് എളുപ്പമാക്കുന്നതിന് വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷീരവികസന വകുപ്പിലെ ബ്ലോക്കുതല ഉദ്യോഗസ്ഥർ ക്ഷീരകർഷകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട ലൈസൻസുകൾ ലഭ്യമാക്കുന്നതിനുവേണ്ട സാങ്കേതിക-നിയമപരമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

## സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾ

16(*526) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തൊഴിൽ മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്; വിവരിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ-സി) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നഴ്സിംഗ്, ഓയിൽ ആന്റ് റിഗ് ഇൻഡസ്ട്രി, ടീച്ചിംഗ്, ഫിനാൻഷ്യൽ സർവ്വീസസ്, മെക്കാനിക്കൽ കൺസ്ട്രക്ഷൻ, ഇൻഡസ്ട്രി ഓട്ടോമേഷൻ, ബ്യൂട്ടി ആന്റ് വെൽനെസ്സ്, മറൈൻ, ഫിസിയോതെറാപ്പി, ആയുർവേദ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി, മൾട്ടിമീഡിയ ഡിസൈൻ, വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

1 സെന്റർ ഓഫ് എക്സലൻസ്

NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)

ESPOiR ( എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ്)

CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്)

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

3. കൗശൽ കേന്ദ്രങ്ങൾ

4. എംപ്ലോയബിലിറ്റി സെന്ററുകൾ

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

6. കരിയർ ഡവലപ്മെന്റ് സെന്റർ

നിലവിലുണ്ടായിരുന്ന മികവിന്റെ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൈക്കൊണ്ട നടപടികൾ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

- NICE-ന്റെ ഒന്നാമത്തെ ബാച്ചിലെ പരിശീലനം പൂർത്തിയാക്കിയ 116 ഉദ്യോഗാർത്ഥികളിൽ 86 പേർ ജോലിയിൽ പ്രവേശിച്ചു. മറ്റ് ഉദ്യോഗസ്ഥരുടെ വിസ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

- 21 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം വിജയകരമായി പൂർത്തിയായി അവരുടെ വിസ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 74 പേർ ഉൾപ്പെട്ട മൂന്നാമത്തെയും നാലാമത്തെയും ബാച്ചിന്റെയും പരിശീലനം പൂർത്തിയാകുകയും ലൈസൻസിംഗ് എക്സാമിനേഷനുള്ള പരിശീലനം നൽകി വരുകയും ചെയ്യുന്നു.

- 10 ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നതിനുള്ള അംഗീകാരം NICE-ന് ലഭ്യമാക്കിയിട്ടുണ്ട്.

- എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിംഗ് (ESPOiR )

- ESPOiR-ന്റെ ആദ്യബാച്ച് 85 പേർക്ക് പരിശീലനം നൽകുകയും എല്ലാവർക്കും വിദേശത്തേയ്ക്കുള്ള നിയമന പത്രിക നൽകുകയും ചെയ്തു. രണ്ടാം ബാച്ചിൽ 100 പേർ പ്രവേശനം നേടി ഇവരുടെ പരിശീലനം ഏപ്രിൽ മാസം ആരംഭിക്കുകയും ജൂലൈ മാസം പൂർത്തിയാകുകയും ചെയ്തു. ഇതിൽ 43 പേർക്ക് നിയമന പത്രിക ലഭ്യമാകുകയും ചെയ്തു.

- 79 വിദ്യാർത്ഥികൾ ഉൾപ്പെടുന്ന മൂന്നാം ബാച്ചിന്റെ പരിശീലനം പൂർത്തിയായി. പരിശീലനം പൂർത്തിയാക്കിയ 60 വിദ്യാർത്ഥികളിൽ 24 പേർക്ക് നിയമന പത്രിക വിതരണം ചെയ്തു. കൂടാതെ നാലാമത്തെ ബാച്ചിലെ പരിശീലനം പൂർത്തിയാക്കിയ 54 പേരിൽ 21 പേർക്ക് നിയമന പത്രിക വിതരണം ചെയ്യുകയും ചെയ്തു.

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ESPOiR-ൽ പ്രവേശനം നൽകി വിദേശത്തേയ്ക്ക് അയയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി.
- PMKVY കോഴ്സുകൾ ESPOiR- ൽ ആരംഭിക്കുകയും 91 ഉദ്യോഗാർത്ഥികളുടെ പരിശീലന നടപടികൾ 3 ട്രേഡുകളിലായി പുരോഗമിക്കുകയും ചെയ്യുന്നു.
- 11-2-2017-ൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ESPOiR അക്കാദമി തൊഴിൽമേളയും നൈപുണ്യമേളയും നടത്തി.

<u>സെന്റർഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ് (CRETT)</u>

- അധ്യാപകരുടെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച CRETT-ന്റെ 18 പേരടങ്ങിയ ആദ്യബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും നിയമന പത്രികയും വിസയും വിതരണം ചെയ്യുകയുണ്ടായി.
- CRETT-ന്റെ 9 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം പൂർത്തിയാവുകയും ഈ രണ്ട് ബാച്ചുകളിലെ 27 പേരിൽ 14 പേർക്ക് നിയമന പത്രിക ലഭ്യമാകുകയും ചെയ്തു.

<u>സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂറിറ്റി (CATS)</u>

- വിവിധ വിഷയങ്ങളിലായി ഇതുവരെ 52 പേർക്ക് പരിശീലനം പൂർത്തിയാക്കി. ഇവരുടെ തൊഴിൽ ലഭ്യത ഉറപ്പാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

<u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)</u>

- KSID-യിലെ രണ്ടാം ബാച്ചിന്റെ ക്ലാസ്സുകൾ 2016 ജൂലൈ മാസത്തിൽ ആരംഭിച്ചു. മൂന്നാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ നടപടികൾ പുരോമിച്ചുവരുന്നു.
- നിലവിൽ രണ്ട് ബാച്ചുകളിലായി 38 വിദ്യാർത്ഥികൾ KSID-ൽ പഠിക്കുന്നു. മൂന്നാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കൗശൽ കേന്ദ്രങ്ങൾ</u>

- പുതിയ കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള Request for Proposal (RFP) 2016 സെപ്റ്റംബർ മാസം ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഓപ്പറേറ്റർക്ക് 2016 നവംബർ മാസം ചുമതല നൽകുകയും ചെയ്തു. കൗശൽ കേന്ദ്രങ്ങളിൽ നാളിതുവരെ 6393 പേർ രജിസ്റ്റർ ചെയ്യുകയും 5472 പേർ വിവിധ കോഴ്സുകളിൽ പരിശീലനവും നേടിയിട്ടുണ്ട്.

## എംപ്ലോയബിലിറ്റി സെന്റർ

- നിലവിൽ 7 എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി നാളിതുവരെ ചെറുതും വലുതുമായ 384 തൊഴിൽ മേളകൾ സംഘടിപ്പിക്കുക വഴി 33198 പേർക്ക് തൊഴിൽ ലഭ്യമായി.
- നാളിതുവരെ എംപ്ലോയബിലിറ്റി സെന്ററുകളിൽ 472 കമ്പനികൾ തൊഴിൽ ദാതാക്കളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- കൂടാതെ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ചുകൊണ്ട് ഒരു മെഗാ തൊഴിൽ മേള 'നിയുക്തി 2017' എന്ന പേരിൽ എറണാകുളം മേഖലയിൽ 2017 ജനുവരി 14-നും കോഴിക്കോട് മേഖലയിലും തിരുവനന്തപുരം മേഖലയിലും 2017 ഫെബ്രുവരി 11-നും സംഘടിപ്പിച്ചു.
- എംപ്ലോയബിലിറ്റി സെന്ററുകളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി ഒരു ഓൺലൈൻ മാനേജ്മെന്റ് സംവിധാനം കെൽട്രോണിന്റെ സഹായത്തോടുകൂടി ഏപ്രിൽ 2017 മുതൽ പ്രവർത്തന സജ്ജമാക്കി.
- പുതുതായി തൃശ്ശൂരും മലപ്പുറത്തും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ഒക്ടോബർ 2014 മുതൽ മെയ് 2016 വരെ 29888 പേർക്ക് പരിശീലനം നൽകുകയും 27329 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജൂൺ 2016 മുതൽ ഏപ്രിൽ 2017 വരെ 20164 പേർക്ക് പരിശീലനം നൽകുകയും5869 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

- അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കുകയും ഉദ്യോഗാർത്ഥികളെ ലോകോത്തര നിലവാരത്തിലേക്കുയർത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് IIIC പ്രവർത്തന സജ്ജമാകുന്നത്. 192000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കിന്റെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങളും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന 35600 ചതുരശ്രയടിയുള്ള ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിവരുന്നു.

## പുതിയ മികവിന്റെ കേന്ദ്രങ്ങൾ

1. കേസ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA):

7-1-2017-ൽ നഴ്സിംഗ് മേഖലയിൽ ഓസ്ട്രേലിയ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന Heath Careers International എന്ന സ്ഥാപനം കൊച്ചിയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള കരാറിൽ ഒപ്പിട്ടു.

2. ഗ്രീൻ മെതേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്:

5-4-2017-ൽ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ Green Method Engineering Pvt. Ltd. എന്ന സ്ഥാപനം മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പിട്ടു.

3. സെന്റർ ഫോർ എക്സലൻസ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED):

Entrepreneurship Development India (EDI) Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് Centre of Excellence in Entrepreneurship Development (CEED) എന്ന മികവിന്റെ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി 21-4-2017-ൽ EDI-യുമായുള്ള കരാറിൽ ഒപ്പിട്ടു. 2017 ജൂൺ മാസത്തോടുകൂടി ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

നൈപുണ്യ രംഗത്തെ സമഗ്ര വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് പുതുതായി നടപ്പിലാക്കിയതും ഏറ്റെടുത്ത് വിജയകരമായി തുടരുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1-11-2016-ൽ ആരോഗ്യ സൗന്ദര്യ സംരക്ഷണ ചികിത്സാ രംഗത്ത് നൈപുണ്യ പരിശീലനം നൽകുന്ന Centre for Natural Beauty Therapy (CNBT) യുടെ തിരുവനന്തപുരത്തുള്ള School of Wellness-ൽ PG Programme in Spa Management, A Level Diploma Programme in Spa Therapy എന്നീ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചു. A Level Doploma Progamme in Spa Therapyയുടെ 12 പേരടങ്ങുന്ന ആദ്യ ബാച്ച് 15-3-2017-ൽ ആരംഭിച്ചു.

3-11-2016-ൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് മേഖലയിൽ അടിസ്ഥാന സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞ വിദ്യാർത്ഥികൾക്കായി നൈപുണ്യ പരിശീലനം നൽകുന്ന നിലമ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Induscan Petroleum Institute-ന്റെ Quality Control Engineer, Quality Control Inspector എന്നീ കോഴ്സുകളുടെ 15 പേരടങ്ങിയ ആദ്യബാച്ചിന്റെ പരിശീലനം 5-12-2016-നും 12 പേരടങ്ങിയ രണ്ടാമത്തെ ബാച്ച് 15-3-2017-നും ആരംഭിക്കുകയും ചെയ്തു.

3-11-2016-ൽ ഓട്ടോമേഷൻ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന SMEC Automation Pvt. Ltd.-ന്റെ Certified Automation Engineer എന്ന കോഴ്സിന്റെ 20 പേരടങ്ങിയ ആദ്യ ബാച്ചിന്റെ പരിശീലനം 15-3-2017-ന് ആരംഭിച്ചു.

ആയുർവേദ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന ധന്വന്തരി വൈദ്യശാലയുടെ സ്ഥാപനമായ Dhanwanthari Educational & Charitable Society-യുമായി സഹകരിച്ചുകൊണ്ട് Diploma in Ayurveda Nursing, Diploma in Panchakarma Therapy, Diploma in Ayurveda Pharmacy എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 23-1-2017-ൽ ഒപ്പിട്ടു.

ഫിസിയോതെറാപ്പി മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന കോഴിക്കോട് പ്രവർത്തിക്കുന്ന JDT Islam College of Physiotherapy-യുമായി സഹകരിച്ചുകൊണ്ട് Fitness Trainer/Gym Instructor, Sports Physiotherapy, Certificate Course to Physical Education Teachers എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 23-1-2017-ൽ ഒപ്പിട്ടു.

Marine മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന കൊച്ചിയിൽ പ്രവർത്തിക്കുന്ന Aries International Maritime Research Institute (AIMRI)യുമായി സഹകരിച്ചുകൊണ്ട് Skill Development in Naval Architecture & Ship Building, Skill Developmet in Offshore Engineering, Skill Development in Marine Quality Control എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 23-1-2017-ൽ ഒപ്പിട്ടു.

Tourism & Hospitality മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന Atheos Institute of Skill Excellence, Palakkad-ന്റെ Housekeeping Attendant, Kitchen Steward, Food and Beverage trainee എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 4-2-2017-ൽ ഒപ്പിട്ടു.

KASE അംഗീകൃത സ്ഥാപനമായ Hedge School of Applied Economics (HSAE) മുഖേന SCMS, KOCHI-യിലെ 75 വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കി. കൂടതെ Rajagiri College of Social Science, Kochi-യിലെ 95 വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കി. കൂടാതെ Project & Internship-ലെ ആദ്യ ബാച്ചിന്റെ തൊഴിൽ പരിശീലനവും പൂർത്തിയായി. 12 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം പുരോഗമിച്ചുവരുന്നു.

KASE അംഗീകൃത സ്ഥാപനമായ Lili Academy of Scientific Electrolysis മുഖേന 12 പേർ പരിശീലനം പൂർത്തിയാകുകയും ജോലി നേടുകയും ചെയ്തു.

1-4-207-ൽ Multi Media & Animation മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന Infoprism Solutions (P) Ltd-മായി കരാറിൽ ഒപ്പിട്ടു.

5-4-2017-ൽ Architecture and Interior Design മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന Terrafirm Projects (p) Ltd-മായി കരാറിൽ ഒപ്പിട്ടു.

<u>കരിയർ ഡെവലപ്മെന്റ് സെന്റർ:</u>

ആദ്യ കരിയർ ഡെവലപ്മെന്റ് സെന്റർ 2017 ഫെബ്രുവരി 4-ന് കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും രണ്ടാമത്തെ സെന്റർ 2017 ഫെബ്രുവരി 16-ന് പാലക്കാട് ജില്ലയിലെ ചിറ്റൂരിലും പ്രവർത്തനമാരംഭിച്ചു. നാളിതുവരെ കരിയർ ഡവലപ്മെന്റ് സെന്ററുകൾ വഴി 1502 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കരിയർ ഡവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി KELTRON-ന്റെ സഹായത്തോടുകൂടി വികസിപ്പിച്ച ഒരു ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) മുഖേന രജിസ്ട്രേഷൻ ആരംഭിച്ചു. MIS-ന്റെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

<u>വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി :</u>

നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്കരീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, ഓവർസീസ് എംപ്ലോയ്മെന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

<u>ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യയോജന (DDUGKY) പ്രോജക്ടിന്റെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസി:</u>

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഗ്രാമീണ വികസന മന്ത്രാലയം 'ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന' (DDUGKY) എന്നപേരിൽ നൈപുണ്യവികസനത്തോടൊപ്പം തൊഴിലും എന്ന പദ്ധതി കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ കേരളത്തിലെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായി KASE-നെ നിയോഗിച്ചുകൊണ്ടുള്ള ധാരണാപത്രം 19-12-2016-ന് ഒപ്പുവച്ചു. മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്മെന്റ് (MoRD) നിഷ്കർഷിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽതന്നെ ലഭ്യമായ

40 പ്രൊപ്പോസലുകളുടെയും പ്രഥമ സൂക്ഷ്മപരിശോധന പൂർത്തിയാക്കുകയും ഒരു ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മിനിസ്ട്രിയുടെ നിർദ്ദേശാനുസരണം മറ്റ് പ്രോപ്പോസലുകളുടെ അവലോകനവും വിലയിരുത്തൽ സന്ദർശനവും പുരോഗമിച്ചുവരുന്നു.

<u>അക്രഡിറ്റേഷൻ</u>

കൂടാതെ വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപകൽപ്പനചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടി കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് KASE-നെ സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന നൈപുണ്യ വികസന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി 290 കോടി രൂപയുടെ കേന്ദ്രധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം കേന്ദ്ര സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് വകുപ്പുമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നൈപുണ്യ വികസനത്തിനായി കേന്ദ്ര ബജറ്റിൽ 100 കോടി രൂപ വകയിരുത്തുന്നതിനായി ഒരു പ്രൊപ്പോസലും സമർപ്പിച്ചിരുന്നു. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികൾക്കായി 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ധനസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ 2017-18 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിദഗ്ദ്ധ സമിതി**

17(*527) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>

<u>ശ്രീ. സി. മമ്മൂട്ടി:</u>

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗക്രമത്തിൽ വന്ന മാറ്റത്തെക്കുറിച്ച് പഠിക്കാൻ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിദഗ്ധ സമിതിയെ അടിയന്തരമായി നിയോഗിക്കുമോ;

(സി) മദ്യശാലകൾ പൂട്ടുന്നതുകൊണ്ട് വ്യാജമദ്യ ഉപഭോഗവും മയക്കു മരുന്നുകളുടെ ഉപയോഗവും വർദ്ധിക്കുമെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ ഏത് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം അഭിപ്രായ രൂപീകരണം നടത്തിയതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) മദ്യവിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചതായി തെളിയിക്കുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ മുൻ മാസത്തെ അപേക്ഷിച്ച് 2017 ഏപ്രിൽ മാസം എക്സൈസ് വകുപ്പ് കണ്ടെടുത്ത വ്യാജ മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| വ്യാജമദ്യം/ മയക്കുമരുന്ന് | 2017 മാർച്ച് മാസം പിടിച്ചെടുത്ത അളവ് | 2017 ഏപ്രിൽ മാസം പിടിച്ചെടുത്ത അളവ് |
|---|---|---|
| സ്പിരിറ്റ് (ലിറ്റർ) | 2.5 | 1339 |
| ചാരായം (ലിറ്റർ) | 255 | 419 |
| കോട (ലിറ്റർ) | 10619 | 34407 |
| അന്യസംസ്ഥാന മദ്യം (ലിറ്റർ) | 785 | 1098 |
| കഞ്ചാവ് (കിലോഗ്രാം) | 74 | 63 |
| ഹാഷിഷ് (ഗ്രാം) | - | 205 |
| ഹെറോയിൻ (ഗ്രാം) | - | 239.65 |
| ബ്രൗൺഷുഗർ (ഗ്രാം) | 4.13 | 2.1 |
| ഓപ്പിയം (ഗ്രാം) | 5 | 9 |
| കൊക്കെയ്ൻ (ഗ്രാം) | - | 11 |
| എം.ഡി.എം.എ ക്രിസ്റ്റൽ (ഗ്രാം) | - | 47 |
| എം.ഡി.എം.എ ഓയിൽ (ഗ്രാം) | - | 3 |
| നൈട്രൈസെഫാം (ടാബ്ലറ്റ്) | 247 | 967 |

## എക്സൈസ് വകുപ്പ് നവീകരണവും ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണവും

18(*528) ശ്രീ. പി. ഉണ്ണി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ഓഫീസുകളിൽ പകുതിയോളം നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് ഇ-ഓഫീസുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ഈ പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കടത്ത് ഫലപ്രദമായി തടയുന്നതിനു വേണ്ടി, ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിനായി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇ-ആഫീസ് സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആഫീസുകളിൽ ക്യൂബിക്കിൾ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകളിൽ ക്യൂബിക്കിൾ സംവിധാനം സ്ഥാപിക്കുവാൻ കഴിയാത്തതിനാൽ ഇ-ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നുണ്ട്. വകുപ്പിന്റെ നവീകരണ പ്രവർത്തനത്തിനായി ഈ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 7.50 കോടി രൂപയും നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 1.65 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള ഫീൽഡ് ആഫീസുകളിൽ വനിതാ ജീവനക്കാർക്ക് ആവശ്യമായ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വനിതാ ജീവനക്കാർക്ക് ഡ്രസ്സിംഗ് റൂമും ടോയ്ലെറ്റ് സൗകര്യങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകൾക്ക് ടി സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകളിൽ ലോക്കപ്പ് സൗകര്യങ്ങളും തൊണ്ടിറൂമുകളും വാഹന ഷെഡ്ഡ് നിർമ്മിച്ചുകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും കഴിയുന്നില്ല.

മാത്രമല്ല കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെടുന്നതനുസരിച്ച് മാറിക്കൊടുക്കേണ്ടി വരുമ്പോൾ ആഫീസുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുവാൻ സാധിക്കാതെ വരുന്നു. ഫീൽഡ് ആഫീസുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാൽ രാത്രികാലങ്ങളിൽ ഡ്യൂട്ടി കഴിഞ്ഞ് എത്തുന്ന ഉദ്യോഗസ്ഥർക്ക് വിശ്രമിക്കാൻ ആവശ്യമായ സ്ഥലസൗകര്യങ്ങൾ വാടക കെട്ടിടത്തിൽ ലഭിക്കുന്നില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസുകളിൽ വയർലസ്സ് സംവിധാനത്തിനുള്ള ബെയ്സ് സ്റ്റേഷനുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുവാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളതിനാൽ ആയത് സ്ഥാപിക്കുന്നതിന് സ്വന്തമായി കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വന്തമായ കെട്ടിടം ഇല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുവാൻ എല്ലാ ആഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ എക്സൈസ് ടവറുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മാനന്തവാടി, അങ്കമാലി, ശാസ്താംകോട്ട, കൊട്ടാരക്കര എന്നിവിടങ്ങളിൽ എക്സൈസ് കോംപ്ലക്സുകളും തങ്കമണി, ആര്യനാട് എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ആഫീസുകളും നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വൈക്കം, ചങ്ങനാശ്ശേരി, ചേർത്തല, ചിറ്റൂർ, അടൂർ, കുട്ടനാട് എന്നിവിടങ്ങളിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടിയും വടക്കാഞ്ചേരി, ഉടുംമ്പൻചോല എന്നിവിടങ്ങളിൽ എക്സൈസ് സർക്കിൾ ആഫീസ് നിർമ്മിക്കുന്നതിനും പറളി, ബദിയടുക്ക എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ആഫീസ് നിർമ്മിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) എക്സൈസ് ചെക്ക് പോസ്റ്റുകളിലെ പരിശോധന കാര്യക്ഷമമാക്കുന്നതിന് തെരഞ്ഞെടുത്ത ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ് എൽ.ഇ.ഡി. ലാമ്പുകളും, എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും അഴിമതിരഹിതമാക്കുന്നതിനും വേണ്ടി തെരഞ്ഞെടുത്ത 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറയും ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കണ്ടെയിനർ മോഡ്യൂളുകളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി ഡിജിറ്റൽ സൈൻ

ബോർഡുകൾ സ്ഥാപിക്കുന്നതിനും ചെക്ക് പോസ്റ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ടോർച്ച്, കുടകൾ, വേയിംഗ് മെഷീൻ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും വ്യാജമദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കടത്ത് തടയുന്നതിനുവേണ്ടി മേജർ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**കശുവണ്ടി വ്യവസായത്തിന്റെ വളർച്ച**

19(*529) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. മുരളീധരൻ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ വളർച്ചയ്ക്കും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള തോട്ടണ്ടി എങ്ങനെ കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ&ബി) തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരണം, കശുമാവ് കൃഷി വ്യാപനം, വിദേശരാജ്യങ്ങളിൽനിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഈ വ്യവസായത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുമായി കേരള കാഷ്യു ബോർഡ് രൂപീകരണം, ഫാക്ടറിയുടെ ഭാഗീകയന്ത്രവൽക്കരണം.

സർക്കാർ തീരുമാനത്തെത്തുടർന്ന് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരണം നടന്നുവരുന്നു. ഇതുവരെ ഏകദേശം 600 മെട്രിക് ടൺ തോട്ടണ്ടി കാഷ്യു കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും വ്യവസായാവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഈ രംഗത്ത് നിലനിൽക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമാണ് കേരള സ്റ്റേറ്റ് കാഷ്യൂ ബോർഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നത്. ഇതിനായുള്ള നടപടിക്രമങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു.

കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ അവിടെ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാത്ത തരത്തിൽ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

കശുമാവ് കൃഷി വ്യാപകമാക്കുന്നതിന് വിപുലമായ നടപടികളാണ് കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരവും കോർപ്പറേഷൻ കാപ്പെക്സ് മുഖാന്തരവും നടപ്പിലാക്കി വരുന്നത്. തോട്ടം ഉടമകളുമായി ബന്ധപ്പെട്ട എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്ന കാര്യവും സജീവമായി പരിഗണിച്ചുവരുന്നു. കൂടാതെ തോട്ടണ്ടിയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മറ്റ് വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്തു വരുന്നു. പരിസ്ഥിതിക്ക് ദോഷകരമായ മരങ്ങൾക്ക് പകരം കശുമാവ് കൃഷി ചെയ്യുന്ന കാര്യവും സജീവ പരിഗണനയിലാണ്.

(സി) കശുവണ്ടി വികസന കോർപ്പറേഷന് ആവശ്യമുള്ള തോട്ടണ്ടി ഇ-ടെണ്ടറിലൂടെ ഇറക്കുമതി ചെയ്യുന്നതിനും ആഭ്യന്തരമായി വാങ്ങുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെയും കണ്ണൂർ ജില്ലയിലെയും എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപെക്സും സംയുക്തമായി ചെയ്യുന്നുണ്ട്. ചെറുകിട കർഷകരിൽ നിന്നു കൂടിയും കശുവണ്ടി ശേഖരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 5500-ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപംനൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള തരിശ് ഭൂമികളിൽ കശുമാവ് കൃഷി നടപ്പാക്കുന്ന കാര്യവും ആലോചിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ**

20(*530) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരമേഖലയിലെ സാധ്യതകൾ കണക്കിലെടുത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പദ്ധതികളാണ് വിഭാവനംചെയ്ത് നടപ്പിലാക്കി തുടങ്ങിയതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പരിശോധിച്ചിട്ടുണ്ട്.

ഉൽപ്പാദനോപാദികളുടെ വില വർദ്ധനവുമൂലം ഉണ്ടാകുന്ന വർദ്ധിച്ച ഉൽപ്പാദന ചെലവ്, അന്യ സംസ്ഥാനങ്ങളിൽ നിന്നുംവരുന്ന കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും വില കൂടുതലും മറ്റുമുള്ള കാലിത്തീറ്റയുടെ വില വർദ്ധനവ്, കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ അഭാവംമൂലം കാലിത്തീറ്റ ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിയാതെ വരുന്നത്, കറവക്കാരുടെ അഭാവം, കറവമാടുകളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ഉയർന്ന വിലമൂലം മൃഗചികിത്സാരംഗത്തുണ്ടായ ഭാരിച്ച ചെലവ്, കടുത്ത വരൾച്ചമൂലമുള്ള ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ് എന്നിവയാണ് പ്രധാനമായും ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

തീറ്റപ്പുല്ലിന്റെയും കാലിത്തീറ്റ വിളകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-18-ൽ 6 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാലിത്തീറ്റയുടെ വർദ്ധിച്ച വിലയിൽ നിന്നും കർഷകരെ സഹായിക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപയുടെ കാലിത്തീറ്റ സബ്സിഡി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി ദിവസം നൽകി വരുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേന ഒരു ലിറ്റർ പാലിന് മൂന്ന് രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷനോടുകൂടി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡെയറി ലാബിൽ കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി കറവയന്ത്രം വാങ്ങുന്നതിന് 25,000 രൂപയുടെ ധനസഹായം വീതം നൽകിവരുന്നു.

സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചമൂലം പച്ചപ്പുല്ലിന്റെയും കാലിത്തീറ്റ വിളകളുടെയും ശുദ്ധജലത്തിന്റെയും ദൗർലഭ്യം കണക്കിലെടുത്ത് 35 ലക്ഷം രൂപ വിനിയോഗിച്ച് വയ്ക്കോൽ/പച്ചപ്പുല്ല് വിതരണത്തിന് വരൾച്ചാ ദുരിതാശ്വാസ പദ്ധതി നടപ്പിലാക്കി.

ബാങ്ക് വായ്പയെടുത്ത് കറവപശുക്കൾ വാങ്ങിയവർക്ക് പശുക്കൾ ചത്തതുമൂലമോ ഉൽപ്പാദനക്കുറവുമൂലമോ ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

(ബി) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്.

- മിൽക്ക്ഷെഡ് വികസന പദ്ധതി
- തീറ്റപ്പുൽകൃഷി വികസന പദ്ധതി
- കാലിത്തീറ്റ സബ്സിഡി
- ക്ഷീര ഗ്രാമം
- ക്ഷീരകർഷക കടാശ്വാസ പദ്ധതി.
- ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനുള്ള ധനസഹായം.
- ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം.
- ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതി
- ക്ഷീരകർഷകർക്കുള്ള വരൾച്ചാദുരിതാശ്വാസ പദ്ധതി
- വയനാട് ബ്രഹ്മഗിരി ഡയറി പ്രോജക്ട്.

## ഇക്കോ ടൂറിസം പദ്ധതി

21(*531) ശ്രീ. ആന്റണി ജോൺ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുന്നതിനായി സന്ദർശകരുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് ഇക്കോടൂറിസം പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ടൂറിസത്തേക്കാൾ വിനോദസഞ്ചാരികൾക്ക് പാരിസ്ഥിതിക സംരക്ഷണത്തിന് പ്രചോദനമേകുംവിധം ഈ പദ്ധതി പുന:സംഘടിപ്പിച്ച് നടപ്പിലാക്കുമോ;

(ബി) വനാശ്രിത സമൂഹത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം നൽകി പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വരുമാനദായകമായ പദ്ധതിയായിക്കൂടി ഈ പദ്ധതിയെ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനമേഖലയിൽ പ്രകൃതിരമണീയ സ്ഥലങ്ങളായ പുഴകൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ തുടങ്ങി സന്ദർശകർ പരമ്പരാഗതമായി എത്തുന്ന സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവിടങ്ങളിൽ അനിയന്ത്രിതമായ സന്ദർശനം വനം പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കുന്നത് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഇക്കോടൂറിസം നടത്തിവരുന്നു. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിയുടെ തനിമയ്ക്കും സാംസ്കാരിക പാരമ്പര്യത്തിനും അനുയോജ്യമായി പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തവിധം പ്രകൃതിസമ്പത്ത് സംരക്ഷിച്ചുകൊണ്ട്, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുന്ന വിധത്തിൽ തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ സന്ദർശക സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. സന്ദർശക പ്രവാഹം നിലവിലുള്ള ചില വനമേഖലകൾകൂടി ഇക്കോടൂറിസം പ്രവർത്തന മേഖലയാക്കാൻ നടപടി എടുത്തിട്ടുണ്ട്.

പല കേന്ദ്രങ്ങളിലും വനമേഖലയ്ക്ക് ഒരു നിശ്ചിത സമയം ഉൾക്കൊള്ളാനാവാത്തവിധം ആളുകൾ സന്ദർശകരായി എത്തുന്ന സ്ഥിതിയും നിലവിലുണ്ട്. ഇത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനത്തിനും carrying capacity പഠനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വനാശ്രിത സമൂഹത്തിലെ യുവതീ/യുവാക്കൾക്ക് പരിശീലനം നൽകി ഗൈഡുമാരായി നിയോഗിച്ച് അവർക്ക് വരുമാനം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്. 100 പേർക്ക് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) വഴി പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 100 പേർക്കുകൂടി പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയംതൊഴിൽ-വൈദഗ്ദ്ധ്യ പരിശീലന പദ്ധതി

22(*532) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യപരിശീലനത്തിനുമുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എത്ര രൂപയാണ് ലഭിക്കുന്നതെന്നും ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള നടപടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലി നേടുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയം തൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി. എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ യുവതീ/യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനുംവേണ്ടി സ്വയംതൊഴിൽ സംവിധാനംവഴി സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതുവഴിയുള്ള പരമാവധി സഹായം 1.5 ലക്ഷം രൂപയാണ്. 60 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

- പെട്ടിക്കടകൾ ആരംഭിക്കൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി. സെന്ററുകൾ, തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ.
- കോഴി വളർത്തൽ കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, ക്ഷീര യൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവ.
- നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ആശാരിപ്പണി (തച്ചൻ), മേസ്തിരി, ഇലക്ട്രീഷ്യൻ, പ്ലംബർ തുടങ്ങിയ ജോലിയിലേർപ്പെടുന്ന പട്ടികവർഗ്ഗ യുവാക്കൾക്ക് അംഗീകാരപത്രം ലഭ്യമാക്കാൻ ലേബർ ബാങ്കുകൾ രൂപീകരിക്കുക മുതലായവ.
- പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേക്കും ഐ.ടിയുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക.
- ഐ.ടി.-യുമായി ബന്ധപ്പെട്ട വിഷയങ്ങളായ ഡി.സി.എ, പി.ജി.ഡി.സി.എ, ഡാറ്റാ എൻട്രി, ഡി.ടി.പി, എം.എസ്. ഓഫീസ്, ടാലി & കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയ്ക്ക് പരിശീലനം

പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ (കിറ്റ്സ്) ഭക്ഷ്യ സാങ്കേതികവിദ്യയിലും, എൻ.റ്റി.റ്റി.എഫ്. സാങ്കേതികവിദ്യയിലും പരിശീലനം നൽകുക. കോവളത്തെയും ലക്കിടിയിലെയും ഹോട്ടൽ മാനേജ്മെന്റിലും ഹോസ്പിറ്റാലിറ്റി മേനേജ്മെന്റിലും കാറ്ററിംഗ് ടെക്നോളജിയിലുള്ള പരിശീലനം, കിൻഫ്രയിലെ ഉന്നൽ പരിശീലനം, മറ്റ് പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നു. സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നത് സർക്കാർ മാദനണ്ഡപ്രകാരമായിരിക്കും.

- പി.എസി.സി. യു.പി.എസ്.സി. എസ്.എസ്.സി/ആർ.ആർ.ബി. ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം.
- ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെ നൈപുണ്യ ശിക്ഷണം.
- പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരത പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക.
- പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനമാഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം
- പാരമ്പര്യവൈദ്യത്തിനും ആയുർവേദത്തിനുമുള്ള പരിശീലനം.
- വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് കോഴ്സിനുമുമ്പ് പരിശീലനം നൽകുക.
- ഐ.ടി.ഐ, ഐ.ടി.സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ് ടു, ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനവും ഓറിയന്റേഷൻ ക്ലാസുകളും നൽകുക.
- ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, ബിരുദധാരി കളല്ലാത്തവർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.
- അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കരിയർ ഗൈഡൻസ് സെന്റർ വഴിയുള്ള പരിശീലനം/ അറിവ് വളർത്തുക/ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള കൗൺസിലിംഗ് കേന്ദ്രം എന്നിവയ്ക്കുള്ള സഹായം.
- നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ/സംരംഭകത്വ വികസനം/ വ്യക്തിത്വ വികസനം/ പ്രത്യേക കോച്ചിംഗും. ഇന്ത്യയിലും വിദേശത്തും ജോലിക്കുള്ള അവസരങ്ങൾക്ക് സഹായം നൽകുക തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ വരുന്നു.
- 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ഈ പരിപാടിക്കായി വകയിരുത്തിയിട്ടുണ്ട്.

(സി) 12-ാം തരത്തിൽ സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് പഠനം നടത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നീറ്റ്, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിലേയ്ക്കായി ഒരു വർഷത്തെ തീവ്ര പരിശീലനം നൽകിവരുന്നു.

2017-ലെ നീറ്റ് പ്രവേശന പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിനായി 2016 ആഗസ്റ്റ് മുതൽ 2017 മേയ് വരെ നീണ്ടുനിൽക്കുന്ന പ്രവേശന പരീക്ഷാ പരിശീലനം, ടി രംഗത്ത് സംസ്ഥാനത്ത് മുൻനിര സ്ഥാപനമായ കോട്ടയം ജില്ലയിലെ പാലാ ബ്രില്യന്റ് സ്റ്റഡി സെന്ററിൽവച്ച് താമസം, ഭക്ഷണം എന്നീ സൗകര്യങ്ങളോടുകൂടി 80 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു. ആയതിലേക്കായി 2016-17 സാമ്പത്തിക വർഷം 77,18,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2017-ലെ നീറ്റ് പ്രവേശന പരീക്ഷയ്ക്കുമുമ്പായി 2017 ഏപ്രിൽ മുതൽ 82 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു മാസത്തെ ക്രാഷ് കോഴ്സ് പാലാ ബ്രില്യന്റ് സ്റ്റഡി സെന്റർ മുഖാന്തരം ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽവച്ച് നടത്തിയിരുന്നു. ആയതിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം 28,24,000 രൂപ കാഞ്ഞിരപ്പള്ളി പ്രോജക്ട് ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ടുമാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നൽകി, പ്രസ്തുത ഏജൻസികൾ വഴിതന്നെ ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് നടന്നുവരുന്നത്. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങി വിവിധ സർക്കാർ, സർക്കാർ ഇതര ഏജൻസി വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ ഇന്ത്യയിലും വിദേശത്തും ജോലിക്കുള്ള അവസരങ്ങൾക്ക് സഹായം നൽകുന്നതിനും 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മദ്യവർജ്ജന ബോധവൽക്കരണ പരിപാടി

23(*533) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവർജ്ജന ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം ബോധവൽക്കരണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) സമൂഹത്തിൽ ഊർജിതവും വ്യാപകവുമായ പ്രചരണവും ബോധവൽക്കരണവും ഉറപ്പുവരുത്തുന്നവിധത്തിൽ സ്കൂൾ തലത്തിൽ മുതൽ മദ്യവർജ്ജന ബോധവൽക്കരണ പരിപാടി കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഫലപ്രദമായി നടക്കുന്നുണ്ട്. അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മദ്യ, ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് വൈവിധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ,എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മദ്യവർജ്ജനത്തിന് ഊന്നൽനൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് 6-10-2016-ലെ ജി.ഒ.(എം എസ്.) 94/2016/നി.വ. ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" പദ്ധതി സംസ്ഥാന സർക്കാർ രൂപവത്ക്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഡി-അഡിക്ഷൻ സെന്ററുകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തി ഡി-അഡിക്ഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ശിൽപ്പശാല 21-12-2016-ന് തിരുവനന്തപുരം ഐ.എം.ജി.-യിൽവച്ച് ബഹു. എക്സൈസ് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തി. എക്സൈസ് വകുപ്പിന്റെ കീഴിൽ വിപുലമായ സംവിധാനങ്ങളോടെ ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകളിലും ജനുവരി 30-ന് സ്കൂൾ അസംബ്ലികളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടില്ലാത്ത സംസ്ഥാനത്തെ ഹയർ സെക്കന്ററി/ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഈ വിദ്യാഭ്യാസ വർഷത്തിൽതന്നെ ക്ലബ്ബുകൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനുവരി 12-ന്റെ ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽവച്ച് തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ഹയർ സെക്കന്ററി/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "ലഹരിക്കെതിരെ യുവത്വം" എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു.

കുടുംബശ്രീ പ്രവർത്തകർ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ സഹകരണത്തോടെ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന വിമുക്തി സ്റ്റിക്കർ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും പതിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് 8 വനിതാദിനത്തിൽ സംസ്ഥാനതല ഉദ്ഘാടനം ശാസ്താംകോട്ട മംഗലത്തുവച്ച് ബഹു. എക്സൈസ് വകുപ്പുമന്ത്രി നിർവ്വഹിച്ചു. വീടുകളിൽ പതിക്കുന്നതിനുവേണ്ടി 40 ലക്ഷം സ്റ്റിക്കർ പ്രിന്റ് ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു.

എഫ്.എം. റേഡിയോയിലൂടെ ലഹരിവിരുദ്ധ സന്ദേശം 21-3-2017 മുതൽ 26-3-2017 വരെ കാലയളവിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുത്ത 40 സ്ഥലങ്ങളിൽ 18-3-2017 മുതൽ 23-3-2017 വരെ കയ്യുറ പാവനാടകം നടത്തി. ലഹരിവിരുദ്ധബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലെയും കോളേജുകളിൽ കലാജാഥകൾ, ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണം നടത്തുന്നതിനായി ഷോർട്ട് ഫിലിം മത്സരത്തിനുള്ള അറിയിപ്പ് പ്രധാന പത്രങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും നൽകിയിട്ടുണ്ട്. വിജയികൾക്ക് സമ്മാനവും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതാണ്.

(സി) വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സ്കൂൾ/കോളേജ് ക്യാമ്പസുകളുടെ 100 വാര പരിധിയ്ക്കുള്ളിൽ "കോട്പാ" നിയമപ്രകാരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കമരുന്നുകളുടെയും മറ്റ് ലഹരികളുടെയും ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തിയ്ക്ക്" രൂപം നൽകിയിട്ടുണ്ട്. സ്കൂൾ കോളേജുകളിൽ സംസ്ഥാനതലത്തിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനുമെതിരെയുള്ള പരാതികളും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം പരാതിപ്പെട്ടികൾ സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തങ്ങളിൽ ലഹരിവിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻവേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധക്ലബ്ബ്, ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിനിലെ സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡും പ്രശസ്തിപത്രവും നൽകിവരുന്നുണ്ട്.

**വേതന സുരക്ഷാ പദ്ധതി**

24(*534) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കായി മുൻസർക്കാർ നടത്തിയ വേതന സുരക്ഷാ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടത്തിവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിവരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വേതനസുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതി വഴി നാളിതുവരെ 4567 സ്ഥാപനങ്ങളിൽ നിന്നും 99237 തൊഴിലാളികൾക്ക് 515 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്.

(ബി) നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ടെക്സ്റ്റൈൽ ഷോപ്പുകൾ, ജൂവലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ.ടി. മേഖല, സെൽഫ് ഫിനാൻസിംഗ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, നിർമ്മാണ മേഖല എന്നീ മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ മേഖലകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ വേതനം എല്ലാ മാസവും നിർദ്ദിഷ്ട തീയതിയിൽ അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് ഉടമ ക്രെഡിറ്റ് ചെയ്യുന്നു. ടി വേതന വിതരണം തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഇൻസ്പെക്ടർക്ക് ഓൺലൈനായി നിരീക്ഷിക്കുന്നതിന് സാധിക്കുന്നതാണ്. അതുവഴി വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും സാധിക്കും.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വേതന സുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും തൊഴിലുടമ പ്രതിനിധികളുടെ മീറ്റിംഗുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ബാങ്ക് പ്രതിനിധികളുമായും മീറ്റിംഗുകൾ നടത്തുന്നു.

**സിനിമാ തിയേറ്ററുകളുടെ പ്രവർത്തനം**

25(*535) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാവ്യവസായത്തെയും സിനിമാതിയേറ്ററുകളുടെ പ്രവർത്തനത്തെയും സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പഴയ തിയേറ്ററുകൾ ആധുനികവൽക്കരിച്ചതിന്റെ പേരിൽ തിയേറ്റർ ഉടമകൾ തന്നിഷ്ടപ്രകാരം ടിക്കറ്റ് നിരക്ക് വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) തിയേറ്ററിനോടനുബന്ധിച്ചുള്ള ലഘുഭക്ഷണശാലകളിൽ അമിതമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. സിനിമാ വ്യവസായത്തെയും സിനിമാ തിയേറ്ററുകളുടെ പ്രവർത്തനത്തെയും സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഉതകുംവിധം നയിക്കുകയെന്നത് ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമാണ്. ഇതിന്റെ ഭാഗമായി സർക്കാർ താഴെപ്പറയുന്ന പദ്ധതി/പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. കിഫ്ബി ഫണ്ടുപയോഗിച്ച് തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം സിറ്റിയാക്കി വികസിപ്പിക്കുക.
2. കിഫ്ബി ഫണ്ടുപയോഗിച്ച് അന്താരാഷ്ട്ര ചലച്ചിത്ര മേള സംഘടിപ്പിക്കുന്നതിനായി തിരുവല്ലത്ത് മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കുക.
3. കിഫ്ബി ഫണ്ടുപയോഗിച്ച് 100 തിയേറ്റർ കോംപ്ലക്സുകൾ ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി സ്ഥാപിക്കുക.
4. ടിക്കറ്റ് നിരക്കുകൾ സംബന്ധിച്ച പരാതികൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി e-ticketing സംവിധാനം നടപ്പിൽവരുത്തുക.
5. സിനിമാ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിച്ച് ആയതിന് പരിഹാരം കാണുന്നതിലേയ്ക്കായി സിനിമാറഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക.
6. ഉൾനാടൻ ഗ്രാമകേന്ദ്രങ്ങളിൽ നല്ല സാംസ്കാരിക മൂല്യമുള്ളതും ലോകോത്തര ക്ലാസിക്കുകളുമായ ചലച്ചിത്രങ്ങൾ അവിടെയുള്ള ചലച്ചിത്ര സൊസൈറ്റികളുടെയും ക്ലബ്ബുകളുടെയും ആവശ്യപ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പഴയ തിയേറ്ററുകൾ ആധുനികവൽക്കരിച്ചതിന്റെ പേരിൽ തിയേറ്റർ ഉടമകൾ തന്നിഷ്ടപ്രകാരം ടിക്കറ്റ് നിരക്ക് വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിനിമാ തിയേറ്ററുകളിൽ ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം പരിമിതമാണ്. വർദ്ധിച്ചുവരുന്ന ദൈനംദിന ചെലവുകളും തിയേറ്ററുകളുടെ ആധുനിക വൽക്കരണത്തിനുമായി വൻതുകകൾ ചെലവാക്കിയതു കാരണവും ടിക്കറ്റുകളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തിയേറ്റർ ഉടമകൾതന്നെ സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതാണ് നിലവിലുള്ള രീതി. വർദ്ധിപ്പിച്ച ടിക്കറ്റ് നിരക്ക് ഒരു നിശ്ചിത തീയതിയിൽ പ്രാബല്യത്തിൽ വരുത്തുമെന്നും ആയതനുസരിച്ചുള്ള വിനോദനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ നഗരസഭാതലത്തിൽ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമാണ് തിയേറ്റർ ഉടമകൾ അപേക്ഷ നൽകുന്നത്. നിലവിൽ ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം തിയേറ്റർ ഉടമകളിൽത്തന്നെ നിക്ഷിപ്തമാണെന്ന് 1992-ൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. തദ്ദേശഭരണ വകുപ്പിലെ 43656/ഡി3/92/എൽ.എ.ജി. നമ്പറായുള്ള 3-9-1992-ലെ കത്തിൽ സർക്കാരിനോ, നഗരസഭകൾക്കോ ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് അധികാരമില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ഇത്തരം പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ലീഗൽ മെട്രോളജി വകുപ്പ് അധികൃതൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ പിഴ ഈടാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ക്ഷീരോൽപ്പാദന രംഗത്തുണ്ടായ നേട്ടങ്ങൾ**

26(*536) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ക്ഷീരോൽപാദന രംഗത്തുണ്ടായ നേട്ടങ്ങൾ അറിയിക്കാമോ; ക്ഷീര സംഘങ്ങൾ വഴിയുള്ള പാൽ സംഭരണത്തിന് എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട്; ഈ രംഗത്ത് രണ്ട് വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത നേടുമെന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കാനായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) തീറ്റപ്പുൽകൃഷി വ്യാവസായികാടിസ്ഥാനത്തിൽ വ്യാപകമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിനായുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ക്ഷീരോൽപ്പാദന വർദ്ധനവിനായി കെ.എൽ.ഡി. ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി പാലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ജനുവരി മുതൽ കടുത്ത വേനൽമൂലം ശുദ്ധജലത്തിന്റെയും കാലിത്തീറ്റ വിലകളുടെയും ദൗർലഭ്യം നേരിട്ടപ്പോഴും പാലുൽപ്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല. ക്ഷീരകർഷക കടാശ്വാസ പദ്ധതിയും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയും നടപ്പിലാക്കിയതിന്റെ ഭാഗമായി ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ആത്മവിശ്വാസം കർഷകരിൽ ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

2017 ഏപ്രിൽ മാസത്തിൽ മുൻവർഷത്തെ ഇതേകാലയളവിനെക്കാൾ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽസംഭരണത്തിൽ 5.6 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017 മേയ് മാസത്തിൽ ഇതുവരെ 14% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

പാലിന്റെ വിൽപ്പനവില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ 3.35 രൂപയും കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുകയുണ്ടായി.

പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനഃപ്രവർത്തിപ്പിച്ച് ക്ഷീരസംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിച്ചും കർഷകർക്ക് പാലിന്റെ വിപണത്തിനാവശ്യമായ സാഹചര്യമൊരുക്കി.

ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുകയും ഓട്ടോമേഷൻ നടത്തുകയും ചെയ്തതിന്റെ ഭാഗമായി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കി.

ക്ഷീരോൽപ്പാദനരംഗത്ത് കൂടുതൽ സാധ്യതയുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് സമഗ്ര ക്ഷീരവികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക 2017 ജനുവരി മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും വർദ്ധിപ്പിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതിയുണ്ട്. 2017-18 വർഷം തീറ്റപ്പുൽകൃഷി വികസന പദ്ധതിക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. തീറ്റപ്പുല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് സാന്ദ്രീകൃത കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പാലുൽപ്പാദന ചെലവ് കുറയ്ക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് ആവശ്യമായ തീറ്റപ്പുൽകടകൾ സൗജന്യമായി നൽകുകയും 20 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് കൃഷിച്ചെലവ് ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽകടകളുടെ വില ഉൾപ്പെടെ 20,000 രൂപ ധനസഹായമായി നൽകി വരുന്നു. കൂടാതെ വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന ക്ഷീരസംഘവുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷിയും നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള സഹായം, യന്ത്രവൽക്കരണത്തിനുള്ള സഹായം, അസോള, ചോളം, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സഹായം എന്നിവയും നൽകി വരുന്നു.

2017-18 വർഷത്തിൽ തരിശു ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിൽ 94 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനായി 87.488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്ത് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾവശം തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസംഘങ്ങളുടെയും ത്രിതല പഞ്ചായത്തുകളുടെയും സഹകരണത്തോടെ പുൽകൃഷി നടത്തുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

തീറ്റപ്പുൽകൃഷി വ്യാപകമാക്കുവാൻ മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി മേൽത്തരം വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജധാനകേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബി. (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്) എത്തിക്കുന്നു.

2015-16 ആയപ്പോഴേയ്ക്കും സംസ്ഥാനത്തികത്തെ സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം 10.18 ലിറ്ററായിക്കഴിഞ്ഞു. ഇത് തുടർന്നും വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾകൂടി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നടപ്പിലാക്കുന്നു:

1. വിത്തുകാളയുടെ ജനിതകമേന്മ തെളിയിക്കുന്നതിനായുള്ള "സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെനിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.

2. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ ഏജൻസികളിൽനിന്നും വാങ്ങി അവയുടെ ബീജവും സംസ്ഥാനത്തിനകത്ത് വിതരണം നടത്തിവരുന്നു. ഇത്തരത്തിൽ അഹമ്മദാബാദിലെ സബർമതി ആശ്രമം ഗോശാല (SAG, Bidaj) ആന്ധ്രാപ്രദേശ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ഏജൻസി, തമിഴ്നാട് ഡെയറി ഫെഡറേഷൻ, കർണ്ണാടക മിൽക്ക് ഫെഡറേഷൻ എന്നിവിടങ്ങളിൽ നിന്നുമാണ് വിത്തുകാളകളെ വാങ്ങിയിട്ടുള്ളത്.

3. ഉയർന്ന ജനിതകമേന്മയുള്ള ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ (5 എണ്ണം) ജർമ്മനിയിൽനിന്നും ജഴ്സി കാളകളെ (4 എണ്ണം) ഡെന്മാർക്കിൽനിന്നും ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഈ വിത്തുകാളകളിൽനിന്നും ബീജമാത്രുകൾ ഉൽപ്പാദിപ്പിച്ച് അധികം വൈകാതെ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നതാണ്.

4. കാനഡയിൽനിന്നും ഉയർന്ന ജനിതകമേന്മയുള്ള 40000 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രുകൾ ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഈ ബീജമാത്രുകൾ സംസ്ഥാനത്തിനകത്ത് ഉടൻ വിതരണം ആരംഭിക്കുന്നതാണ്.

5. പശുക്കളുടെ എണ്ണം സംസ്ഥാനത്തിനകത്ത് വർദ്ധിപ്പിക്കുവാൻ ലിംഗനിർണ്ണയം നടത്തിയ 16000 ഡോസ് ബീജമാത്രുകൾ കാനഡയിൽനിന്നും ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഇവ ഉടൻ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത അവകാശങ്ങൾ**

27(*537) ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. എസ്. ശർമ്മ:

ശ്രീ. എം. നൗഷാദ്:

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രമത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യ ബന്ധനത്തിന് വേണ്ട കഴിവ് നേടുന്നതിനും സാമഗ്രികളുടെ ഉടമസ്ഥാവകാശം നേടുന്നതിനും പദ്ധതിയുണ്ടോ;

(സി) തീരദേശ മേഖലയുടെ സംയോജിത വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സമുദ്ര മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നവിധം മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിനായി കേരള അക്വേറിയൻ റിഫോംസ് ബില്ലിന്റെ കരട് തയ്യാറാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് 'സോഫിസ്റ്റിക്കേറ്റഡ് ഫിഷിംഗ് ഗിയർ അകസസറീസ് ഫോർ ഡീപ് സീ ഫിഷിംഗ്' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആർട്ടിഫിഷ്യൽ ബെയ്റ്റ്, ജിഗ്ഗ്, ജാപ്പനീസ് ഡൈവിംഗ് ബോർഡ്, ബാരാസ്പൂൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമായ യാനങ്ങൾ ലഭ്യമാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന പരിശീലനത്തിനുമായി 2016-17-ൽ 1575 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി നൽകിയിരുന്നുവെങ്കിലും ആ വർഷം അനുമതി ലഭിച്ചില്ല. നടപ്പ് വർഷം ടി പദ്ധതി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് വീണ്ടും സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശമേഖലയുടെ സംയോജിത വികസനത്തിനായി ആവിഷ്കരിച്ച വിവിധ പദ്ധതികൾക്കായി വകയിരുത്തിയ 184 കോടി രൂപയിൽ 100 കോടി രൂപ മത്സ്യത്തൊഴിലാളി ഭവന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനം എന്നതിൽപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പാർപ്പിട സൗകര്യത്തിനായി ആകെ 150 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 8 കുടുംബങ്ങൾക്ക് ഒരു ഫ്ലാറ്റ് എന്ന കണക്കിന് 25 ഫ്ലാറ്റുകൾ നിർമ്മിച്ച് 200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകുന്നതിന് 20 കോടി രൂപയും 1200 ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 48 കോടി രൂപയും 750 ഭൂരഹിതഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ നിരക്കിൽ ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 75 കോടി രൂപയും ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 1 ഹെക്ടർ ഭൂമി വാങ്ങുന്നതിന് 7 കോടി രൂപയും ഉൾപ്പെടുന്നതാണ് ഈ പദ്ധതി. കൂടാതെ ബി.ഐ.എഫ്&എച്ച്.ഡി.എഫ്. (2017-18) പദ്ധതിപ്രകാരം തീരപ്രദേശത്ത് ആരോഗ്യ/വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3000 ലക്ഷം രൂപയുടെ പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

**ജനനി ജന്മരക്ഷാ യോജന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

28(*538) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ യോജന എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സഹായം ഉറപ്പുവരുത്തേണ്ട പ്രമോട്ടർമാരുടേയും മറ്റും അലംഭാവംമൂലം പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) ജനനി ജന്മരക്ഷ എന്ന പേരിൽ ഒരു പദ്ധതി 2013 ജൂൺ മാസം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗവികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ജനനി ജന്മരക്ഷ പദ്ധതി'. എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ പ്രസവശേഷമുള്ള 12 മാസം വരെ (ആകെ 18 മാസം) പ്രതിമാസം 1000 രൂപ (ആയിരം രൂപ മാത്രം) അർഹരായ അപേക്ഷകർക്ക് (ഗുണഭോക്താക്കൾക്ക്) ലഭ്യമാക്കുന്നു. അമ്മയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷകാഹാരം സ്വന്തംനിലയ്ക്ക് വാങ്ങി കഴിക്കുന്നതിനുവേണ്ടിയാണ് ടി തുക നൽകിയത്.

(സി) പ്രൊമോട്ടർമാരുടെ അലംഭാവംമൂലം ടി പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യരക്ഷാ പ്രവർത്തകരുടെ (JPHN) സാക്ഷ്യപ്പെടുത്തലോടുകൂടിയ പൂരിപ്പിച്ച അപേക്ഷകൾ യഥാസമയം വകുപ്പിന് ലഭ്യമാക്കുന്നതിനായി എല്ലാ പ്രൊമോട്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരിവിരുദ്ധ ക്ലബ്ബുകൾ**

29(*539) ശ്രീ. അനിൽ അക്കര:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) മദ്യത്തിനും മയക്കുമരുന്നിനും പുകയില ഉൽപ്പന്നങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ലഹരി വസ്തുക്കളുടെ ലഭ്യത ഇല്ലാതാക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദുശ്ശീലത്തിൽനിന്നും പിൻതിരിപ്പിക്കുക, ലഹരി വസ്തുക്കൾക്ക് അടിമകളായവരെ കണ്ടെത്തി അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക മുതലായ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിൽനിന്നും പൂർണ്ണമായും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ.

(സി) സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബിനും അംഗത്തിനും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് അവാർഡും പ്രശസ്തിപത്രവും നൽകി വരുന്നു. കൂടാതെ മികച്ച ലഹരി വിരുദ്ധ മാഗസിൻ, ലഹരി വിരുദ്ധസൃഷ്ടികൾ എന്നിവ പ്രസിദ്ധീകരിക്കുന്ന ക്ലബ്ബുകൾക്ക് എല്ലാ വർഷവും അവാർഡും പ്രശസ്തിപത്രവും നൽകി വരുന്നുണ്ട്.

**പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിലിനും തൊഴിൽ പരിശീലനത്തിനും പദ്ധതി**

30(*540) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആർ. രാജേഷ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലിനും തൊഴിൽ പരിശീലനത്തിനും മറ്റ് മാനവവിഭവശേഷി വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അഭ്യസ്തവിദ്യരായ പട്ടികഗോത്രവർഗ്ഗ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്;

(സി) എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നവീകരിച്ച് ഗോത്രവർഗ്ഗ ഉൽപ്പന്നങ്ങൾക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയ്ക്കും ലാഭകരമായ വിപണി കണ്ടെത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലിനും തൊഴിൽ പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സ്വയം തൊഴിലിനായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ട്. ഇതിനായി ഓരോ അപേക്ഷകനും അയാൾക്ക് താൽപ്പര്യമുള്ള ഒരു പദ്ധതി സമർപ്പിക്കുകയും ആയതിന് തുക അനുവദിക്കുകയുമാണ് 2015-16 വരെ അനുവർത്തിച്ചിരുന്നത്. 2015-16 വർഷത്തെ പ്രസ്തുത പദ്ധതിയിൽ 724 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 1.88 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. 2016-17 വർഷം മുതൽ 640 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാക്കുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ ഘട്ടത്തിലാണ്

(സി) പട്ടികജാതി സഹകരണ സംഘങ്ങളുടെ പാരമ്പര്യ ഉത്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിനായി ഗദ്ദിക എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നുണ്ട്. വരുംവർഷങ്ങളിൽ ഗദ്ദിക മേള കൂടുതൽ വിപുലമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ ശേഖരിക്കുന്ന തടിയിതര വന വിഭവങ്ങളിൽ മരുന്നുൽപ്പാദനത്തിന് സാധ്യമായവ ഉപയോഗിച്ച് ആയുർവ്വേദ മരുന്നുകൾ നിർമ്മിക്കുന്നതിനായി 'ആയുർധാര' എന്ന സ്ഥാപനം പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഔഷധ നിർമ്മാണത്തിന് ഉപയോഗിക്കാൻ സാധ്യമല്ലാത്ത വനവിഭവങ്ങൾ ഫെഡറേഷന്റെ ചുമതലയിൽ ലേലം നടത്തി ആയതിന് ലഭിക്കുന്ന തുക സംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കിവരുന്നു.

കൂടാതെ പട്ടികവർഗ്ഗ സ്ഥാപനങ്ങൾക്കുള്ള സഹായം എന്ന പദ്ധതിയിൽ 2016-17 വർഷം അമൃത്, പ്രിയദർശിനി, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 220 ലക്ഷം രൂപ അനുവദിച്ചു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കുടിശ്ശിക

1 (4670) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഐ.ടി.ഐ.-കളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ്, സ്റ്റൈഫന്റ് എന്നിവയുടെ വിതരണം മുടങ്ങിയിട്ട് എത്രനാളായെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിലെ കുടിശ്ശിക തുക വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗം കുട്ടികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പത്തനംതിട്ട, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ ഗവൺമെന്റ് ഐ.റ്റി.ഐ.-കളിൽ സ്റ്റൈപ്പന്റ് കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടതുപ്രകാരം തുക അടിയന്തരമായി വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## ഇ-ഗ്രാന്റ്സ് ഓൺലൈൻ ഏകജാലക സംവിധാനംവഴി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

2(4671) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം അവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ഇ-ഗ്രാന്റ്സ് എന്ന ഓൺലൈൻ ഏകജാലക സംവിധാനത്തിൽനിന്ന് സർവ്വകലാശാലകൾക്ക് പണം കിട്ടാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 189 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ഒ.ഇ.സി., എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നത് ഒരേ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽനിന്ന് ആകയാൽ ഈ കുടിശ്ശിക ഈ വിഭാഗങ്ങളെ പൊതുവിൽ ബാധിച്ചിരുന്നു.

(ബി) ഇ-ഗ്രാന്റ്സ് സംവിധാനം മുഖേന നേരിട്ട് സർവ്വകലാശാലകൾക്ക് തുക നൽകുന്നില്ല. സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുകയും സ്ഥാപനങ്ങൾ സർവ്വകലാശാലകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്ഥാപനങ്ങൾക്കുള്ള തുക അനുവദിച്ചുവരുന്നു.

(സി) എല്ലാ അദ്ധ്യയന വർഷാരംഭത്തിലും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും എല്ലാ സ്ഥാപനങ്ങളിലെയും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും ഒരു ഏകദിന ശിൽപ്പശാല നടത്തിവരുന്നു.

അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ ഇ-ഗ്രാന്റ്സ് അപേക്ഷ പിശകുകൂടാതെ ഫോർവേർഡ് ചെയ്യണമെന്ന് എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിവരുന്നുണ്ട്.

## കുക്ക് തസ്തികയിലെ ഒഴിവുകൾ

3(4672) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എസ്.സി. ഡെവലപ്മെന്റ് വിഭാഗത്തിൽ കുക്ക് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളുണ്ടായ തീയതി ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകളിൽ നിലവിൽ കരാർ ജീവനക്കാരെയോ എംപ്ലോയ്മെന്റ് ജീവനക്കാരെയോ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 23 ഒഴിവുകൾ നിലവിലുണ്ട്.

(ബി)

| തീയതി | ഒഴിവുകൾ |
|---|---|
| 30-6-2009 | 1 |
| 31-5-2010 | 1 |
| 31-3-2011 | 3 |
| 30-4-2011 | 1 |
| 30-9-2011 | 1 |
| 31-5-2012 | 1 |
| 30-9-2012 | 1 |
| 31-5-2013 | 2 |
| 30-9-2013 | 1 |
| 30-11-2013 | 1 |
| 31-10-2014 | 1 |
| 31-5-2015 | 3 |
| 28-2-2015 | 1 |
| 30-11-2015 | 1 |
| 31-5-2016 | 3 |
| 30-6-2016 | 1 |
| ആകെ | 23 |

(സി & ഡി) പ്രസ്തുത 23 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം കണക്കിലെടുത്ത് പ്രസ്തുത 23 ഒഴിവുകളിലും നിലവിൽ ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

**വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി**

4(4673) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി പാറശ്ശാല മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകൾക്ക് എത്ര രൂപ വീതം സഹായം ലഭ്യമാക്കി എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) കാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ് ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കുള്ള ധനസഹായത്തിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തീപിടിത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്കുള്ള ധനസഹായത്തിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തെത്തുടർന്നുള്ള ധനസഹായത്തിന് അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടികജാതി വിഭാഗത്തിൽ 186 അപേക്ഷകൾ ലഭിച്ചു. അതിൽ 169 അപേക്ഷകർക്ക് 29,75,500 രൂപ വിതരണം ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| അനുവദിച്ചതുക | എണ്ണം | ആകെ തുക |
|---|---|---|
| 50,000 | 12 | 6,00,000 |
| 40,000 | 1 | 40,000 |
| 35,000 | 1 | 35,000 |
| 30,000 | 5 | 1,50,000 |
| 25,000 | 18 | 4,50,000 |
| 20,000 | 23 | 4,60,000 |
| 15,000 | 46 | 6,90,000 |
| 12,500 | 4 | 50,000 |
| 10,000 | 42 | 4,20,000 |
| 7,500 | 1 | 7,500 |
| 5,000 | 13 | 65,000 |
| 3,000 | 1 | 3,000 |
| 2,500 | 2 | 5,000 |
| ആകെ | 169 | 29,75,500 |

പട്ടികവർഗ്ഗ വിഭാഗത്തിൽ പാറശ്ശാല മണ്ഡലത്തിൽനിന്നും ഒരു അപേക്ഷ ലഭിക്കുകയും അതിന് 50,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

### കോങ്ങാട് മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

5(4674) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടിൽനിന്നും കേന്ദ്രസർക്കാർ ഫണ്ടിൽനിന്നും കോങ്ങാട് മണ്ഡലത്തിലെ എസ്.സി-എസ്.റ്റി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഓരോ പദ്ധതിയുടേയും പേരും തുകയും നിലവിലെ പുരോഗതി റിപ്പോർട്ടും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) പട്ടികജാതി വികസന വകുപ്പ്

കോങ്ങാട് മണ്ഡലത്തിൽ പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി കോർപ്പസ് ഫണ്ടിൽ അനുവദിച്ച പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതി റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പ്:

കോങ്ങാട് മണ്ഡലത്തിൽ പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി കോർപ്പസ് ഫണ്ടിൽ അനുവദിച്ച പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതി റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| നമ്പർ | കോളനി | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | വെറ്റിലച്ചോല കോളനി റോഡ് നിർമ്മാണം | 95,00,000 | പുരോഗതിയിലാണ് |
| 2 | വെറ്റിലച്ചോല കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 52,80,000 | പുരോഗതിയിലാണ് |
| 3 | അച്ചിലട്ടി കോളനി മണ്ണ് സംരക്ഷണം | 6,00,000 | പുരോഗതിയിലാണ് |
| 4 | വീൽചെയർ വിതരണം | 7500 | വിതരണം ചെയ്തു |

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മലപ്പുറം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം**

6(4675) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാളിതുവരെ ഓരോ ഗ്രാമത്തിലും നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(സി) പദ്ധതി പ്രകാരം ഈ വർഷം പുതിയ ഗ്രാമങ്ങൾ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിൽ പാലമുറ്റത്ത് പട്ടികജാതി കോളനിയിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പാലമുറ്റത്ത് പട്ടികജാതി കോളനിയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് സമർപ്പിക്കുന്നമുറയ്ക്ക് തുക അനുവദിച്ചുനൽകുന്നതാണ്.

(സി) ഒരു നിയോജകമണ്ഡലത്തിൽനിന്നും 2 പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് ബന്ധപ്പെട്ട എം.എൽ.എ.-യ്ക്ക് ശിപാർശ ചെയ്യാവുന്നതാണ്. എന്നാൽ മലപ്പുറം മണ്ഡലത്തിൽ 2016-17 വർഷത്തേയ്ക്ക് ഒരു കോളനി മാത്രമേ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളൂ. മുൻ വർഷങ്ങളിലെ സ്പിൽഓവർ പണികൾ ബാക്കിയുള്ളതിനാൽ 2017-18 വർഷത്തേയ്ക്ക് ഈ പദ്ധതിയിൽ കോളനികൾ എടുക്കണമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ കോളനികളിൽ കുടിവെള്ള പദ്ധതി**

7(4676) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് മുഖേന വർക്കല മണ്ഡലത്തിലെ പള്ളിക്കൽ, നാവായിക്കുളം, മടവൂർ, ഇടവ, ചെമ്മരുതി, ഇലകമൺ, വെട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും വർക്കല മുനിസിപ്പാലിറ്റിയിലും ഉൾപ്പെടുന്ന ഏതെല്ലാം പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതിക്കായി ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥലങ്ങളിലും അനുവദിച്ചിട്ടുള്ള തുകയെത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കോർപ്പസ് ഫണ്ട് മുഖേന വർക്കല മണ്ഡലത്തിലെ താഴെപ്പറയുന്ന പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി | കോളനിയുടെ പേര് |
|---|---|---|
| 1 | ഇടവ | മങ്ങാട്ടുവിള അംബേദ്കർ കോളനി |
| 2 | പള്ളിക്കൽ | കല്ലറക്കോണം, കലതിപ്പച്ച ഇരപ്പിൽ മുക്കംകോട് |
| 3 | ഇലകമൺ | ആലുവിളപ്പുറം, കാട്ടുമഠം, തേരിയ്ക്കൽ കോളനി, പുന്നവിള, പുന്നവിള വളക്കോട്, വെട്ടിയ്ക്കൽ കോളനികൾ തേരിയ്ക്കൽ, തേവാനം, ചരുംകുഴി, തെറ്റിക്കുഴി |
| 4 | വർക്കല | കരുനിലക്കോട് ശ്രീനിവാസപുരം എം.ജി. കോളനി, ചെറുകുന്നം, തേക്കുവിള കക്കോട് |
| 5 | നാവായിക്കുളം | പാറമുകൾ കോളനി |

(ബി) ഓരോ സ്ഥലത്തിനും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥലം | തുക (രൂപയിൽ ) |
|---|---|---|
| 1 | ഇടവ | 12,35,032 |
| 2 | വർക്കല മുനിസിപ്പാലിറ്റി | 43,85,000 |
| 3 | ഇലകമൺ ഗ്രാമപഞ്ചായത്ത് | 51,12,196 |
| 4 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 30,15,000 |
| 5 | നാവായിക്കുളം ഗ്രാമപഞ്ചായത്ത് | 3,15,000 |

## കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ

8(4677) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടുവഴി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡ് പ്രവൃത്തിയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇത് ഏതൊക്കെ മണ്ഡലങ്ങളിലാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്:

2016-17 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർക്കുന്നു. *

പട്ടികവർഗ്ഗ വികസന വകുപ്പ്:

2016-17 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | ഭവനപുനരുദ്ധാരണം | 68,53,185 |
| 2 | കോളനികളിൽ ലൈബ്രറി | 9,00,042 |
| 3 | ജലവിതരണ പദ്ധതി | 66,41,773 |
| 4 | നടപ്പാത നിർമ്മാണം | 7,05,000 |
| 5 | മണ്ണ് സംരക്ഷണം | 8,00,000 |
| 6 | കോളനി റോഡുകൾ | 35,90,000 |
| | ആകെ | 1,94,90,000 |

(ബി) പട്ടികജാതി വികസന വകുപ്പ് :

പ്രസ്തുത പദ്ധതിയിൽ റോഡ് പ്രവർത്തികൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

പട്ടികവർഗ്ഗ വികസന വകുപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രസ്തുത പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് അനുവദിച്ച തുക വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡ് | മണ്ഡലം | തുക | ദൂരം |
|---|---|---|---|---|
| 1 | പയ്യങ്ങാനം കോളനി റോഡ് | ഉദുമ | 13,30,000 | 428.6m |
| 2 | ആനക്കുഴി-ഉരുട്ടികുന്ന് | കാഞ്ഞങ്ങാട് | 7,60,000 | 200m |
| 3 | ബിരിക്കുളം-കരിയാർപ്പ് | കാഞ്ഞങ്ങാട് | 15,00,000 | 405m |
| | | ആകെ | 35,90,000 | 1033.6m |

**ഒറ്റപ്പാലം മണ്ഡലത്തിൽ ധനസഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങൾ**

9(4678) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതിയുടെ കാലികസ്ഥിതി വിശദമാക്കാമോ;

(ബി) 2016-17 വർഷത്തിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീടും സ്ഥലവും വാങ്ങുന്നതിനായി ധനസഹായം നൽകി; വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകി; 1-7-2016 മുതൽ 31-3-2017 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയും ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതിയും പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ഭൂമി വാങ്ങുന്നതിന് ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 5 സെന്റ് ഭൂമിയ്ക്ക് 3,75,000 രൂപയും മുനിസിപ്പാലിറ്റികളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 4,50,000 രൂപയും കോർപ്പറേഷനുകളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 6,00,000 രൂപയുമാണ് ധനസഹായമായി അനുവദിക്കുന്നത്. വീട് നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് 3,00,000 രൂപയാണ് ഭവന നിർമ്മാണ ധനസഹായമായി അനുവദിക്കുന്നത്. നാല് ഗഡുക്കളായി നൽകിവരുന്ന തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. 2007-08 മുതൽ അനുവദിച്ചതും

നിർമ്മാണം പൂർത്തിയാക്കാത്തതുമായ വീടുകൾക്ക് പുതുക്കിയ നിരക്കിന് ആനുപാതികമായ തുകയും അനുവദിക്കുന്നുണ്ട്.

(ബി) 2016-17-ൽ 4465 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും 14946 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 36 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും 158 പേർക്ക് വീട് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടും ഭൂമിയും**

10 (4679) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടും ഭൂമിയും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടും സ്ഥലവും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമിയില്ലാത്ത 174 പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10 ലക്ഷം രൂപയിൽ അധികരിക്കാതെ 25 സെന്റ് ഭൂമി വീതം വാങ്ങി നൽകിയിട്ടുണ്ട്.

വനാവകാശ നിയമപ്രകാരം 164 സാമൂഹിക അവകാശങ്ങളും 204 ഏക്കർ ഭൂമിക്ക് വികസന അവകാശവും നൽകി. 136 പേർക്ക് വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 5075 പേർക്ക് ഭൂമി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. ഇതിനുപുറമെ സുപ്രീം കോടതി വിധിപ്രകാരം ലഭ്യമാക്കിയ ഭൂമിയിൽ 7149 ഏക്കർ ഭൂമി 4000 പേർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തിരുവൻവണ്ടൂർ വില്ലേജിലെ പട്ടികജാതിക്കാരുടെ നിവേദനം**

11(4680) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-2-2017-ലെ 420/VIP/M(SC/ST, BC, Law&C)2017 നമ്പർ കത്ത് പ്രകാരം തിരുവൻവണ്ടൂർ വില്ലേജിലെ ഉമയാറ്റൂർ മുറിയൻ കൊമ്പിക്കുഴി മാവേലിത്തറ റോഡിന് സമീപം താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ നിവേദനം അനന്തര നടപടിക്കായി പട്ടികജാതി ആലപ്പുഴ ജില്ലാ ആഫീസിൽ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തുള്ളവരുടെ നിവേദനത്തിലുള്ള ആവശ്യം എന്ന് നടപ്പാക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ വില്ലേജിൽ ഉമയാറ്റുകരമുറിയിൽ കൊമ്പിക്കുഴി മാവേലിത്തറ ഭാഗത്ത് താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ പുരയിടം മണ്ണിട്ടുനികത്തി വാസയോഗ്യമാക്കി നൽകുവാനും വെള്ളക്കെട്ട് മാറ്റുവാനുമുള്ള നടപടി ഉണ്ടാകണമെന്നുള്ള നിവേദനത്തിൻമേൽ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല. ആകെ 48 കുടുംബങ്ങളുള്ള ടി കോളനിയിലെ 34 പട്ടികജാതി കുടുംബങ്ങൾ മഴക്കാലത്ത് വെള്ളക്കെട്ടുമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ഒരു പുതിയ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ഐ.റ്റി.ഡി.പി. ഏകാദ്ധ്യാപകർക്കുള്ള ശമ്പളം വർദ്ധിപ്പിക്കാൻ നടപടി**

12(4681) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഡി.പി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപകർക്കുള്ള ശമ്പളം വളരെകുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശമ്പളം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എസ്.സി.എസ്.ടി. പ്രൊമോട്ടർക്ക് ലഭിക്കുന്ന ശമ്പളമെങ്കിലും ഇവർക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകാദ്ധ്യാപകർക്കുള്ള ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരിശോധിക്കുന്നതാണ്.

**എസ്.സി.പി., ടി.എസ്.പി. ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ കണക്ക്**

13(4682) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ എസ്.സി.പി, ടി.എസ്.പി. എന്നീ ഇനങ്ങളിലായി എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) വകയിരുത്തിയ തുകയിൽ എത്ര ചെലവഴിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതി തുക മുഴുവൻ ചെലവഴിക്കാനായിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ 2016-17 സാമ്പത്തിക വർഷം 82346.40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. (അഡീഷണൽ ഓതറൈസേഷൻ ഉൾപ്പെടെ)

പട്ടികജാതി വികസന വകുപ്പിൽ 2016-17-ൽ എസ്.സി.പി. ഇനത്തിൽ സംസ്ഥാന വിഹിതമായി 2354.40 കോടി രൂപയും കേന്ദ്ര വിഹിതമായി 430.92 കോടി രൂപയും വകയിരുത്തി. സംസ്ഥാന വിഹിതമായി വകയിരുത്തിയ 2354.40 കോടി രൂപയിൽ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1315.50 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1038.98 കോടി രൂപയും വകയിരുത്തി.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ ജില്ലകൾക്ക് അനുവദിച്ച തുകയും

ചെലവഴിച്ച തുകയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ച 38721.88 ലക്ഷം രൂപയിൽ 38803.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (എം.ആർ.എസ്/വി.ടി.ഐ. എന്നിവയിലെ ജീവനക്കാരുടെ വേതനം ഉൾപ്പെടുന്നതിനാൽ അനുവദിച്ച തുകയേക്കാൾ ചെലവ് അധികരിച്ചിട്ടുണ്ട്. )

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ സംസ്ഥാന വിഹിതത്തിൽ നിന്ന് 1111.13 കോടി രൂപയും കേന്ദ്ര വിഹിതത്തിൽനിന്നും 336.01 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. ജില്ലകൾ വഴി ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച തുകയിൽ 95.43% ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി വകയിരുത്തിയിരിക്കുന്ന തുക മുഴുവൻ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാണ് വകുപ്പ് ശ്രദ്ധചെലുത്തുന്നത്. പ്രതികൂല കാലാവസ്ഥ, നിർമ്മാണസാധനങ്ങൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട്, അവയുടെ ദൗർലഭ്യം എന്നിവകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന കാലതാമസം എന്നിവ പദ്ധതി തുക മുഴുവൻ ചെലവഴിക്കുന്നതിന് വിഘാതമായി നിൽക്കുന്നു.

പട്ടികജാതി വികസന വകുപ്പിൽ 2016-17 എസ്.സി.പി. ഇനത്തിൽ സംസ്ഥാന വിഹിതമായി അനുവദിച്ച തുകയിൽ 84.46 ശതമാനവും കേന്ദ്ര വിഹിതമായി അനുവദിച്ച തുകയിൽ 77.97 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി പൂർത്തീകരിക്കാത്തതിനാലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ പ്രോജക്ടുകൾ ലഭ്യമാകാത്തതിനാലുമാണ് പദ്ധതി തുക മുഴുവൻ ചെലവഴിക്കാൻ കഴിയാത്തത്.

**ലൈഫ്, സാന്ത്വനം പദ്ധതികൾ**

14(4683) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ലൈഫ് പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പരിഗണനകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) 'സാന്ത്വനം ' പദ്ധതിയിൽ എസ്.സി. /എസ്.റ്റി. വിഭാഗക്കാർക്ക് അപേക്ഷ നൽകാൻ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധന സഹായതുക 4 ലക്ഷമായി നിജപ്പെടുത്തുവാൻ ലൈഫ് പദ്ധതിയിൽ തീരുമാനിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നത് കുടുംബശ്രീ മുഖേനയാണ്. പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുക ജില്ലാ മിഷൻ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്നും പട്ടികവർഗ്ഗമേഖലയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ശക്തമല്ലാത്തതിനാൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ഉപയോഗിക്കാവുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30-1-2017-ന് ലൈഫ് മിഷന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 'സാന്ത്വനം' പദ്ധതി നടപ്പിലാക്കുന്നില്ല. കുടുംബശ്രീ മുഖേന നടത്തുന്ന 'സാന്ത്വനം' പദ്ധതിയിൽ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകിയ സഹായം**

15(4684) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികഗോത്ര വിഭാഗങ്ങൾക്കും ചികിത്സയ്ക്കായി എന്തെല്ലാം സഹായ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവരുടെ ചികിത്സയ്ക്കായി എത്ര തുക ഓരോ വർഷവും വകയിരുത്തി; എത്ര തുക ചെലവാക്കി; എത്ര പേർക്ക് സഹായം നല്കാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തീരുമാനമെടുത്ത എത്ര അപേക്ഷകളിൽ സഹായം നൽകാനുണ്ടായിരുന്നു എന്നും നിധിയിൽ എത്ര തുക ബാക്കിയുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) 2016-17 സാമ്പത്തിക വർഷം സഹായം അഭ്യർത്ഥിച്ച് എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് സഹായം നൽകി; എത്ര പേർക്ക് നൽകുവാനുണ്ട്; ഇത് എപ്പോൾ നൽകുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ടാഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL (Kerala Medical Services Corporation Limited) മുഖേന കൊല്ലം, ഇടുക്കി ജില്ലയിലെ അടിമാലി എന്നിവിടങ്ങളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)-കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നു.

പട്ടികജാതി വിഭാഗത്തിൽ 1,00,000 രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ചികിത്സാ സഹായമായി 50,000 രൂപ വരെ അനുവദിച്ചുവരുന്നു. കാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കരോഗം, ഹീമോഫീലിയ,

ബ്രെയിൻ ട്യൂമർ തുടങ്ങിയ മാരകരോഗങ്ങൾക്ക് 1,00,000 രൂപവരെ ചികിത്സിക്കുന്ന ആശുപത്രി മുഖേന നൽകിവരുന്നു. കൂടാതെ കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ 50,000 രൂപ ധനസഹായമായി നൽകിവരുന്നു.

(ബി)

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2011-12 | 1 കോടി 40 ലക്ഷം രൂപ | 1 കോടി 40 ലക്ഷം രൂപ | |
| 2012-13 | 1 കോടി 50 ലക്ഷം രൂപ | 1 കോടി 50 ലക്ഷം രൂപ | |
| 2013-14 | 4 കോടി രൂപ | 3 കോടി 99.93 ലക്ഷം രൂപ | ആകെ 12500 |
| 2014-15 | 8 കോടി 50 ലക്ഷം രൂപ | 8 കോടി 49.63 ലക്ഷം രൂപ | |
| 2015-16 | 13 കോടി 10 ലക്ഷം രൂപ | 13 കോടി 9.96 ലക്ഷം രൂപ | |

പട്ടികജാതി വിഭാഗത്തിലുള്ള കണക്കുകളുടെ വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തീരുമാനമെടുത്ത പട്ടികവർഗ്ഗ വിഭാഗത്തിന്റെ 371 അപേക്ഷകളിൽ ധനസഹായം നൽകാനുണ്ടായിരുന്നു. കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട 2016-17 വർഷത്തെ '2225-02-282-91(P)' ശീർഷകത്തിൽ ആകെ 13 കോടി 80 ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു.

പട്ടികജാതി വിഭാഗത്തിൽ 5695 അപേക്ഷകർക്ക് ധനസഹായം നൽകുവാനുണ്ടായിരുന്നു. ദുരിതാശ്വാസ നിധിയിൽ തുക ബാക്കിയുണ്ടായിരുന്നില്ല.

(ഡി) 2016-17 വർഷം ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ആകെ 12635 അപേക്ഷകൾ ലഭിച്ചു. 12558 പേർക്ക് സഹായം നൽകി. ഇനി 77 പേർക്ക് നൽകാനുണ്ട്.

പട്ടികജാതി വിഭാഗത്തിൽ 20192 അപേക്ഷകൾ ലഭിക്കുകയും 17664 പേർക്ക് സഹായം നൽകുകയും ചെയ്തു. 2528 പേർക്ക് സഹായം നൽകാനുണ്ട്.

ടി അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ യൂണിസെഫിന്റെ മാനദണ്ഡം അനുസരിച്ചുള്ള സൗകര്യങ്ങൾ**

16(4685) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിസെഫിന്റെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവിടങ്ങളിൽ ഒരുക്കിയിട്ടുണ്ടോയെന്ന് വിവരിക്കുമോ;

(സി) സ്കൂളുകളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പിനുകീഴിൽ ഒരു സ്പോർട്സ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെ 10 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടൽ, സ്വന്തമായി വെബ്സൈറ്റ് രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ വിദ്യാർത്ഥികളെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കുകയെന്ന ലക്ഷ്യത്തിലെത്തിക്കുന്നതിനും സമൂഹത്തിനുവേണ്ടി പ്രതിബദ്ധത സൃഷ്ടിക്കുന്നതിനുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും

വിജയകരമായി നടന്നുവരുന്നു. ഈ അദ്ധ്യയന വർഷം മുതൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ മാത്രമായി ഒരു സംസ്ഥാനതല ആർട്സ്-സ്പോർട്സ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) യൂണിസെഫിന്റെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഹോസ്റ്റലുകളിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടുക്കള ആധുനികരീതിയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് മസ്കിറ്റോനെറ്റ് ജനലുകളിലും വാതിലുകളിലും ഘടിപ്പിക്കുകയും, സ്കൂളിനോടും ഹോസ്റ്റലിനോടും ചേർന്നുള്ള സ്ഥലങ്ങളിൽ ജൈവപച്ചക്കറി തോട്ടം നിർമ്മിച്ച് വിഷരഹിത പച്ചക്കറി വിളവെടുത്ത് ഹോസ്റ്റലിലെ ആവശ്യത്തിന് ഉപയോഗിക്കുന്നുമുണ്ട്. കുട്ടികൾക്ക് ആവശ്യമുള്ള ബെഡ്ഡുകൾ, ബെഡ്ഷീറ്റ്, തലയിണ മുതലായവ യഥാസമയങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഒരുക്കിയിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് യഥാസമയം തന്നെ ജില്ലാ ഓഫീസർ നടപടി സ്വീകരിക്കുന്നുണ്ട്. കുട്ടികളുടെ കായിക വിനോദത്തിനായി കളിസ്ഥലങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

**ഷോളയാർ ഗിരിജൻ സൊസൈറ്റിയും മലക്കപ്പാറ ടൂറിസം വികസനവും**

17(4686) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ ഗിരിജൻ സൊസൈറ്റിയുടെ ബൈലോ ഭേദഗതിയ്ക്ക് അംഗീകാരം ലഭിക്കാത്തതിനാൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലുള്ള സൊസൈറ്റിയിലെ ജീവനക്കാർക്ക് ശമ്പളം നൽകാനും കൃഷിയടക്കമുള്ള സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താനും കഴിയാത്ത സ്ഥിതിയാണുള്ളതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബൈലോ ഭേദഗതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മലക്കപ്പാറ ടൂറിസം മേഖലയിൽ 200 ഏക്കറിലധികം സ്ഥലം സ്വന്തമായുള്ള ഈ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് താമസത്തിനും വിശ്രമ സൗകര്യങ്ങളോടുകൂടിയ കോട്ടേജുകളടക്കമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി ആദിവാസി മേഖലയിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ പാക്കേജുകൾ നടപ്പാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം പ്രവർത്തിക്കുന്നത് സഹകരണ വകുപ്പിന് കീഴിലാണ്.

(ബി) സഹകരണ വകുപ്പിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(സി) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം നിലവിൽ സഹകരണ വകുപ്പിനുകീഴിലാണ് പ്രവർത്തിക്കുന്നത്. സഹകരണ വകുപ്പിന്റെ സ്ഥിരം ജീവനക്കാർ ആരുംതന്നെ ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നില്ല. നിലവിൽ ടി സ്ഥാപനം സുഗമമായ രീതിയിലല്ല പ്രവർത്തിച്ചുവരുന്നത്. കൃഷി സംബന്ധമായ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് സ്ഥാപനം രൂപീകരിച്ചിട്ടുള്ളത്. ഇവിടെ ടൂറിസ്റ്റുകൾക്ക് പണിയുന്ന കോട്ടേജ് പോലുള്ള വിശ്രമ കേന്ദ്രം പട്ടികവർഗ്ഗക്കാരുടെ ശാന്തമായ അന്തരീക്ഷത്തിനു തടസം ഉണ്ടാകാത്ത രീതിയിൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കോതമംഗലം താലൂക്കിലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ സഹായം

18(4687) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ പട്ടികജാതി വിഭാഗത്തിന്റെ ഭവനനിർമ്മാണത്തിന് അധികസഹായമായി പ്രഖ്യാപിച്ചിരുന്ന 1 ലക്ഷം രൂപ കോതമംഗലം താലൂക്കിലെ 400-ഓളം ഗുണഭോക്താക്കൾക്ക് ഇതുവരേയും ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനായി ഈ തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഐ.എ.വൈ. പദ്ധതിപ്രകാരം, പട്ടികജാതി ഗുണഭോക്താക്കൾക്ക് (2015-16 വർഷത്തെ) വർദ്ധിപ്പിച്ചുനൽകിയ ഒരു ലക്ഷം രൂപയുടെ അധിക ധനസഹായം വിതരണം ചെയ്യുന്നതിന് 107,63,79,000 രൂപ ഗ്രാമ വികസന കമ്മീഷണർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

**പട്ടികജാതി ഭവന സഹായത്തിന് പഞ്ചായത്ത് തലത്തിൽ ഗുണഭോക്തൃ ലിസ്റ്റ്**

19(4688) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണ്;

(ബി) ഏറ്റവും പാവപ്പെട്ടവർക്ക് മുൻഗണന നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഗുണഭോക്തൃ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 3,00,000 രൂപയും ദുർബലവിഭാഗ പുനരധിവാസ പദ്ധതിപ്രകാരം 3,50,000 രൂപയും അനുവദിച്ചുനൽകുന്നുണ്ട്. ടി തുക നിശ്ചിത നാല് ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ലഭ്യമാകുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേന മുൻവർഷങ്ങളിൽ ഭൂമി ലഭിച്ചവർക്കും നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവർക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം എന്നിവ തെളിയിക്കുന്ന രേഖകളും ഇതേ ആവശ്യത്തിന് മുമ്പ് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന

ഗ്രാമസഭാ ലിസ്റ്റ്/വാർഡ്സഭാ ലിസ്റ്റ്/ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് പട്ടികജാതി വികസന വകുപ്പ് ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നത്. എല്ലാ വർഷവും പ്രസ്തുത ലിസ്റ്റ് ആവശ്യപ്പെടുകയും ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാകാത്ത ഇടങ്ങളിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഐ.ടി. അധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ

20(4689) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി സർക്കാരിന്റെ കീഴിൽ ഏതെങ്കിലും പരിശീലനകേന്ദ്രങ്ങളോ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്;

(ബി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) സംസ്ഥാനത്തെ പട്ടികജതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവരസാങ്കേതികവിദ്യാരംഗത്ത് മെച്ചപ്പെട്ട തൊഴിൽ അവസരം ലഭിക്കുന്ന തരത്തിൽ ആവശ്യമായ പരിശീലന സൗകര്യങ്ങളും പരിശീലന കേന്ദ്രങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി യുവതീയുവാക്കൾക്ക് ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പും സി-ഡിറ്റും സംയുക്തമായി ആരംഭിച്ച സൈബർശ്രീ എന്ന അഡ്വാൻസ്ഡ് ഐ.റ്റി. ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് തിരുവല്ലം, തൈക്കാട് എന്നിവിടങ്ങളിലും ഹരിപ്പാട് ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഡിഗ്രി, എം.സി.എ., ബി.ടെക് തുടങ്ങിയ വിവിധ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് 3 മുതൽ 7 മാസം വരെ ദൈർഘ്യമുള്ള IT Oriented Advanced Networking, Android Mobile Technology, Visual Effects and

3D animation ആധുനിക സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് (MATLAB) തുടങ്ങിയ കോഴ്സുകൾ നടത്തുന്നു.

2016-17 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം മുഖേന 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്ന 6 മാസത്തെ കോഴ്സിന് പരിശീലനം നൽകുന്നതിനായി 38.25 ലക്ഷം രൂപ സ്ഥാപനത്തിന് അനുവദിച്ചുനൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷം ഇതേ സ്ഥാപനം മുഖേന 25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രസ്തുത കോഴ്സ് നടത്തിയിരുന്നു. പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് തൃശ്ശൂർ കളക്ട്രേറ്റിലെ വിവിധ ആഫീസുകളിൽ ജോബ് ട്രെയിനിംഗ് നൽകുകയും കേരളത്തിലെ പ്രമുഖ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവരസാങ്കേതികവിദ്യാരംഗത്ത് ആവശ്യമായ പരിശീലനവും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സൈബർശ്രീ പ്രവർത്തിച്ചുവരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവരസാങ്കേതിക വിദ്യാരംഗത്ത് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് ഐ.ടി.-യുമായി ബന്ധപ്പെട്ട കോഴ്സുകളായ ഡി.സി.എ., പി.ജി.ഡി.സി.എ., ഡാറ്റാ എൻട്രി, ഡി.റ്റി.പി. ഓപ്പറേഷൻസ്, എം.എസ്.ഓഫീസ്, ടാലി ആന്റ് കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനും നൈപുണ്യ വികസനത്തിനുമായി പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

### കാസർഗോഡ് ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

21(4690) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ പുതുതായി ഏതൊക്കെ ഗ്രാമങ്ങളെയാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വകുപ്പ് അധികൃതരുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ നടത്താതെ സർക്കാർ ഏജൻസികൾവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷം അംബേദ്കർ ഗ്രാമ വികസന പരിപാടിയെന്ന പേരിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയിലേയ്ക്ക് കാസർഗോഡ് ജില്ലയിലെ ചുവടെകൊടുത്തിരിക്കുന്ന 8 പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്:

| ക്രമ നമ്പർ | നിയമസഭാ മണ്ഡലം | തെരഞ്ഞെടുത്ത പട്ടികജാതി കോളനികൾ | |
|---|---|---|---|
| 1 | മഞ്ചേശ്വരം | 1 | ബന്ദിയോട് |
| | | 2 | കജംപാടി |
| 2 | കാസർഗോഡ് | 1 | കല്ലക്കട്ട |
| 3 | ഉദുമ | 1 | ഉജംപാടി, ദേലമ്പാടി |
| | | 2 | ചാപ്പാടി ചൂരിമൂല |
| 4 | തൃക്കരിപ്പൂർ | 1 | മാച്ചിക്കാട് |
| | | 2 | ആനിക്കാടി |
| 5 | കാഞ്ഞങ്ങാട് | 1 | ചായ്യോത്ത് ചക്ലിയ |

(ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള ഭരണസമിതി നിയന്ത്രിക്കുന്ന ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതികൾ ഉള്ള പക്ഷം എം.എൽ.എ. നിർദ്ദേശിക്കുന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതാണ്.

**പട്ടികജാതി ക്ഷേമത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും പാലക്കാട് മെഡിക്കൽ കോളേജിലെ സംവരണ സീറ്റുകളും**

22(4691) <u>ശ്രീ. എസ്. ശർമ്മ</u>:
<u>ശ്രീ. ആർ. രാജേഷ്</u>:
<u>ശ്രീ. കെ. വി. വിജയദാസ്</u>:
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാരുടെ ഉന്നമനത്തിനായി പട്ടികജാതി ഉപപദ്ധതിയിൽ (എസ്.സി.എസ്.പി.) ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിർദ്ധനരുടെ ചികിത്സയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച മെഡിക്കൽ കോളേജിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. കോഴ്സിന് എത്ര സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്; പട്ടികവർഗ്ഗ വിഭാഗത്തിൽപ്പട്ടവർക്കായി ഈ മെഡിക്കൽ കോളേജിൽ എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃത പദ്ധതി)
2. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി)
3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)
4. ശുചിത്വഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)
5. 9-ഉം 10-ഉം ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)
6. പ്രധാനമന്ത്രി ആവാസ് യോജന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം)

7. എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

8. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% കേന്ദ്ര വിഹിതം)

9. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് -എസ്.സി.പി. (49% കേന്ദ്രവിഹിതം)

10. 6 കോർപ്പറേഷനുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി (പുതിയ പദ്ധതി)

(ബി) അനുബന്ധമായി ചേർക്കുന്നു* .

(സി) 1,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നു. മാരകമായ രോഗം ബാധിച്ചിട്ടുള്ളവർക്ക് ആശുപത്രി മുഖേന ഒരു ലക്ഷം രൂപ വരെയും രോഗിക്ക് നേരിട്ട് 50,000 രൂപ വരെയും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച മെഡിക്കൽ കോളേജിൽ ആകെ 100 എം.ബി.ബി.എസ്. സീറ്റുകളാണുള്ളത്. ആയതിൽ 70 ശതമാനം സീറ്റ് എസ്.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും 2 ശതമാനം സീറ്റ് എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുമായി സംവരണം ചെയ്തിരിക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി വിദ്യാർത്ഥികൾക്കുള്ള പരീക്ഷാ പരിശീലന പദ്ധതി

23(4692) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങളിലേയും മറ്റ് പിന്നോക്കവിഭാഗങ്ങളിലേയും വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ്, ബാങ്കിംഗ്, സർക്കാർ സർവ്വീസ്, കേന്ദ്രസർവ്വീസുകൾ, നിയമപഠനമേഖല, ഉദ്യോഗസ്ഥമേഖല ഉൾപ്പെടെയുള്ള പഠന മേഖലകളിൽ ഉള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനായി കഴിഞ്ഞ സർക്കാർ ഓരോ വർഷവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; എന്തു തുക ചെലവഴിച്ചു; ഇതുകൊണ്ടുണ്ടായ ഫലം കഴിഞ്ഞ സർക്കാർ വിലയിരുത്തിയോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതി നടത്തിപ്പിലുണ്ടായ വീഴ്ചകൾ പരിശോധിച്ചുവോ; എങ്കിൽ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനവും അതിലൂടെ അവർക്ക് പ്ലേസ്മെന്റും ലഭിക്കാൻ ഈ സർക്കാർ എന്തുനടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ (പി.ഇ.ടി.സി.) പി.എസ്.സി., യു.പി.എസ്.സി., ആർ.ആർ.ബി., എസ്.എസ്.സി., സെറ്റ്, നെറ്റ് തുടങ്ങി സംസ്ഥാന/കേന്ദ്ര സർക്കാർ സർവ്വീസുകളിൽ ജോലി നേടുന്നതിനുള്ള മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ആർട്ടിക്കിൾ 275(1) എസ്.സി.എ.ടു.ടി.എസ്.പി, അസിസ്റ്റൻസ് ഫോർ സെൽഫ് എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലെപ്മെന്റ് ട്രെയിനിംഗ് ടു എസ്.ടി. യൂത്ത്സ് എന്നീ സ്കീമുകളിലുൾപ്പെടുത്തി ജില്ലാ തലത്തിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് പി.എസ്.സി., യു.പി.എസ്.സി., എസ്.എസ്.സി., ആർ.ആർ.ബി., ബാങ്ക് പരീക്ഷ, മറ്റു മത്സരപരീക്ഷകൾ എന്നിവയിൽ ഉന്നതവിജയം കൈവരിക്കുന്നതിനായുള്ള പരിശീലനവും നൽകിവരുന്നു.

(ബി) ഇതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ഓരോ വർഷവും പി.എസ്.സി., ബാങ്ക്, എസ്.എസ്.സി., റെയിൽവേ തുടങ്ങിയ മേഖലകളിൽ നടത്തുന്ന വിവിധ മത്സരപരീക്ഷകൾക്ക് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാപരിശീലനം, സ്റ്റെനോഗ്രാഫി, ഡാറ്റാ എൻട്രി ആന്റ് സോഫ്റ്റ്വെയർ ഓപ്പറേഷൻസ്, ഡി.റ്റി.പി. പോലുള്ള വിവിധ കോഴ്സുകളും നടത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2,23,24,354 രൂപ ചെലവഴിച്ചിട്ടുണ്ട്. പി.ഇ.ടി.സി.-കളുടെ പ്രവർത്തനങ്ങൾ

അവലോകനം ചെയ്യുന്നതിനും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി ഡയറക്ടറുടെ ചേംബറിൽ പ്രിൻസിപ്പൽമാരുടെ യോഗം യഥാസമയം ചേരാറുണ്ട്. പി.ഇ.ടി.സി.-കളുടെ പ്രവർത്തനം നേരിട്ട് പരിശോധിച്ച് വേണ്ടനിർദ്ദേശം നൽകുന്നതിന് ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം), ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പി.ഇ.ടി.സി.-കളിൽ സന്ദർശനം നടത്താറുണ്ട്. കൂടാതെ നടത്തപ്പെടുന്ന ഓരോ കോഴ്സിന്റെയും വിശദാംശങ്ങൾ, പരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം, പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പി.ഇ.ടി.സി.-കളിൽ നിന്നും ശേഖരിച്ച് ആയത് വിശകലനം ചെയ്ത് വരികയും ചെയ്യുന്നുണ്ട്.

(സി) മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോഴ്സുകൾ നടത്തി വരുന്നത് +1, +2 പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പരിശീലനം എന്ന നിലയ്ക്കാണ്. എന്നാൽ ഇപ്രകാരം പരിശീലനം നൽകുമ്പോൾ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭ്യമാകുന്നില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ +2 പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് 11 മാസം നീണ്ടു നിൽക്കുന്ന എൻട്രൻസ് പരീക്ഷാപരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പി.എസ്.സി. നടത്തുന്ന എൽ.ഡി.സി. പോലുള്ള മത്സരപ്പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിന്റെ പ്രയോജനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി പരിശീലന കാലാവധി 3 മാസത്തിൽ നിന്നും ആറ് മാസമാക്കി ഉയർത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ മേഖലയിൽ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ടാലി കോഴ്സ് പി.ഇ.ടി.സി.കളിൽ ആരംഭിക്കാൻ നടപടിയെടുത്തിട്ടുണ്ട്. പരിശീലനാർത്ഥികൾ യഥാസമയം വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പ്രൊമോട്ടർമാർ മുഖേനയും ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ സർക്കാർ ജീവനക്കാർക്ക് സ്ഥലമാറ്റത്തിന് മുൻഗണന

24(4693) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ സർക്കാർ ജീവനക്കാർക്ക് സ്ഥലമാറ്റത്തിന് മുൻഗണനാ മാനദണ്ഡം/പരിരക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ഉണ്ട്. വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് സ്ഥലംമാറ്റത്തിന് 25-2-2017-ലെ സ.ഉ.(പി)നമ്പർ 3/2017/ ഉഭപവ പ്രകാരം മുൻഗണനാ മാനദണ്ഡം/പരിരക്ഷ അനുവദിച്ചു നൽകുന്നുണ്ട്.

## കോട്ടയ്ക്കൽ മണ്ഡലത്തിൽ വികസനത്തിനായി തെരഞ്ഞെടുത്ത കോളനികൾ

25(4694) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നും വികസനത്തിനായി രണ്ട് കോളനികളെ പട്ടികജാതി വകുപ്പ് തെരഞ്ഞെടുത്തശേഷം പ്രസ്തുത കോളനികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം കോളനികളിൽ പകൽവീട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; പകൽവീട് പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) പകൽവീട് പദ്ധതി പ്രകാരം നൽകിയ വീടുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും പൊറ്റേക്കളംപടി, പടിഞ്ഞാറ്റുമുറി ലക്ഷംവീട് എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുക്കുകയും വികസന പ്രവൃത്തികൾക്കായി ഓരോ കോടി രൂപ വീതം അനുവദിച്ചതിൽ ഒന്നാം ഗഡുവായി 50,00,000 രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കോളനിയ്ക്കാവശ്യമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റിയാണ് കോളനിയ്ക്കാവശ്യമായ പ്രവൃത്തികൾ കണ്ടെത്തി മുൻഗണനാക്രമം തയ്യാറാക്കുന്നത്. ഇതിനായി സർവ്വേകളൊന്നും നടത്താറില്ല.

(സി& ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ പകൽവീട് എന്ന പദ്ധതി നടപ്പിലാക്കുന്നില്ല.

## പട്ടികസമുദായ ക്ഷേമവകുപ്പിൽ നിന്നുമുള്ള ചികിത്സാ ധനസഹായം

26(4695) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികസമുദായ ക്ഷേമവകുപ്പിൽനിന്നും ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ 2017 മാർച്ച് 31 വരെ 23073 പേർക്കായി 460005104 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ഒന്നായി ചേർക്കുന്നു* .

പട്ടികവർഗ്ഗ വിഭാഗത്തിൽ 13 കോടി 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം രണ്ടായി ചേർക്കുന്നു*.

(ബി) പട്ടികജാതി വിഭാഗത്തിൽ 121 അപേക്ഷകൾക്ക് 22,76,500 രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ 3 അപേക്ഷകളിൽ 3,100 രൂപ അനുവദിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ ക്ഷേമപദ്ധതികളുടെ നടത്തിപ്പിന് ഊരുകൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി

27(4696) ശ്രീ. പി. കെ. ശശി
ശ്രീ. ബി. സത്യൻ
ശ്രീ. ആന്റണി ജോൺ
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിക്കുന്ന പല പദ്ധതികളും ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മുൻസർക്കാരിന്റെകാലത്ത് പട്ടികവർഗ്ഗക്കാർക്കായുള്ള ഏതെങ്കിലും പദ്ധതികളിൽ അഴിമതിയും ക്രമക്കേടും കണ്ടെത്തിയോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച അന്വേഷണം ഏതുഘട്ടത്തിലാണെന്നും കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗക്കാർക്കായുള്ള വിവിധ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഊരുകൂട്ടങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) ജനനി ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് 10-08-2016-ലെ സ.ഉ.(കൈ) നമ്പർ 64/16/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം, പദ്ധതി നടത്തിപ്പുസമയത്ത് അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആശിക്കും ഭൂമി ആദിവാസിക്ക് പദ്ധതിയിൽ ക്രമക്കേടുള്ളതായി ആരോപണം ഉയർന്നതിനെത്തുടർന്ന് അന്വേഷിക്കാൻ ഉത്തരവായിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നുണ്ട്. ഊരുകൂട്ടങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, ഊരുകൂട്ടങ്ങളിൽ സജീവപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഊരുകൂട്ടം ശക്തിപ്പെടുത്തുന്നതിനായി ഊരുകൂട്ട സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഊരുമൂപ്പന്മാർക്കും കോളനികളിലെ സാമൂഹ്യ പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും ഊരുകൂട്ട സെമിനാറിലൂടെ ബോധവത്കരണം നടത്താറുണ്ട്. കൂടാതെ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരും പ്രൊമോട്ടർമാരും ടി വിഷയത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഊരുകൂട്ടയോഗങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന്റെ ചെലവിലേയ്ക്ക് അനുവദിച്ചിരുന്ന 500 രൂപ 19-10-2016-ലെ സ.ഉ.(സാധാ.) നമ്പർ 1552/16/പജപവവിവ. പ്രകാരം 2,500 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

കൂടാതെ കിർത്താഡ്സിന്റെ നേതൃത്വത്തിൽ ഊരുകൂട്ടം സംഘടിപ്പിക്കുന്നതിനും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരിക്കുന്നതിനും പ്രത്യേക ട്രെയിനിംഗും പ്രൊമോട്ടർമാർക്കും ഊരുമൂപ്പന്മാർക്കും നൽകിവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ എസ്.സി. കോളനികൾ**

28(4697) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ എസ്.സി. കോളനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(സി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പട്ടികജാതി കോളനികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ)കല്ല്യാശ്ശേരി മണ്ഡലത്തിലെ എസ്.സി.കോളനികളുടെ വിശദവിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു* .

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കോർപ്പസ് ഫണ്ടിൽനിന്നും കുടിവെള്ളം, വൈദ്യുതി, റോഡുകൾ സ്ട്രീറ്റ് ലൈറ്റുകൾ എന്നീ അടിസ്ഥാന സൗകര്യവികസന പദ്ധതികളും അംബേദ്കർ ഗ്രാമവികസന പരിപാടി, രാജീവ് ഗാന്ധി ഗ്രാമീണ കുടിവെള്ള പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി കുടിവെള്ളം, റോഡുകൾ, നടപ്പാതകൾ, വൈദ്യുതി കണക്ഷൻ, പാർശ്വഭിത്തികൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) 2014-15, 2015-16, 2016-17 വർഷങ്ങളിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്കോളർഷിപ്പ് തുക യഥാസമയം വിതരണം ചെയ്യാൻ നടപടി

29(4698) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയസ്ഥാപനങ്ങളിൽ ഉൾപ്പെടെ പഠിക്കുന്ന പിന്നാക്ക പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പ് തുക അതതു വർഷംതന്നെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇവ കിട്ടാത്തകാര്യം വിദ്യാർത്ഥികൾ അധികൃതരെ അറിയിച്ചിട്ടും തുക യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെ പോസ്റ്റ് മെട്രിക് തലത്തിൽ മെരിറ്റ്, റിസർവേഷൻ ക്വാട്ടയിലും സർക്കാർ നിയന്ത്രിത/ അംഗീകൃത/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക് മെരിറ്റ്/ മാനേജ്മെന്റ്/പ്രിവിലേജ്/എൻ.ആർ.ഐ.ക്വാട്ടയിലും പ്രവേശനം നേടുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അതാതു വർഷങ്ങളിൽ അർഹമായിട്ടുള്ള വിദ്യാഭ്യാസനുകൂല്യങ്ങൾ 'ഇ-ഗ്രാന്റ്സ് വെബ്സൈറ്റ്' മുഖാന്തരം ഓൺലൈനായി സമയബന്ധിതമായി അനുദിച്ചു നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒ.ഇ.സി. ആനുകൂല്യങ്ങൾ 189 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശികയായിരുന്നു. ഈ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമെ 70 കോടി രൂപ അധികസഹായം അനുവദിച്ച് നൽകി. ഈ കുടിശ്ശിക സമയബന്ധിതമായി തീർക്കാനാണ് ശ്രമിക്കുന്നത്.

വർഷാവർഷം സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ എണ്ണവും, പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവുംമൂലം അനുവദിക്കുന്ന തുക അപര്യാപ്തമായതിനാലാണ് ആനുകൂല്യം യഥാസമയം മുഴുവൻ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യാൻ കഴിയാത്തത്. ഇക്കാര്യത്തിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പട്ടികജാതിക്കാരുടെ ചികിത്സാ സഹായങ്ങൾക്കുള്ള അപേക്ഷകളിൽ തീരുമാനം

30(4699) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ ചികിത്സാ സഹായങ്ങൾക്കുള്ള നിരവധി അപേക്ഷകൾ തീരുമാനമാകാതെ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) ഇവരുടെ ക്ഷേമത്തിനായി എന്തെങ്കിലും ചികിത്സാ സഹായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ചികിത്സാ സഹായത്തിനായി 2016 ജനുവരി മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ചികിത്സാസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് സഹായം അനുവദിച്ചു;

(ഇ) ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ ചികിത്സയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,00,000 രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ബ്രെയിൻ ട്യൂമർ, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ 50,000 രൂപ ധനസഹായം നൽകിവരുന്നു.

(സി) ആകെ 23,663 അപേക്ഷകൾ ലഭിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

(ഡി) 20626 പേർക്ക് സഹായം അനുവദിച്ചു.

(ഇ) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചികിത്സാധനസഹായത്തിന് വരുമാനപരിധി ഉയർത്താൻ നടപടി**

31(4700) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിൽ നിന്നും ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി എത്രയാണ്;

(ബി) വാർഷിക വരുമാനപരിധി കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിയ്ക്കാൻ ഉദ്ദേശ്യമുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വകുപ്പിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 11-5-2017-ലെ സ.ഉ.(കൈ) നമ്പർ 35/2017/പജപവവിവ. പ്രകാരം ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

**ഉൾവനങ്ങളിലെ പട്ടികഗോത്ര വിഭാഗക്കാരെ സഹായിക്കാൻ നടപടി**

32(4701) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വിഭാഗത്തിലെ പണിയർ, അടിയർ, മലമ്പണ്ടാരം, അരനാടൻ, മലപ്പുലയൻ തുടങ്ങി ഉൾവനങ്ങളിൽ താമസിക്കുന്നവർ അനുഭവിച്ചു വരുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്നും അവരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇവരുൾപ്പെട്ട ഗോത്രവിഭാഗക്കാർ തൊഴിലും ഭക്ഷണവുമില്ലാതെ പോഷകാഹാരക്കുറവും രോഗങ്ങളും കാരണം മരണപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരിൽ പലർക്കും റേഷൻകാർഡില്ലെന്നതും ഉള്ളവർക്ക് ബി.പി.എൽ. കാർഡല്ലെന്നതും യഥാസമയം റേഷൻ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും മരുന്നും ലഭിക്കാത്ത അവസ്ഥയും മാറ്റുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും അഴിമതിയും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽത്തന്നെ സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരവുമായെല്ലാംതന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പണിയർ, അടിയർ, മലമ്പണ്ടാരം, അരനാടൻ, മലപ്പുലയൻ തുടങ്ങിയ വിഭാഗക്കാർ. ടി വിഭാഗങ്ങളിൽ ഭൂരഹിതരായിട്ടുള്ളവരും ഏറെയാണ്. അടിയ, പണിയ തുടങ്ങിയ വിഭാഗക്കാരുടെ വരുമാനമാർഗ്ഗം കൂലിപ്പണിയും കാലി വളർത്തലുമാണ്. മദ്യപാനാസക്തിയും, ലഹരി വസ്തുക്കളുടെ ഉപയോഗവും വിദ്യാഭ്യാസത്തോടുള്ള വിമുഖതയും ടി വിഭാഗത്തിന്റെ ഉന്നമനത്തിന് പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പുതലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവന ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യംവച്ച് അടിയ-പണിയ പാക്കേജ് പദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലയായ പഠനോപകരണങ്ങൾ സൗജന്യമായി നൽകിവരുന്നു. ദിവസങ്ങളോളം സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രൊമോട്ടർമാരും, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് എത്തി സ്കൂളിൽ എത്തിക്കാൻ പ്രയത്നിക്കുന്നുണ്ട്. മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവത്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. നടപ്പ് സാമ്പത്തികവർഷം അടിയ-പണിയ കാട്ടുനായ്ക്ക വിഭാഗങ്ങളിലെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും, കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും ആദിവാസി വിഭാഗങ്ങളിൽ ഉൾപ്പെട്ട മെൻഡർ ടീച്ചർമാരെ നിയമിക്കുന്നതിനും ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും, റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടി വരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗതസൗകര്യം വന്യമൃഗ ജീവികളിൽനിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പ് മുഖേനയും ടി.ആർ.ഡി.എം. മുഖേനയും നടപടികളും സ്വീകരിച്ചുവരുന്നു.

(ബി ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യസഹായ പദ്ധതി, പോഷകാഹാര വിതരണം തുടങ്ങിയ പദ്ധതികളും, അട്ടപ്പാടി, നിലമ്പൂർ മേഖലകളിൽ മേൽപ്പറഞ്ഞവ കൂടാതെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി)സ്വന്തമായി വീടില്ലായെന്നുള്ളത് ടി വിഭാഗത്തിൽ പലർക്കും റേഷൻകാർഡ് ലഭിക്കാൻ തടസ്സമാകുന്നുണ്ട്. എന്നാൽ ടി ആൾക്കാരിൽ ബഹുഭൂരിപക്ഷം കുടുംബക്കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനും ടി വിഭാഗത്തിന്റെ റേഷൻ കാർഡുകൾ പൂർണ്ണമായും ബി.പി.എൽ. ആണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ. കാർഡില്ലാത്ത കുടുംബങ്ങളെ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വിഭാഗക്കാർക്ക് അർഹമായ റേഷൻ, ഭക്ഷ്യവസ്തുക്കൾ, മരുന്ന് തുടങ്ങിയവയും യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്.

(ഡി) ടി വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും അഴിമതിയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## എ.റ്റി.എസ്.പി. പ്രകാരം അനുവദിച്ച വീടുകൾ

33(4702) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭവനരഹിതർക്ക് എ.റ്റി.എസ്.പി. ഭവനനിർമ്മാണ പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ സഹായപദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ ഗഡുക്കൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടെന്നും ഈ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗക്കാർക്ക് എ.ടി.എസ്.പി. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വീടുകൾ അനുവദിച്ചിട്ടില്ല. എന്നാൽ വകുപ്പുതലത്തിലുള്ള മറ്റ് പദ്ധതികളിലായി ഒട്ടാകെ 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ മേഖലയിൽ അനുവദിച്ച മുഴുവൻ വീടുകളുടെയും നിർമ്മാണ പുരോഗതി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ യഥാസമയം വിലയിരുത്താറുണ്ട്. ആയതിനുപുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഡയറക്ടറേറ്റ് തലത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരും ടി വീടുകളുടെ നിർമ്മാണ പുരോഗതി നേരിട്ട് അന്വേഷിച്ച് വിലയിരുത്താറുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകളുടെ ഓരോ സ്റ്റേജും പൂർത്തിയാകുന്നമുറയ്ക്ക് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ പരിശോധിച്ച് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ധനസഹായം വിതരണം നടത്തിവരുന്നു.

ജില്ലാതല ഉദ്യോഗസ്ഥന്മാരായ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വീടുകളുടെ വിവിധ സ്റ്റേജുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തി തുക യഥാസമയം വിതരണം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

## സി.പി. രജിതയ്ക്ക് ആശ്രിത നിയമനം

34(4703) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ രജിത സി. പി. കാവുങ്കൽ (H), ചാമാടിപൊയാൽ, മാനന്തവാടി എന്നയാളുടെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രിത നിയമനം സംബന്ധിച്ച് സർക്കാർ തീരുമാനം കൈകൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 17-5-2017-ലെ സ.ഉ.(കൈ.) നമ്പർ 37/2017/പജപവവിവ. പ്രകാരം ശ്രീമതി സി. പി. രജിതയ്ക്ക് ആശ്രിതനിയമനം നൽകി ഉത്തരവായിട്ടുണ്ട്.

## ജാതി-വരുമാന സർട്ടിഫിക്കറ്റുകൾക്ക് ലളിതമായ നടപടിക്രമം

35( T4704) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട വിവിധ വിഭാഗങ്ങൾ വിദ്യാഭ്യാസ പരമായി പിന്നോക്കവസ്ഥയിൽ നിൽക്കുന്നതിനാൽ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിന് അക്ഷയകേന്ദ്രങ്ങൾ വഴിയും മറ്റും രജിസ്റ്റർ ചെയ്യുന്നതിന് വലിയ പ്രയാസം നേരിടുന്നുണ്ട് എന്നതു കണക്കിലെടുത്ത് സർട്ടിഫിക്കറ്റുകൾ സൗകര്യപ്രദമായി ലഭിക്കുന്നതിന് വകുപ്പ് മുഖേന എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ആദിവാസി വിഭാഗങ്ങൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലളിതമായ നടപടി ക്രമത്തിലൂടെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ ഐ.റ്റി. നയത്തിന്റെ ഭാഗമായി വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന കേന്ദ്രങ്ങൾ (അക്ഷയ കേന്ദ്രങ്ങൾ) വഴി ഓൺലൈനായി ലഭ്യമാക്കുന്നതിനാണ് സർക്കാർ 2013 മാർച്ച് മുതൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ആളുകൾ ആവശ്യമായ രേഖകൾ സഹിതം അക്ഷയകേന്ദ്രങ്ങളിൽ എത്തിയാൽ അവർക്കുവേണ്ടി അക്ഷയകേന്ദ്രത്തിലെ ജീവനക്കാരാണ് അപേക്ഷ രജിസ്റ്റർ ചെയ്യുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുന്നപക്ഷം സർട്ടിഫിക്കറ്റുകൾ നേരിട്ട് നൽകുന്നതാണ് എന്ന് 5-9-2013-ലെ 29086/റ്റി2/2013/റ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.

(ബി) നടപടിക്രമങ്ങൾ മേൽ 'എ' യിൽ വിവരിച്ചതിൻ പ്രകാരം ലളിതമാക്കിയിട്ടുള്ളതിനാലും ഇതിലൂടെ ഓരോ പ്രാവശ്യവും സർട്ടിഫിക്കറ്റിനായി വില്ലേജ് ആഫീസറെ സമീപിക്കേണ്ട ആവശ്യകത ഒഴിവാക്കിയിട്ടുള്ളതിനാലും ലളിതമായ നടപടിക്രമങ്ങൾ ആണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇനിയും ലളിതമാക്കുന്നത് സംബന്ധിച്ച് നടപടി ഇപ്പോൾ പരിഗണനയിലില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വായ്പ കുടിശ്ശിക നിവാരണ പദ്ധതി

36(4705) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി വായ്പ കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി)എങ്കിൽ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇതിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരിൽ ജപ്തി നടപടി നേരിടുന്നവരുടെ വായ്പ എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനുപുറമെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിപ്രകാരം 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച കേസുകളിൽ കടാശ്വാസം അനുവദിക്കുന്നതിന് 20-8-2016-തീയതിയിലെ സ.ഉ.(പി) നമ്പർ 118/2016/ധന നമ്പർ ഉത്തരവ് പ്രകാരവും പദ്ധതിയുണ്ട്.

സ.ഉ.(അ) നമ്പർ 71/2015/പജപവവിവ തീയതി 1-10-2015 പ്രകാരം പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 1-04-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് അർഹരായ പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നു.

(സി) പട്ടികജാതിക്കാരുടെ തീരുമാനമാകാതെ കിടന്നിരുന്ന 69413 അപേക്ഷകളിൽ കടം എഴുതിത്തള്ളി തീർപ്പുകൽപ്പിക്കുന്നതിനായ 2016-17 വർഷത്തിൽ 88.54 കോടി രൂപ അനുവദിച്ചിരുന്നു. ഇപ്പോൾ അപേക്ഷകൾ ബാക്കിയുള്ളതായി അറിവില്ല. ഈ വർഷം ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ 39,52,41,000 രൂപ ടി കോർപ്പറേഷന് 2015-16 സാമ്പത്തിക വർഷം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നാണ് അർഹരായ പട്ടികവർഗ്ഗക്കാരുടെ വായ്പ തുടർവർഷങ്ങളിൽ എഴുതിത്തള്ളുന്നത്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വായ്പ കുടിശ്ശിക വരുത്തുന്നവരെ മാത്രമാണ് നിലവിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ്**

37(4706) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

ചില ആദിവാസി ഊരുകളിൽ കുട്ടികൾ ജനിക്കുമ്പോൾ നിയമാനുസൃതം തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതിനെത്തുടർന്ന് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ആദിവാസി ഊരുകളിലെ ജനനം, മരണം യഥാസമയം രജിസ്റ്റർ ചെയ്യുന്നതിന് എസ്.റ്റി. പ്രൊമോട്ടർമാർ വഴി വ്യാപക പ്രചരണവും ആയതിനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

38(4707) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) അവയിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ വീതമുണ്ട്; ഓരോ കുടുംബത്തിലും ഉൾപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) ഇതിൽ സ്വന്തമായി വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ട് ;

(ഡി) വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുവച്ചുനൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കോളനികളുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. കളപ്പാറ കോളനി (ചേലക്കര ഗ്രാമപഞ്ചായത്ത്)
2. മാർട്ടിൻമുകൾ കോളനി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്)
3. മാൻകുളമ്പ് കോളനി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്)
4. തിരുമണി കോളനി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്)

(ബി) കളപ്പാറ കോളനിയിൽ 22 കുടുംബങ്ങൾ ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 79)

മാട്ടിൻമുകൾ കോളനിയിൽ 20 കുടുംബങ്ങൾ ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 56)

മാൻകുളമ്പ് കോളനിയിൽ 13 കുടുംബങ്ങൾ ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 42)

തിരുമണി കോളനിയിൽ 35 കുടുംബങ്ങൾ ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 124)

ഓരോ കുടുംബത്തിലും ഉൾപ്പെട്ടവരുടെ പേരുവിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ഇതിൽ സ്വന്തമായി വീടില്ലാത്ത 9 കുടുംബങ്ങളുണ്ട്.

(ഡി) ടി 9 കുടുംബങ്ങളിൽ 8 കുടുംബങ്ങളും ഭൂരഹിതരാണ്. ടി കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനും, ഭൂമിയുള്ള ഒരു കുടുംബത്തിനും വീട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**ചാലക്കുടി മണ്ഡലത്തിലെ കോളനികളിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾ**

39(4708) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പരമ്പരാഗത ഈറ്റ ഉൽപ്പന്നങ്ങൾ, കണ്ണാടിപ്പായ മുളകൊണ്ടുള്ള വിവിധ വാദ്യോപകരണങ്ങൾ, മുറം തുടങ്ങിയവയുടെ നിർമ്മാണത്തിനും വിപണനത്തിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പരമ്പരാഗത ഈറ്റ ഉൽപ്പന്നങ്ങൾ, കണ്ണാടിപ്പായ, മുളകൊണ്ടുള്ള വിവിധ വാദ്യോപകരണങ്ങൾ, മുറം തുടങ്ങിയവയുടെ നിർമ്മാണത്തിനും വിപണനത്തിനുംവേണ്ടി നടപ്പുസാമ്പത്തികവർഷത്തെ പ്രത്യേക കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മലക്കപ്പാറ കേന്ദ്രീകരിച്ച് വിപണനശാല തുടങ്ങുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇവരെ കണ്ടെത്തി സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉൽപ്പന്ന പ്രദർശനമേളയായ ഗദ്ദികയിൽ ഇവരെ പങ്കെടുപ്പിക്കുന്നതിനും ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

40(4709) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് അനുമതി ലഭിച്ച പ്രവൃത്തികൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - ഡി)

<u>പട്ടികജാതി വികസന വകുപ്പ് :</u>

2015-16, 2016-17 സാമ്പത്തികവർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. *

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

**പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണ സഹായ പദ്ധതികൾ**

41(4710) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിന്റെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിനുള്ള ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തികവർഷം പുതിയ വീടുകൾക്കും, മുൻവർഷങ്ങളിലെ സ്പിൽഓവർ പ്രവൃത്തികൾക്കും ഭവന പുനരുദ്ധാരണത്തിനുമായി വിവിധ പദ്ധതികളിലുൾപ്പെടുത്തി ആകെ 242,17,86,520 രൂപയും 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ 115.08 കോടി രൂപയിൽ നിന്നും നാളിതുവരെയായി ടി പദ്ധതിക്കായി 22 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്ക് മുമ്പ് അനുവദിച്ച് നൽകിയതും, പണി പൂർത്തിയാക്കി ആറ് വർഷം കഴിഞ്ഞ വീടുകളുടെ അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കും നിലവിൽ വാസയോഗ്യമല്ലാത്തതും ഭാഗികമായി മാത്രം വാസയോഗ്യമായതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനുമായി നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ച് നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം മുതൽ ടി തുക ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ ഐ.ടി.ഐ./ഐ.ടി.സി.-കളെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

42(4711) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നിലേശ്വരത്തും ചെറുവത്തൂരും പ്രവർത്തിക്കുന്ന ഐ.ടി. ഐ/ ഐ.ടി.സി.-കളിൽ പുതിയ കോഴ്സുകൾ അനുവദിച്ചും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചും മികവിന്റെ കേന്ദ്രമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഉപരിപഠനത്തിനായി സ്ഥാപിച്ച പ്രസ്തുത സ്ഥാപനങ്ങളുടെ ബാലാരിഷ്ടതകൾ പരിഹരിക്കാൻ സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

## ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) നടപ്പാക്കും. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നീലേശ്വരം, ചെറുവത്തൂർ എന്നീ ഐ.ടി.ഐ.-കളിൽ യഥാക്രമം ഡി.സിവിൽ (2 വർഷം), പ്ലമ്പർ (1 വർഷം) എന്നീ ട്രേഡുകളാണ് നിലവിലുള്ളത്. അതിനുപുറമെ ഈ രണ്ട് ഐ.ടി.ഐ.-കളിലും രണ്ട് വർഷത്തെ ഇലക്ട്രീഷ്യൻ ട്രേഡിന്റെ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവരികയാണ്. നീലേശ്വരം ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുവത്തൂർ ഐ.ടി.ഐ.യിൽ നിലവിലുള്ള കെട്ടിടം കൂടുതൽ സൗകര്യമുള്ളതാക്കാൻ വേണ്ട നടപടിക്രമങ്ങൾ നടന്നുവരുന്നു.

## കിർത്താഡ്സിന്റെ പ്രവർത്തനവും ആദികലാഗ്രാമം പരിപാടിയും

43(4712) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി കിർത്താഡ്സ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) പ്രസ്തുത വിഭാഗങ്ങൾക്കായി കിർത്താഡ്സ് നടത്തുന്ന പരിശീലന, ശാക്തീകരണ, വിദ്യാഭ്യാസ പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നത് സംബന്ധിച്ച് സംശയമുള്ള കേസ്സുകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അനുവർത്തിച്ചുവരുന്നത്;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ നൃത്തവും സംഗീതവും പരിപോഷിപ്പിക്കുന്നതിനായി കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ ആദികലാഗ്രാമം പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ വിഭാഗക്കാർക്കായി കിർത്താഡ്സ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി അവർക്കുവേണ്ടി നടപ്പിലാക്കിവരുന്ന വികസന പദ്ധതികളുടെ വിലയിരുത്തൽ പഠനങ്ങൾ കിർത്താഡ്സ് നടത്താറുണ്ട്. ഈ വിലയിരുത്തൽ പഠനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പോരായ്മകൾ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന വികസന പദ്ധതികളും അനുബന്ധപ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ പദ്ധതികളെക്കുറിച്ചും പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ അറിവുകളെക്കുറിച്ചും അവ പ്രായോഗികതലത്തിൽ ഗുണപ്രദമായി ഉപയുക്തപ്പെടുത്തുന്നതിനെക്കുറിച്ചും പട്ടിക വർഗ്ഗക്കാരിലെ യുവതീയുവാക്കൾ, ജനപ്രതിനിധികൾ, കലാകാരന്മാർ തുടങ്ങിയവർക്ക് പരിശീലന പരിപാടികൾ കിർത്താഡ്സ് നടത്തുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുവാനും അവരിൽ ആത്മവിശ്വാസം വളർത്തുവാനും മുഖ്യധാരാ സമൂഹവുമായി മെച്ചപ്പെട്ട രീതിയിൽ ഇടപഴകുവാനും സമൂഹത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും പ്രശ്നങ്ങളെ കണ്ടെത്തി അവ പരിഹരിക്കുവാനും വകുപ്പ് നടത്തുന്ന വിവിധ മേഖലകളിലെ പരിശീലന പരിപാടികളിലൂടെ പട്ടികവർഗ്ഗ സമൂഹത്തിന് സാധിക്കുന്നുണ്ട്. ഗോത്രവർഗ്ഗ മേഖല നേരിടുന്ന ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക പ്രശ്നങ്ങളെ ദൂരീകരിക്കുവാനും സമുദായോന്നമനത്തിന് അവശ്യംവേണ്ട നേതൃത്വഗുണം അംഗങ്ങളിൽ വാർത്തെടുക്കുവാനും കിർത്താഡ്സിന്റെ പരിശീലനങ്ങളിലൂടെ സാധിക്കുന്നുണ്ട്.

മേൽ പ്രസ്താവിച്ച പരിശീലന പരിപാടികൾക്കുപുറമെ പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റ്/ ഗവൺമെന്റിതര ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും പൊതു പ്രവർത്തകർക്കും മറ്റും പരിശീലനങ്ങൾ സംഘടിപ്പിക്കാറുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള ഒരവബോധം അത്തരം പരിശീലനങ്ങളിലൂടെ സൃഷ്ടിക്കുവാൻ സാധിക്കുന്നുണ്ട്. അത്തരം ഒരവബോധം സമുദായങ്ങളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിലറിയുവാനും അവയെ എളുപ്പത്തിൽ ദൂരീകരിക്കുവാനും ഉദ്യോഗസ്ഥരെ സഹായിക്കും.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) Act 11 of 1996-The Kerala (Scheduled Caste and Scheduled Tribe) Regulation of issue of community Certificate Act, 1996 എന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കേസുകളിന്മേൽ അന്വേഷണം നടത്തുന്നത്. ഇതിനായി കിർത്താഡ്സിന്റെ നരവംശ ശാസ്ത്ര വിഭാഗത്തിൽ ഒരു വിജിലൻസ് സെൽ സർക്കാരിന്റെ വിദഗ്ദ്ധ ഏജൻസിയായി പ്രവർത്തിക്കുന്നു. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ പറയുന്നു:

1. ജാതി അവകാശവാദം/തർക്കം ഉന്നയിക്കുന്ന വ്യക്തിക്ക് തീയതി, സമയം, സ്ഥലം എന്നിവ വ്യക്തമാക്കിക്കൊണ്ട് രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് നൽകുന്നു.

2. ഹിയറിംഗിന് ഹാജരാകാത്തപക്ഷം തുടർ നോട്ടീസുകൾ നൽകുന്നു.

3. പരാതിക്കാർ ഉള്ള കേസുകളിൽ തെളിവുകൾ ഹാജരാക്കുന്നതിന് അവർക്കും അവസരം നൽകുന്നുണ്ട്.

4. രേഖാമൂലവും വാങ്മൂലവും ഉള്ള തെളിവുകൾ സമർപ്പിക്കുന്നതിന് വേണ്ടത്ര സമയവും അവസരവും നൽകുന്നു.

5. വിജിലൻസ് സെല്ലിലെ അന്വേഷണ ഉദ്യോഗസ്ഥർ തർക്കത്തിൽ ഉൾപ്പെട്ട വ്യക്തിയുടെ വംശവൃക്ഷാവലി തയ്യാറാക്കുകയും, ആവലാതിക്കാർ സമർപ്പിച്ച രേഖകളും പ്രമാണങ്ങളും പ്രാദേശിക അന്വേഷണം നടത്തി അവയുടെ ആധികാരികതയും നിജസ്ഥിതിയും ബോദ്ധ്യപ്പെടുന്നു.

6. ഇതിനായി ആവലാതിക്കാർ പഠിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, ബന്ധുഗൃഹങ്ങൾ, റവന്യൂ ഓഫീസുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നുംതെളിവ് ശേഖരണം നടത്തുകയും ചെയ്യുന്നു. രേഖകളും പ്രമാണങ്ങളും പ്രാദേശിക അന്വേഷണത്തിലൂടെ വെളിവായ വസ്തുതകളുടെയും അടിസ്ഥാനത്തിൽ നരവംശ ശാസ്ത്രപരമായി വിശകലനം ചെയ്ത് നിലവിലുള്ള സർക്കാർ, കോടതി ഉത്തരവുകളുടെ പശ്ചാത്തലത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നു. കേസിന്റെ സവിശേഷതകളും സ്വഭാവവും അനുസരിച്ച് താലൂക്ക്, കോടതി, വിവിധ കമ്മീഷനുകൾ, സ്ക്രീനിംഗ് കമ്മിറ്റി, സ്ക്രൂട്ടിണി കമ്മിറ്റി എന്നിവിടങ്ങളിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു.

(ഡി) സംഘടിപ്പിച്ചിട്ടുണ്ട്. വർഷംതോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ വച്ച് നടത്തുന്ന പത്ത് ദിവസം നീണ്ടുനിൽക്കുന്ന 'ഗദ്ദിക' ഉൽപ്പന്ന പ്രദർശന വിപണന മേളയുടെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകളുടെ അവതരണം ഒരുക്കാറുണ്ട്.

ഇതിനുപുറമെ കഴിഞ്ഞ അഞ്ച് വർഷമായി പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകളെ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വർഷംതോറും ഏതെങ്കിലും ഒരു ഗോത്ര സമുദായത്തിന്റെ കലകൾക്കായി 15 ദിവസം നീണ്ടു നിൽക്കുന്ന പഠന കളരികൾ വകുപ്പിൽ സംഘടിപ്പിക്കാറുണ്ട്. ഈ സാമ്പത്തികവർഷം കാട്ടുനായിക്കൻ, മലക്കുടിയ എന്നീ ഗോത്ര സമൂഹങ്ങളുടെ പാരമ്പര്യ കലകൾക്കായി പഠന കളരികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 2016-17 മാർച്ചിൽ കിർത്താഡ്സ് ക്യാമ്പസിൽവച്ച് ട്രൈബൽ ആർട്ട് ഫോംസ് ഓഫ് ഇന്ത്യ എന്ന പേരിൽ ആദ്യമായി ഒരു അന്തർദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു.

(ഇ) കിർത്താഡ്സ് പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ഗവേഷണ-വികസന പഠന പരിശീലന വിഭാഗങ്ങൾ ആദികലാകേന്ദ്രം, മ്യൂസിയം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജാതി തട്ടിപ്പ് കേസുകൾ വർദ്ധിച്ചുവരുന്നത് തടയുന്നതിന് നടപടി**

44(4713) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽവന്ന ജാതിത്തട്ടിപ്പ് കേസുകൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ജാതിത്തട്ടിപ്പ് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നൽകുന്ന സർട്ടിഫിക്കറ്റുകൾ ഏത് അതോറിറ്റി മുമ്പാകെയാണോ സമർപ്പിക്കുന്നത് ടി അതോറിറ്റിക്ക് ഓൺലൈനായി സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

(സി) വ്യാജ സർട്ടിഫിക്കറ്റ് നൽകിയതായി പരാതി ലഭിക്കുന്ന കേസുകളിൽ 1996-ലെ ആക്ട് 11 പ്രകാരം അന്വേഷണം നടത്തി, ആവശ്യമെന്നുകാണുന്നപക്ഷം നിയമാനുസൃത നടപടി സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

**പിന്നോക്ക സമുദായ വികസന കോർപ്പറേഷന്റെ സേവനങ്ങൾ**

45(4714) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ തൊഴിൽ സംരംഭകർക്കായി ചെയ്തുവരുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ലളിതമായ വ്യവസ്ഥയിലും വളരെ കുറഞ്ഞ പലിശനിരക്കിലും വായ്പ അനുവദിച്ച് വരുന്നു. ഒ.ബി.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പ വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. വായ്പയെടുത്ത് സംരംഭം ആരംഭിച്ച വ്യക്തികൾക്ക് അത് വിപുലീകരിക്കാൻ തുടർ വായ്പ ലഭിക്കുന്നതാണ്. പ്രവർത്തന മൂലധന വായ്പാ പദ്ധതിപ്രകാരം എട്ട് ശതമാനം പലിശയ്ക്ക് മൂന്ന് ലക്ഷം രൂപ വായ്പയായി അനുവദിക്കും. സ്വയംതൊഴിൽ വായ്പാ തിരിച്ചടവ് പൂർത്തിയായ ശേഷമേ തുടർ വായ്പാ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് സംരംഭകത്വ പരിശീലന പരിപാടികൾ കോർപ്പറേഷൻ സംഘടിപ്പിച്ചുവരുന്നു.

കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് സംരംഭങ്ങൾ ആരംഭിച്ച ഗുണഭോക്താക്കൾക്ക് അവരുടെ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തുന്നതിന് സഹായകമാകുന്ന വിധത്തിൽ പ്രദർശന വിപണന മേളകൾ കോർപ്പറേഷൻ സംഘടിപ്പിച്ച് വരുന്നു. ഗുണഭോക്താക്കൾക്ക് സ്റ്റാളുകൾ സൗജന്യമായി അനുവദിക്കുന്നതിന് പുറമെ, ദിനബത്തയും കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും സമാന ഏജൻസികൾ/ദേശീയ ഏജൻസികൾ സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനും ഗുണഭോക്താക്കൾക്ക് അവസരം നൽകിവരുന്നു. ഇത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

46(4715) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷനിൽനിന്നും 2016-17 വർഷം ഏതെല്ലാം ഇനം വായ്പകൾക്ക് എത്രപേർ അപേക്ഷിച്ചു; എത്രപേർക്ക് നല്കി; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷൻ എത്ര ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത് എന്നും വായ്പ്പകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോഎന്നും ഇനം തിരിച്ച വിശദമാക്കുമോ;

(സി) കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പ , ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ടോയെന്നും എന്തുമാനദണ്ഡങ്ങൾ പ്രകാരമാണ് ഇവ അനുവദിക്കുന്നതെന്നും 2016-17 -ൽ ഈയിനങ്ങളിൽ എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ഡി) 2016-17 വർഷം പ്രവർത്തനങ്ങൾക്കായി കോർപ്പറേഷനു ലഭ്യമായ തുക കേന്ദ്രസഹായം ഉൾപ്പെടെ എത്രയെന്നും എത്ര തുക ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു എന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം വിതരണം ചെയ്ത അപേക്ഷകളുടെ എണ്ണം, വിതരണം ചെയ്ത തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു:

പദ്ധതി തിരിച്ചുള്ള വായ്പാ വിതരണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | 2016-17 ൽ അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം | 2016-17-ൽ വായ്പാ വിതരണം ചെയ്തവരുടെ എണ്ണം | വായ്പ തുക (കോടിയിൽ ) |
|---|---|---|---|
| സ്വയംതൊഴിൽ വായ്പാപദ്ധതി | 5685 | 5258 | 81.56 |
| മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി | 23292 | 23292 | 66.74 |
| വിദ്യാഭ്യാസ വായ്പാ പദ്ധതി | 1405 | 1206 | 31.39 |
| വിവാഹ വായ്പാ പദ്ധതി | 3154 | 2966 | 42.32 |
| സുവർണ്ണശ്രീ വായ്പാ പദ്ധതി | 2546 | 2957 | 51.09 |
| വ്യക്തിഗത വായ്പാ പദ്ധതി | 1746 | 1817 | 38.65 |
| ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി | 180 | 201 | 4.69 |
| വാഹന വായ്പാ പദ്ധതി | 69 | 69 | 0.56 |
| ആകെ | 38077 | 37766 | 317 |

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC), എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വിവിധ

പദ്ധതികൾ പ്രകാരമുള്ള വായ്പകളുടെ പലിശനിരക്കും മറ്റു വിശദാംശങ്ങളും അനുബന്ധം 1,2,3, ആയി ചേർക്കുന്നു.* കോർപ്പറേഷൻ വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നില്ല.

(സി) കോർപ്പറേഷൻ മറ്റ് പിന്നോക്ക/മത ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നു. പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് പത്ത് ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷം രൂപ ) വരെയും വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) വരെയും വിദ്യാഭ്യാസ വായ്പ അനുവദിക്കും. പലിശ നിരക്ക് ആൺകുട്ടികൾക്ക്-4%, പെൺകുട്ടികൾക്ക് -3.5%. ഗ്രാമങ്ങളിൽ 98,000 രൂപയിലും, നഗരങ്ങളിൽ 1,20,000 രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രണ്ട് വ്യത്യസ്ത പദ്ധതികൾ പ്രകാരം വായ്പ അനുവദിക്കുന്നു. ഗ്രാമങ്ങളിൽ 81,000 രൂപയിലും നഗരങ്ങളിൽ 1,03,000 രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപവരെയും (പ്രതിവർഷം 2 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപവരെയും (പ്രതിവർഷം 4 ലക്ഷം രൂപ) 3% പലിശനിരക്കിൽ അനുവദിക്കും. ഇതിനുപുറമെ 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)വരെയും വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) വരെയും അനുവദിക്കുന്നു. പലിശ നിരക്ക് ആൺകുട്ടികൾക്ക്- 8%, പെൺകുട്ടികൾക്ക്- 5%.

2016-17 സാമ്പത്തിക വർഷം വിദ്യാഭ്യാസ വായ്പ ഇനത്തിൽ ആകെ 31.39 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ ചികിത്സ ധനസഹായം അനുവദിക്കുന്നില്ല.

(ഡി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), എന്നിവയുടെ വായ്പ സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. 2016-17 സാമ്പത്തിക വർഷം കോർപ്പറേഷന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയ ഏജൻസികളിൽ നിന്നും ലഭ്യമായ വായ്പ ചുവടെ ചേർക്കുന്നു:

| ഏജൻസി | വായ്പാതുക കോടിയിൽ |
|---|---|
| ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) | 75.00 |
| ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) | 65.50 |
| ആകെ | 140.50 |

ഇതിനുപുറമെ കേരള സർക്കാരിൽ നിന്നും മൂലധന സഹായമായി 13 കോടി രൂപയും 2016-17 സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. ടി തുകയും കോർപ്പറേഷന്റെ സ്വന്തം ഫണ്ടും വിനിയോഗിച്ച് 2016-17 സാമ്പത്തിക വർഷം വിവിധ വായ്പാ പദ്ധതിക്കായി 317 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**വിശ്വകർമ്മ സമുദായത്തിന്റെ സാമ്പത്തിക സാമൂഹ്യസ്ഥിതിയെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ**

47(4716) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായത്തിന്റെ സാമ്പത്തിക സാമൂഹ്യസ്ഥിതിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി മുൻസർക്കാർ എതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ ഇതിനകം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിമേൽ ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കാമോ?

ഉത്തരം

(എ&ബി) വിശ്വകർമ്മ സമുദായത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. പി. എൻ. ശങ്കരനെ ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശിപാർശകൾ സംബന്ധിച്ച് ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അത് ലഭിച്ചശേഷം മാത്രമേ ശിപാർശകൾ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

(സി) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## ടി. പി. സെൻകുമാർ സുപ്രീംകോടതിയിൽ നൽകിയ അപ്പീൽ

48(4717) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും നീക്കംചെയ്തത് സംബന്ധിച്ച് ടി.പി. സെൻകുമാർ സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ സംസ്ഥാന സർക്കാരിനുവേണ്ടി കേസ് വാദിച്ചത് ആരെല്ലാമാണ്; അപ്പീൽ, വ്യക്തതാ ഹർജി, പുനപരിശോധനാ ഹർജി എന്നിവ പരിഗണിച്ചവേളയിൽ സർക്കാർ അഭിഭാഷകർ കൂടാതെ ആരെല്ലാമാണ് സുപ്രീം കോടതിയിൽ ഹാജരായത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഓരോരുത്തർക്കും വക്കീൽ ഫീസിനത്തിലും മറ്റുമായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാർ 2006-ന് ശേഷം ഇത്രയും ഫീസ് നൽകി പുറമേ നിന്ന് ഏതെങ്കിലും അഭിഭാഷകന്റെ സേവനം സുപ്രീം കോടതിയിൽ ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രീ. ടി. പി. സെൻകുമാർ സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായത് സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ. ഹരീഷ് സാൽവെയും ശ്രീ. പി. പി. റാവുവും കേരള ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ. ജി. പ്രകാശുമാണ്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ 'ക്ലാരിഫിക്കേഷൻ ഹർജിയിൽ' സർക്കാരിനുവേണ്ടി ഹാജരായത് സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ. സിദ്ധാർത്ഥ ലൂത്ര, ശ്രീ. ജെയ്ദീപ് ഗുപ്ത, സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ. ജി. പ്രകാശ് എന്നിവരുമാണ്.

(ബി&സി) ഇതുവരെ ഫീസായി തുകയൊന്നും നൽകിയിട്ടില്ല.

## ഡയറക്ടറേറ്റുകളിലെ നിയമം സംബന്ധിച്ച കേസ്

49 (4718) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വകുപ്പ് ഡയറക്ടറേറ്റുകളിലും നിയമസംബന്ധവും കേസുകളുമായി ബന്ധപ്പെട്ടതുമായ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി നിയമ വകുപ്പിൽ

നിന്നും ഡെപ്യൂട്ടേഷനിൽ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചില വകുപ്പുകളിൽ കേസുകളുടെ എണ്ണം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസുകളുമായി ബന്ധപ്പെട്ട ഫയലുകളിൽ ലോ ഓഫീസർ റിമാർക്സ് എഴുതാറുണ്ടോ; ലോ ഓഫീസറുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയമ വകുപ്പ് സെക്രട്ടറി വിലയിരുത്തൽ നടത്താറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നിയമ വകുപ്പിന്റെ പ്രതിനിധി ഇല്ലാത്ത വകുപ്പുകളിൽ ഇത്തരം ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് അറിവുണ്ടോ ;

(ഡി) അതത് വകുപ്പിലുള്ള നിയമബിരുദം നേടിയ ഉദ്യോഗസ്ഥരെ പ്രൊമോട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ലാ ബിരുദം നേടിയ ഉദ്യോഗസ്ഥരെ ഇപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യുവാൻ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ വകുപ്പ് ഡയറക്ടറേറ്റുകളിലും നിയമസംബന്ധമായ കേസ് കൈകാര്യം ചെയ്യുന്നതിന് നിയമവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നില്ല. നിയമവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ അദർ ഡ്യൂട്ടിയിലും അന്യത്രസേവന വ്യവസ്ഥയിലുമായി ചുവടെ ചേർക്കുന്ന ഓഫീസുകളിൽ മാത്രമാണ് ലാ ഓഫീസർ തസ്തികയിൽ ജോലി നോക്കി വരുന്നത്:

1. കേരള വനിതാ കമ്മിഷൻ, തിരുവനന്തപുരം
2. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, തിരുവനന്തപുരം
3. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ, തിരുവനന്തപുരം
4. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ, തിരുവനന്തപുരം
5. കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്
6. കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം (2 പോസ്റ്റുകൾ)
7. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, തിരുവനന്തപുരം
8. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തിരുവനന്തപുരം (2 പോസ്റ്റുകൾ)

9. ലേബർ കമ്മിഷണറേറ്റ്, തിരുവനന്തപുരം

10. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

11. വ്യവസായ ഡയറക്ടറേറ്റ്, തിരുവനന്തപുരം

12. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്, തിരുവനന്തപുരം

13. അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

14. സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

15. ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം

16. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെകട്റേറ്റ്, തിരുവനന്തപുരം

17. ഇൻഷ്വറൻസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

18. സോഷ്യൽ ജസ്റ്റിസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

19. അഗ്രികൾച്ചറൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം

20. ഇറിഗേഷൻ (സ്പെഷ്യൽ എൻക്വയറി) സെൽ, തിരുവനന്തപുരം

21. ആരോഗ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം

22. പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം

23. ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്, തിരുവനന്തപുരം

24. ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

25. ഫിഷറീസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

26. എക്സൈസ് കമ്മിഷണറേറ്റ്, തിരുവനന്തപുരം

27. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം

28. ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം

29. സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മിഷൻ, തിരുവനന്തപുരം

30. പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

കൂടാതെ, ജില്ലാ ലാ ഓഫീസർ തസ്തികയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലാ കളക്ടേറ്റുകളിൽ നിയമ വകുപ്പിൽ

നിന്നുള്ള ഉദ്യോഗസ്ഥർ ജോലി നോക്കിവരുന്നുണ്ട്. അതത് ഭരണവകുപ്പുകളുടെ അഭ്യർത്ഥനയും ധനവകുപ്പിന്റെ അനുമതിയും ലഭിക്കുന്നപക്ഷം നിയമവകുപ്പിൽനിന്ന് ഉദ്യോഗസ്ഥരെ നൽകാൻ കഴിയുന്നതാണ്.

(ബി) കേസ്സുകളുടെ എണ്ണം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഭിപ്രായം ആരാഞ്ഞുകൊണ്ട് ലാ ഓഫീസർക്ക് നൽകുന്ന ഫയലുകളിൽ ലാ ഓഫീസർമാർ അഭിപ്രായം രേഖപ്പെടുത്താറുണ്ട്. ലാ ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. ജില്ലാ കളക്ടേറ്റുകളിലെയും വിവിധ വകുപ്പ് ആസ്ഥാനങ്ങളിലെയും സ്യൂട്ട് സെൽ മുഖേന നടത്തുന്ന കേസ്സുകളുടെ വിലയിരുത്തൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ് നടത്തിവരുന്നതാണ്.

(സി) നിയമ വകുപ്പിൽ നിന്നുള്ള പ്രതിനിധിയില്ലാത്ത വകുപ്പുകൾക്ക് സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ മുഖേന കോടതി കേസ്സുകൾ സംബന്ധമായി സത്യാവാങ്മൂലം, പത്രിക എന്നിവ സമർപ്പിക്കേണ്ടി വരുന്ന സാഹചര്യത്തിൽ നിയമ (സ്യൂട്ട്) വകുപ്പിൽ പരിശോധനയ്ക്കായി നൽകാവുന്നതും നിയമപരമായ ഉപദേശം/അഭിപ്രായം ആവശ്യമുള്ളപക്ഷം നിയമ (ഒപ്പീനിയൻ) വകുപ്പിൽനിന്ന് അഭിപ്രായം ആരായാവുന്നതുമാണ്.

(ഡി) നിയമബിരുദം നേടി എന്നതുകൊണ്ടുമാത്രം ഉദ്യോഗസ്ഥരെ പ്രൊമോട്ട് ചെയ്യാൻ സാധിക്കുന്നതല്ല. നിയമ ബിരുദം നേടിയതുകൊണ്ട് മാത്രം ഇപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ കഴിയുന്നതല്ല.

## ലീഗൽ അസിസ്റ്റന്റ് ഒഴിവുകൾ

50(4719) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ എത്ര ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലല്ലാതെ ഏതെല്ലാം വകുപ്പുകളിൽ ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്;

(സി) പ്രസ്തുത തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ നിയമവകുപ്പിൽ 24 ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്.

(ബി) കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം ഫോറസ്റ്റ് ചീഫ് കൺസർവേറ്ററുടെ കാര്യാലയം എന്നിവിടങ്ങളിൽ ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുണ്ട്. ഈ കാര്യാലയങ്ങളിൽ നിയമവകുപ്പിൽനിന്നും അദർ ഡ്യൂട്ടിയിൽ ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുകയാണ് ചെയ്യുന്നത്.

(സി) പ്രസ്തുത തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. 17 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 എണ്ണം റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 17 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 എണ്ണം റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**വ്യവഹാരഭാഷ മലയാളത്തിലായിരിക്കണമെന്ന നിർദ്ദേശം**

51(4720) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭരണഭാഷ മലയാളം' എന്ന തീരുമാന പ്രകാരം വിവിധ കോടതികളിലെ വിധി ഉൾപ്പെടെയുള്ള വ്യവഹാരഭാഷ മലയാളത്തിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഹൈക്കോടതിയെ 'ഭരണഭാഷ മലയാളം' എന്നതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഹൈക്കോടതി വിധിപകർപ്പുകൾ മലയാള ഭാഷയിൽ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 26-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 6/2017/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം 2017 മേയ് ഒന്നുമുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ സഹകരണ സ്ഥാപനത്തിൽ ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കോടതി വിധി ഉൾപ്പെടെയുള്ള വ്യവഹാരഭാഷ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 11-5-1973-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/73/ആഭ്യന്തരം പ്രകാരം കേരളത്തിലെ കീഴ്കോടതികളിൽ ഇംഗ്ലീഷോ, മലയാളമോ ഉപയോഗിക്കാമെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്. ഹൈക്കോടതിയിൽ ഭരണഭാഷ മലയാളമാക്കുന്നതിനോ വിധിപകർപ്പുകൾ മലയാള ഭാഷയിൽ ലഭ്യമാക്കുന്നതിനോ ഉള്ള ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ലെന്നും ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.

**കേരള ലീഗൽ സർവ്വീസസ് അതോറിറ്റി**

52(4721) <u>ശ്രീ. എ. എം. ആരിഫ്:</u>

<u>ശ്രീമതി പി. അയിഷാ പോറ്റി:</u>

<u>ശ്രീ. എ. എൻ. ഷംസീർ:</u>

<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സൗജന്യമായി നിയമസഹായം നൽകുന്നതിനായി രൂപീകരിച്ച കേരള ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ)യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ എന്തെല്ലാം നിയമസഹായങ്ങളാണ് കെൽസയിൽനിന്നും ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(സി) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നിയമ സഹായം നൽകുന്നതിനുവേണ്ടി ദേശീയ നിയമ സേവന അതോറിറ്റി (NALSA) ആവിഷ്കരിച്ചിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് കെൽസ ഏറ്റെടുത്ത് നടത്തുന്നത്;

(ഡി) കെൽസയിൽനിന്ന് നിയമസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ഇ) കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ്സ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ്സ് കമ്മിറ്റികൾ ഇതര തർക്ക പരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ. സെന്റർ), പെർമനെന്റ് ലോക് അദാലത്തുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാത്തതുമായ നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തുകളിലൂടെ ഒത്തുതീർപ്പാക്കാവുന്നതാണ്. എല്ലാ ലീഗൽ സർവ്വീസസ്സ് സ്ഥാപനങ്ങളും സ്ഥിരമായി അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയ നിയമസേവന അതോറിറ്റിയുടെ നിർദ്ദേശപ്രകാരം വിവിധ വിഷയങ്ങളിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ദേശീയ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സഞ്ചരിക്കുന്ന ലോക് അദാലത്ത് വാൻ വഴി പഞ്ചായത്തുകളിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലും അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. നോട്ടിഫൈ ചെയ്ത പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളിലെ പ്രശ്നപരിഹാരത്തിനുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പെർമനന്റ് ലോക് അദാലത്തുകൾ പ്രവർത്തിക്കുന്നു. കേരളത്തിൽ 14 ജില്ലാ സെന്ററുകളിലും മാവേലിക്കര, വടക്കൻ പറവൂർ എന്നിവിടങ്ങളിലുമായി 16 എ.ഡി.ആർ. സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ 44 മീഡിയേഷൻ സബ്സെന്ററുകളും പ്രവർത്തിക്കുന്നു. കോടതികളിൽ നിലനിൽക്കുന്ന കേസ്സുകൾ മീഡിയേഷനിലൂടെ രമ്യമായി പരിഹരിക്കപ്പെട്ടുവരുന്നു.

<u>നിയമസഹായം</u>

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ്സ് അതോറിറ്റി, ഹൈക്കോടതി ലീഗൽ സർവ്വീസസ്സ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ്സ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ്സ് കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങൾ മുഖാന്തരം അർഹരായ വിഭാഗങ്ങൾക്ക് സൗജന്യ നിയമ സേവനം നൽകി വരുന്നു. കൂടാതെ ജയിലുകൾ, ആശുപത്രികൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ആകെ 1324 നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. നിയമ സഹായത്തിന് അർഹരായ വിഭാഗങ്ങളെ താഴെ കൊടുക്കുന്നു:

1. സ്ത്രീകൾ
2. കുട്ടികൾ
3. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ
4. പ്രകൃതിക്ഷോഭത്തിനോ, വംശീയ അതിക്രമത്തിനോ ഇരയായവർ
5. വ്യവസായ തൊഴിലാളികൾ
6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ
7. വികലാംഗർ
8. നിർബന്ധിത വേലക്ക് വിധേയരാക്കപ്പെട്ടവർ എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും
9. മറ്റുള്ളവർക്ക് 1,00,000 രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും സൗജന്യ നിയമസഹായം ലഭിക്കും. (വരുമാന പരിധി 3,00,000 രൂപ വർദ്ധിപ്പിച്ച് കെൽസ റൂൾസ് ഭേദഗതി ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.)

നിയമ അവബോധം

9-ാം ക്ലാസ്സിലും ഹയർ സെക്കന്ററിയിലും പഠിക്കുന്ന കുട്ടികൾക്കായി 'നിയമപാഠം' എന്ന് മലയാളത്തിലും 'ലെസ്സൺസ് ഇൻ ലോ' എന്ന് ഇംഗ്ലീഷിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കായി 'സ്ത്രീയും നിയമവും' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചുവരുന്നു.

സ്കൂൾ വിദ്യാർത്ഥികൾക്കായി ഭരണഘടനാ കർത്തവ്യങ്ങളെക്കുറിച്ചുള്ള 'എന്റെ രാജ്യം എന്റെ സ്വർഗ്ഗം 'അതിന്റെ ഇംഗ്ലീഷ് പരിഭാഷയായ' മൈനേഷൻ മൈ ഹെവൻ' എന്ന കൈപ്പുസ്തകവും പ്രസിദ്ധീകരിച്ചുവരുന്നു.

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി സംസ്ഥാനതലത്തിൽ നിയമപാഠത്തെ ആസ്പദമാക്കി ക്വിസ് മത്സരം കെൽസ നടത്തിവരുന്നു.

നിയമബോധനം മാധ്യമങ്ങളിലൂടെ

ആകാശവാണി കൊച്ചി എഫ്.എം. റേഡിയോയിലൂടെ ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചുള്ള 'നീതിപൂർവ്വം' എന്ന പരിപാടി ദിവസേന നടത്തിവരുന്നു. ടി പരിപാടി അടിസ്ഥാനമാക്കി നീതിപൂർവ്വം എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു.

ദൂരദർശൻ കേന്ദ്രം തിരുവനന്തപുരവുമായി സഹകരിച്ചുകൊണ്ട് 'സാമൂഹ്യപാഠം' എന്ന പരിപാടിയിലൂടെ മാസത്തിൽ ഒരിക്കൽ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നു.

ആകാശവാണിയിലൂടെ ആഴ്ചയിൽ ഒരു തവണ 'ഹലോ ആകാശവാണി' എന്ന പരിപാടിയിലൂടെ നിയമപ്രശ്നങ്ങൾക്ക് മറുപടി നൽകുന്ന പരിപാടി നടന്നുവരുന്നു.

(സി) ദേശീയ നിയമ സേവന അതോറിറ്റിയുടെ (നാൽസ) താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ കെൽസ ഏറ്റെടുത്ത് നടത്തുന്നു:

1. ദുരന്തങ്ങൾക്ക് ഇരയായിട്ടുള്ളവർക്കുള്ള നിയമ സേവന അതോറിറ്റിയിലൂടെയുള്ള നിയമ സഹായ പദ്ധതി 2010
2. നാൽസ (മനുഷ്യക്കടത്തലിനും വാണിജ്യപരലൈംഗിക ചൂഷണത്തിനും ഇരയായവർക്കും) പദ്ധതി 2015
3. നാൽസ (അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ സേവനങ്ങൾ) പദ്ധതി 2015
4. നാൽസ (ശിശു സൗഹൃദ നിയമ സേവനങ്ങളും അവരുടെ സംരക്ഷണവും) പദ്ധതി 2015
5. നാൽസ (മാനസികാരോഗ്യവും മാനസിക വൈകല്യവുമുള്ള വ്യക്തികൾക്കായുള്ള നിയമ സേവനങ്ങൾ) പദ്ധതി 2016
6. നാൽസ (ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായുള്ള) പദ്ധതി 2015
7. നാൽസ (ഗോത്രവർഗ്ഗ അവകാശ സംരക്ഷണവും നിർവ്വഹണവും) പദ്ധതി 2015
8. നാൽസ (മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ഇരകൾക്കും മയക്കുമരുന്ന് മൂലമുള്ള വിപത്തുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിയമ സഹായങ്ങൾ) പദ്ധതി 2015
9. നാൽസയുടെ (ആസിഡ് ആക്രമണത്തിന് ഇരയായവർക്കുള്ള നിയമ സഹായ പദ്ധതി) 2016
10. നാൽസയുടെ (വൃദ്ധജനങ്ങൾക്കുള്ള നിയമ സഹായ പദ്ധതി) 2016.

ഇവകൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മുൻ എക്സിക്യൂട്ടീവ് ചെയർമാൻ ബഹുമാനപ്പെട്ട ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ അവർകളുടെ നിർദ്ദേശ പ്രകാരം 'കുറ്റവാളികളുടെ ആശ്രിതർക്ക് (സാമൂഹികമായും സാമ്പത്തികമായും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക്) നിയമസഹായം നൽകുന്ന പദ്ധതി, 2017' തയ്യാറാക്കുകയും ആ പദ്ധതി 8-3-2017-ന് ഹൈക്കോടതിയിൽ നടന്ന ചടങ്ങിൽവച്ച് നാടിനായി സമർപ്പിക്കുകയും ചെയ്തു. പദ്ധതി പ്രകാരം കുറ്റവാളികളുടെ ആശ്രിതർക്കായി സൗജന്യ നിയമസഹായം നൽകുവാനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ആശ്രിതർക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

(ഡി) നിയമ സേവന അതോറിറ്റി ആക്ട്, 1987 സെക്ഷൻ 12, സെക്ഷൻ 13 പ്രകാരം സൗജന്യ നിയമസഹായത്തിന് അർഹനായ വ്യക്തി, അർഹത തെളിയിക്കുന്ന രേഖകളുമായി ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി/താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി/താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി/ഹൈക്കോടതി ലീഗൽ സർവ്വീസ്സ് കമ്മിറ്റി എന്നീ സ്ഥാപനങ്ങളെ സമീപിക്കണം.

(ഇ) സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനായി വരുമാന പരിധി 1,00,000 രൂപയിൽനിന്നും 3,00,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗ്രാമീണ കോടതികൾ**

53(4722) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമീണ കോടതികളാണ് പ്രവർത്തിച്ചുവരുന്നത്; പ്രസ്തുത കോടതികൾ സ്ഥാപിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മജിസ്ട്രേറ്റ് കോടതിയിൽ പതിനായിരക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുമ്പോഴും ഗ്രാമീണ കോടതികളിൽ കേസുകൾ കുറയുന്ന സ്ഥിതിവിശേഷത്തിന് കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) മുഴുവൻസമയ ന്യായാധിപൻമാരെ നിയമിക്കുന്നതും കൈകാര്യം ചെയ്യുന്ന കേസുകളുടെ മൂല്യമുയർത്തുന്നതും പ്രസ്തുത കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മുനിസിഫ് മജിസ്ട്രേറ്റ് കോടതികളിലെ കേസുകളുടെ ബാഹുല്യം കുറയ്ക്കുന്നതിനും സഹായിക്കുമെന്ന് കരുതുന്നുണ്ടോ; ഗ്രാമീണ കോടതികളുടെ ലക്ഷ്യം നിറവേറ്റുന്നതിന് മറ്റെന്തെങ്കിലും മാറ്റം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഗ്രാമന്യായാലയ ആക്ട് 2008 സെക്ഷൻ 3 പ്രകാരം എല്ലാ പൗരന്മാർക്കും നീതി ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 30 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുവാൻ 1-3-2011-ലെ സ.ഉ.(കൈ) നമ്പർ 86/2011/ആഭ്യന്തരം പ്രകാരം അനുമതി നൽകുകയും ഈ 30 ന്യായാലയങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ബി&സി) ഗ്രാമന്യായാലയ ആക്ട് 2008 സെക്ഷൻ 12, 13 പ്രകാരം ഗ്രാമന്യായാലയങ്ങളുടെ ക്രിമിനൽ, സിവിൽ അധികാരപരിധി പരിമിതമാണ്. കൂടാതെ ആർത്ഥിക ആധികാരികത 50,000 രൂപ വരെയാണ്. ഈ സാഹചര്യം പരിഗണിച്ച് ഗ്രാമന്യായാലയ ആക്ടിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഹൈക്കോടതി പരിശോധിച്ചുവരികയാണ്.

**സുൽത്താൻ ബത്തേരിയിലും മാനന്തവാടിയിലും സായാഹ്ന കോടതികൾ**

54(4723) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ സായാഹ്ന കോടതികൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) പ്രസ്തുത കോടതികൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലില്ല.

(ബി) പരിഗണനയിലില്ല.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം

55(4724) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കോൺട്രാക്ട് അടിസ്ഥാനത്തിലും, താല്ക്കാലികാടിസ്ഥാനത്തിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ നിയമിച്ചു; അവരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ;

(ബി) എപ്രകാരമാണ് ഇവരുടെ നിയമനം; എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും ആണോ ഇവരുടെ നിയമനം; അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കോൺട്രാക്ട് അടിസ്ഥാനത്തിലും താല്ക്കാലികാടിസ്ഥാനത്തിലും ജോലി നോക്കി വന്നിരുന്ന എത്ര പേരെ പിരിച്ചുവിട്ടു;

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും വില്പന നടത്തുകയും ചെയ്തത് 2011-16 കാലഘട്ടത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസിലുമായി താൽക്കാലികാടിസ്ഥാനത്തിൽ 23 പേരെ നിയമിച്ചിട്ടുണ്ട്. അവരുട പേരും തസ്തികയും അനുബന്ധമായി* ചേർത്തിട്ടുണ്ട്. മുൻകാലങ്ങളിൽ അനുവർത്തിച്ചുപോരുന്ന നടപടിക്രമം പ്രകാരം ആവശ്യമായ പരസ്യം നൽകി സുതാര്യമായ നടപടിക്രമം പാലിച്ച് ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുമ്പോൾ 6 മാസകാലാവധിക്കകത്ത് മാത്രമേ സേവനം ലഭ്യമാകുകയുള്ളൂ. സാങ്കേതിക സ്വഭാവമുള്ള ജോലികൾക്ക് ഈ രീതി അനുയോജ്യമല്ല എന്ന മുൻകാല തീരുമാന പ്രകാരമാണ് നിയമനം നേരിട്ട് നടത്തുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദിവസവേതനക്കാരായ നാലുജീവനക്കാരുടെ സേവനം അവസാനിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2011-2016 കാലയളവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷമായിരുന്നു ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വിൽപ്പന നടത്തിയത്. പ്രസ്തുത വർഷം 3.95 കോടി രൂപയുടെ പുസ്തകങ്ങൾ വിറ്റഴിക്കപ്പെട്ടു.

**പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ**

56(4725) <u>ശ്രീ. മുരളി പെരുനെല്ലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫ.ജോസഫ് മുണ്ടശ്ശേരിയുടെ പേരിൽ സാംസ്കാരിക വകുപ്പിന് കീഴിൽ സാംസ്കാരിക കേന്ദ്രങ്ങൾ നിലവിലുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കണ്ടശ്ശാംകടവിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലില്ല.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സമിതി/സംഘടനകൾ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ഫണ്ട് ലഭ്യത അനുസരിച്ച് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. നിലവിൽ കണ്ടശ്ശാംകടവിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ പേരിൽ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനെ സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കലാകാര പെൻഷൻ കുടിശ്ശിക നൽകുന്നതിന് നടപടി**

57(4726) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ തുക നിലവിൽ എത്ര രൂപയാണ്; ഈ സർക്കാർ വന്നശേഷം പെൻഷനിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;

(സി) പെൻഷൻ കുടിശ്ശിക പൂർണ്ണമായും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 24-10-2016-ലെ GO(Ms)No. 19/2016/CLAD ഉത്തരവ് പ്രകാരം 1,500 രൂപയാണ് നിലവിൽ കലാകാര പെൻഷൻ നൽകുന്നത്. 24-10-2016 -നാണ് 750 രൂപയിൽനിന്നും 1,500 രൂപയാക്കി വർദ്ധിപ്പിച്ചത്.

(ബി&സി) സംസ്ഥാന കലാകാര പെൻഷൻ 2017 ഫെബ്രുവരി മാസം മുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വരികയാണ്. (DBT മുഖേന) ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിശദവിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കിയ 2557 ഗുണഭോക്താക്കൾക്ക് 2017 ഏപ്രിൽ മാസം വരെയുള്ള കലാകാര പെൻഷൻ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 450 കലാകാരന്മാരോട് അക്കൗണ്ട് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ടി ഗുണഭോക്താക്കൾക്ക് കുടിശ്ശികയടക്കം കലാകാര പെൻഷൻ നൽകുന്നതാണ്.

**അനശ്വര സംഗീതജ്ഞൻ രവീന്ദ്രന് സ്മാരകം**

58(4727) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനശ്വര സംഗീതജ്ഞൻ രവീന്ദ്രന് ജൻമനാടായ കുളത്തുപ്പുഴയിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്;

(ബി) സാംസ്കാരിക വകുപ്പിന്റെ ചുമതലയിലും മേൽനോട്ടത്തിലുമാണോ പ്രസ്തുത സ്മാരകം നിർമ്മിക്കുന്നത്;

(സി) സ്മാരക നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2009-ൽ നിർമ്മാണം തുടങ്ങിയ രവീന്ദ്രൻ സ്മാരകം 2010-ൽ നിർമ്മാണം നിലച്ചുപോയി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം പുനരാരംഭിക്കുവാൻ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. സ്മാരക നിർമ്മാണത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിലും ചുമതലയിലുമാണ്

പ്രസ്തുത സ്മാരകം നിർമ്മിക്കുന്നത്.

(സി) 2017-18 വർഷം പൂർത്തിയാക്കുവാൻ കഴിയുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

**തലശ്ശേരി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ**

59(4728) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി കെ. രാഘവൻ മാസ്റ്റർ സ്മാരകത്തിൽ രാഘവൻ മാസ്റ്ററുടെ പ്രതിമ നിർമ്മാണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ നിരവധി പരിപാടികൾ ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. 'കളരിപ്പയറ്റും ഇതരകലകളും' എന്ന വിഷയത്തെ ആധാരമാക്കി 2017 ഫെബ്രുവരി 20 മുതൽ നാലുദിവസം നീണ്ടുനിൽക്കുന്ന 'പൊന്ന്യത്തങ്കം 2017' എന്ന പരിപാടിയിൽ പകൽ സെമിനാറുകൾ, കലാകാരക്കൂട്ടായ്മകൾ എന്നിവയും രാത്രികളിൽ കേരളത്തിലെ ഒരു ഡസനിലധികം കളരിപ്പയറ്റും ഇരുപതോളം അവതരണകലകളും അരങ്ങേറി. കൂടാതെ, ഇരുപതിലധികം ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, സ്കൂളുകൾ എന്നിവയുമായി ചേർന്ന് നാടൻകലാമേളകളും നടത്തുകയുണ്ടായി.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് വഴിയുള്ള പ്രദർശനങ്ങൾ കേരളത്തിലുടനീളം നടത്തിവരുന്നുണ്ട്. 2016-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് ആഗസ്റ്റ് രണ്ടാം വാരം തലശ്ശേരിയിൽവച്ച് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അതോടൊപ്പം കുട്ടികളുടെ ഒരു ക്യാമ്പ് 2017 മേയ് മാസത്തിൽ തലശ്ശേരിയിൽ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി 2017 മാർച്ച് 11, 12 തീയതികളിലായി യു.പി. ജയരാജ് ഓർമ്മ, തലശ്ശേരിയുടെ സഹകരണത്തോടെ തലശ്ശേരി ക്രൈസ്റ്റ്

കോളേജിൽവച്ച് യുവ കഥാകൃത്തുക്കൾക്കായി ചെറുകഥാശിൽപ്പശാല സംഘടിപ്പിച്ചു. അക്കാദമി ഭാരവാഹികളും പ്രശസ്ത ചെറുകഥാകൃത്തുക്കളും പങ്കെടുത്ത ശിൽപ്പശാല യുവ എഴുത്തുകാർക്ക് ഏറെ പ്രയോജനപ്പെട്ടു.

കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ സഞ്ചരിക്കുന്ന പുസ്തകശാല വാഹനം തലശ്ശേരി നിയോജക മണ്ഡലത്തിലുടനീളം സഞ്ചരിക്കുകയും പുസ്തകവിൽപ്പന നടത്തിവരികയും ചെയ്യുന്നു.

## സ്കൂളുകളിലെ ഫിലിം ക്ലബ്ബുകൾ

60(4729) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ ചലച്ചിത്രങ്ങൾ ആസ്വദിക്കുന്നതിനും നിർമ്മിക്കുന്നതിനും പ്രചോദനം നൽകുന്നതിനു വേണ്ടി സ്കൂളുകളിലെ കുട്ടികളുടെ ഫിലിം ക്ലബുകൾക്ക് ലോകോത്തര സിനിമകളും ഹ്രസ്വചിത്രങ്ങളും ഉൾപ്പെടെയുള്ളവയുടെ സി.ഡി.-കൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ചലച്ചിത്ര നിർമ്മാണം, തിരക്കഥാ രചന, ഗാനരചന തുടങ്ങിയവയും ചലച്ചിത്ര നിർമ്മാണത്തിന്റെ സാങ്കേതികവശങ്ങളും കുട്ടികൾക്ക് മനസ്സിലാക്കുന്നതിന് സഹായകമായ പദ്ധതികൾ തയ്യാറാക്കുമോ; എങ്കിൽ വിശദീകരിക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടുകൂടി നടത്തുന്ന സ്ക്രീനിംഗുകൾക്ക് അക്കാദമി നേരിട്ട് സിനിമകളുടെ സി.ഡി. ലഭ്യമാക്കുന്നതാണ്.

(ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എല്ലാ വർഷവും വേനൽ അവധിക്കാലത്ത് ഹൈസ്കൂൾ കുട്ടികൾക്കായി മൂന്ന് ജില്ലകളിലായി റസിഡൻഷ്യൽ ഫിലിം അപ്രിസിയേഷൻ ക്യാമ്പുകൾ നടത്തിവരുന്നു. ചലച്ചിത്ര നിർമ്മാണം, തിരക്കഥാ രചന, ഗാനരചന തുടങ്ങിയവയും ചലച്ചിത്ര നിർമ്മാണത്തിന്റെ സാങ്കേതികവശങ്ങളും കുട്ടികൾക്ക് മനസ്സിലാക്കുന്നതിന് സഹായകരമായ തരത്തിലാണ് ഈ ക്യാമ്പുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

## ചാലക്കുടിയിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി നടപടികൾ

61(4730) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ തിയേറ്റർ സമുച്ചയ നിർമ്മാണത്തിനായി ചാലക്കുടി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) ചാലക്കുടിയിൽ കോർപ്പറേഷന്റെ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പരിഗണനയിലാണ്.

(ബി&സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രതിനിധികൾ സ്ഥലം പരിശോധിച്ച് തിയേറ്റർ നിർമ്മാണത്തിന്റെ സാധ്യത വിലയിരുത്തിയതിനുശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

### കൊണ്ടോട്ടിയിൽ ടി.എ. റസാഖിന്റെ പേരിൽ ഓഡിയോ വിഷ്വൽ തിയേറ്റർ

62(4731) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സാംസ്കാരിക വകുപ്പിന് കീഴിൽ കൊണ്ടോട്ടിയിൽ ടി. എ. റസാഖിന്റെ പേരിൽ ഓഡിയോ വിഷ്വൽ തിയേറ്ററോ മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഒ.എൻ.വി. കുറുപ്പിന്റെ സ്മരണാർത്ഥം സ്മാരക മന്ദിരം, കഴിഞ്ഞ വർഷം പ്രഖ്യാപിച്ച എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക കേന്ദ്രങ്ങൾ, ഫിലിം സിറ്റി, ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം, കലാഭവൻ മണി സ്മാരകം എന്നിവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.

(ബി) കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാഅക്കാദമിയിൽ ടി. എ. റസാഖിന്റെ പേരിൽ ഓഡിയോ വിഷ്വൽ തിയേറ്റർ സ്ഥാപിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 30 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

## എം.എൽ.എ.-മാർക്ക് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാൾ സൗജന്യമായി ലഭിക്കാൻ നടപടി

63(4732) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകനയോഗം ചേരുന്നതിന് പി.ഡബ്ള്യൂ.ഡി.റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാളുകൾക്ക് എം.എൽ.എ. വാടക നൽകേണ്ടതുണ്ടോ എന്നറിയാമോ ;

(ബി) എം.എൽ.എ.-മാർ വാടക നൽകണമെന്ന നിലപാടാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതെങ്കിൽ ഇത്തരം യോഗങ്ങൾക്ക് കോൺഫറൻസ് ഹാൾ സൗജന്യമായി ഉപയോഗിക്കുന്നതിന് അനുമതിക്കായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;

(ഡി) വാടക നൽകണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് അംഗീകരിക്കപ്പെടുകയാണെങ്കിൽ ഇത്തരം കാര്യങ്ങൾക്കുള്ള വാടകത്തുക എം.എൽ.എ .-മാർക്ക് മടക്കിനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമസഭാ സാമാജികർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വിളിച്ചുചേർക്കുന്ന അവലോകന യോഗങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാളുകൾ നിലവിലെ നിരക്കിന്റെ 50 ശതമാനം നിരക്കിൽ അനുവദിച്ചുകൊണ്ട് 5-11-2015-ലെ (കൈ) 88/2015/പൊ.മ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

(ബി-ഡി) ഇപ്പോൾ പരിഗണനയിലില്ല.

## അക്കേഷ്യ പോലുള്ള മരങ്ങൾക്കുപകരം മറ്റ് മരങ്ങൾ നട്ടുവളർത്തുന്നതിന് പദ്ധതി

64(4733) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവത്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള മരങ്ങളെ വെട്ടിമാറ്റി വേറെ മരങ്ങൾ നട്ടുവളർത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും ഇത്തരത്തിലുള്ള മരങ്ങൾ വെട്ടിമാറ്റി വേറെ ഇനം മരങ്ങൾ നട്ടുവളർത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വനവത്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള മരങ്ങളെ വെട്ടിമാറ്റി വേറെ മരങ്ങൾ നട്ടുവളർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ അക്കേഷ്യ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ വനം വകുപ്പ് അക്കേഷ്യ പോലുള്ള മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടില്ല. എങ്കിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലുള്ള ഇത്തരം മരങ്ങൾ വെട്ടിമാറ്റി വേറെയിനം മരങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതിയുമായി സർക്കാരിനെ സമീപിച്ചാൽ അക്കാര്യത്തിൽ വേണ്ട നടപടികൾ അപ്പോൾ സ്വീകരിക്കുന്നതായിരിക്കും.

## വനമേഖലകളിൽ കാട്ടുതീ നിയന്ത്രിക്കുന്നതിന് പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

65(4734) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഡിസംബർ 1-നുശേഷം കേരളത്തിലെ ഏതെല്ലാം വനമേഖലകളിൽ കാട്ടുതീ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദികരിക്കുമോ;

(ബി) കാട്ടുതീ സ്ഥിരമായുണ്ടാകുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വനം വകുപ്പ് പ്രത്യേകമായി കണക്കെടുത്തിട്ടുണ്ടോ ;

(സി) കാട്ടുതീ സ്ഥിരമായി പ്രത്യക്ഷപ്പെടുന്ന പ്രദേശങ്ങളിൽ സ്ഥിരം ജലസംഭരണികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016 ഡിസംബർ ഒന്നിനുശേഷം ഓരോ മേഖലയിലും ബാധിച്ച കാട്ടുതീയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കിൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 428.96 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 712.68 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 551.2 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 470.46 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 200.77 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 30.31 |
| 7 | ഫീൽഡ് ഡയറക്ടർ, (പ്രൊജക്ട് ടൈഗർ), കോട്ടയം | 409.72 |
| 8 | വൈൽഡ് ലൈഫ്, പാലക്കാട് | 182.08 |
| | ആകെ | 2986.18 |

(ബി) ഉണ്ട്.

(സി) വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ച് നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴംകൂട്ടുകയും മണ്ണ് നീക്കംചെയ്യുകയും പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

വനാന്തരങ്ങളിലെ നിരുറവകളുടെ സംരക്ഷണത്തിനായി വനം വകുപ്പിന്റെ

നേതൃത്വത്തിൽ മുന്നൂറിൽപ്പരം ജലാശയങ്ങൾ കളകളും മാലിന്യങ്ങളും നീക്കി വൃത്തിയാക്കുകയും ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മുപ്പതിൽപ്പരം തടയണകളുടെ ഉയരം കൂട്ടുകയും നാൽപ്പത്തഞ്ചോളം വയലുകളിൽ ബണ്ടുകളുടെ ഉയരം കൂട്ടുകയും ചെയ്തിട്ടുള്ളതാണ്. നിലവിലുണ്ടായിരുന്ന അറുപതോളം തടയണകളുടെ ചോർച്ച ഒഴിവാക്കി ജലശേഖരണം ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ മണൽചാക്ക് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

**വനദീപ്തി പദ്ധതി**

66(4735) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം ഡിവിഷനുകളിൽ എത്ര ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ കഴിഞ്ഞു എന്നും ഇതിനായി എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2012-13 വർഷത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലെ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് 20.8 ഹെക്ടർ, കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ പത്തുപറ എന്ന സ്ഥലത്ത് 5.7 ഹെക്ടർ എന്നിവിടങ്ങളിൽ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി തദ്ദേശീയമായ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വനവൃക്ഷങ്ങൾ നട്ടുവളർത്തിയിട്ടുള്ളതാണ്.

(ബി) വിദേശമരമായ അക്കേഷ്യ നട്ടുപിടിപ്പിച്ച ഏകവിളത്തോട്ടങ്ങൾ ഘട്ടംഘട്ടമായി ഇല്ലാതാക്കുക, തദ്ദേശീയവൃക്ഷങ്ങൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിദ്ധ്യ സംരക്ഷണം

ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതിപഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വനദീപ്തി പദ്ധതി പ്രകാരം 2012-13 വർഷത്തിൽ നിർമ്മിച്ച തോട്ടങ്ങളിലെ 5-ാം വർഷ പരിചരണ പ്രവർത്തനമാണ് കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയത്. ആയതിനാൽ പുതിയ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടില്ല. 5-ാം വർഷ പരിചരണത്തിനായി ആകെ 6,03,888 രൂപ ചെലവാക്കിയിട്ടുണ്ട്.

**വനം വകുപ്പിന് ലോക ബാങ്കിൽനിന്ന് വായ്പ**

67(4736) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ലോക ബാങ്കിൽനിന്ന് വായ്പ എടുത്തതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വായ്പ എടുത്തിട്ടുള്ളത്;

(സി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലോക ബാങ്ക് വായ്പയായി സംസ്ഥാന സർക്കാർ വനം വകുപ്പിന് കേരള ഫോറസ്റ്റി പ്രോജക്ടിനായി 182.39 കോടി രൂപയാണ് അനുവദിച്ചിരുന്നത്. അതിൽ 1998 മുതൽ 2002 വരെ 123.54 കോടി രൂപയും 2003 ജനുവരി ഒന്നു മുതൽ 2003 ഒക്ടോബർ 31 വരെ 21.81 കോടി രൂപയുമടക്കം 145.36 കോടി രൂപ ചെലവായിട്ടുണ്ട്.

ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിലേയ്ക്കായി 1996-2004 കാലഘട്ടത്തിൽ ലോക ബാങ്ക് പദ്ധതിയിൽ വനം വകുപ്പിന് 32.275 കോടി രൂപ ലഭിച്ചിട്ടുള്ളതും തുക മുഴുവൻ ചെലവഴിച്ചിട്ടുള്ളതുമാണ്.

ബയോഡൈവേഴ്സിറ്റി കൺസർവേഷൻ & റൂറൽ ലൈവ്ലിഹുഡ്

ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിലേയ്ക്കായി ലോക ബാങ്ക് പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2012-13 മുതൽ 2016-17 വരെ 4.245 കോടി രൂപ ലഭിച്ചിട്ടുള്ളതും നാളിതുവരെ 3.6452 കോടി രൂപ ചെലവായിട്ടുള്ളതുമാണ്.

(ബി) 1. സ്വാഭാവിക വനങ്ങളുടെ ജൈവവൈവിദ്ധ്യം മെച്ചപ്പെടുത്തുന്നതിനും വനം തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത കേരള ഫോറസ്റ്റി പ്രോജക്ട്.

2. പെരിയാർ ഉൾപ്പെടെയുള്ള വന്യജീവി സങ്കേതങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണവും വന്യജീവി സങ്കേതങ്ങളെ ആശ്രയിച്ച് കഴിയുന്ന ആളുകളുടെ ജീവനോപാധി മെച്ചപ്പെടുത്തലും ലക്ഷ്യമിട്ടുള്ള ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്.

3. ജൈവവൈവിദ്ധ്യ സംരക്ഷണവും വനമേഖലയ്ക്ക് ചുറ്റുമുള്ള ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ വികസനവും ലക്ഷ്യമിട്ടുള്ള ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ & റൂറൽ ലൈവ്ലിഹുഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്.

(സി) കാസർഗോഡ് ജില്ലയിലെ 54.6 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് വനമായി പ്രഖ്യാപിച്ചു. കോഴിക്കോട് ജില്ലയിലെ 2.82 ഹെക്ടർ കണ്ടൽ വനങ്ങളും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടർ കണ്ടൽ വനങ്ങളും പ്രൊപ്പോസ്ഡ് റിസർവ് വനങ്ങളായി പ്രഖ്യാപിച്ചു.

**കേരള വനവികസന നിധി**

68(4737) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനവികസന നിധി ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിച്ചുവരുന്നത്;വ്യക്തമാക്കുമോ;

(ബി) തോട്ടങ്ങളുടെ വിസ്തീർണ്ണവും പൾപ്പ് വുഡിന്റെ ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായി ഈ നിധി ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാവസായിക ആവശ്യങ്ങൾ ഉണ്ടായിട്ടും പൾപ്പ് വുഡിന്റെ ഉല്പാദനം

വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതരത്തിൽ വന വികസന നിധി ഫലപ്രദമായി ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്; ഈ ഫണ്ടിന്റെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വനോൽപ്പന്നങ്ങളുടെ വിൽപ്പനയോടനുബന്ധിച്ച് വിൽപ്പനവിലയുടെ 5 ശതമാനമായി ശേഖരിക്കുന്ന വനവികസന നികുതി, വനങ്ങളുടെ വികസനത്തിനും വനഗവേഷണത്തിനുമാണ് ചുവടെ ചേർക്കും പ്രകാരം ഉപയോഗിച്ച് വരുന്നത്:

1. സോഫ്റ്റ് വുഡ് ഇനങ്ങളിൽപ്പെട്ട മരങ്ങളുടെയും വ്യവസായ അസംസ്കൃത വസ്തുക്കൾക്കായി വിനിയോഗിക്കുന്ന മറ്റ് മരങ്ങളുടെ നടീലിനും പരിപാലത്തിനും തൽസംബന്ധമായ അനുബന്ധ പ്രവർത്തനങ്ങൾക്കും -60 ശതമാനം

2. വനഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും-40 ശതമാനം

(ബി) വനവികസന നിധിയിലേയ്ക്ക് ശേഖരിക്കപ്പെടുന്ന തുകയ്ക്ക് അനുസൃതമായി സോഫ്റ്റ് വുഡ് സ്പീഷീസുകളുടെ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും പരിപാലിക്കുന്നതിനും ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കപ്പെടുന്നില്ല എന്ന ഒരു പരാമർശം ജനറൽ ആന്റ് സോഷ്യൽ സെക്ടർ ഓഡിറ്റ് വിഭാഗം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ 24-06-2016-ലെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഫലപ്രദമായി വിനിയോഗിക്കുന്നില്ല എന്ന പരാമർശം പ്രസ്തുത റിപ്പോർട്ടിലില്ല.

(സി) വ്യാവസായിക ആവശ്യങ്ങൾക്ക് മതിയായ പൾപ്പ് വുഡിന്റെ ഉൽപ്പാദനം ഇപ്പോൾ മുടക്കം കൂടാതെ നടക്കുന്നുണ്ട്. വനവികസന നിധിയിൽനിന്നും ലഭിക്കുന്ന തുകയും പദ്ധതി വിഹിതമായി 4406-01-105-87-വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കായുള്ള പ്ലാന്റേഷൻ, 2406-01-10-89-പൾപ്പ് വുഡ് റിവോൾവിംഗ് ഫണ്ട് എന്ന ശീർഷകത്തിലും ആവശ്യമായ ഫണ്ട് ലഭിക്കുന്നുണ്ട്.

വനവികസന നിധിയുടെ വിനിയോഗം എപ്രകാരം ആയിരിക്കണമെന്ന് 1989-ലെ കെ.എഫ്.ഡി.എഫ്. റൂൾസ് 4-ാം ചട്ടത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്.

**ഇക്കോ ടൂറിസത്തിന് പ്രോത്സാഹാനം നൽകുന്നതിനായി**

**നടപ്പിലാക്കിയ പദ്ധതികൾ**

69(4738) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇക്കോ ടൂറിസം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ മേഖലയെ ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 29 വനം ഡിവിഷനുകളുടെ കീഴിൽ 60 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) നിലമ്പൂർ നോർത്ത് വനം ഡിവിഷനുകീഴിൽ വരുന്ന ആഢ്യൻപാറ ഇക്കോ ടൂറിസം പദ്ധതി ഇപ്പോൾ നല്ല നിലയിൽ നടന്നുവരുന്നു.

**ഇക്കോ ടൂറിസം സാധ്യതകൾ**

70(4739) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. മുകേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി വിനോദസഞ്ചാരത്തിന്റെ (ഇക്കോ ടൂറിസം) സാധ്യതകൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി)വനസംരക്ഷണ സമിതിപോലുള്ള വിവിധ ഗ്രൂപ്പികളിലും തദ്ദേശവാസികളിലും ഇക്കോ ടൂറിസത്തെക്കുറിച്ച് അവബോധം വളർത്തി പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സന്ദർശകരുടെ സ്വാധീനം പരിസ്ഥിതിയെ പ്രതികൂലമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബാധിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ടൂറിസം പരിപാലിക്കുന്നതിന് വനം വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ഡി) വിവിധ ടൂറിസം പദ്ധതികൾ പരിസ്ഥിതി സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് അവലോകന സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് ഇക്കോ ടൂറിസം നടപ്പാക്കിവരുന്നു. ഇക്കോ ടൂറിസം കേരളത്തിൽ വിജയകരമായി നടന്നുവരുന്നു.

(ബി&സി) വനസംരക്ഷണ സമിതികളുടെ പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ carrying capacity പഠനം നടത്തുന്നതിനുള്ള നടപടികളും പരിസ്ഥിതി സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഇക്കോ ടൂറിസം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകരുടെ പരിധി നിശ്ചയിക്കുന്നതിനായി ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ carrying capacity പഠനം നടത്തുന്നതിനുള്ള നടപടികൾ പരിസ്ഥിതി സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഇക്കോ ടൂറിസം എടുത്തിട്ടുണ്ട്. കൂടാതെ നടത്തിപ്പ് സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സാമൂഹ്യ വനവത്കരണ പദ്ധതി**

71(4740) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. പി. ടി. തോമസ്:

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇതിനകം നടപ്പാക്കിയ സാമൂഹ്യ വനവത്ക്കരണ പദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടത്തിപ്പിനെക്കുറിച്ച് സോഷ്യൽ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) സാമൂഹ്യ വനവത്ക്കരണ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവത്കരണ വിഭാഗം മുഖേന നടപ്പിലാക്കുന്ന ഹരിതകേരളം, വഴിയോരത്തണൽ, എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്. ഈ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന തൈകളുടെ അതിജീവനം സംബന്ധിച്ച് പരിശോധന നടത്തി യഥാസമയം അവലോകന റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്.

(ബി) ഈ പദ്ധതികളുടെ നടത്തിപ്പ് സോഷ്യൽ ആഡിറ്റിന് വിധേയമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ആലോചിക്കുന്നതാണ്.

(സി) ഹരിതകേരളം ദൗത്യം (ഗ്രീൻ ഇന്ത്യാ മിഷൻ)-ന്റെ ഭാഗമായി വനേതര പ്രദേശങ്ങളിൽ ഹരിതവൽക്കരണ പരിപാടികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സാമൂഹ്യ വനവത്കരണ വിഭാഗം**

72(4741) <u>ശ്രീമതി ഇ. എസ്. ബിജിമോൾ :</u>
<u>ശ്രീ. ഇ. കെ.വിജയൻ :</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ :</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണത്തിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശവൃക്ഷത്തൈകൾ ഇപ്പോൾ ഈ വിഭാഗത്തിൽ നിന്ന് വിതരണം നടത്തുന്നുണ്ടോ;

(ഡി) സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ നിരക്കുകൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 485/2016/വനം തീയതി 24-12-2016 പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിദ്ധ്യമൂല്യമുള്ള കാവുകളെ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകുകയാണ് ചെയ്യുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ തീരുമാനപ്രകാരം വനംവകുപ്പ് ആദ്യ ഗഡുവായി 25,000 രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10 ശതമാനം (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നതാണ്. പിന്നീട് വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകിവരുന്നു. കൂടാതെ 25,000 രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്നമുറയ്ക്ക് നൽകുന്നു.

(ബി) അരിനെല്ലി, മുരിങ്ങ, സീതപ്പഴം, ചെമ്പകം, വീട്ടി, കുന്നിവാക, തേക്ക്, ആര്യവേപ്പ്, കുമിഴ്, ബദാം, നെല്ലി, ഉറുമാംപഴം, ഗുൽമോഹർ, എലഞ്ഞി, മഹാഗണി, താന്നി, അശോകം, ലക്ഷ്മിതരു, ഞാവൽ, മാവ്, കണിക്കൊന്ന, കമ്പകം, നീർമരുത്, ഉങ്ങ്, കരിങ്ങാലി, ചന്ദനം, കൊടംപുളി, പേര, നാരകം, മന്ദാരം, കരിമരുത്, പ്ലാവ്, വേങ്ങ, കറിവേപ്പ്, മുള പുളി, വാളംപുളി, മണിമരുത്, കുമ്പിൾ, പൂവരശ്, അയനി, കൂവളം തുടങ്ങിയ തദ്ദേശീയ വൃക്ഷത്തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്നുണ്ട്.

(സി) അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശ വൃക്ഷത്തൈകൾ ഇപ്പോൾ ഈ വിഭാഗത്തിൽ നിന്ന് വിതരണം ചെയ്യുന്നില്ല.

(ഡി) ഏറ്റവും പുതിയ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 159/2017/വനം തീയതി 22-04-2017 പ്രകാരം സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ നിരക്കുകൾ ചുവടെ ചേർക്കുന്നു:

| ഏജൻസി | തേക്ക് തൈനടീൽ കമ്പ് TEAK STUMPS (1-ന് വില രൂപയിൽ) | ചെറിയ കൂടയിൽ വളർത്തിയെടുത്ത തൈകൾ SMALL BASKETED SEEDLINGS (1-ന്വില രൂപയിൽ) | വലിയ കൂടയിൽ വളർത്തിയെടുത്ത തൈകൾ BIG BASKETED SEEDLINGS (1-ന് വില രൂപയിൽ) |
|---|---|---|---|
| സ്കൂൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | സൗജന്യം | സൗജന്യം | വിതരണം ചെയ്യില്ല |
| സർക്കാർ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ യുവജന സംഘടനകൾ | 7 | 17 | 45 |
| മതസ്ഥാപനങ്ങൾ/ സർക്കാരിതര സംഘടനകൾ/മാധ്യമ സ്ഥാപനങ്ങൾ/ സ്വകാര്യ വ്യക്തികൾ | 7 | 17 | 45 |

**അമിതമായി ജലം വലിച്ചെടുക്കുന്ന ചെടികളും വൃക്ഷങ്ങളും**

73(4742) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയിൽനിന്നും അമിതമായി ജലം വലിച്ചെടുക്കുന്ന ചെടികളുടെയും വൃക്ഷങ്ങളുടെയും പേരും, ഇനവും വിശദമാക്കാമോ;

(ബി) അമിതമായി ജലം വലിച്ചെടുക്കുന്നു എന്ന കാരണത്താൽ സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളിൽനിന്നും ഏതെങ്കിലും മരങ്ങൾ മുറിച്ചുമാറ്റാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം മരങ്ങൾ;

(സി) ഇത്തരത്തിൽ എത്ര ഹെക്ടർ പ്രദേശത്തെ മരങ്ങളാണ് വെട്ടിമാറ്റപ്പെടുന്നത്;

(ഡി) ഇതുവഴി സർക്കാരിന് എന്ത് വരുമാനം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) ഭൂമിയിൽ സാധാരണയായി കാണപ്പെടുന്ന സസ്യങ്ങളിൽ 'വേഗത്തിൽ വളരുന്ന' (fast growing) ഇനത്തിൽപ്പെട്ട സസ്യങ്ങളാണ് കൂടുതലായി ജലം ആഗിരണം ചെയ്യുന്നത്. അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റ്സ് എന്നിവ 'വേഗത്തിൽ വളരുന്ന' (fast growing) ഇനത്തിൽപ്പെട്ട സസ്യങ്ങളാകയാൽ മറ്റ് സസ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ ജലം ആഗിരണം ചെയ്യാൻ സാധ്യതയുണ്ട്. കൂടാതെ ഇത്തരം ഇനങ്ങൾ അടുത്തടുത്ത് നടുന്നതുകൊണ്ട് ഒരു ഹെക്ടറിൽ നടുന്ന മൊത്തം തൈകളുടെ എണ്ണം കൂടുതലായിരിക്കുകയും അതനുസരിച്ച് കൂടുതൽ ജലം വേണ്ടിവരും എന്നത് സ്വഭാവികമാണ്. എന്നാൽ വേഗത്തിൽ വളരുന്ന അക്കേഷ്യ തോട്ടങ്ങൾ അസ്വാഭാവികമായ തോതിൽ ജലം വറ്റിച്ചുവരുന്നുവെന്നത് തെറ്റിദ്ധാരണ മാത്രമാണെന്ന് കേരള വനം ഗവേഷണ കേന്ദ്രം, പീച്ചി നടത്തിയ പഠത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) വനഭൂമിയിലെ മരം മുറിക്കുന്നത് അതത് ഡിവിഷനുകൾക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച നൽകിയിട്ടുള്ള വർക്കിംഗ് പ്ലാനിനെ ആസ്പദമാക്കിയാണ്. അമിതമായി ജലം വലിച്ചെടുക്കുന്നുവെന്ന കാരണത്താൽ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല.

എന്നിരുന്നാലും തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വഭാവിക വനം പുനരുജ്ജീവിപ്പിക്കുക എന്ന ആശയം ഉൾക്കൊണ്ട് പുനലൂർ വനം ഡിവിഷനിൽപ്പെട്ട പത്ത്പറയിലും തിരുവനന്തപുരം വനഡിവിഷനിൽപ്പെട്ട ഇളമ്പ്രക്കോട് എന്ന വനപ്രദേശത്തും അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റ്സ് തോട്ടങ്ങൾ മുറിച്ചുമാറ്റി തൽസ്ഥലത്ത് ഫലഔഷധി തടി വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്ന വനദീപ്തി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

(സി) വനദീപ്തി എന്ന പദ്ധതിയുടെ ഭാഗമായി പുനലൂർ വനഡിവിഷനിൽ ഉൾപ്പെട്ട പത്ത്പറയിൽ 5.7 ഹെക്ടർ വനപ്രദേശവും തിരുവനന്തപുരം വനഡിവിഷനിൽപ്പെട്ട ഇളമ്പ്രക്കോട് 20.8 ഹെക്ടർ വനപ്രദേശവും ഉൾപ്പെടെ 26.5 ഹെക്ടർ സ്ഥലത്ത് ഫലഔഷധ തടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി വരുമാനം ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ളതല്ല.

## വനങ്ങളിൽ ക്യാമറ സഹായത്തോടെയുള്ള നിരീക്ഷണ സംവിധാനം

74(4743) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ബാബു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്കിറങ്ങി നാശം വരുത്തുന്നതു തടയാനും മനുഷ്യർ വനങ്ങളിലേക്ക് അനധികൃതമായി പ്രവേശിച്ച് മൃഗങ്ങളെ വേട്ടയാടുന്നത് തടയാനും ക്യാമറ സഹായത്തോടെയുള്ള നിരീക്ഷണ സംവിധാനം വനാതിർത്തികളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവുമൂലം കുടിവെള്ളവും ഭക്ഷണലഭ്യതയും കുറയുന്നത് പരിഹരിച്ച് വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം അറിയിക്കുമോ?

ഉത്തരം

(എ) മനുഷ്യൻ വനങ്ങളിലേയ്ക്ക് അനധികൃതമായി പ്രവേശിച്ച് വനസമ്പത്ത് കൊള്ളയടിക്കുന്നത് തടയുക എന്ന ഉദ്ദേശത്തോടെ വയനാട്, മറയൂർ ഉൾപ്പെടെയുള്ള ചില ഭാഗങ്ങളിൽ അവശ്യംവേണ്ട സാഹചര്യങ്ങളിൽ ക്യാമറ സഹായത്തോടെ നിരീക്ഷണം നടത്തുന്നുണ്ട്.

(ബി) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവുമൂലവും സംസ്ഥാനം നേരിടുന്ന കൊടുംവരൾച്ചമൂലവും ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് എത്തുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് വനത്തിനുള്ളിൽ ഭക്ഷണത്തിന്റെയും ജലത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ 1740 ജലസ്രോതസ്സുകൾ നവീകരിക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ചെയ്ത് പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള

നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഈ വർഷം സംസ്ഥാനത്തെ വനമേഖലകളിൽ പലയിടങ്ങളിലായി മുളംതൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ജനജാഗ്രതാ സമിതികൾ തദ്ദേശതലത്തിൽ താഴെ പറയുന്ന പ്രവർത്തങ്ങൾ നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്:

1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ച് ജനത്തെ സഹായിക്കുന്നു.

2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3. അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷനിൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധമാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ചചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

5. വന്യജീവി ആക്രമണം ഉണ്ടാകുന്നപക്ഷം എത്രയുംപെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

**സംയോജിത വനസംരക്ഷണ പദ്ധതി**

75(4744) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത വനസംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രകൃതിവിഭവങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) മുളംകാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള നടപടികൾ ഈ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) അപൂർവ്വവും നാശോന്മുഖവുമായ സസ്യങ്ങളുടെയും അവ വളരുന്ന പ്രദേശങ്ങളുടെയും സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സംയോജിത വനസംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ടി പദ്ധതിയിൽ കാട്ടുതീ നിയന്ത്രണം, വനസംരക്ഷണത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കാവുകളുടെ സംരക്ഷണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) പ്രകൃതി വിഭവങ്ങളുടെയും ആവസാവ്യവസ്ഥയുടെയും സംരക്ഷണത്തിന് സർവ്വേ, അതിർത്തി നിർണ്ണയം, മണ്ണൊലിപ്പ് തടയൽ, കാട്ടുതീ നിയന്ത്രണം മുതലായവ നടത്തിവരുന്നു.

(ഡി) ഇല്ല. എന്നാൽ ഈ പദ്ധതിയിലെ ഫണ്ടുപയോഗിച്ച് മുളങ്കാടുകളെ

കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നു.

(ഇ) ഈ പ്രദേശങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്ന പ്രവർത്തങ്ങൾ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ വനം വകുപ്പിന്റെ ഭൂമി**

76(4745) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി വനം വകുപ്പിന് എത്ര വീതം ഭൂമിയുണ്ടെന്നും അത് നിലവിൽ എന്ത് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നത് എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) വനം വകുപ്പിന്റെ ഉടമസ്ഥതയിൽ തരിശായും ഉപയോഗമില്ലാതെയും കിടക്കുന്ന ഭൂമി ഏതെങ്കിലും തരത്തിൽ ഉപയോഗിക്കുന്നതിന് വനം വകുപ്പിന്റെ ഫണ്ട് ലഭ്യമാണോ; എങ്കിൽ ഏതെല്ലാം തരത്തിലാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട പഞ്ചായത്തിൽ ആനപ്പാറ എന്ന സ്ഥലത്ത് തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ ഒന്നര ഏക്കർ സ്ഥലമുണ്ട്. അവിടെ ഒരു കമ്മ്യൂണിറ്റി ഹാളും ഡോർമിറ്ററിയും നിലവിലുണ്ട്.

(ബി) വനം വകുപ്പിന്റെ ഉടമസ്ഥതയിൽ തരിശായും ഉപയോഗമില്ലാതെയും കിടക്കുന്ന ഭൂമി ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പ്രകൃതിപഠനവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 4406-01-800-91- ഇക്കോ ടൂറിസം എന്ന ബജറ്റ് ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 900 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാണ്. കൂടാതെ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗ്യമാക്കുന്നതിന് 4406-01-070-97-കെട്ടിടങ്ങൾ എന്ന ബജറ്റ് ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 650 ലക്ഷം രൂപയുടെ ഫണ്ടും ലഭ്യമാണ്.

**ദേവികുളം മണ്ഡലത്തിലെ ട്രാഫിക് ബ്ലോക്ക്**

77(4746) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കാൻ എത്തുന്നവരുടെ തിരക്കുമൂലം അനുഭവപ്പെടുന്ന ട്രാഫിക് ബ്ലോക്ക് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ വനം വകുപ്പിന് എന്ത് നടപടി സ്വീകരിക്കാൻകഴിയും ; വ്യക്തമാക്കുമോ;

(സി) ഇതിന് പരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇരവികുളം നാഷണൽ പാർക്കിൽ ട്രാഫിക് ബ്ലോക്ക് ഉണ്ടാകാതിരിക്കാനായി പാർക്കിനുള്ളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ നടത്തുന്ന മിനി ബസ് ട്രിപ്പുകളിൽ മാത്രമാണ് സന്ദർശകരെ ടൂറിസം സോണിൽ പ്രവേശിപ്പിക്കുന്നത്. മാത്രവുമല്ല ടൂറിസ്റ്റുകളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാവശ്യമായ തരത്തിൽ വിശാലമായ പാർക്കിംഗ് സൗകര്യം സൗജന്യമായി ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ നാഷണൽ പാർക്കിൽ ട്രാഫിക് ബ്ലോക്ക് ഒട്ടുമില്ല.

എന്നാൽ നാഷണൽ പാർക്കിലേയ്ക്ക് സന്ദർശകരെ എത്തിക്കുന്ന സ്വകാര്യ ടാക്സി വാഹനങ്ങളിൽ ചിലത് പാർക്കിംഗ് സോണിൽ പാർക്ക് ചെയ്യാതെ മൂന്നാർ ഉദുമൽപേട്ട റോഡിന്റെ (എസ്. എച്ച്.17) ഇരുവശവും അനധികൃതമായും അനിയന്ത്രിതമായും പാർക്ക് ചെയ്യുന്നതുമൂലവും ഹൈവേ റോഡിന് ഇരുവശവും വഴിയോരക്കച്ചവടക്കാർ കയ്യേറി കടകൾ സ്ഥാപിക്കുന്നതുമൂലവും റോഡിൽ ഈ ഭാഗത്ത് ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുണ്ട്. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഹൈവേ റോഡ് നാഷണൽ പാർക്കിനുവെളിയിൽ ആയതുകൊണ്ട് ടി പ്രശ്നത്തിന് പരിഹാരം കാണുന്നതിന് വനം വകുപ്പിന് പരിമിതികളുണ്ട്.

(സി) ഹൈവേയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് യഥാർത്ഥത്തിൽ പോലീസ്, റവന്യൂ ഡിപ്പാർട്ട്മെന്റുകളുടെയും ഹൈവേ അധികൃതരുടെയും പഞ്ചായത്ത് അധികൃതരുടെയും ഫലപ്രദമായ ഇടപെടൽ ആവശ്യമാണ്. ഹൈവേ കയ്യടക്കിയിരിക്കുന്ന വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുകയും അനധികൃത പാർക്കിംഗ് നിരോധിക്കുകയും ചെയ്യുകവഴി മാത്രമേ ഗതാഗതക്കുരുക്ക് ഫലപ്രദമായി പരിഹരിക്കാൻ കഴിയൂ. ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുവാനായി മൂന്നാർ വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാവുകൾ സംരക്ഷിക്കുന്നതിന് നടപടി**

78(4747) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാവുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 485/2016/വനം തീയതി 24-12-2016 പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിദ്ധ്യ മൂല്യവുമുള്ള കാവുകളെ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകുകയാണ് ചെയ്യുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ തീരുമാനപ്രകാരം വനം വകുപ്പ് ആദ്യഗഡുവായി 25,000 രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10 ശതമാനം (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നതാണ്. പിന്നീട് വൗച്ചറുകളും രേഖകളും നൽകുന്നമുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകിവരുന്നു. കൂടാതെ 25,000 രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്നമുറയ്ക്ക് നൽകുന്നു.

**കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ**

79(4748) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം കാട്ടുതീമൂലം ശരാശരി എത്ര ഏക്കർ വനഭൂമി നശിക്കുന്നു എന്നത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2016-17 വർഷത്തിൽ കാട്ടുതീമൂലം നശിച്ച വനവിസ്തൃതി എത്രയാണ്; നഷ്ടം കണക്കാക്കിയിട്ടുള്ളതിന്റെ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിവർഷം കാട്ടുതീ ബാധിക്കുന്ന പ്രദേശങ്ങളുടെ വിവരം വനം വകുപ്പിന്റെ ഫയർ മോഡ്യൂളിൽ ലഭ്യമാണ്. കഴിഞ്ഞ 7 വർഷത്തെ കാട്ടുതീയുടെ എണ്ണവും, ബാധിച്ച വനപ്രദേശത്തിന്റെ വിസ്തൃതിയും ചുവടെ ചേർക്കുന്നു:

| വർഷം | എണ്ണം | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 2010-11 | 460 | 2364 |
| 2011-12 | 1017 | 5640 |
| 2012-13 | 504 | 2360 |
| 2013-14 | 525 | 2633 |
| 2014-15 | 339 | 1696 |
| 2015-16 | 486 | 1756 |

(ബി) 2016-17 വർഷത്തിൽ കാട്ടുതീ ബാധിച്ച വനവിസ്തൃതി 3,183.39 ഹെക്ടറാണ്. നഷ്ടം 2,52,758 രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്.

**ഷോളയാർ വനമേഖലയുടെ സംരക്ഷണം**

80(4749) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയാർ വനമേഖല സൈലന്റ്‌വാലി നാഷണൽ പാർക്കിന്റെ കരുതൽ മേഖലയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നീലഗിരി ജൈവ കരുതൽ മേഖലയുടെ ഭാഗമായ ഇവിടെ പ്രത്യേക സംരക്ഷണം ഉറപ്പാക്കണമെന്ന് യുനെസ്കോയുടെ നിർദ്ദേശമുണ്ടോ;

(സി) ഈ പ്രദേശത്തുനിന്നും മരങ്ങൾ മുറിക്കരുതെന്ന് ഹൈക്കോടതി ഉത്തരവ് ഉണ്ടോ;

(ഡി) എന്നാൽ സർക്കാർ-സ്വകാര്യ വനഭൂമി ഇടകലർന്ന ഇവിടെനിന്നും കഴിഞ്ഞ ഏതാനും ദിവസങ്ങളായി അമ്പതിലേറെ ലോഡ് മരങ്ങൾ മുറിച്ചു കടത്തിയതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ നൂറ്റാണ്ടിലേറെ പഴക്കമുള്ള ,കോടികൾ വിലമതിക്കുന്ന മരങ്ങളാണ് മുറിച്ചുമാറ്റിയതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) മരംമുറിയെ തുടർന്ന് ഈ വനമേഖല ഒരു മൊട്ടക്കുന്നായി മാറിയ കാര്യം പരിശോധിക്കുമോ;

(ജി) ഇതുമൂലം അട്ടപ്പാടിയിലെ ജലക്ഷാമം രൂക്ഷമാവുകയും മേൽമണ്ണ് ഇളകി ഇവിടെ മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും സാധ്യത വർദ്ധിച്ചതായുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ വനം വകുപ്പുദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കുമോ;നിഷ്പക്ഷമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവിടുമോ?

<u>ഉത്തരം</u>

(എ) ഷോളയാർ വനഭാഗം സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖലയായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടില്ല.

(ബി) UNESCO-യുടെ World NetWork of Biosphere Reserve-ന്റെ ഭാഗമായി നീലഗിരി ബയോസ്ഫിയർ റിസർവ്വിലെ റീസ്റ്റോറേഷൻ സോണിൽ വരുന്ന അട്ടപ്പാടി വനഭാഗങ്ങളിൽ ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പുവരുത്തുവാൻ UNESCO നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇത്തരം ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഈ ഭാഗത്തുനിന്ന് 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷൻ 5 പ്രകാരം വിജ്ഞാപനംചെയ്ത സ്ഥലങ്ങളിൽ പൂർണ്ണമായും ഉണങ്ങിയതും വീണുകിടക്കുന്നതുമായ മരങ്ങൾ മുറിക്കാൻ അനുമതി നൽകാറുണ്ട്. 2005-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വകുപ്പ് 6(3) പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിൽ പറയുന്ന വാക, ആഞ്ഞിലി, യൂക്കാലി തുടങ്ങിയ 28 ഇനം മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ടുപോകുന്നതിനും നിയന്ത്രണങ്ങളൊന്നുമില്ല. മേൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമായി മാത്രമേ ഈ ഭാഗത്തുനിന്ന് മരങ്ങൾ മുറിക്കാൻ അനുമതി നൽകാറുള്ളു. അടുത്ത ദിവസങ്ങളിലായി അമ്പതോളം ലോഡ് മരങ്ങൾ ഈ മേഖലയിൽനിന്നും കടത്തിക്കൊണ്ടുപോയി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ 11 ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അനുമതിയില്ലാതെ ഇത്രയും വലിയ മരങ്ങൾ മുറിച്ച് അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഷോളയാർ വനമേഖലയും ഇതിനോട് ചേർന്ന സ്വകാര്യ സ്ഥലങ്ങളും വരണ്ട ഇലപൊഴിയും കാടുകളും മുൾക്കാടുകളും ഉയർന്ന പ്രദേശങ്ങളിൽ ചോലവനങ്ങളും കാണപ്പെടുന്ന സ്ഥലമാണ്. സ്വകാര്യ വനങ്ങളുടെ ദേശവൽക്കരണത്തിനുശേഷം കാലാന്തരത്തിൽ വനമേഖലകളിലെ കാടുകൾ പഴയ രീതിയിൽനിന്നും മാറി നിബിഡവനമായി മാറിവരുന്നുണ്ട്.

(ജി) അട്ടപ്പാടിയിൽ പ്രത്യേകിച്ച് ഷോളയാർ വനമേഖലയുൾപ്പെടുന്ന ഭാഗത്ത് വനദേശവൽക്കരണത്തിന്റെ സമയത്ത് ഉണ്ടായിരുന്ന വനനശീകരണത്തിന്റെയും മേൽമണ്ണ് ഇളകി മണ്ണൊലിപ്പിന്റെയും വിപത്ത് കാലാന്തരത്തിൽ കുറഞ്ഞ് വരികയാണ് ചെയ്തിട്ടുള്ളത്.

**വനത്തിലൂടെ ഒഴുകുന്ന നദിയിൽനിന്ന് മണൽ ഊറ്റി വിൽക്കാൻ നടപടി**

81(4750) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിലൂടെ ഒഴുകുന്ന നദിയുടെ ഭാഗങ്ങളിൽനിന്ന് മണൽ ഊറ്റി വിൽക്കാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ നടപടി നദികളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുമെന്നും വന്യജീവികൾക്കും പരിസ്ഥിതിക്കും വൻതോതിൽ കോട്ടമുണ്ടാക്കുമെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം വനം റേഞ്ചുകളിൽ നിന്നാണ് ഇപ്പോൾ മണൽ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംരക്ഷിത വനത്തിൽ ബാഹ്യ ഇടപെടലുകൾക്കും വനം കൊള്ളയ്ക്കും തന്നെ ഈ മണലൂറ്റ് വഴിവെക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മണൽ വാരുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയുള്ള തിരുവനന്തപുരം ഡിവിഷനുകീഴിലെ കുളത്തൂപ്പുഴ റെയ്ഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽനിന്നും നിയമാനുസരണം പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം മണൽ ശേഖരണം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഇത്തരത്തിൽ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(സി) തിരുവനന്തപുരം ഡിവിഷനിൽ കുളത്തുപ്പുഴ റെയിഞ്ചിന്റെ അധികാരപരിധിയിൽ കൂടി ഒഴുകുന്ന കല്ലടയാറിന്റെ മിൽപ്പാലം, ചോഴിയക്കോട് എന്നീ അംഗീകൃത കടവുകളിൽ നിന്ന് നിയമാനുസരണം മണൽ ശേഖരിക്കുവാനാണ് ആദ്യ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി നിയമാനുസരണം വന സംരക്ഷണ സമിതിവഴി ശേഖരിക്കുന്ന മണൽ കുളത്തുപ്പുഴയിലെ യാർഡിൽ സൂക്ഷിച്ച് അർഹരായ ഉപഭോക്താക്കൾക്ക് വനം വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മതിമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## വിനാശകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി

82(4751) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിനാശകരമായ മരങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ മുറിച്ചുമാറ്റി പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വ്യാപകമായി വച്ചുപിടിപ്പിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വളരെമുമ്പ് നട്ടുപിടിപ്പിച്ച അക്കേഷ്യ, മാഞ്ചിയം എന്നിവയുടെ വിത്തുകൾ സ്വാഭാവികമായി മുളച്ചതിന്റെ ഫലമായി ചിലയിടങ്ങളിൽ കൂട്ടമായി നിലനിൽക്കുന്നുണ്ട്.

(ബി) സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ മുറിച്ചുമാറ്റി പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പുതലത്തിൽ കൈക്കൊള്ളാവുന്നതാണ്.

## കേരളത്തിലെ വനവിസ്തൃതി

83(4752) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനവിസ്തൃതി അവസാനമായി കണക്കാക്കിയതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) അതിൻ പ്രകാരം സംസ്ഥാനത്തിന്റെ ആകെ വനവിസ്തൃതി എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വനവിസ്തൃതി അവസാനമായി കണക്കാക്കിയത് 2014-15 കാലഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തിന്റെ ആകെ വനവിസ്തൃതിയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 46383.41 |
| 2 | കൊല്ലം | 84056.72 |
| 3 | പത്തനംതിട്ട | 153379.37 |
| 4 | ആലപ്പുഴ | 0.00 |
| 5 | കോട്ടയം | 10084.50 |
| 6 | എറണാകുളം | 82383.02 |
| 7 | ഇടുക്കി | 271372.26 |
| 8 | തൃശ്ശൂർ | 102275.17 |
| 9 | പാലക്കാട് | 152735.64 |
| 10 | മലപ്പുറം | 72391.81 |
| 11 | കോഴിക്കോട് | 29045.14 |
| 12 | വയനാട് | 90704.47 |
| 13 | കണ്ണൂർ | 24157.16 |
| 14 | കാസർഗോഡ് | 11973.04 |
| | ആകെ | 11,30,941.71 |

**നഷ്ടപ്പെട്ട വനഭൂമിക്ക് പകരം മരംവെച്ചുപിടിപ്പിക്കുന്നതിന് പദ്ധതി**

84(4753) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിസ്തൃതി നിരന്തരമായി കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നഷ്ടപ്പെട്ട വനഭൂമിക്ക് പകരം വനം വച്ചുപിടിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരം 31-3-2017 വരെ എത്ര മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനവിസ്തൃതി നിരന്തരമായി കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നഷ്ടപ്പെട്ട വനഭൂമിക്ക് പകരം വനം വച്ചുപിടിപ്പിക്കുന്നതിന് പ്രക്ഷീണ വനവൽക്കരണം (കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ) പദ്ധതി പ്രകാരം CAMPA ഫണ്ട് ഉപയോഗിച്ച് മരങ്ങൾ വച്ചുപിടിപ്പിച്ചുവരുന്നുണ്ട്.

(സി) പ്രക്ഷീണ വനവൽക്കരണം (കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ) പദ്ധതി പ്രകാരം CAMPA ഫണ്ട് ഉപയോഗിച്ച് 31-3-2017 വരെ 205 ഹെക്ടർ സ്ഥലത്ത് മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഹെക്ടർ |
|---|---|
| കൊല്ലം | 151 |
| പത്തനംതിട്ട | 7 |
| തൃശ്ശൂർ | 15 |
| വയനാട് | 32 |
| ആകെ | 205 |

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കണ്ടൽക്കാടുകൾ**

85(4754) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ടി. എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തുള്ള ചതുപ്പ് പ്രദേശങ്ങളിലേക്ക് കണ്ടൽക്കാടുകൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ടി.എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

(ബി) ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയിലൂടെ ടി സ്ഥലങ്ങളിൽ കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കാട്ടുതീയിൽ നഷ്ടമായ വനഭൂമി**

86(4755) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും മാസത്തിനിടെ ഉണ്ടായ കാട്ടുതീയിൽ സംസ്ഥാനത്തിന് നഷ്ടമായത് മൊത്തം വനഭൂമിയുടെ എത്ര ശതമാനമാണ്;

(ബി) ഈ കാട്ടുതീ കാരണം മറ്റെന്തെല്ലാം നഷ്ടങ്ങളാണ് വനസമ്പത്തിനുണ്ടായത്; വിശദാംശങ്ങൾ നൽകുമോ;

(സി) തീ അണയ്ക്കുന്നതിന് വനം വകുപ്പിന് സ്വന്തമായി എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ കാട്ടുതീയെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളും ?

ഉത്തരം

(എ) കഴിഞ്ഞ ഏതാനും മാസത്തിനിടെയുണ്ടായ കാട്ടുതീയിൽ സംസ്ഥാനത്തിന് വനഭൂമി നഷ്ടമായിട്ടില്ല. എന്നാൽ ഈ വർഷമുണ്ടായ 735 എണ്ണം കാട്ടുതീ 2986.18 ഹെക്ടർ വനഭൂമിയെ ബാധിച്ചിട്ടുണ്ട്.

(ബി) കാട്ടുതീ കാരണം 2,49,258 രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കിൾ | നഷ്ടം (രൂപ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 14,148 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 35,910 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 1,80,000 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 14,200 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 5,000 |
| | ആകെ | 2,49,258 |

(സി) ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

### കൃഷിനാശത്തിനും മറ്റുനാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം

87(4756) ശ്രീ. ഇ. പി.ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനങ്ങളോട് ചേർന്നുള്ള മനുഷ്യന്റെ ആവാസ സ്ഥലങ്ങളിലും കൃഷിസ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായിട്ടുണ്ടാകുന്ന കൃഷിനാശത്തിനും മറ്റു നാശനഷ്ടങ്ങൾക്കും നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുവെന്നും പ്രസ്തുത ആനുകൂല്യങ്ങളുടെ ധനസഹായത്തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് ഏത് ഉത്തരവുപ്രകാരമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരം വന്യമൃഗാക്രമണംമൂലം നഷ്ടം സംഭവിക്കുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക കാലാകാലങ്ങളിൽ സർക്കാർ പുതുക്കി വരുന്നുണ്ട്. ആയതുപ്രകാരം നിലവിലെ നഷ്ടപരിഹാരത്തുകയും ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

88(4757) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഴിമതി തടയുവാനും വനഭൂമി സംരക്ഷിക്കാനും വന്യമൃഗങ്ങൾക്കെതിരെയുള്ള അതിക്രമവും വേട്ടയാടലും തടയുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണമുൾപ്പെടെ വനവത്ക്കരണം പ്രോത്സാഹിപ്പിക്കാനും വന്യജീവി സംരക്ഷണത്തിനും ആയി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ അഴിമതി, കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തൽ തുടങ്ങി വിവിധയിനം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരായി കണ്ടെത്തിയ വനംവകുപ്പുദ്യോഗസ്ഥർ (ഉയർന്ന ഉദ്യോഗസ്ഥരടക്കം) എത്ര; ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) വനം വകുപ്പിലെ അഴിമതികൾ തടയുന്നതിന്റെ ഭാഗമായി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് വനം വകുപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ യഥാസമയം അറിയിക്കുവാൻ വനം വകുപ്പ് ആസ്ഥാനത്ത് ടോൾഫ്രീ നമ്പർ 18004254733-ന്റെ ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടോൾഫ്രീ നമ്പർ പ്രകാരം ലഭിക്കുന്ന പരാതികളിലും വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് അന്വേഷണം നടത്തുകയും മേൽനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. വന്യജീവി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും നിയമ ലംഘകർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന തലത്തിൽ ടെറിട്ടോറിയിൽ വിഭാഗവും വിജിലൻസ് വിഭാഗവും സംയുക്തമായി ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നുണ്ട്. സ്ഥിരമായി വനം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ടെറിട്ടോറിയൽ വിഭാഗം ഓഫീസർമാർക്ക് അവ നൽകി കുറ്റകൃത്യങ്ങൾ തടയുന്നതിന് വിജിലൻസ് വിഭാഗം

നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, വനം വകുപ്പിന്റെ പൊതുജന സേവനങ്ങളുടെ ഭാഗമായുള്ള ഇ-ഗവേണൻസ്, ഇ-ലേലസമ്പ്രദായം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കി അഴിമതി തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തിവരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിലും വനവിഭവങ്ങൾ കൊള്ളയടിക്കപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും നിരന്തരം പട്രോളിംഗ് നടത്തി വനപരിപാലനം നടത്തിവരുന്നു.

വന്യമൃഗങ്ങൾക്കെതിരെയുള്ള അതിക്രമവും വേട്ടയാടലും തടയുവാൻ 1972-ലെ വന്യജീവി (സംരക്ഷണം) ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും 1980-ലെ വന (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും മറ്റ് അനുബന്ധചട്ടങ്ങളിലും നിയമങ്ങളിലും പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരവും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ, വനം വകുപ്പിലെ ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനത്തിലൂടെ രഹസ്യവിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ തടയുക, വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ/അയൽ സംസ്ഥാനങ്ങളിലെ വകുപ്പുദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് വിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ തടയുക, കൃത്യമായ ഇടവേളകളിൽ വനമേഖലകളിൽ പരാമ്പുലേഷൻ നടത്തുക എന്നീ പ്രവർത്തനങ്ങളിലൂടെയും വന്യജീവിവേട്ട തടയുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം പദ്ധതിയിലൂടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾവഴി എല്ലാ വർഷവും തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ, വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നു. സർക്കാർ സ്ഥലങ്ങളിലും വിവിധ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലങ്ങളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വരുന്നു. പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നിവയ്ക്കുപുറമേ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായുള്ള പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ അഴിമതി, കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തൽ തുടങ്ങി വിവിധയിനം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരായി കണ്ടെത്തിയ വനം വകുപ്പുദ്യോഗസ്ഥരുടെ (ഉയർന്ന ഉദ്യോഗസ്ഥരടക്കം) എണ്ണം 554 ആണ്. ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ വനം വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് അർഹമായ ശിക്ഷ നൽകുന്നുണ്ട്.

## എന്റർടെയ്ൻമെന്റ് ടാക്സ്

89(4758) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ടൂറിസം മേഖലയിൽനിന്നും വനംവകുപ്പ് വന സംരക്ഷണ സമിതിവഴി പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം ഗ്രാമപഞ്ചായത്തിന് എന്റർടെയ്ൻമെൻറ് ടാക്സ് ആയി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് അതിരപ്പിള്ളി ഗ്രാമഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് സന്ദർശകരിൽനിന്നും പിരിച്ചെടുക്കുന്ന പ്രവേശന ഫീസിൽ നിന്നും ഒരു വിഹിതം നൽകുവാൻ വനം വകുപ്പിൽനിന്നും അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) അതിരപ്പിള്ളി ഇക്കോ ടൂറിസം മേഖലയിലെത്തുന്ന സന്ദർശകരിൽനിന്നും പ്രവേശനഫീസായി ലഭിക്കുന്ന തുകയിൽനിന്നും ഗ്രാമപഞ്ചായത്തിന് വിനോദ നികുതി നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലില്ല. സഞ്ചാരികളിൽനിന്നും ശേഖരിക്കുന്ന പ്രവേശന ഫീസിന്റെ ഉപയോഗം സർക്കാർ അംഗീകരിച്ച പുഴ-വനം സംരക്ഷണ നിധി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ്.

**വംശനാശഭീഷണി നേരിടുന്ന വന്യജീവികൾ**

90(4759) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വംശനാശഭീഷിണി നേരിടുന്ന വന്യജീവികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വനാതിർത്തിയോടു ചേർന്നു താമസിക്കുന്ന ജനങ്ങളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്താമോ;

(സി) വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യതയും ഫലവൃക്ഷങ്ങൾ, മുള മുതലായവ വെച്ചുപിടിപ്പിച്ച് ആഹാരലഭ്യതയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കാട്ടുമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന 37 സസ്തനികളുടെയും 53 പക്ഷികളുടെയും 57 മത്സ്യങ്ങളുടെയും പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി നിലവിൽ വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ പങ്കാളിത്തത്തോടെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (ഇ.ഡി.സി.), വനസംരക്ഷണ സമിതികളും (വി.എസ്.എസ്.) പ്രവർത്തിച്ചുവരുന്നു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും തദ്ദേശീയരുടെയും പങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികളും പ്രവർത്തിച്ചുവരുന്നു.

(സി) വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യതയും, ഫലവൃക്ഷങ്ങൾ, മുള മുതലായവ വച്ചുപിടിപ്പിച്ച് ആഹാര ലഭ്യതയും വർദ്ധിപ്പിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാട്ടുമൃഗങ്ങളെ വേട്ടയാടുന്നത് തടയുവാൻ 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും മറ്റ് അനുബന്ധ ചട്ടങ്ങളിലും നിയമങ്ങളിലും പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരവും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ, വനം വകുപ്പിലെ ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനത്തിലൂടെ രഹസ്യവിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ തടയുക, വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ/അയൽ സംസ്ഥാനങ്ങളിലെ വകുപ്പുദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് വിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ തടയുക, കൃത്യമായ ഇടവേളകളിൽ വനമേഖലകളിൽ പരാമ്പുലേഷൻ നടത്തുക എന്നീ പ്രവർത്തനങ്ങളിലൂടെയും വന്യജീവിവേട്ട തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കെപ്കോയുടെ പ്രവർത്തനം

91(4760) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെപ്കോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിലേക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനശേഷം കെപ്കോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി മണിക്കൂറിൽ 1000 കോഴികളെ സംസ്കരിച്ച് ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുമായി മാറ്റാൻ ശേഷിയുള്ള അത്യാധുനിക മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 6.75 കോടി രൂപ അനുവദിച്ചു. പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി ലഭിച്ച താൽപ്പര്യപത്രങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ക്ഷീര കർഷക ക്ഷേമ പദ്ധതികൾ

92(4761) <u>ശ്രീ. ഇ.പി. ജയരാജൻ:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:</u>
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി കന്നുകാലി ഇൻഷ്വറൻസ്, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, തീറ്റപ്പുൽകൃഷി തുടങ്ങിയവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ക്ഷീര വികസന വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്:

1. എം.എസ്.ഡി.പി.-4179 ലക്ഷം
2. തീറ്റപ്പുൽകൃഷി വികസന പദ്ധതി-600 ലക്ഷം
3. കാറ്റിൽഫീഡ് സബ്സിഡി-1400 ലക്ഷം
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം-2585 ലക്ഷം
5. ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം-25 ലക്ഷം
6. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം-466 ലക്ഷം
7. ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ-495 ലക്ഷം
8. വയനാട് ജില്ലക്കുള്ള സമഗ്ര ക്ഷീരവികസന പദ്ധതി-25 ലക്ഷം

<u>ആകെ-9775 ലക്ഷം.</u>

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമ കുട്ടികൾക്ക് (പ്രതിവർഷം 2 ലക്ഷം പശു/എരുമക്കുട്ടികൾ) ലഭിക്കുംവിധം പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ, ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് സഹായകമാകുന്ന

വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവത്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പിനുകീഴിലുള്ള കോഴി ഫാമുകളിലെ ഉൽപ്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് എഗ്ഗർ നേഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യും. കൂടാതെ വകുപ്പിനുകീഴിൽ രണ്ട് പുതിയ ഹാച്ചറികൾ-കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടിരൂപ ചെലവഴിച്ചു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപ്പാദനത്തിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കെപ്കോ പദ്ധതികൾ താഴെപ്പറയുന്നു:

1. കെപ്കോ ആശ്രയ പദ്ധതി
2. റൂറൽ ബാക്ക്യാർഡ് പദ്ധതി
3. കെപ്കോ നഗരപ്രിയ പദ്ധതി
4. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
5. കോൾ നിലങ്ങളിലെ കോഴി വളർത്തൽ
6. കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി
7. വില്ലേജ് പൗൾട്രി (കോഴി വളർത്തൽ ഗ്രാമങ്ങൾ)
8. കോഴി വളർത്തൽ പദ്ധതി (കുടുംബശ്രീ യൂണിറ്റുകൾ)
9. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുവേണ്ടി രണ്ട് രീതിയിലുള്ള കോഴി വളർത്തൽ പദ്ധതി.
    1. കേജ് സിസ്റ്റം
    2. ഡീപ്പ് ലിറ്റർ സിസ്റ്റം
10. ഇന്റഗ്രേഷൻ പദ്ധതി

കോഴിയിറച്ചിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് മണിക്കൂറിൽ 1000 കോഴികളെ സംസ്കരിച്ച് ഇറച്ചി, വിവിധ ഇറച്ചി ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുവാൻശേഷിയുള്ള ആധുനിക രീതിയിലുള്ള മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെട്ടതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്രസഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയുമെന്നതാണ് പ്രത്യേകത. ഗോസമൃദ്ധി പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 5 കോടി രൂപ നീക്കി വച്ചിരിക്കുന്നു. ഇതിനുപുറമേ ഇൻഷ്വറൻസ് പരിരക്ഷ, മറ്റുമാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി മൃഗസംരക്ഷണ വകുപ്പ് മുഖേനയോ ക്ഷീരവികസന വകുപ്പ് മുഖേനയോ നൽകുന്നില്ല.

സംസ്ഥാനത്തിനാവശ്യമായ മൊത്തം 23.2 ദശലക്ഷം തീറ്റപ്പുല്ലിന്റെ സ്ഥാനത്ത് കേവലം 5.1 ദശലക്ഷം ടൺ മാത്രമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. നിലവിലുള്ള വിളകൾക്കിടയിൽ സാധ്യമായത്ര സ്ഥലങ്ങളിൽ ഇടവിളയായി തീറ്റപ്പുൽ വളർത്തൽ പ്രോത്സാഹിപ്പിച്ചുവരുന്നു. ഭൂമിയുടെ ലഭ്യതയിലുള്ള കുറവ്, ജൈവവളത്തിന്റെ കുറവ്, മണ്ണൊലിപ്പുമൂലമുള്ള മണ്ണിന്റെ ഫലപുഷ്ടിക്കുറവ് എന്നിവ തീറ്റപ്പുൽ കൃഷിവ്യാപനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഇതിനായി കൃഷിയോഗ്യമായ ഭൂമിയുടെ കേവലം 10 ശതമാനം മാത്രമേ മാറ്റി വയ്ക്കാൻ കഴിയുന്നുള്ളൂ. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശുഭൂമികൾ ഇതിനായി പ്രയോജനപ്പെടുത്തുവാൻ തക്കരീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

2017-18 വർഷം തീറ്റപ്പുൽകൃഷി വികസന പദ്ധതിക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. തീറ്റപ്പുല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് സാന്ദ്രീകൃത കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പാലുൽപ്പാദന ചെലവ് കുറയ്ക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ക്ഷീരകർഷകർക്കാവശ്യമായ തീറ്റപ്പുൽകടകൾ സൗജന്യമായി നൽകുകയും 20 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് കൃഷി ചെലവ് ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽകടകളുടെ വില ഉൾപ്പെടെ 20,000 രൂപ ധനസഹായമായി നൽകിവരുന്നു. കൂടാതെ, വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന ക്ഷീരസംഘവുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷിയും നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം ജലസേചന സൗകര്യമൊരുക്കുന്നതിനുള്ള സഹായം, യന്ത്രവൽക്കരണത്തിനുള്ള സഹായം, അസോള, ചോളം, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സഹായം എന്നിവയും നൽകിവരുന്നു.

2017-18-ൽ 94 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തിയാണ് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നത്. ഇതിനായി 87.488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കന്നുകുട്ടി പരിപാലന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. എസ്.എൽ.ബി.പി. പദ്ധതിയിലെ 1000 പശുക്കളെയും അല്ലാത്ത പശുക്കളെയും താരതമ്യം ചെയ്ത് 2015-ൽ പഠനം നടത്തുകയുണ്ടായി. പദ്ധതിയിലെ പശുക്കൾ മറ്റ് പശുക്കളെക്കാളും ശരാശരി അഞ്ച് മാസം മുമ്പായി മദി കാണിക്കുകയും ഗർഭം ധരിക്കുകയും പ്രസവിച്ച് പശുക്കളായി മാറുകയും ചെയ്യുന്നതിനായി കാണപ്പെടുന്നു. ഗർഭധാരണത്തിനാവശ്യമായ കൃത്രിമബീജാധാനത്തിന്റെ ശരാശരി എണ്ണം പദ്ധതിയിലെ പശുക്കളിൽ കുറവായി കാണപ്പെടുന്നു. ആദ്യ പ്രസവത്തിലെ പരമാവധി പാലുൽപ്പാദനം പദ്ധതിയിലെ പശുക്കളിൽ മറ്റുള്ളവയെക്കാൾ 10 ശതമാനം അധികമായി കാണപ്പെടുന്നു.

സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലനം, ഗോവർദ്ധനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ആകെ 108608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

## വിവിധ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ

93(4762) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ ഫാമുകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ടി മേഖലകളിൽ എത്ര കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നു എന്ന കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കരാർ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇവരുടെ കാലാവധി എത്ര വർഷമാണ്?

ഉത്തരം

(എ) മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് 17-5-2017-ലെ സ.ഉ.(അ) 08/2017/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) നിലവിൽ കരാർ തൊഴിലാളികളെ നിയമിച്ചിട്ടില്ല.

(സി&ഡി) ബാധകമല്ല.

## കെപ്കോ വിപണന കേന്ദ്രങ്ങൾ

94(4763) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കെപ്കോയുടെ കീഴിൽ വിപണനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെപ്കോ വിപണനം ചെയ്യുന്ന കോഴിയിറച്ചിയുടെ വില മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കെപ്കോയുടെ പ്രധാന വിപണന കേന്ദ്രം പ്രവർത്തിക്കുന്നത് തിരുവനന്തപുരത്ത് പേട്ടയിലാണ്. ഇതിനുപുറമേ 25 വിപണന ഏജൻസികളും കെപ്കോയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉൽപ്പാദന അനുബന്ധച്ചെലവുകളെ അടിസ്ഥാനമാക്കിയാണ് കെപ്കോ കോഴയിറച്ചിയുടെ വില നിശ്ചയിക്കുന്നത്. അതിനാൽ കെപ്കോ കോഴിയിറച്ചിയുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ അപൂർവ്വമാണ്. മാർക്കറ്റിൽ കോഴിയിറച്ചിയുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ സാധാരണമാണ്. ഓണം, ക്രിസ്തുമസ്, ബക്രീദ്, പുതുവർഷം തുടങ്ങിയ ആഘോഷവേളകളിൽ കോഴിയിറച്ചിയുടെ ആവശ്യകത കൂടുതലായിരിക്കും. അപ്പോൾ മാർക്കറ്റ് വിലയും കൂടുതലായിരിക്കും. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ കെപ്കോ ചിക്കൻ വില കൂട്ടുന്നില്ല. അതായത് കോഴിയിറച്ചിയുടെ ആവശ്യകത കൂടുതലായിരിക്കുമ്പോൾ കെപ്കോ വിപണനം ചെയ്യുന്ന കോഴിയിറച്ചിയുടെ വില മാർക്കറ്റ് വിലയേക്കാളും കുറവായിരിക്കും.

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

95(4764) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ രോഗംബാധിച്ച താറാവുകളുള്ള താറാവ് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെന്നിത്തല തൃപ്പെരുന്തറയിലെ താറാവ് കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ചെന്നിത്തല ചാങ്ങേത്ത് വീട്ടിൽ കെ. വൈ. വർഗ്ഗീസിന്റെ അപേക്ഷയിൽ നഷ്ടപരിഹാരം വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ആലപ്പുഴ ജില്ലയിൽ 2016 ഒക്ടോബർ മാസം പൊട്ടിപ്പുറപ്പെട്ട പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ദ്രുതകർമ്മസേന മഹസ്സർ രേഖപ്പെടുത്തി കൊന്ന് നശിപ്പിച്ചതും ചത്ത താറാവ്/കോഴികളുടെ എണ്ണം മഹസ്സർ രേഖപ്പെടുത്തി സംസ്കരിച്ചതുമായ എല്ലാ താറാവ്/കോഴികളുടെയും ഉടമസ്ഥരായ കർഷകർക്ക് 2017 ഫെബ്രുവരിയിൽ നഷ്ടപരിഹാരം നൽകിക്കഴിഞ്ഞതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ചെന്നിത്തല തൃപ്പെരുന്തറയിൽ താറാവ് കർഷകർക്ക് ദ്രുതകർമ്മസേന മഹസ്സർ രേഖപ്പെടുത്തി കൊന്ന് നശിപ്പിച്ചതും ചത്ത താറാവ്/കോഴികളുടെ എണ്ണം മഹസ്സർ രേഖപ്പെടുത്തി സംസ്കരിച്ചതുമായ എല്ലാ താറാവ്/കോഴികളുടെയും ഉടമസ്ഥരായ കർഷകർക്ക് 2017 ഫെബ്രുവരിയിൽ നഷ്ടപരിഹാരം വിതരണം ചെയ്തുകഴിഞ്ഞതാണ്.

(സി) കെ.വൈ. വർഗ്ഗീസിന്റെ പരാതി പ്രകാരം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ മൃഗാശുപത്രിയിലെ ചീഫ് വെറ്ററിനറി ഓഫീസറും നടത്തിയ അന്വേഷണത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചശേഷം ടിയാൻ പുറത്തുനിന്നും കൊണ്ടുവന്ന 10500 താറാവുകളെ ദ്രുതകർമ്മസേനയെക്കൊണ്ട് നശിപ്പിക്കുകയാണ് ചെയ്തതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്തതിനുശേഷം പുറത്തുനിന്ന് കൊണ്ടുവന്ന താറാവുകൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിയില്ലായെന്നും മേൽ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ, കെ.എൽ.ഡി. ബോർഡ് മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന ഉന്നതതല അന്വേഷണസംഘം ഈ വിഷയം പുനരന്വേഷിക്കുകയും മേൽ റിപ്പോർട്ട് പൂർണ്ണമായും ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പക്ഷിപ്പനി രോഗബാധമൂലം നഷ്ടപ്പെട്ട 7746 താറാവുകൾക്ക് 774600 രൂപ മൃഗസംരക്ഷണ വകുപ്പിൽനിന്നും നഷ്ടപരിഹാരമായി ശ്രീ. കെ. വൈ. വർഗ്ഗീസിന് നൽകിയിട്ടുണ്ട്.

**കെപ്കോ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ**

96(4765) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോവഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഉദ്ദേശ ലക്ഷ്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെപ്കോ ആശ്രയ പദ്ധതി, റൂറൽ ബാക്യാർഡ് പദ്ധതി, കെപ്കോ നഗരപ്രിയ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, കോൾ നിലയങ്ങളിലെ

കോഴിവളർത്തൽ പദ്ധതി, കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി, കുടുംബശ്രീ യൂണിറ്റുകൾ വഴിയുള്ള കോഴിവളർത്തൽ പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള കോഴിവളർത്തൽ പദ്ധതി എന്നിവയാണ് കെപ്കോ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ.

(ബി) കെപ്കോ നടപ്പാക്കിവരുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.* പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രധാന മാനദണ്ഡം. മുൻപ് കെപ്കോയുടെ ഒരു പദ്ധതി പോലും നടപ്പാക്കിയിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകാറുണ്ട്. ഗുണഭോക്താക്കളുടെ പട്ടികയും ഗുണഭോക്തൃ വിഹിതവും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

## സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്ന പദ്ധതി

97(4766) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ പദ്ധതി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തിൽ ആരംഭിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) കെപ്കോയുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്ന പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ)മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ പദ്ധതി ആലപ്പുഴ ജില്ലയിൽ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്:

1. ആല
2. ബുധനൂർ
3. ചെറിയനാട്
4. മുളക്കുഴ
5. കുമാരപുരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. അമ്പലപ്പുഴ (വടക്ക്)
7. അരൂക്കുറ്റി
8. പട്ടണക്കാട്
9. വയലാർ
10. ചേന്നംപള്ളിപ്പുറം
11. തൈക്കാട്ടുശ്ശേരി
12. പാണാവള്ളി
13. പെരുമ്പളം
14. അർത്തുങ്കൽ
15. കണിച്ചുകുളങ്ങര
16. തണ്ണീർമുക്കം
17. കടക്കരപ്പള്ളി
18. എഴുപുന്ന
19. ഹരിപ്പാട്
20. ചമ്പക്കുളം
21. കാർത്തികപ്പള്ളി
22. മുതുകുളം
23. കൃഷ്ണപുരം
24. ആയാംപറമ്പ്
25. കരുവാറ്റ
26. വിയപുരം
27. പള്ളിപ്പാട്
28. പുറക്കാട്
29. അമ്പലപ്പുഴ തെക്ക്

30. ചെന്നിത്തല
31. പത്തിയൂർ
32. താമരക്കുളം
33. തകഴി
34. മാവേലിക്കര തെക്കേക്കര
35. ഭരണിക്കാവ്
36. ആര്യാട്
37. ചെമ്പുംപുറം
38. മണ്ണഞ്ചേരി
39. പാറ്റൂർ
40. കുത്തിയതോട്

(ബി) കെപ്കോ ആവിഷ്കരിച്ച് നടപ്പാക്കുന്ന 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എടച്ചേരി മൃഗാശുപത്രി കെട്ടിട നിർമ്മാണം**

98(4767) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി മൃഗാശുപത്രി നിർമാണം വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി നിർമാണം വൈകാനുള്ള കാരണം വിശദമാക്കാമോ;

(സി) ടി നിർമാണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൃഗാശുപത്രി നിർമ്മാണത്തിനായുള്ള നിർദ്ദിഷ്ട സ്ഥലം വയൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രദേശമായതുകൊണ്ട് വിശദമായ മണ്ണ് പരിശോധന അത്യാവശ്യമാണ്. ഇതാണ് നിർമ്മാണം വൈകുന്നതിനുള്ള കാരണം.

(സി) സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്ത് ഉടൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിലെ മൃഗഡോക്ടർ തസ്തികകളിലെ ഒഴിവുകൾ**

99(4768) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ മൃഗഡോക്ടർ തസ്തികകളിൽ ഒഴിവുകൾ എന്തെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് എന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) റിപ്പോർട്ടുചെയ്ത ഒഴിവുകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ദേവികുളം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ മൃഗഡോക്ടർ തസ്തികകളിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**വെറ്ററിനറി ആശുപത്രികളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുവാൻ പദ്ധതികൾ**

100(4769) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വെറ്ററിനറി ഡോക്ടർമാരുടെ എണ്ണം ആവശ്യത്തിന് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ആകെ എത്ര വെറ്ററിനറി ആശുപത്രികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ടി ആശുപത്രികളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിലേയ്ക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ജില്ലകളിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്നതനുസരിച്ച് മൃഗാശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൃഗശാലകൾക്ക് അന്താരാഷ്ട്ര നിലവാരം

101(4770) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൃഗശാലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ളത് ഏതെങ്കിലുമുണ്ടോ;

(ബി) എല്ലാ മൃഗശാലകളേയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിയ്ക്കുന്നതരത്തിൽ മൃഗശാലകളെ മാറ്റുന്നതിന് നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരും മൃഗശാലകളുണ്ട്. ഇവയിൽ തിരുവനന്തപുരം മൃഗശാല അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണ്.

(ബി) മ്യൂസിയം മൃഗശാലാവകുപ്പിന്റെ കീഴിലുള്ള തൃശ്ശൂർ മൃഗശാല വനംവകുപ്പിന് കീഴിലുള്ള പുത്തൂരിലേയ്ക്ക് മാറ്റുന്നതിന് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത മൃഗശാല അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിച്ച മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി തിരുവനന്തപുരം മൃഗശാലയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശീയരായ മൃഗങ്ങൾക്ക് പുറമെ ആകർഷകമായ ജിറാഫ്, സീബ്ര മുതലായ മൃഗങ്ങളെ തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

102(4771) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറികൾ എത്രയെണ്ണമുണ്ട്;

(ബി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾ തുടങ്ങുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ കളമച്ചൽ വെറ്ററിനറി ഡിസ്പെൻസറി 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറികൾ ഒന്നുംതന്നെയില്ല.

(ബി) മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഡെയറി സോണുകൾ**

103(4772) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാം ഡെയറി സോണുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) പുതിയ ഡെയറി സോണുകൾ അനുവദിക്കുന്നതിനുള്ള മാദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 50 ബ്ലോക്കുകൾ ഡെയറി സോണായി പരിഗണിച്ച് സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) ഡെയറി സോണുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു* .

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ ക്ഷീരവികസന പദ്ധതികൾ

104(4773) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധി പ്രദേശത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ക്ഷിര വികസന വകുപ്പ് നടപ്പിലാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) എത്ര ക്ഷീര കർഷകർക്ക് ഇതുകൊണ്ടുള്ള ഗുണം ലഭ്യമാകും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധി പ്രദേശത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് 2016-17 വർഷം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

1. എം.എസ്.ഡി.പി. (മിൽക്ക് ഷെഡ് വികസന പദ്ധതി):

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്:

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | സബ്സിഡി/ യൂണിറ്റ് | ആകെ സബ്സിഡി |
|---|---|---|---|---|
| 1 | ഗോദാനം (1 പശു) | 4 | 32000 | 128000 |
| 2 | 2 പശു യൂണിറ്റ് | 12 | 64000 | 768000 |
| 3 | 5 പശു യൂണിറ്റ് | 2 | 175000 | 350000 |
| 4 | 10 പശു യൂണിറ്റ് | 1 | 350000 | 350000 |
| 5 | 5 കിടാരി യൂണിറ്റ് | 2 | 90500 | 181000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | 2 | 50000 | 100000 |
| 7 | കറവയന്ത്രം | 7 | 25000 | 175000 |
| 8 | കാലിത്തൊഴുത്ത് നിർമ്മാണം | 6 | 50000 | 300000 |
| | ആകെ | | | 2352000 |

2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്:

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | സബ്സിഡി/ യൂണിറ്റ് | ആകെ സബ്സിഡി |
|---|---|---|---|---|
| 1 | പുൽകൃഷിത്തോട്ടം (20 സെന്റിൽ കൂടുതൽ) | 13 | 20000 | 260000 |
| 2 | പുൽകൃഷിത്തോട്ടം (20 സെന്റിൽ താഴെ) | 7 | 7500 | 52500 |
| 3 | അസോള | 15 | 600 | 9000 |
| 4 | ഇറിഗേഷൻ അസിസ്റ്റൻസ് | 1 | 10000 | 10000 |
| 5 | സ്വാശ്രയ ഗ്രൂപ്പ് മുഖേനയുള്ള പുൽകൃഷി | 1 | 10000 | 10000 |
| 6 | വൃക്ഷവിള | 400 | 5 | 2000 |
| | ആകെ | | | 343500 |

3. ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്:

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | സബ്സിഡി/ യൂണിറ്റ് | ആകെ സബ്സിഡി |
|---|---|---|---|---|
| 1 | കർഷക സമ്പർക്ക പരിപാടി | 10 | 2500 | 25,000 |
| 2 | ബ്ലോക്ക് ക്ഷീര കർഷക സംഗമം | 1 | 31500 | 31,500 |
| 3 | ക്വാളിറ്റി അവെയർനസ് പ്രോഗ്രാം | 1 | 5000 | 5,000 |
| 4 | Production and Marketing of dried cow dung | 1 | 24000 | 24,000 |
| | ആകെ | | | 85500 |

4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്:

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | സബ്സിഡി/ യൂണിറ്റ് | ആകെ സബ്സിഡി |
|---|---|---|---|---|
| 1 | FSSA2006 പ്രകാരമുള്ള സജ്ജീകരണങ്ങൾ ഒരുക്കൽ | 2 | 45000 | 90000 |
| 2 | അവശ്യാധിഷ്ഠിത സഹായം | 6 | 120000 | 720000 |
| 3 | പാൽ സംഭരണ മുറി നിർമ്മാണം | 4 | 375000 | 1500000 |
| 4 | ഗുണനിയന്ത്രണ ലാബിന്റെ ശാക്തീകരണം | 1 | 37500 | 37500 |
| | ആകെ | | | 2347500 |

(ബി) 2016-17 വർഷം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ തീറ്റപ്പുൽകൃഷി വികസന പദ്ധതി പ്രകാരം 60 കർഷകർക്ക് പുൽകൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 115 കർഷകർക്ക് പുൽകൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് പുൽക്കടകൾ സൗജന്യമായി നൽകിയിട്ടുണ്ട്. 15 കർഷകർക്ക് 600 രൂപ വീതം അസോള കൃഷി നടപ്പാക്കുന്നതിനും ഒരു കർഷകന് ഇറിഗേഷൻ അസിസ്റ്റൻസായി 10,000 രൂപയും അനുവദിച്ചിട്ടുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) പ്രകാരം 2016-17-ൽ വിവിധ പദ്ധതികളിലായി 36 കർഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്.ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായത്തിലുൾപ്പെടുത്തി 13 ക്ഷീര സംഘങ്ങൾക്കായി 23,47,500 രൂപ നൽകിയിട്ടുണ്ട്.

**പാലിന്റെ അളവനുസരിച്ച് ഇൻസെന്റീവ്**

105(4774) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങൾവഴി ശേഖരിക്കുന്ന പാലിന് അളവ് അനുസരിച്ച് ഇൻസെന്റീവ് നൽകാറുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

ക്ഷീരസഹകരണ സംഘങ്ങൾവഴി സംഭരിക്കുന്ന പാലിന് ലിറ്റർ ഒന്നിന് കാലിത്തീറ്റ സബ്സിഡിയായി ഒരു രൂപ ക്രമത്തിൽ ഇൻസെന്റീവ് നൽകിവരുന്നു. 2016-17 വർഷം 13.5 കോടി രൂപയുടെ ഇൻസെന്റീവ് ക്ഷീരകർഷകർക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന അവരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിച്ചുനൽകിയിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ അവരവരുടെ വാർഷിക വ്യാപാര ലാഭത്തിൽനിന്നും പാലളക്കുന്ന ക്ഷീര കർഷകർക്ക് ഇൻസെന്റീവുകളും കാലിത്തീറ്റ സബ്സിഡിയും നൽകിവരുന്നുണ്ട്.

**മിൽക്ക് ഷെഡ് വികസന പദ്ധതി**

106(4775) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽക്ക് ഷെഡ് വികസനപദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തികവർഷത്തെ ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ സബ്കമ്മിറ്റി 41.79 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം കർഷകർക്ക് താഴെപ്പറയുന്ന ധനസഹായം നൽകിവരുന്നു:

| ക്രമ നമ്പർ | പദ്ധതി | ധനസഹായം |
|---|---|---|
| 1 | ഗോദാനം (1 പശു) | 32,000 |
| 2 | 2 പശു യൂണിറ്റ് | 64.000 |
| 3 | 5 പശു യൂണിറ്റ് | 1,75,000 |
| 4 | 10 പശു യൂണിറ്റ് | 3,50,000 |
| 5 | 5 കിടാരി യൂണിറ്റ് | 90,500 |
| 6 | 10 കിടാരി യൂണിറ്റ് | 1,81,200 |
| 7 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 8 | കറവയന്ത്രം | 25,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 50 ബ്ലോക്കുകളെ ഡെയറി സോണായി പരിഗണിച്ച് സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. അഞ്ച് ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമമായി തെരഞ്ഞെടുത്ത് സമഗ്ര ക്ഷീര വികസന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കിവരുന്നു.

**ക്ഷീരഗ്രാമം പദ്ധതി**

107(4776) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരഗ്രാമം പദ്ധതിയിലേക്ക് എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തുകയുണ്ടായി; ഏതെല്ലാം;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര പഞ്ചായത്തുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമെന്നാണ് കരുതുന്നത്; ടി ഗ്രാമപഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ 2016-17-ൽ മൂന്ന് ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയുണ്ടായി. കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ 2016-17-ൽ ഉൾപ്പെടുത്തിയത്.

(ബി & സി) 2017-18-ൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് അഞ്ച് പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് 2017-18-ൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ മിൽക്ക് ഷെഡ്ഡ് പദ്ധതി

108(4777) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ്ഡ് പദ്ധതി പ്രകാരം ഏതെല്ലാം വിഭാഗത്തിലുള്ള എത്ര പ്രോജക്ടുകൾ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ എത്ര കറവ യന്ത്രങ്ങൾ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വിതരണം ചെയ്തുവെന്ന് വിശദീകരിക്കുമോ;

(സി) പുൽകൃഷി വ്യാപിപ്പിക്കുന്നതിന് പ്രസ്തുത പ്രദേശത്തിന് എത്ര ധനസഹായം നൽകി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കൂടുതൽ പദ്ധതികൾ ഈ പ്രദേശത്ത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മിൽക്ക് ഷെഡ്ഡ് ഡെവലപ്മെന്റ് പദ്ധതിക്ക് (എം.എസ്.ഡി.പി.) പകരമായി ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാമാണ് (ഐ.ഡി.ഡി.പി.) കൊല്ലം ജില്ലയിൽ നടപ്പിലാക്കിയത്. ടി പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്:

| | | | |
|---|---|---|---|
| 1. | ഗോദാനം (1 പശു യൂണിറ്റ്) | - | 42 എണ്ണം |
| 2. | 2 പശു യൂണിറ്റ് | - | 34 എണ്ണം |
| 3. | 5 പശു യൂണിറ്റ് | - | 8 എണ്ണം |
| 4. | 10 പശു യൂണിറ്റ് | - | 4 എണ്ണം |
| 5. | 5 കിടാരി യൂണിറ്റ് | - | 2 എണ്ണം |
| 6. | 10 കിടാരി യൂണിറ്റ് | - | 1 എണ്ണം |
| 7. | മിനറൽ മിക്സ്ചർ | - | 470 എണ്ണം |
| 8. | അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി | - | 26 എണ്ണം |
| 9. | കറവ യന്ത്രം | - | 9 എണ്ണം |

10. <u>തീറ്റപ്പുൽകൃഷി വികസനം</u>

(a) 20 സെന്റിന് മുകളിൽ - 33.12 ഹെക്ടർ

(b) 20 സെന്റിൽ കുറവ് 15 ഹെക്ടർ സ്ഥലത്തേയ്ക്ക് പുൽക്കടകൾ സൗജന്യമായി നൽകി

(c) അസോള കൃഷി ധനസഹായം - 20 എണ്ണം

(d) തീറ്റപ്പുൽകൃഷി യന്ത്രവത്ക്കരണം - 4

(e) ഇറിഗേഷൻ അസിസ്റ്റൻസ് - 6

(f) വെർമി കമ്പോസ്റ്റ് കിറ്റ് - 2

(g) സൈലേജ് യൂണിറ്റ്

(h) ടാങ്ക് സൈലോ - 2

(i) ബാഗ് സൈലോ - 2

(j) ഹ്രസ്വകാല വിള (മക്കച്ചോള കൃഷി) - 2 ഹെക്ടർ

(k) പ്രിസെർവ്ഡ് ഡ്രൈ ഫോഡർ - 2

1) കാലിത്തൊഴുത്ത് നിർമ്മാണം - 5

2) കന്നുകാലികൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള പദ്ധതി - 2

(ബി) 9 എണ്ണം.

(സി) (1) 20 സെന്റിന് മുകളിൽ പുൽകൃഷിയ്ക്കുള്ള ധനസഹായം-33.12 ഹെക്ടർ സ്ഥലത്തേയ്ക്ക് 6,62,400 രൂപ (പുൽകടയുടെ വിലയും ധനസഹായവും ചേർത്ത്)

(2) 20 സെന്റിൽ കുറവ് പുൽകൃഷിയ്ക്കുള്ള ധനസഹായം 15 ഹെക്ടർ സ്ഥലത്തേയ്ക്ക് 1,12,500 രൂപ (പുൽകടവില)

(ഡി) ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## തീറ്റപ്പുൽകൃഷി വിപുലീകരിക്കാൻ നടപടികൾ

109(4778) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്ത് തീറ്റപ്പുൽകൃഷി വിപുലീകരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയത്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ടി പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് സാന്ദ്രീകൃത കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി 94 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 87.488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് 2016 നവംബർ 26 മുതലുള്ള ഒരു വർഷക്കാലം തീറ്റപ്പുൽകൃഷി വർഷാചരണമായി ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം കർഷകരിലെത്തിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ത്രിതല പഞ്ചായത്തുകൾക്ക് ക്ഷീരസംഘങ്ങൾ എന്നിവരുടെ സഹകരണത്തോടെ സ്വാശ്രയ ഗ്രൂപ്പുകളെക്കൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി 94 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 87.488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2017-18 വർഷത്തിൽ ആകെ ആറ് കോടി രൂപ തീറ്റപ്പുൽകൃഷി വികസന പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2017 ഏപ്രിൽ 1 മുതൽതന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തീറ്റപ്പുൽകൃഷി വിപുലീകരിക്കുവാൻവേണ്ടി മിൽമയുടെ മേഖലാ യൂണിയനുകൾ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) തീറ്റപ്പുൽകൃഷി വികസന പദ്ധതികളുടെ ഭാഗമായി ക്ഷീരകർഷകർക്ക് താഴെപ്പറയുന്ന സഹായങ്ങളാണ് പ്രധാനമായും നൽകുന്നത്:

1. 20 സെന്റിന് മുകളിൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി പുൽക്കടകൾ ഉൾപ്പെടെ കൃഷി ചെയ്യാനായി ഹെക്ടറിന് 20,000 രൂപ ധനസഹായം നൽകുകയും ചെയ്യുന്നു.
2. തീറ്റപ്പുൽകൃഷി ചെയ്യുന്നതിനായി മുന്നോട്ടുവരുന്ന എല്ലാ കർഷകർക്കും സൗജന്യമായി ആവശ്യാനുസരണം പുൽക്കടകൾ ലഭ്യമാക്കുന്നു.
3. വൻപയർ, ചോളം, കാലിത്തീറ്റ വൃക്ഷ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് സൗജന്യമായി നടീൽ വസ്തുക്കൽ ലഭ്യമാക്കുന്നു.
4. അസോള കൃഷി ചെയ്യുന്നതിന് യൂണിറ്റിന് കൃഷി ചെലവിനായി വിത്തിന്റെ വിലയുൾപ്പെടെ 600 രൂപ ധനസഹായം നൽകുന്നു.
5. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിന് 10,000 രൂപ വരെ ധനസഹായം നൽകിവരുന്നു.
6. ക്ഷീരസംഘങ്ങൾ മുഖേന അഞ്ചോ അതിൽ കൂടുതലോ വനിതകളെ ഉൾപ്പെടുത്തി ഗോപാലിക ഗ്രൂപ്പുകൾ രൂപീകരിച്ച് ഒരു ഏക്കറിൽ കുറയാത്ത സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും ഉല്പാദിപ്പിക്കുന്ന തീറ്റപ്പുല്ല് കർഷകർക്ക് കുറഞ്ഞ നിരക്കിൽ സംഘം മുഖേന വിപണനം നടത്തുന്നതിന് 75,000 രൂപ ധനസഹായം നൽകിവരുന്നു.
7. തീറ്റപ്പുൽകൃഷിയുമായി ബന്ധപ്പെട്ട് യന്ത്രവൽക്കരണത്തിനായി 10,000 രൂപ വരെ ധനസഹായം നൽകിവരുന്നു.

(സി) തീറ്റപ്പുൽകൃഷിക്കായി കേന്ദ്ര സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

**മൃഗശാലകളുടെ നവീകരണം**

110(4779) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗശാലകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി എന്തെങ്കിലും പദ്ധതികൾ നടത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർപ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ തിരുവനന്തപുരം മൃഗശാലയിൽ നടത്തിവരുന്നുണ്ട്. ജലപക്ഷികൾക്കുള്ള വാസസ്ഥലം, നീർനായയ്ക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ നിർമ്മാണ പ്രവർത്തനം, അക്വേറിയത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. മൃഗശാലയിൽ സ്ത്രീ സൗഹാർദ്ദപരവും വിശ്രമമുറിയും ചേർന്ന ടോയ്‌ലെറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവയുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇന്റർപ്രട്ടേഷൻ സെന്റർ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാലയിലേയ്ക്ക് ജിറാഫ്, സീബ്ര, വെള്ള സിംഹം, ജാഗ്വാർ, ഏഷ്യൻ സിംഹങ്ങൾ, കഴുതപ്പുലികൾ എന്നിവയെ എത്തിക്കുന്നതിനുവേണ്ട പ്രൊപ്പോസലുകൾക്ക് കേന്ദ്ര മൃഗശാലാ ആതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

## മൃഗശാലകളിൽ ജലലഭ്യതയ്ക്കും ചൂട് ക്രമീകരിക്കുന്നതിനും പദ്ധതികൾ

111(4780) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ ഈ വർഷത്തെ വേനലിൽ ജലലഭ്യതയ്ക്കും ചൂട് ക്രമീകരിക്കുന്നതിനുംവേണ്ടി ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ;

(ബി) വേനൽക്കാലത്ത് സംസ്ഥാനത്തെ മൃഗശാലകളിൽ ഏതെങ്കിലും തരത്തിലുള്ള സന്ദർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജലലഭ്യത ഉറപ്പുവരുത്താൻവേണ്ടി ഏതെങ്കിലും പദ്ധതികൾ/ പരിപാടികൾ 2016-17 വർഷത്തിൽ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിൽ ജലലഭ്യതയ്ക്കും ചൂട് ക്രമീകരിക്കുന്നതിനും വേണ്ടി ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. മൃഗങ്ങൾക്കുവേണ്ടി കുടിവെള്ളം ശേഖരിച്ച് വയ്ക്കുന്നതിനായി പുതിയ ടാങ്കുകൾ സ്ഥാപിച്ചു.
2. മൃഗങ്ങളുടെ കൂട്ടിൽ കൂടുതൽ ഫാനുകൾ സജ്ജീകരിച്ചു.
3. പല മൃഗങ്ങളുടെയും കൂടിലുള്ള കുളങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നു.
4. ആവശ്യമുള്ള കൂടുകളിൽ മൃഗങ്ങൾക്ക് ചൂടിനെ അതിജീവിക്കാൻ സ്പ്രിംഗ്ലറുകൾ സ്ഥാപിച്ചു.
5. വാട്ടർ റീസൈക്ലിംഗ് പ്ലാന്റ് ഉപയോഗിച്ച് ഗാർഡനിംഗ് ആവശ്യങ്ങൾക്കുള്ള വെള്ളം ലഭ്യമാക്കുന്നു.
6. മൃഗങ്ങളുടെ കൂടുകൾ വൃത്തിയാക്കുന്നതിനായി മൃഗശാലയ്ക്കകത്തെ കുളത്തിലെ വെള്ളം ഉപയോഗിക്കുന്നു.

(ബി) ഇല്ല.

(സി) ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ടി 2016-17 വർഷത്തിൽ പുതിയ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

## നീല വിപ്ലവ പദ്ധതി

112(4781) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപദ്ധതിയായ നീല വിപ്ലവ (ബ്ലൂ റവല്യൂഷൻ) പദ്ധതിയിൽ ഏതെല്ലാം പ്രോജക്ടുകളാണ് ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-ലെ കേന്ദ്ര സർക്കാരിന്റെ ഗൈഡ്‌ലൈൻസ് പ്രകാരം കേന്ദ്ര പദ്ധതിയായ നീലവിപ്ലവ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളിൽ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ഡെവലപ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ആന്റ് ഫോറസ്റ്റ് ഹാർവെസ്റ്റ് ഓപ്പറേഷൻസ്.
2. നാഷണൽ സ്കീം ഓഫ് വെൽഫെയർ ഓഫ് ഫിഷർമെൻ.
3. ഡെവലപ്മെന്റ് ഓഫ് ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ.
4. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ആന്റ് ഇറ്റ്സ് ആക്ടിവിറ്റീസ്.
5. മോണിറ്ററിംഗ്, കൺട്രോൾ ആന്റ് സർവയലൻസ് ആന്റ് അതർ നീഡ് ബേസ്ഡ് ഇന്റർവെൻഷൻസ്
6. സ്ട്രെങ്ത്തനിംഗ് ഓഫ് ഡാറ്റാബേസ് ആന്റ് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഓഫ് ദി ഫിഷറീസ് സെക്ടർ.
7. അസിസ്റ്റൻസ് ടു ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട്സ്.

(ബി) 2017-18 സാമ്പത്തിക വർഷം നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നമുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്. ടി പദ്ധതിയിൽ പാലക്കാട് ജില്ലയും ഉൾപ്പെടുന്നുണ്ട്.

1. റിസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം
   ഒരു കുടുംബത്തിനാവശ്യമായ മത്സ്യം വീട്ടിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിന് പുനഃപര്യയന (RAS) സംവിധാനത്തിലുള്ള മത്സ്യകൃഷിയാണിത്.
2. റിസർവോയറുകളിലെ കൂട്ടുകൃഷി
3. മലമ്പുഴ റിസർവോയറിൽ ലക്ഷ്യമിടുന്നു.
4. കുളങ്ങളുടെ നവീകരണം.
5. മത്സ്യകർഷക പരിശീലനം
6. ഭവന നിർമ്മാണം
7. സമ്പാദ്യ സമാശ്വാസ പദ്ധതി

(സി) 2016-17 സാമ്പത്തിക വർഷം നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഡെവലപ്മെന്റ് ഓഫ് ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ എന്ന പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ കരിക്കോട് ഫിഷ് മാർക്കറ്റിന്റെ നിർമ്മാണം ആരംഭിച്ചു.

2017-18 സാമ്പത്തിക വർഷത്തെ നീലവിപ്ലവ പദ്ധതിയിലുൾപ്പെട്ട ഘടകങ്ങൾ സംസ്ഥാനത്തൊട്ടാകെ സാധ്യതയ്ക്ക് അനുസരിച്ച് നടപ്പിലാക്കുന്നതിനായി പ്രോജക്ട് പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച് ഫണ്ട് ലഭിക്കുന്നമുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മത്സ്യ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ**

113(4782) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

I മത്സ്യ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ വന്നതിനുശേഷം നടപ്പിലാക്കിവരുന്ന പദ്ധതികൾ:

1. ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി:

ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 6 ലക്ഷം രൂപ വീതം ആകെ 100 കോടി രൂപ അടങ്കലുള്ള പദ്ധതി 2016-17-ൽ നടപ്പിലാക്കി. തീരപ്രദേശത്ത് തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് പ്രഥമ പരിഗണന നൽകിയാണ് 2017-18-ലെ മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്.1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

നൽകുന്നതിനായി 48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് 75 കോടി രൂപ 2017-18 വർഷം വകയിരുത്തിയിട്ടുണ്ട്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 8 വീടുകൾ ഉൾപ്പെടുന്ന 25 ഫ്ലാറ്റുകൾ നിർമ്മിച്ച് 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മൊത്തം 150 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ളത്.

2. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി:

ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനം ഉറപ്പാക്കുന്നതിന് 200 കെട്ടിടങ്ങൾ അടങ്ങിയ 25 കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി 20 കോടിയും ഇതിനായി ഒരു ഹെക്ടർ വസ്തു കണ്ടെത്തുന്നതിന് 7 കോടിയും വകയിരുത്തിയിട്ടുണ്ട്.

3. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം:

മത്സ്യത്തൊഴിലാളി ഭവനങ്ങളിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നത് ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ 4000 ഭവനങ്ങൾ പുനർ വൈദ്യുതീകരണം നടത്തി. ഒരു ഭവനത്തിന് 20,000 രൂപയാണ് ധനസഹായമായി അനുവദിച്ചത്. ഈ പദ്ധതിക്ക് 2017-18 വർഷത്തേയ്ക്ക് തുക വകയിരുത്തിയിട്ടില്ല.

4. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ

മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് 2017-18 വർഷത്തേയ്ക്ക് 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഒരു കുട്ടിക്ക് അനുവദിക്കുന്ന പരമാവധി ധനസഹായം ഒരു ലക്ഷം രൂപയാണ്.

5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി:

 2016-17 വർഷത്തിൽ ഈ പദ്ധതിക്ക് 40 ലക്ഷം രൂപ അനുവദിച്ചു. 2017-18 വർഷത്തേയ്ക്ക് ഈ പദ്ധതി പ്രകാരം തുകയൊന്നും വകയിരുത്തിയിട്ടില്ല.

6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി:

 മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും കൂടുതൽ പേർക്ക് ഉയർന്ന ജോലികൾ കരസ്ഥമാക്കുന്നതിന് ബാങ്ക് ടെസ്റ്റ് / മെഡിക്കൽ എൻട്രൻസ് / സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിനായി 2016-17-ൽ 150 ലക്ഷം വകയിരുത്തിയിരുന്നു. 2017-18 വർഷത്തിൽ ഇതിനായി 15 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

7. മെഡിക്കൽ ക്യാമ്പ്:

 മത്സ്യത്തൊഴിലാളി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർ ചികിത്സാ സൗകര്യം ഉറപ്പാക്കുന്ന തരത്തിൽ 50 മെഡിക്കൽ ക്യാമ്പുകൾ 2016-17 വർഷം സംഘടിപ്പിച്ചു. 2017-18 വർഷം 30 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി 45 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി:

 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിനായി ഇ-ഗ്രാന്റ് പദ്ധതി 2017-18 വർഷത്തിൽ നടപ്പാക്കുന്നത്. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യമാണ് ഇ-ഗ്രാന്റ്സ് മുഖേന നൽകുന്നത്. 2017-18-ൽ 576 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

9. മത്സ്യബോർഡിൽ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി, വിധവ വിഭാഗങ്ങളിലായി 65,300 പേർ പെൻഷണർമാരായിട്ടുള്ളതിൽ ആധാർ ലിങ്കിംഗ് പൂർത്തിയായ 49,898 പേർക്കുള്ള 31-3-2017 വരെയുള്ള പെൻഷൻ ഏപ്രിൽ മാസം വിതരണം ചെയ്തു.

10. മത്സ്യത്തൊഴിലാളി പെൻഷൻ 600-ൽ നിന്നും 1,000 രൂപയായും തുടർന്ന് 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

11. പഞ്ഞമാസ ആനുകൂല്യമായ സമ്പാദ്യ സമാശ്വാസ പദ്ധതി തുക 2,700 രൂപയിൽ നിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

12. തീരദേശ മേഖലകളിലേയും ഉൾനാടൻ മേഖലകളിലെയും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാഫ് മുഖേന ചെറു ഗ്രൂപ്പുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന് തീരമൈത്രി പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകിവരുന്നു. അഭ്യസ്തവിദ്യരായ യുവതികൾക്ക് തീരനൈപുണ്യ പദ്ധതിയിലൂടെ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പയും നൽകുന്നു.

13. മത്സ്യഫെഡിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ മത്സ്യഫെഡ് മുഖേന ലഭ്യമാക്കുന്നു. കൂടാതെ ഉപകരണ സുരക്ഷാ പദ്ധതി/നാടൻ വള്ളങ്ങളുടെ നവീകരണം എന്നീ പദ്ധതികളും നടപ്പിലാക്കുന്നു.

14. കടക്കെണിയിലായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകാൻ മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 31-12-2017 വരെയുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകുന്നത്. ഇതിന്റെ കാലാവധി 31-12-2008 വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

II. <u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ:</u>

1. മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് തുക അഞ്ച് ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ചു. 2017 ഡിസംബർ 17 മുതൽ പുതുക്കിയ തുകയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

2. കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കുന്ന പദ്ധതിക്ക് 25 കോടി രൂപ 2016-17 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

3. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. മുഖേനയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കാൻ വേണ്ടിവരുന്ന പ്രീമിയം തുകയും രജിസ്ട്രേഷൻ ഫീസും സർക്കാർ വഹിക്കുന്നതാണ്.

## തീരദേശ വികസനത്തിനായി റോഡുകളും സ്കൂളുകളും

114(4783) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ വന്നശേഷം ഫിഷറീസ് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) തീരദേശത്തെ സ്കൂളുകളുടെ അഭിവൃദ്ധിക്കായി വകുപ്പിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 210 തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 8265.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | 22 റോഡുകൾ | 812.68 ലക്ഷം രൂപ |
| കൊല്ലം | 24 റോഡുകൾ | 1198.70 ലക്ഷം രൂപ |
| ആലപ്പുഴ | 49 റോഡുകൾ | 1608.88 ലക്ഷം രൂപ |
| കോട്ടയം | 5 റോഡുകൾ | 320.41 ലക്ഷം രൂപ |
| എറണാകുളം | 19 റോഡുകൾ | 667.20 ലക്ഷം രൂപ |
| തൃശ്ശൂർ | 16 റോഡുകൾ | 400.25 ലക്ഷം രൂപ |
| മലപ്പുറം | 15 റോഡുകൾ | 667.36 ലക്ഷം രൂപ |
| കോഴിക്കോട് | 28 റോഡുകൾ | 980.67 ലക്ഷം രൂപ |
| കണ്ണൂർ | 18 റോഡുകൾ | 1029.70 ലക്ഷം രൂപ |
| കാസർഗോഡ് | 14 റോഡുകൾ | 579.78 ലക്ഷം രൂപ |

(ബി) തീരദേശത്തെ സ്കൂളുകളുടെ അഭിവൃദ്ധിക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവന നിർമ്മാണ പദ്ധതി**

115(4784) <u>ശ്രീ. എം. വിൻസെന്റ് :</u>

<u>ശ്രീ. വി. എസ്. ശിവകുമാർ :</u>

<u>ശ്രീ. കെ. മുരളീധരൻ :</u>

<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായങ്ങൾ ആണ് നൽകുന്നത്; വിവരിക്കുമോ;

(സി) പദ്ധതിയ്ക്കുള്ള ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പദ്ധതിയ്ക്ക് എത്ര തുക ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന ഭവന പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റിന്റെ അംഗീകാരം നൽകി. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി സൗകര്യ വികസനവും എന്നതിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന സമഗ്ര ഭവന പദ്ധതിയിൽ ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 4800 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി സൗകര്യ വികസനവും എന്നതിൽപ്പെടുത്തി 2017-18 വർഷം നടപ്പിലാക്കുന്ന ഭവന പദ്ധതിയിൽ 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലംവാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായത്തിനായി 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18-ൽ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണത്തിന് 2000 ലക്ഷം രൂപയും

പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(ബി)

1. ഭൂരഹിത ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നു.
2. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.
3. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.

(സി) 07-12-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ875/2016/മതുവ നമ്പർ പ്രകാരം ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* ആയത് പ്രകാരമാണ് പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി) 2014-15 വർഷം ഭരണാനുമതി നൽകിയ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ വലിയതുറയിൽ 8 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ഫിഷറീസ് വകുപ്പിന് ലഭ്യമായ 3.5 ഏക്കർ ഭൂമിയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിക്ക് 17.95 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി സൗകര്യ വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന സമഗ്ര ഭവന പദ്ധതിയിൽ ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 4800 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗകര്യ വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കുന്ന ഭവന പദ്ധതിയിൽ 2017-18 വർഷം 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലംവാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായത്തിനായി 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18-ൽ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണത്തിന് 2000 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യം ഹാർബറിൽനിന്ന് മാർക്കറ്റുകളിൽ എത്തിക്കുവാനുള്ള നടപടി**

116(4785) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലഭിക്കുന്ന മത്സ്യം മാരകവിഷം കലർന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡോ മറ്റ് സർക്കാർ ഏജൻസികളോ ഹാർബറിൽനിന്ന് നേരിട്ട് ശേഖരിച്ച് മാർക്കറ്റുകളിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മത്സ്യം കേടുകൂടാതെയിരിക്കുന്നതിന് ചില രാസപദാർത്ഥങ്ങൾ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർത്ത് വില്പന നടത്തുന്നത് തടയുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വിഭാഗവും ഫിഷറീസ് വകുപ്പും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും എല്ലാ ജില്ലകളിലും ഭക്ഷ്യ സുരക്ഷാ വിഭാഗവും ഫിഷറീസ് വകുപ്പിലെയും ഓരോ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിലൂടെ ശേഖരിക്കുന്ന സാമ്പിളുകൾ ലബോറട്ടറികളിൽ പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതുമാണ്. കൂടാതെ ഇതിനെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഹാർബറുകളിൽനിന്ന് നേരിട്ട് സ്വീകരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത മാർക്കറ്റുകളിൽ എത്തിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി പ്രാരംഭ ചർച്ചകൾ നടത്തിയിരുന്നു. മത്സ്യഫെഡിനെയും ഇതിനായി സജ്ജമാക്കുന്നതാണ്. തീരുമാനമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കടലിൽ നിക്ഷേപിച്ച മത്സ്യക്കുഞ്ഞുങ്ങൾ**

117(4786) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എഫ്.ആർ.ഐ.-യുടെയും മറ്റും സഹായത്തോടുകൂടി വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിച്ചതായിട്ടുള്ള മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം മത്സ്യയിനങ്ങളാണ് ഇപ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്; വിശദവിവരം നൽകുമോ; എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കുവാൻ കഴിയുന്നത്;

(സി) ഉൾനാടൻ മത്സ്യകൃഷിക്ക് നേട്ടമുണ്ടാകുന്നതരത്തിൽ ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുവാൻ കഴിയുമോ;

(ഡി) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ഇത്തരം നടപടി ഇതിനുമുൻപ് സ്വീകരിച്ചിട്ടുണ്ടോയെന്ന് പറയാമോ?

ഉത്തരം

(എ & ബി) സി.എം.എഫ്.ആർ.ഐ.-യുടെ സഹായത്തോടുകൂടി മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് കടലിൽ നിക്ഷേപിച്ചിട്ടില്ല.

(സി) ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങൾ, അഴിമുഖങ്ങൾ എന്നിവിടങ്ങളിൽ കാർപ്പ്, കരിമീൻ, ചെമ്മീൻ, പൂമീൻ, ആറ്റുകൊഞ്ച് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 253 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഫിഷറീസിലെ ജില്ലാ ആഫീസുകൾ മുഖാന്തരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**വലിയതുറ മത്സ്യഗ്രാമം പദ്ധതി**

118 (4787) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വലിയതുറ മത്സ്യഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി നാളിതുവരെ എത്ര

തുകയാണ് ചെലവഴിച്ചത്;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വലിയതുറ മത്സ്യഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി)ഭവന നിർമ്മാണ പദ്ധതിക്കായി 317.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വലിയതുറ മത്സ്യഗ്രാമത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി നാളിതുവരെ 8.60 കോടി രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെലവഴിച്ചിട്ടുണ്ട്.

(സി)ഈ പദ്ധതി പ്രകാരം 127 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചിട്ടുണ്ട്.

വലിയതുറ മത്സ്യഗ്രാമ പദ്ധതിയിലെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുവഴി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നീ മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ചു. പദ്ധതി ഉടൻതന്നെ കമ്മീഷൻ ചെയ്യും. അതുവഴി മേൽപ്പറഞ്ഞ മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിഹാരമാകും.

കൂടാതെ വലിയതുറയിൽ വൈദ്യുതീകരണം നടപ്പിലാക്കിയതിലൂടെ വോൾട്ടേജ്ക്ഷാമം ഉണ്ടായിരുന്നത് പരിഹരിച്ചു. ഹൈമാസ്റ്റ് ലൈറ്റ് മത്സ്യത്തൊഴിലാളികൾക്ക് രാത്രികാലങ്ങളിലെ മത്സ്യബന്ധനത്തിന് സഹായകരമായി. അങ്കണവാടികൾക്ക് സുരക്ഷിത കെട്ടിടങ്ങൾ നിർമ്മിച്ചതുവഴി മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് സുരക്ഷിതമായ കെട്ടിടവും ക്ഷേമവും സംരക്ഷണവും വിദ്യാഭ്യാസവും നൽകാൻ സാധിച്ചു. വലിയതുറ ഫിഷറീസ് ആശുപത്രിക്ക് ആധുനിക സംവിധാനങ്ങളോടുകൂടി പുതിയ കെട്ടിടം ലഭ്യമായതിലൂടെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾക്കായി ദൂരപ്രദേശത്തുള്ള മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവസ്ഥ ഒഴിവായി. കൂടാതെ ഈ ആശുപത്രി ഇപ്പോൾ കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

**ലൈസൻസ് ഉള്ള ഫിഷിംഗ് ബോട്ടുകൾ**

119(4788) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത് ലൈസൻസ് ഉള്ള എത്ര ഫിഷിംഗ് ബോട്ടുകൾ ആണ് കേരളത്തിലുള്ളത്;

(ബി) നിലവിൽ പുതിയ ഫിഷിംഗ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫിഷിംഗ് ബോട്ടുകളുൾപ്പെടെ കേരളത്തിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യബന്ധന യാനങ്ങളുടെ വിവരം ഇനംതിരിച്ച് ചുവടെ ചേർക്കുന്നു:

1. യന്ത്രവൽകൃത ബോട്ടുകൾ (ഫിഷിംഗ് ബോട്ടുകളും ഇൻബോർഡ് വള്ളങ്ങളും) - 5140
2. മോട്ടോറൈസ്ഡ് യാനങ്ങൾ (ഔട്ട് ബോർഡ് മെഷീൻ ഘടിപ്പിച്ചത്) - 29605
3. നോൺ മോട്ടോറൈസ്ഡ് യാനങ്ങൾ (എഞ്ചിൻ ഘടിപ്പിക്കാത്തത്) - 2539
4. ഡീപ്പ് സീ ബോട്ടുകൾ (പഴ്സ് സീനർ ബോട്ടുകൾ) - 52

ആകെ - 37336

(ബി) 21-04-2017-ലെ സ.ഉ.(സാധാ) 318/2017/മതുവ. നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ 21-04-2017 തീയതി മുതൽ 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം രജിസ്ട്രേഷൻ നൽകുന്ന മത്സ്യബന്ധന യാനങ്ങളിൽ 12 നോട്ടിക്കൽ മൈൽ ദൂരം വരുന്ന തീരക്കടലിൽ പ്രവർത്തിക്കുന്ന യാനങ്ങൾക്ക് ലൈസൻസ് നൽകുന്നതാണ്.

**കോതമംഗലം താലൂക്കിൽ മത്സ്യകൃഷി**

120(T4789) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് 2015-16, 2016-17 വർഷങ്ങളിൽ ധനസഹായമായി എത്ര രൂപ വീതം എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ധനസഹായം നല്കിയിട്ടുള്ള മത്സ്യക്കർഷകരുടെ പേരുവിവരവും അവരുടെ മത്സ്യ കൃഷിയിടവും വ്യക്തമാക്കാമോ;

(സി) മത്സ്യകൃഷിയുമായി ബന്ധപ്പെട്ട ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കോതമംഗലം താലൂക്കിൽ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് 2015-16, 2016-17 വർഷങ്ങളിൽ മത്സ്യ സമൃദ്ധി പദ്ധതി പ്രകാരം സെന്റ് ഒന്നിന് 40 എണ്ണം വീതം കാർപ്പ് മത്സ്യവിത്തുകളും സെന്റിന് 11 രൂപ നിരക്കിൽ മത്സ്യ തീറ്റയുള്ള സബ്സിഡിയും കരിമീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സെന്റ് വലിപ്പമുള്ള കുളങ്ങളുള്ള കർഷകർക്ക് സെന്റ് ഒന്നിന് 112 എണ്ണം വീതം കരിമീൻ വിത്തും സംയോജിത മത്സ്യകൃഷി പദ്ധതിക്ക് ഹെക്ടർ ഒന്നിന് 40,000 രൂപ വീതവും പടുതാകുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് സെന്റ് ഒന്നിന് 10,000 രൂപയും ധനസഹായമായി 1570 (2015-16=673; 2016-17=897) കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യ കർഷക വികസന ഏജൻസി മുഖേന പടുതാകുളങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 7,500 രൂപ വീതവും ധനസഹായമായി നൽകിവരുന്നു. ധനസഹായം നൽകിയ കർഷകരുടെ പേര് വിവരങ്ങളും നൽകിയ തുകയും 2015-16, 2016-17 വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) മത്സ്യകൃഷിക്ക് തീറ്റ, വിത്ത് എന്നിവയ്ക്കുള്ള ധനസഹായം ലഭിക്കുന്നതിന് സ്വന്തമായോ പാട്ടത്തിനോ കുളങ്ങൾ ലഭ്യമായിട്ടുള്ള കർഷകർക്ക് ബന്ധപ്പെട്ട പഞ്ചായത്തിൽ മത്സ്യകൃഷിക്കായി നിയോഗിച്ചിട്ടുള്ള അക്വാകൾച്ചർ കോർഡിനേറ്റർ മുഖേന വസ്തുവിന്റെ കരംഅടച്ച രസീതിന്റെ പകർപ്പ് സഹിതം അപേക്ഷ സമർപ്പിച്ചാൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ**

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പുനരധിവാസം

121(4790) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കടലിനോട് ചേർന്ന് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കടലാക്രമണ ഭീഷണി നിലനിൽക്കുന്ന മേഖലയിൽ തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രഥമ പരിഗണന നൽകിയാണ് 2017-18-ലെ മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. 2017-18-ൽ ഭവന പദ്ധതിക്കായി ആകെ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

- 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും എന്നാൽ സി.ആർ.ഇസഡ്. അനുവദനീയ മേഖലകളിൽ സ്വന്തമായി ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളികൾക്കാണ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത്.
- 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിനായി 75 കോടി രൂപ വകയിരുത്തിയിരിക്കുന്നു.
- തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തീരദേശ ജില്ലകളിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർവക ഭൂമി യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനും സ്വകാര്യഭൂമി നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരമോ അക്വിസിഷൻ മുഖാന്തരമോ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതായിരിക്കും.

- നിലവിൽ തീരത്തോട് ചേർന്ന് താമസിക്കുന്നവരും സി.ആർ.ഇസഡ്. അനുവദനീയ മേഖലയിലെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറി താമസിക്കാൻ താല്പര്യമുള്ളവരോ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരോ ആയ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 8 വീടുകൾ അടങ്ങിയ 25 കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 20 കോടി രൂപ 2017-18 വർഷം നീക്കിവച്ചിട്ടുണ്ട്. ഇതിനായി സർക്കാർ അനുവദിച്ചുനൽകുന്ന ഭൂമിയോ വകുപ്പ് നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരം വാങ്ങുന്ന ഭൂമിയോ പ്രയോജനപ്പെടുത്തുന്നതാണ്.

മേൽ പദ്ധതികൾ ആലപ്പുഴ ജില്ല ഉൾപ്പെടെയുള്ള 9 തീരദേശ ജില്ലകളിലും ജില്ലാ ഓഫീസുകൾ മുഖേന നടപ്പിലാക്കുന്നതാണ്.

## കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ

122(4791) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പ്, കായംകുളം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അതിന്റെ നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ?

### ഉത്തരം

കായംകുളം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി താഴെപ്പറയുന്ന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

കായംകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം - 900.00 ലക്ഷം രൂപ

കണ്ടല്ലൂർ പി.എച്ച്. സബ് സെന്റർ പുതിയ കെട്ടിട നിർമ്മാണം - 206.00 ലക്ഷം രൂപ

കരീപ്പുഴ മത്സ്യമാർക്കറ്റ് പുതിയ കെട്ടിട നിർമ്മാണം - 120.00 ലക്ഷം രൂപ.

## നെയ്യാർ ഡാം മത്സ്യോല്പാദന കേന്ദ്രത്തിന്റെയും അക്വേറിയത്തിന്റെയും വികസനം

123(4792) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ നെയ്യാർ ഡാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യോൽപാദന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(ബി) നെയ്യാർ ഡാം അക്വേറിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരു മാതൃകാ അക്വേറിയമായി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ നെയ്യാർഡാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നെയ്യാർഡാം ഹാച്ചറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2014-15 സാമ്പത്തിക വർഷം 344 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 276.3 ലക്ഷം രൂപ ഉപയോഗിച്ച് ഹാച്ചറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ 80 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 320 ലക്ഷം രൂപ അനുവദിക്കുകയും 194.85343 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തു. പ്രസ്തുത തുകയുപയോഗിച്ച് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) അഡാക്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച 2017-18-ലെ ആക്ഷൻ പ്ലാനിൽ നെയ്യാർ ഡാം അക്വേറിയത്തിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് സെയിൽസ് കൗണ്ടർ സ്ഥാപിക്കൽ, ഓവർ ഹെഡ്ഡ് ടാങ്ക് നിർമ്മാണം, നിലവിലുള്ള കുളങ്ങൾക്ക് ഇപോക്സി പെയിന്റടിക്കൽ, കുളങ്ങളെ ഫൈബർ ഷീറ്റുകൊണ്ട് വേർതിരിക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഉൾനാടൻ മത്സ്യകൃഷി മേഖലയിലെ മത്സ്യകേരളം, മത്സ്യസമൃദ്ധി പദ്ധതികൾ

124(4793) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന മത്സ്യകേരളം, മത്സ്യ സമൃദ്ധി തുടങ്ങിയ പദ്ധതികൾ ഏതുവർഷം മുതലാണ് ആരംഭിച്ചത്;

(ബി) ഇതുവഴി ഉൾനാടൻ മത്സ്യകൃഷി മേഖലയ്ക്ക് മാറ്റം ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) മത്സ്യ കൃഷിക്ക് കൂടുതൽപേരെ കണ്ടെത്തുന്നതിനും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഏറെ ഗുണം ചെയ്യുന്ന ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുകളുടെ നിർബന്ധിത പദ്ധതിയാക്കി മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ പദ്ധതികൾ നിർത്തലാക്കാൻ പോകുന്നു എന്ന തരത്തിലുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മത്സ്യകൃഷി പ്രോത്സാഹനത്തിന് കിട്ടുന്ന സബ്സിഡികളും മറ്റും ലഭിക്കുന്നതിനായി കർഷകർ ജില്ലാ ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടണമെന്ന സാഹചര്യമുണ്ടായാൽ, ഈ ഉൾനാടൻ മത്സ്യകൃഷിതന്നെ ഇല്ലാതാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ, ഉൾനാടൻ മത്സ്യകൃഷി മേഖലയെ സംരക്ഷിക്കുന്നതിനും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2008 മുതൽ 2012 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ പദ്ധതിയാണ് മത്സ്യ കേരളം പദ്ധതി. 2012 മുതൽ 2015 വരെയുള്ള കാലയളവിൽ മത്സ്യസമൃദ്ധി I പദ്ധതിയും 2015 മുതൽ 2017 വരെയുള്ള കാലയളവിൽ മത്സ്യ സമൃദ്ധി II പദ്ധതിയും നടപ്പിലാക്കുകയുണ്ടായി.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) സർക്കാർ ഇത്തരം മത്സ്യകൃഷി പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയും ജനകീയ പങ്കാളിത്തത്തോടു കൂടിയുമാണ് നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ചുമതലകളിൽ ഉൾപ്പെട്ടതാണ് മത്സ്യകൃഷി വികസനം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യകൃഷി പദ്ധതികൾ ഏറ്റെടുക്കാറുണ്ട്. ഒരു നിർബന്ധിത പദ്ധതിയായി നിർദ്ദേശിക്കാനാവില്ല.

(ഡി) ഇല്ല. എന്നാൽ, 2017 മുതൽ ആരംഭിക്കുന്ന 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് ജനകീയ മത്സ്യകൃഷി പദ്ധതി II എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) മത്സ്യകൃഷി പ്രോത്സാഹനത്തിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ കർഷകർക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ജില്ലാ ആഫീസുകൾ വഴിയാണ് കാലാകാലങ്ങളായി നൽകിവരുന്നത്. മത്സ്യ കർഷകർക്ക് ആവശ്യമായ സഹായങ്ങൾ പ്രാദേശികമായി ലഭ്യമാക്കുന്നതിന് മത്സ്യകൃഷി വികസന സാധ്യത ഏറിയ ഉൾനാടൻ മേഖലയിൽ 100 മത്സ്യഭവനുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഉൾനാടൻ മത്സ്യകൃഷി മേഖലയെ സംരക്ഷിക്കുന്നതിന് കൂടുതൽ ആനുകൂല്യങ്ങൾ നിലവിൽ നൽകിവരുന്നുണ്ട്.

## ഉൾനാടൻ ജലാശയങ്ങൾ മത്സ്യകൃഷിക്ക് പാട്ടത്തിന് നൽകുവാൻ പറ്റാത്ത അവസ്ഥ

125(4794) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെതിരെ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവുമൂലം കൂടുകൃഷി, വളപ്പ്കൃഷി (പെൻ കൾച്ചർ) എന്നിവ നടത്താൻ പറ്റാത്ത അവസ്ഥ സംജാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഉൾനാടൻ മത്സ്യോൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ വിഷയത്തിൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ഒഴുകുന്ന നദികളിലും പുഴകളിലും കൂട് കൃഷി, വളപ്പ് കൃഷി (പെൻകൾച്ചർ) എന്നിവ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

(ബി & സി) ഇത് ഉൾനാടൻ മത്സ്യോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പുഴ/നദി ഭാഗം അനിയന്ത്രിതമായി അനധികൃത കയ്യേറ്റത്തിന് വിധേയമാകാനുള്ള സാധ്യത കൂടുതലാണ്. നിലവിൽ ഇത്തരം കയ്യേറ്റങ്ങൾ കാര്യക്ഷമമായി തടയുന്നതിന് പര്യാപ്തമായ നിയമങ്ങളുമില്ല. മാത്രമല്ല, നദികളുടെയും പുഴകളുടെയും ഭാഗം പാട്ടത്തിന് നൽകുന്നത് അപ്രായോഗികവും അതിൽ നദികളുടെയും പുഴകളുടെയും ഒഴുക്ക് തടഞ്ഞുകൊണ്ട് തടയണകൾ നിർമ്മിക്കുന്നത് പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടംവരുത്തുന്നതുമാണ്. ആയതിനാൽ ഒഴുകുന്ന നദികളും പുഴകളും ഒഴിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള കുളങ്ങളും മറ്റ് ജലാശയങ്ങളും മത്സ്യകൃഷിക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് സൂചന സർക്കുലർ തടസ്സമാകുന്നില്ലെന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും ഇക്കാര്യത്തിൽ ആ വകുപ്പുമായി വീണ്ടും കൂടിയാലോചനകൾ നടത്തി പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവിധം കൂട് മത്സ്യകൃഷി ഒഴുകുന്ന ജലാശയത്തിൽ നടത്തുന്നതിന് സഹായകരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതാണ്.

**പുതിയങ്ങാടി-പള്ളിക്കണ്ടി പ്രദേശത്ത് കടലാക്രമണത്തിൽ നാശം**

126(4795) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയാപ്പ ഹാർബറിന് തെക്ക് ഭാഗത്ത് പുതിയങ്ങാടി - പള്ളിക്കണ്ടി പ്രദേശത്ത് കടൽകയറി വീടുകളും മത്സ്യബന്ധന ഉപകരണങ്ങളും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കോഴിക്കോട്, പുതിയാപ്പ ഹാർബറിന് തെക്കുഭാഗത്ത് പുതിയങ്ങാടി പള്ളിക്കണ്ടി ഭാഗത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കടലാക്രമണത്തിൽ ഏകദേശം നൂറോളം വീടുകളിൽ വെള്ളം കയറുകയുണ്ടായി. ഗൃഹോപകരണങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പ്രശ്നത്തിന് പരിഹാരം വിശദമായ പഠനത്തിനുശേഷം നടപ്പാക്കുന്നതാണ്.

**സംസ്ഥാനത്ത് മത്സ്യ സമ്പത്തിൽ വന്ന കുറവ്**

127(4796) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ മത്സ്യ സമ്പത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രത്തോളമാണ് കുറവ് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മത്സ്യ ലഭ്യതക്കുറവുമൂലം ഈ മേഖലയിൽ വരുമാനക്കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്നറിയിക്കാമോ;

(സി) മത്സ്യ ബന്ധനത്തെ മാത്രം ആശ്രയിച്ച് കഴിയുന്നവരുടെ ജീവിതത്തെ മത്സ്യ ലഭ്യതക്കുറവ് ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്തുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടലോര മേഖലയിൽ ലഭ്യമായ മത്സ്യ സമ്പത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. എന്നാൽ ഉൾനാടൻ മേഖലയിലെ മത്സ്യ സമ്പത്ത് വിവിധ പദ്ധതികളുടെ ഫലമായി വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കടലോര മേഖലയിലെ മത്സ്യോല്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ)

| വർഷം | ഉല്പാദനം | മുൻ വർഷത്തിൽ നിന്നുള്ള കുറവ് |
|---|---|---|
| 2011-12 | 5.53 | - |
| 2012-13 | 5.31 | 0.22 |
| 2013.14 | 5.22 | 0.09 |
| 2014.15 | 5.24 | മത്സ്യോല്പാദനം കുറഞ്ഞില്ല |
| 2015-16 | 5.17 | 0.07 |

ഉൾനാടൻ മേഖലയിലെ മത്സ്യോല്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ)

| വർഷം | ഉല്പാദനം | മുൻവർഷത്തിൽ നിന്നുള്ള വർദ്ധനവ് |
|---|---|---|
| 2011-12 | 1.40 | - |
| 2012-13 | 1.49 | 0.09 |
| 2013-14 | 1.86 | 0.37 |
| 2014-15 | 2.02 | 0.16 |
| 2015-16 | 2.12 | 0.10 |

(ബി&സി) മത്സ്യ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും മത്സ്യത്തിന്റെ വില വർദ്ധിച്ചതിന്റെ ഫലമായി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല.

(ഡി) ശാസ്ത്രീയ പഠനം ഫിഷറീസ് വകുപ്പ് നടത്തിയിട്ടില്ലെങ്കിലും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ വർഷവും മത്സ്യ ഉല്പാദനത്തെ സംബന്ധിച്ച് ഡാറ്റ എടുക്കുകയും അത് ശാസ്ത്രീയമായി അവലോകനവും ചെയ്യാറുണ്ട്.

## കാസർഗോഡ് ജില്ലയിലെ മത്സ്യ ഗ്രാമങ്ങൾ

128(4797) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മത്സ്യ ഗ്രാമങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാമങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് തീരദേശവികസന കോർപ്പറേഷൻവഴി എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, ഷിറിയ, കോയിപ്പാടി, കാവുഗോളി, കസബ, കീഴൂർ, കോട്ടിക്കുളം, പള്ളിക്കര, അജാനൂർ, ഹൊസ്ദുർഗ്ഗ്, പുഞ്ചാവി, തൈക്കടപ്പുറം, കാടങ്കോട്, പടന്നകടപ്പുറം, വലിയപറമ്പ, തൃക്കരിപ്പൂർ കടപ്പുറം എന്നീ മത്സ്യ ഗ്രാമങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 39.45 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾക്കായി 25.59 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് കെട്ടിടം

129(4798) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോയക്കാവിൽ ഫിഷറീസ് വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടം ജീർണ്ണാവസ്ഥയിലാണെങ്കിൽ പൊളിച്ചുമാറ്റി ഫിഷറീസ് വകുപ്പിന്റെ മറ്റ് ഏതെങ്കിലും സ്ഥാപനം ആരംഭിക്കാൻ നടപടി എടുക്കുമോ;

(സി) സ്വന്തമായി കെട്ടിടം ഇല്ലാത്തതും നല്ലനിലയിൽ പ്രവർത്തിച്ച് വരുന്നതുമായ 40/96/ സി.ഇസെഡ് നമ്പർ വെങ്കിടങ്ങ് പഞ്ചായത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് ഈ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ കോയക്കാവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ സ്കൂൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ സ്കൂൾ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെപ്പറ്റിയും ഫിഷറീസ് വകുപ്പിന്റെ മറ്റേതെങ്കിലും സ്ഥാപനം ഈ കെട്ടിടത്തിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ചും തൃശ്ശൂർ കളക്ടറേറ്റിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

**മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നത് കണ്ടെത്താൻ പേപ്പർ സ്ലിപ്പ്**

130(4799) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>

<u>ശ്രീ. ഇ. കെ. വിജയൻ:</u>

<u>ശ്രീമതി സി. കെ. ആശ:</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ക്കുന്ന മത്സ്യങ്ങളിൽ വ്യാപകമായി വിഷാംശം കണ്ടെത്തിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യങ്ങൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജുകൾ ആവശ്യത്തിനില്ല എന്ന പരിമിതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) മത്സ്യത്തിൽ ഫോർമാലിനും അമോണിയയും പോലുള്ള രാസവസ്തുക്കൾ കലർത്തുന്നത് കണ്ടെത്താൻ പേപ്പർ സ്ലിപ്പ് സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഈ രംഗത്ത് പ്രവൃത്തിക്കുന്നവർക്ക്, പേപ്പർ സ്ലിപ്പുകൾ വ്യാപകമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചില രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ശീതീകരണ സംവിധാനമുള്ള ലേല ഹാളുകളും ശീതീകരണ സംവിധാനമുള്ള ആധുനിക മത്സ്യമാർക്കറ്റുകളും ഒരുക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. ശീതീകരണ സംവിധാനമൊരുക്കിയ 34 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തിയാകുകയും മൂന്നെണ്ണത്തിന്റെ നിർമ്മാണം

അവസാന ഘട്ടത്തിലുമാണ്. കൂടാതെ സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും ചിൽഡ് സ്റ്റോറേജ് സൗകര്യം നടപ്പിലാക്കി വരുന്നുണ്ട്.

(സി)കേടാകാതിരിക്കാൻ മത്സ്യങ്ങളിൽ ചില രാസവസ്തുക്കൾ ചേർക്കുന്നത് തിരിച്ചറിയാൻ പേപ്പർ സ്ലിപ് ഉപയോഗിച്ചുള്ള സാങ്കേതികവിദ്യ കേന്ദ്ര ഫിഷറീസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് (CIFT) മുഖേന വികസിപ്പിച്ചെടുത്ത് വാണിജ്യാടിസ്ഥാനത്തിൽ പ്രചരിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) CIFT വികസിപ്പിച്ചെടുക്കുന്നമുറയ്ക്ക് പേപ്പർ സ്ലിപ്പുകൾ പ്രാദേശിക മെഡിക്കൽ സ്റ്റോറുകളും സമാന സ്വഭാവമുള്ള കടകളും വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കാൻ ഷെൽറ്ററുകൾ

131(4800) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമാകുമ്പോൾ തീരദേശവാസികളെ താൽക്കാലികമായി മാറ്റിപ്പാർപ്പിക്കുന്നതിന്, ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി സ്ഥിരം ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോഴേയ്ക്ക് പൂർത്തീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമാകുമ്പോൾ തീരദേശവാസികളെ താൽക്കാലികമായി മാറ്റിപ്പാർപ്പിക്കുന്നതിന് ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി സ്ഥിരം ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പിൽ പദ്ധതികളൊന്നുമില്ല. ദുരന്ത നിവാരണ പദ്ധതിയുടെ ചുമതല റവന്യൂ വകുപ്പിനായതിനാൽ പ്രസ്തുത വകുപ്പിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നതാണ്.

## മത്സ്യസംസ്കരണ മേഖലയിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

132(4801) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, മത്സ്യത്തൊഴിലാളികൾക്ക് വകയിരുത്തുന്ന തുകയിൽ കുറവ് വരുത്താതെത്തന്നെ, മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യ സംസ്കരണ തൊഴിലാളികൾക്കും ലഭിക്കുന്നതിന് അധികമായി തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ അനുബന്ധ മത്സ്യത്തൊഴിലാളികളായിട്ടാണ് പരിഗണിക്കുന്നത്. മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ അനുബന്ധ മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡ് മുഖേന 11 പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

### അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 1. | ഗ്രൂപ്പ് ഇൻഷ്വറൻസ് | |
| | 1. അപകടമരണം/അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത. (2017 ഡിസംബർ മാസം മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് തുക 10 ലക്ഷം ലഭിക്കുന്നതാണ്) | 5,00,000 |
| | 2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 2,50,000 |
| | 3. കുട്ടികളുടെ പഠനച്ചെലവ് (2 പേർക്ക് പരമാവധി) | 10,000 |
| | 4. ശവസംസ്കാര ചെലവ് | 2,500 |
| | 5. അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | 25,000 |
| 2. | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 |

| | | |
|---|---|---|
| 3. | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000 |
| 4. | പ്രസവശുശ്രൂഷാ ധനസഹായം | 750 |
| | എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് 10 എ പ്ലസ് ലഭിക്കുന്നവർക്ക് | 5,000 |
| | 9 എ പ്ലസ് ലഭിക്കുന്നവർക്ക് | 4,000 |
| | 8 എ പ്ലസ് ലഭിക്കുന്നവർക്ക് | 3,000 |
| 5. | റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽനിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 3,000 |
| 6. | മാരകരോഗ ചികിത്സാ പദ്ധതി (പരമാവധി) | 25,000 |
| 7. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 8. | കുടുംബ സംവിധാന പദ്ധതി | 500 |
| 9. | ബോർഡിന്റെ പ്രത്യേക ധനസഹായം | |
| 10. | <u>ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം</u> | |
| | പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് ലഭിക്കുന്നവർക്ക് | 5,000 |
| | വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടുന്നവർക്ക് | 5,000 |
| 11. | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്നമുറയ്ക്ക് | 1,350 |

(ബി) മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്നവരെ അനുബന്ധ മത്സ്യത്തൊഴിലാളികളായിട്ടാണ് പരിഗണിക്കുന്നത്. നിലവിൽ അനുബന്ധ തൊഴിലാളികൾക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും മത്സ്യ സംസ്കരണ തൊഴിലാളികൾ അർഹരാണ്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അനുബന്ധ തൊഴിലാളികൾ അർഹരല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് നടപടി

133(4802) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് നിലവിൽ ഇതിനായി നടത്തിവരുന്നത്; വിശദമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനായി പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിനുതകുമാറ് വള്ളങ്ങളിൽ ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി, ലാന്റിംഗ് സെന്ററിൽ എത്തുന്ന മത്സ്യം വൃത്തിയുള്ള സാഹചര്യത്തിൽ ലേലം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും ശീതീകരണ സംവിധാനമുള്ള ലേല ഹാളുകൾ, പുതുമ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളിലെത്തിക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ, ശുചിത്വവും, വൃത്തിയും ഉറപ്പുവരുത്തുന്നതും ശീതീകരണ സൗകര്യങ്ങൾ ഉള്ളതുമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ ശൃംഖല, ഹാർബറുകളിൽ നിന്ന് വിപണന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് വഴി വാഹന സൗകര്യം എന്നിവ ഏർപ്പെടുത്തുന്നു. കൂടാതെ രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവിപണനം തടയുന്നതിനായി പ്രത്യേക സ്ക്വാഡുകൾ ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(ബി) മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ദേശീയ മത്സ്യ വികസന ബോർഡിന്റെ

ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ചുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി 39 മത്സ്യമാർക്കറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിൽ 34 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മൂന്ന് മാർക്കറ്റുകളുടെ നിർമ്മാണം അവസാനഘട്ടത്തിലുമാണ്. സ്ഥലം ലഭ്യമാകാത്തതിനാൽ രണ്ട് മാർക്കറ്റുകളുടെ നിർമ്മാണം ഉപേക്ഷിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് പ്രോസസിംഗ് പ്ലാന്റിൽ മത്സ്യ ഉല്പന്നങ്ങൾ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കി ആകർഷകരമായ പായ്ക്കറ്റുകളിൽ "ഡ്രിഷ് കേരള" എന്ന പേരിൽ തീരദേശ വികസന കോർപ്പറേഷൻ വിപണിയിലെത്തിക്കുന്നു.

(സി) കേരള തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ്, മത്സ്യവകുപ്പ്, ഭക്ഷ്യ സുരക്ഷാ വിഭാഗം തുടങ്ങിയ സ്ഥാപനങ്ങൾ ഈ ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു.

**മത്സ്യമേഖലയ്ക്ക് പ്രത്യേക ഘടക പദ്ധതി**

134(T4803) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ മത്സ്യമേഖലയ്ക്ക് പ്രത്യേക ഘടകപദ്ധതി രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് സഹായകമാവുന്ന രീതിയിൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ളതുപോലെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക ഘടകപദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന പദ്ധതിയുടെ കാര്യത്തിൽ നിലവിൽ പരിഗണനയിലില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി ഗ്രൂപ്പ്/വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തുല്യമായ പരിഗണന നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

---

T T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള പെൻഷൻ**

135(4804) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ കഴിഞ്ഞ നാലുമാസമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ എത്രയുംവേഗം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ ആധാർ കാർഡ് ലിങ്ക് ചെയ്ത് പെൻഷൻ നൽകുന്നതിനായി അനുമതി നൽകിയിട്ടുള്ള എല്ലാ പെൻഷൻകാർക്കും 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ 2017 ഏപ്രിൽ മാസം അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചിട്ടുണ്ട്. പെൻഷന് അർഹരായിട്ടുള്ള 65,300 പേരിൽ ആധാർ ലിങ്ക് ചെയ്തിട്ടുള്ള 49,898 പേർക്ക് 2017 മാർച്ച് വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്.

**കടലിൽ കൂടുമത്സ്യകൃഷി**

136(4805) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ കൂടുമത്സ്യകൃഷി തുടങ്ങുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) വഴിയാണോ ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(സി) ഏതൊക്കെ കടൽ മേഖലകളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്;

(ഡി) എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതുകൊണ്ട് നേട്ടമുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി കടലിൽ കൂട് മത്സ്യകൃഷി നടത്തുന്നതിനായി 1398 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 400 ലക്ഷം രൂപ കേന്ദ്ര വിഹിതവും 866 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും 132 ലക്ഷം രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ 10 കൂടുകളടങ്ങുന്ന 16 യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്. ഇതിനായി മേൽപ്പറഞ്ഞ ഓരോ ജില്ലയിൽനിന്നും അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിലേയ്ക്കായി അഡാക്കിന് 1258 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷിച്ചിരുന്നുവെങ്കിലും ടെണ്ടറൊന്നും ലഭിക്കാത്തതിനാൽ കൂടിന്റെ സ്പെസിഫിക്കേഷനിൽ മാറ്റംവരുത്തി വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി പദ്ധതി സി.എം.എഫ്.ആർ.ഐ., ആർ.ജി.സി.എ., കുഫോസ് മുതലായ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ അഡാക്കിന്റെ മേൽനോട്ടത്തിൽ ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കുന്നത്.

(സി) ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളുടെ തീരക്കടലിൽ 12 ഫാതം ആഴമുള്ള പ്രദേശങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) 9 മത്സ്യത്തൊഴിലാളികളിൽ കുറയാത്ത ഗ്രൂപ്പുകളാണ് ഗുണഭോക്താക്കൾ. ഇങ്ങനെയുള്ള 16 ഗ്രൂപ്പുകളെയാണ് 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുമുഖേന കുറഞ്ഞത് 144 മത്സ്യത്തൊഴിലാളികൾക്ക് ഗുണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മത്സ്യത്തൊഴിലാളികളുടെ കണക്ക്**

137(4806) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൊത്തം എത്ര മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നുണ്ടെന്നുള്ള കണക്ക് ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആധുനികരീതിയിൽ മത്സ്യബന്ധനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച മത്സ്യത്തൊഴിലാളി കളെയാണ് മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തുന്നത്. ഇങ്ങനെ മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി എല്ലാ വർഷവും സെപ്റ്റംബർ ഒന്നാം തീയതി കരട് മത്സ്യത്തൊഴിലാളി പട്ടിക പ്രസിദ്ധീകരിക്കുകയും പ്രസ്തുത പട്ടിക സംബന്ധിച്ച് പരാതിയുള്ളവർ സെപ്റ്റംബർ 15-ാം തീയതിയ്ക്കകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർമാർക്ക് പരാതി സമർപ്പിക്കുകയും ഈ പരാതിയിൽ തീർപ്പ് കല്പിച്ച് ഒക്ടോബർ 1-ാം തീയതി അന്തിമ മത്സ്യത്തൊഴിലാളി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. 2016-17 വർഷത്തിൽ പ്രസിദ്ധീകരിച്ച മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം 2,36,300 സജീവ മത്സ്യത്തൊഴിലാളികളുണ്ട്.

(ബി) ആധുനിക രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങിനൽകുന്നതിന് സോഫിസ്റ്റിക്കേറ്റഡ് ഫിഷിംഗ് ഗീയർ അക്സസറീസ് ഫോർ ഡീപ് സീ ഫിഷിംഗ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആധുനികരീതിയിലുള്ള ആർട്ടിഫിഷ്യൽ ബേയ്റ്റ്, ജീഗ്ഗ്, ജപ്പാനീസ് ഡൈവിംഗ് ബോർഡ്, ബാരാസ്പൂൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

138(4807) <u>ശ്രീ. എ. പ്രദീപ്കുമാർ:</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>

<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനായി ലൈഫ് ജാക്കറ്റ്, സാറ്റലൈറ്റ് അധിഷ്ഠിത റേഡിയോ ബീക്കൺ, ജി.പി.എസ്, എക്കോസൗണ്ടർ മുതലായ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് വർഷം മുഴുവനും സംസ്ഥാനത്തെ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പട്രോൾ ബോട്ട് ഏർപ്പെടുത്തുകയും മുഴുവൻസമയ കടൽ പട്രോളിംഗും കടൽ രക്ഷാ പ്രവർത്തനങ്ങളും നടത്തിവരികയുമാണ്. ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത മറ്റ് നാല് ജില്ലകളിലും മുഴുവൻസമയ കടൽ പട്രോളിംഗിനുള്ള സൗകര്യമൊരുക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടൽ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. രക്ഷാ ബീക്കണുകൾ, സീ സേഫ്റ്റി കിറ്റുകൾ എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകളും നൽകുന്നു. മത്സ്യബന്ധന ബോട്ടുകൾ, ട്രാക്ക് ചെയ്യുന്നതിനും അപകടത്തിൽപ്പെട്ടാൽ ഉടൻ രക്ഷാപ്രവർത്തനം നടത്തുന്നതിനും ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (Automatic Vessel Monitoring System) എന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ കരയിൽനിന്നും നിരീക്ഷിക്കുന്നതിന് ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 300 യൂണിറ്റുകൾ 90 ശതമാനം സബ്സിഡി നിരക്കിൽ ബോട്ടുകളിൽ ഘടിപ്പിക്കുകയും ആയത് ഫിഷറീസ് സ്റ്റേഷൻ കൺട്രോൾ റൂമിൽ നിരീക്ഷിക്കുകയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൊത്തം 155 ജി.പി.എസ്. വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർക്കാർ വിഹിതമായി 20,61,328 രൂപ ചെലവഴിച്ചിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സിഗ്നൽലൈറ്റ്, ഫ്ലാഗ്, ദിശ അറിയുന്നതിനും മത്സ്യബന്ധനത്തിനും സഹായിക്കുന്ന ജി.പി.എസ്., ജീവന്റെ സുരക്ഷയുറപ്പാക്കുന്ന ലൈഫ് ജാക്കറ്റ് എന്നിവ നൽകിവരുന്നു. സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുത്ത 575 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഉപകരണങ്ങൾ

വിതരണം ചെയ്തുകഴിഞ്ഞു. ഇതുകൂടാതെ കടൽ സുരക്ഷ പദ്ധതിയിലൂടെ കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനത്തിന്റെയും സ്ഥാനം അറിയുന്നതിനായി സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, മത്സ്യബന്ധനത്തിന് പോകുമ്പോൾ ദിശ അറിയുന്നതിനായി ജി.പി.എസ്., എക്കോസൗണ്ടർ എന്നിവ 25% ഗുണഭോക്തൃ വിഹിതം, 75% സബ്സിഡി എന്ന നിരക്കിൽ വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുത്ത 43 ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നിരക്കിൽ ഉപകരണങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. 24 ഗുണഭോക്താക്കൾക്കുകൂടി പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 5-5-2017-ലെ സ.ഉ.(സാധാ.) 351/17/മതുവ. പ്രകാരം ആദ്യഘട്ടമെന്ന നിലയിൽ ഒരു മറൈൻ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും 2017-18 വർഷം മറൈൻ ആംബുലൻസ് പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തുകയും ചെയ്തതനുസരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ ക്വാട്ട**

139(4808) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി പോകുന്ന വള്ളങ്ങളിലെ എഞ്ചിനിൽ ഉപയോഗിക്കുന്ന മണ്ണെണ്ണ വിഴിഞ്ഞം മത്സ്യഫെഡ് മണ്ണെണ്ണ ബങ്കിൽ നിന്നും ആവശ്യത്തിന് നല്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇവർക്ക് അർഹതപ്പെട്ട മണ്ണെണ്ണ സബ്സിഡി തുക, അതതുമാസം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം സബ്സിഡിതുക ലഭിയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(ഡി) ഇവർക്ക് നല്കുന്ന മണ്ണെണ്ണയുടെ അളവ് കുറവായതിനാൽ,_മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിയ്ക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിഴിഞ്ഞം മത്സ്യഫെഡ് മണ്ണെണ്ണ ബങ്കിൽ നിന്നും അർഹതപ്പെട്ട പെർമിറ്റ് ഉടമകൾക്ക് നിശ്ചിത അളവിൽ മണ്ണെണ്ണ നൽകിവരുന്നുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട മണ്ണെണ്ണ സബ്സിഡി തുക 2017 മാർച്ച് മാസം വരെയുള്ളത് പെർമിറ്റ് ഉടമകളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2017 ഏപ്രിൽ മാസത്തെ സബ്സിഡി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് താഴെ പറയുംപ്രകാരം നിലവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നുണ്ട്. എഞ്ചിന്റെ കുതിരശക്തി അനുസരിച്ചാണ് ഓരോരുത്തർക്കും അളവ് നിശ്ചയിക്കുന്നത്.

| എഞ്ചിന്റെ എച്ച്.പി. | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് | സിവിൽ സപ്ലൈസ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് | |
|---|---|---|---|
| | | പി.ഡി.എസ്. വഴി | ഓപ്പൺ മാർക്കറ്റ് വഴി |
| 10 എച്ച്.പി. എഞ്ചിൻ വരെ പ്രതിമാസം | 140 ലിറ്റർ | 129 ലിറ്റർ | 231 ലിറ്റർ |
| 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ പ്രതിമാസം | 150 ലിറ്റർ | 136 ലിറ്റർ | 464 ലിറ്റർ |
| 15 എച്ച്.പി. മുതൽ 40 എച്ച്.പി. വരെ പ്രതിമാസം | 190 ലിറ്റർ | 180 ലിറ്റർ | 630 ലിറ്റർ |

മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഫിഷിംഗ് ഹാർബറുകൾ**

140(T4809)ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫിഷിംഗ് ഹാർബറുകൾ ഉണ്ടെന്നും എവിടെയൊക്കെയാണ് ഇവ സ്ഥിതിചെയ്യുന്നതെന്നും അറിയിക്കുമോ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിയ്ക്കുന്ന എത്ര ഫിഷിംഗ് ഹാർബറുകൾ ഉണ്ട്;

(സി) നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്ന ഫിഷിംഗ് ഹാർബറുകൾ എത്ര; മുടങ്ങാനുള്ള കാരണമെന്താണ്;

(ഡി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനായി കേന്ദ്രഫണ്ട് അനുവദിക്കാറുണ്ടോയെന്ന് അറിയിയ്ക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 24 ഫിഷിംഗ് ഹാർബറുകളാണുള്ളത്. ഇതിൽ 14 എണ്ണം പ്രവർത്തിക്കുന്നു. 10 എണ്ണത്തിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

| ക്രമ നമ്പർ | ഫിഷിംഗ് ഹാർബറുകൾ | ജില്ല | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വിഴിഞ്ഞം | തിരുവനന്തപുരം | പ്രവർത്തിക്കുന്നു |
| 2 | മുതലപ്പൊഴി | തിരുവനന്തപുരം | നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ് |
| 3 | തങ്കശ്ശേരി | കൊല്ലം | പ്രവർത്തിക്കുന്നു |
| 4 | നീണ്ടകര | കൊല്ലം | പ്രവർത്തിക്കുന്നു |
| 5 | കായംകുളം | ആലപ്പുഴ | പ്രവർത്തിക്കുന്നു |
| 6 | തോട്ടപ്പള്ളി | ആലപ്പുഴ | പ്രവർത്തിക്കുന്നു |
| 7 | ചെത്തി | ആലപ്പുഴ | നിർമ്മാണ ഘട്ടത്തിലാണ്. CWPRS-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 8 | അർത്തുങ്കൽ | ആലപ്പുഴ | പണി നിർത്തിവച്ചിരിക്കുന്നു |
| 9 | മുനമ്പം | എറണാകുളം | പ്രവർത്തിക്കുന്നു |
| 10 | ചെല്ലാനം | എറണാകുളം | പുലിമുട്ട് നിർമ്മാണം പൂർത്തിയായി |
| 11 | ചേറ്റുവ | എറണാകുളം | പ്രവർത്തിക്കുന്നു |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | പൊന്നാനി | മലപ്പുറം | പ്രവർത്തിക്കുന്നു |
| 13 | താനൂർ | മലപ്പുറം | പ്രവൃത്തി പുരോഗമിച്ചുവരുന്നു (86%) |
| 14 | ബേപ്പൂർ | കോഴിക്കോട് | പ്രവർത്തിക്കുന്നു |
| 15 | പുതിയാപ്പ | കോഴിക്കോട് | പ്രവർത്തിക്കുന്നു |
| 16 | ചോമ്പാൽ | കോഴിക്കോട് | പ്രവർത്തിക്കുന്നു |
| 17 | കൊയിലാണ്ടി | കോഴിക്കോട് | പൂർത്തീകരണ ഘട്ടത്തിലാണ് (81%) |
| 18 | വെള്ളയിൽ | കോഴിക്കോട് | പൂർത്തീകരണ ഘട്ടത്തിലാണ് (90%) |
| 19 | മാപ്പിളബേ | കണ്ണൂർ | പ്രവർത്തിക്കുന്നു |
| 20 | അഴീക്കൽ | കണ്ണൂർ | പ്രവർത്തിക്കുന്നു |
| 21 | തലായ് | കണ്ണൂർ | പൂർത്തീകരണ ഘട്ടത്തിലാണ് (75%) |
| 22 | ചെറുവത്തൂർ | കാസർഗോഡ് | പ്രവർത്തിക്കുന്നു |
| 23 | കാസർഗോഡ് | കാസർഗോഡ് | പൂർത്തീകരണ ഘട്ടത്തിലാണ് (98%) |
| 24 | മഞ്ചേശ്വരം | കാസർഗോഡ് | പ്രവൃത്തി പുരോഗമിച്ചുവരുന്നു (68%) |

(ബി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന 10 ഫിഷിംഗ് ഹാർബറുകളാണുള്ളത്.

(സി) നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്ന 3 ഫിഷിംഗ് ഹാർബറുകളാണുള്ളത്. ചെത്തി, അർത്തുങ്കൽ, ചെല്ലാനം ഫിഷിംഗ് ഹാർബറുകൾ

ചെത്തി ഫിഷിംഗ് ഹാർബർ

രണ്ട് ഘട്ടങ്ങളിലായി 280 മീറ്റർ നീളംവരെ പുലിമുട്ടുകൾ നിർമ്മിച്ചുവെങ്കിലും പുലിമുട്ടുകളിൽ മണ്ണടിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതിനായി CWPRS-നെ പഠനത്തിനും പരിഹാര നിർദ്ദേശത്തിനുമായി ഏൽപ്പിച്ചിരിക്കുകയാണ്.

അർത്തുങ്കൽ ഫിഷിംഗ് ഹാർബർ

പുലിമുട്ടുകളുടെ നിർമ്മാണ ഘട്ടത്തിൽ സിങ്കേജ് ഉണ്ടായതിനെത്തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു. ഇത് സംബന്ധിച്ച മാതൃകാ പഠന ഏജൻസിയായ ഐ.ഐ.റ്റി.-യോട് അഭിപ്രായം ആരായുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 110.96 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെട്ട കോമ്പ്രിഹെൻസീവ് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ചെല്ലാനം ഫിഷിംഗ് ഹാർബർ

പുലിമുട്ട് പ്രവൃത്തി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനും മറ്റ് അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തിനുമുള്ള ഭൂമി ലഭ്യമല്ലാത്തതിനാൽ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനായി കേന്ദ്ര ഫണ്ട് അനുവദിക്കാറുണ്ട്.

## കണ്ണൂരിലെ ഓലക്കീൽ കടവ് പാലം

141(4810) ശ്രീ. റ്റി. വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളിലെ തീരദേശ മേഖലകളെ തമ്മിൽ ബന്ധപ്പെടുത്തുന്ന ഓലക്കീൽകടവ് പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കീൽ കടവിൽ പാലം പണിയുന്നതിന്റെ ഭാഗമായി പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് നബാർഡിൽ നിന്നും ഔപചാരിക അനുമതി ലഭ്യമാകാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ചെലവ് ആർ.ഐ.ഡി.എഫ്. ശീർഷകത്തിൽ വഹിക്കുവാൻ കഴിയുന്നില്ല. ടി പ്രവൃത്തിക്ക് നബാർഡ് അനുമതി ലഭിച്ചാൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതാണ്.

## കൊച്ചി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ

142(4811) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചശേഷം നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തിയാകാത്തതുമായ ഏതെങ്കിലും പ്രവൃത്തി ഈ മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന് കീഴിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിലവിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെട്ട ചെല്ലാനം പഞ്ചായത്തിൽ വാർഡ് നമ്പർ 16-ൽ മാവിൻ ചുവട് മുതൽ പടിഞ്ഞാറേ ക്കുള്ള റോഡിന്റെ നിർമ്മാണം | 60.00 | പ്രവൃത്തി കരാറിലേർപ്പെട്ട് ആരംഭിച്ചു. 50 ശതമാനം പ്രവൃത്തി പൂർത്തിയായി. |
| 2 | നബാർഡ് RIDF XVII - നമ്പ്യാപുര - കാട്ടിപ്പറമ്പ് പാലത്തിന്റെ നിർമ്മാണം | 140.00 | പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ മുൻ കരാർ റദ്ദ് ചെയ്തു. |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പുനർ ദർഘാസ് വഴി കരാറിലേർപ്പെട്ട് ആരംഭിച്ചിട്ടുണ്ട്. 5 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 3 | നബാർഡ് RIDF XIX - കണ്ടേക്കടവ് വടക്ക് വിജയം കനാൽ പാലം നിർമ്മാണം | 172.00 | പ്രവൃത്തി 45 ശതമാനം പൂർത്തിയായി. |

(ബി) ഭരണാനുമതി നൽകിയശേഷം പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തിയാകാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| I | തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി | | |
| 1 | ചെല്ലാനം പഞ്ചായത്തിലെ വാർഡ് നമ്പർ19-ൽ സെന്റ് സെബാസ്റ്റ്യൻ ചർച്ച് റോഡ് | 34.00 | സ്ഥലം സംബന്ധിച്ച തർക്കംമൂലം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നു. |
| 2. | ചെല്ലാനം പഞ്ചായത്തിലെ കണ്ണമാലി വാട്ടർ ടാങ്ക് റോഡ് | 38.00 | കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. |
| 3. | കുമ്പളങ്ങി പഞ്ചായത്തിലെ വാർഡ് 17-ൽ തട്ടാലിത്തറ റോഡ് | 55.00 | കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. |
| 4. | ചെല്ലാനം പഞ്ചായത്തിലെ കണ്ണമാലി ഓൾഡ് കെ.എസ്.ഇ.ബി. വരെയുള്ള റോഡ് | 10.00 | സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ഒഴിവാക്കി |

| | | | |
|---|---|---|---|
| 5. | കുമ്പളങ്ങി പഞ്ചായത്തിലെ കുമ്പളങ്ങി ആഞ്ഞിലിത്തറ റോഡ് | 33.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6. | ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പ് കളത്തറ റോഡ് | 55.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിൾ സ്വീകരിച്ചുവരുന്നു. |
| 7. | ചെല്ലാനം പഞ്ചായത്തിലെ തോണിത്തോട് കളത്തറ റോഡ് | 53.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

II നബാർഡ്

1 RIDF XV

| | | |
|---|---|---|
| ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തി | 2990.00 | പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായി. സ്ഥലം ലഭ്യമാകാത്തതിനാൽ മറ്റ് അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തി ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

2. RIDF XVII

| | | |
|---|---|---|
| നമ്പ്യാപുരം-കാട്ടിപ്പറമ്പ് | 140.00 | മുൻകരാറുകാരന്റെ |

| | |
|---|---|
| പാലം നിർമ്മാണ പ്രവൃത്തി | നഷ്ടോത്തരവാദിത്ത ത്തിൽ പുനഃക്രമീകരിച്ച് പ്രവൃത്തി 5% പൂർത്തിയായി. |

3. RIDF XIX

| | |
|---|---|
| കണ്ടേക്കടവ് വടക്ക് വിജയം 172.00 കനാൽ പാലം | പ്രവൃത്തി 45% പൂർത്തിയായിട്ടുണ്ട്. |

**തനത് കശുവണ്ടി ഉൽപ്പന്നങ്ങൾ ജനപ്രിയമാക്കുന്നതിന് നടപടി**

143(4812) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ തനത് ഉൽപ്പന്നങ്ങൾ കൂടുതൽ ജനപ്രിയമാക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനും നിലനിൽപ്പിനുമായി പുതിയ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പ്രാദേശിക വിപണി ശക്തമാക്കുന്നതിന് എക്സിബിഷൻ/മേളകളിൽ പങ്കെടുക്കുകയും കൂടുതൽ ആളുകൾ വാങ്ങുന്നതിന് ചെറിയ കൺസ്യൂമർ പാക്കറ്റുകൾ വിപണനം നടത്തുന്നുണ്ട്. വിദേശ മാർക്കറ്റ് കണ്ടെത്തുന്നതിനും ശ്രമം തുടരുകയാണ്.

(ബി) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു. സ്വകാര്യ മേഖലയിലെ അടഞ്ഞുകിടന്ന 450-ലേറെ ഫാക്ടറികളും തുറന്നുപ്രവർത്തിച്ചുവരുന്നു.

2017-2018-ലെ ബജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനുപുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനുവേണ്ടി 20 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ആവശ്യത്തിന് കശുവണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള നടപടികളാണ് കശുവണ്ടി വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ തൊഴിലാളികളുടെയും വ്യവസായത്തിന്റെയും ക്ഷേമത്തിനും നിലനിൽപ്പിനുമായി ഈ രംഗത്ത് നിലനിൽക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതിനും പരിപ്പ് വിതരണം ചെയ്യുന്നതുൾപ്പെടെ ഈ കമ്പനി മുഖാന്തരം ചെയ്യാവുന്നതാണ്.

**കാഷ്യൂ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

144(4813) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമാബൂത്തുകളുടെ മാതൃകയിൽ കാഷ്യൂ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാഷ്യൂ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. ഇക്കാര്യം പരിഗണിച്ചുവരുന്നു.

(ബി) ബാധകമല്ല.

## കശുവണ്ടി വ്യവസായ തൊഴിലാളികൾക്ക് കൂടുതൽ ദിവസം ജോലി

145(4814) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം ജോലി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെ കാഷ്യൂ കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ചു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചുവരുന്നു. വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ശേഖരിക്കുന്നതിനും വ്യവസായരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

തോട്ടണ്ടി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി കേരളത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി പ്ലാന്റർമാരുമായും ബന്ധപ്പെട്ട് വരുന്നു.

2017-18-ലെ ബജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനുപുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനുമായി 30 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നത് എളുപ്പമാക്കുന്നതിന്

കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക 80 കോടി രൂപ നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കി കോർപ്പറേഷനെ കടത്തിൽനിന്നും മോചിപ്പിച്ചു.

(ബി) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. കശുമാവ് കൃഷിയിൽ താൽപ്പര്യമുള്ള കർഷകരെ കണ്ടെത്തി സൗജന്യമായി ഉയർന്ന ഗുണനിലവാരമുള്ള തൈകളും സബ്സിഡിയും നൽകുന്ന പദ്ധതിയാണ് കെ.എസ്.എ.സി.സി. നടപ്പിലാക്കുന്നത്. 5 ഏക്കറിൽ കൂടുതൽ സ്ഥലമുള്ള കശുമാവ് കൃഷിയിൽ താൽപര്യമുള്ള കർഷകരെ കണ്ടെത്തി സ്ഥലം ഒരുക്കുന്നതിന് ധനസഹായവും സൗജന്യമായി തൈകളും നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ കശുമാവിൻതൈ വച്ചുപിടിപ്പിക്കുന്നതിനായി കൃഷിക്ക് ഉപയോഗയോഗ്യമായ സ്ഥലങ്ങൾ തിട്ടപ്പെടുത്തുന്നതിനും തുടർന്ന് സർക്കാർ അനുമതിപത്രത്തിന് വിധേയമായി കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദനശേഷിയുള്ള 2 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കശുമാവ് കൃഷി വികസനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ 35 രൂപ നിരക്കിൽ കർഷകർക്ക് നൽകിവരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്തുവരുന്നു. കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 5500-ഓളം കശുമാവ് തൈകൾ പുതുതായി നടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തുവരുന്നു. സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്തിട്ടുള്ള പരിസ്ഥിതിക്ക് ദോഷംവരുന്ന അക്കേഷ്യ പോലുള്ള മരങ്ങൾക്ക് പകരം കശുമാവ് കൃഷി ചെയ്യുന്ന കാര്യവും പരിശോധിച്ചുവരുന്നു.

**കശുവണ്ടി തൊഴിലാളികളുടെ മുടങ്ങിക്കിടക്കുന്ന പി.എഫ്. വിഹിതം**

146(4815) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലക്കായി 2017-18 ബജറ്റിൽ നീക്കിവെച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളുടെ മുടങ്ങി കിടക്കുന്ന പി.എഫ്. വിഹിതം ഒടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-2018-ലെ ബജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനുപുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനുമായി 30 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി 20 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കാപ്പെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2010 വരെയുള്ള പി.എഫ്. വിഹിതം നൽകിക്കഴിഞ്ഞു. 2011 മുതലുള്ള പി.എഫ്. കുടിശ്ശിക നൽകുന്നതിനുള്ള നടപടി പരിഗണനയിലാണ്. സ്വകാര്യ ഫാക്ടറികളുടെ കാര്യത്തിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

**കാഷ്യൂ ബോർഡ് രൂപീകരണം**

147(4816) ശ്രീ. അൻവർ സാദത്ത്:

ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാഷ്യൂ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ, സർക്കാരിതര ഫാക്ടറികൾക്ക്/കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനും ആവശ്യമെങ്കിൽ കശുവണ്ടിപ്പരിപ്പ് വിപണനത്തിൽ ഏർപ്പെടുന്നതിനുംവേണ്ടി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) കമ്പനി നിയമപ്രകാരം ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരങ്ങളോടുകൂടിയ കമ്പനിയാണ് രൂപീകരിക്കാനുദ്ദേശിക്കുന്നത്. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസും തയ്യാറാക്കിവരുന്നു.

## തോട്ടണ്ടിയുടെ ദൗർലഭ്യംമൂലം കശുവണ്ടി മേഖല നേരിടുന്ന പ്രയാസങ്ങൾ

148(4817) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒട്ടേറെ സ്ത്രീകൾ ജോലിചെയ്യുന്ന കശുവണ്ടി മേഖല, തോട്ടണ്ടിയുടെ ദൗർലഭ്യംമൂലം നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിദേശത്തുനിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന

കാര്യം പരിഗണിക്കുമോ;

(സി) ഈ തോട്ടണ്ടി, സർക്കാർ-സ്വകാര്യ കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുമോ;

(ഡി) ഇതിനായി പ്രത്യേക കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണിച്ചുവരുന്നു.

(സി) നേരിട്ട് ഇറക്കുമതി ചെയ്യുന്ന സംവിധാനം വരുന്നമുറയ്ക്ക് അക്കാര്യം പരിഗണിക്കുന്നതാണ്.

(ഡി) രൂപീകരിക്കും. കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. കമ്പനി നിയമപ്രകാരം രൂപീകരിക്കുന്ന ഈ കമ്പനിയുടെ മെമ്മോറാണ്ടവും ആർട്ടിക്കിൾസും രൂപപ്പെടുത്തിവരുന്നു.

**കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**

149(T4818) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) കശുവണ്ടി വ്യവസായം ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കശുമാങ്ങ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വാണിജ്യ സാധ്യതകൾ മുതലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ&ബി) കശുവണ്ടി മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം തോട്ടണ്ടി ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിയതിന്റെ ഫലമായി പൊതുമേഖലയിലുള്ള 40 കശുവണ്ടി ഫാക്ടറികളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ഈ ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ കേരളത്തിൽ ലഭ്യമായ തോട്ടണ്ടി സമാഹരിച്ചുവരുന്നു. സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ഇനിയും തുറക്കാൻ ബാക്കിയുള്ള ഫാക്ടറികൾ തുറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടർന്നുവരികയാണ്. കശുവണ്ടി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമായി വിദേശത്തുനിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനും പരിപ്പ് വിപണനം ചെയ്യുന്നതിനുമായി കേരള കാഷ്യു ബോർഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിമെടുത്തിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു. സാമ്പത്തിക പ്രയാസത്താൽ ഇപ്പോഴും അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിന് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരികയാണ്. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്നതിന് കേരളത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ ഈ രംഗത്തെ എല്ലാ പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നതിലൂടെ കശുമാവ് കർഷകർക്കും വ്യവസായ തൊഴിലാളികൾക്കും ചെറുകിട വ്യവസായികൾക്കും സഹായകരമായ അന്തരീക്ഷം ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്.

(സി) കശുമാങ്ങ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ കാപെക്സും കാഷ്യു കോർപ്പറേഷനും സ്വീകരിച്ചുവരുന്നു.

**ഐ.ടി.ഐ-കളുടെ നിലവാരമുയർത്തൽ പദ്ധതി**

150(4819) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തൽ പദ്ധതിയിൻ കീഴിൽ ഏതെല്ലാം സർക്കാർ ഐ.ടി.ഐ.-കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നിലവാരമുയർത്തൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ചത് എത്ര തുകയാണ്; അതിൽ എത്ര തുക പ്രസ്തുത പദ്ധതിയിൻകീഴിൽ ചെലവഴിച്ചു; വിശദാംശം നൽകുമോ;

(സി) ടി പദ്ധതിയിൻകീഴിൽ പുതുതായി ഏതെല്ലാം ഐ.ടി.ഐ.-കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "പൊതു സ്വകാര്യ പങ്കാളിത്തത്തിൽ 1936 സർക്കാർ ഐ. ടി. ഐ. കളുടെ നിലവാരമുയർത്തൽ പദ്ധതി"-യിൻ കീഴിൽ എസ്.സി./എസ്.റ്റി. വകുപ്പിന് കീഴിലുള്ള 4 ഐ.ടി.ഐ.-കൾ ഉൾപ്പെടെ 26 സർക്കാർ ഐ.ടി.ഐ.-കൾക്കാണ് ധനസഹായം ലഭിച്ചത്. അവ ചുവടെ ചേർക്കുന്നു:

ഐ.ടി.ഐ. ആറ്റിങ്ങൽ, ചെങ്ങന്നൂർ, കണ്ണൂർ, കോഴിക്കോട്, കാസർഗോട്, ചെന്നീർക്കര, കട്ടപ്പന, അരീക്കോട്, കോഴിക്കോട്, (വനിത) കയ്യൂർ, അട്ടപ്പാടി, ചാത്തന്നൂർ, ചാലക്കുടി (വനിത), ചെങ്ങന്നൂർ (വനിത) കളമശ്ശേരി, (വനിത)കണ്ണൂർ (വനിത), കഴക്കൂട്ടം (വനിത), കുഴൽമന്ദം, മാള, മലമ്പുഴ (വനിത), നിലമ്പൂർ, ബി.ടി.സി. കൊല്ലം എസ്.സി.ഡി.ഡി. ഐ.ടി.ഐ മംഗലം, മര്യാപുരം, പന്തളം, ഏലത്തൂർ.

(ബി) ഒരു ഐ.ടി.ഐ-ക്ക് 2.5 കോടി രൂപ നിരക്കിൽ 26 ഐ.ടി.ഐ.-കൾക്കുമായി 65 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. അതിൽ 61 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്.

(സി) ഈ പദ്ധതിയിൻകീഴിൽ പുതുതായി ഐ.ടി.ഐ.-കളെയൊന്നും തെരഞ്ഞെടുത്തിട്ടില്ല.

## ബാംബൂ കോർപ്പറേഷനിലെ പരമ്പരാഗത തൊഴിലാളികളുടെ പുതുക്കി നിശ്ചയിച്ച വേതനം

151(4820) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-8-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)നമ്പർ 134/2016/എൽ.ബി.ആർ പ്രകാരം കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിലെ പരമ്പരാഗത ഈറ്റ,പനമ്പ്,നെയ്ത്ത് തൊഴിലാളികളുടെ പുതുക്കിനിശ്ചയിച്ച വേതനത്തിൽ 35 ശതമാനം (70 രൂപയുടെ) കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുറവ് പരിഹരിച്ച് കോർപ്പറേഷനിലെ മറ്റ് ദിവസവേതന തൊഴിലാളികൾക്ക് നൽകിയ വർദ്ധനവിന് തുല്ല്യമായ വേതന വർദ്ധനവ് ഈറ്റ,പനമ്പ്, നെയ്ത്ത് തൊഴിലാളികൾക്ക് നൽകാനുള്ള നടപടി സ്വീകരിയ്ക്കാമോ?

ഉത്തരം

(എ) 6-8-2016-ലെ സർക്കാർ ഉത്തരവ് ജി. ഒ. (പി) നമ്പർ 134/2016/എൽ.ബി.ആർ. പ്രകാരം ചൂരൽ, മുള, വ്യവസായ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ചതിൽ പട്ടിക 1-ൽ പീസ് റേറ്റ് വിഭാഗത്തിൽ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന കൂലി നിരക്കിനേക്കാൾ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

## ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

152(4821) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എക്സ്ചേഞ്ചുകൾ ആക്കി മാറ്റാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഇ-എക്സ്ചേഞ്ചിലേക്ക് മാറുമ്പോൾ അതിന് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ജില്ലാ/മേഖലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനുവേണ്ടി സർക്കാർ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 3-5-2017 മുതൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആയിക്കഴിഞ്ഞു. www.employment.gov.in എന്ന വെബ്സൈറ്റ് മുഖേന സേവനങ്ങൾ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ 35 ലക്ഷത്തോളം വരുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടറൈസ്ചെയ്ത് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി www.employment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ചെയ്തു.

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുകയും ഇലക്ട്രിക്കൽ, നെറ്റ് വർക്കിംഗ് ജോലികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും വെബ്പോർട്ടൽ വികസിപ്പിക്കുന്നതിനുമായി 56,87,465 രൂപ ചെലവായിട്ടുണ്ട്.

**ഐ.ടി.ഐ-കളിലെ നിലവിലുള്ള കോഴ്സുകൾ**

153(4822) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളത്;

(ബി) പ്രസ്തുത കോഴ്സുകളിൽ പലതും നിലവിലെ തൊഴിൽ സാഹചര്യങ്ങൾക്ക് അനുസരണമായി പ്രയോജനപ്രദമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ.ടി.ഐ.-കളിലെ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വർത്തമാനകാല തൊഴിൽ സാധ്യതകൾക്കനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന് കീഴിൽ 77 ട്രേഡുകളിൽ പരിശീലനം നൽകിവരുന്നുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൂടാതെ 2016 ആഗസ്റ്റ് സെഷനിൽ 'മികവിന്റെ കേന്ദ്രം' പദ്ധതി പ്രകാരം ചന്ദനത്തോപ്പ്, കളമശ്ശേരി എന്നീ ഗവ.ഐ.ടി.ഐ.-കളിൽ ആട്ടോമൊബൈൽ ടെക്നോളജി സെക്ടറിലും കൽപ്പറ്റ ഐ.ടി.ഐ.-യിൽ ഹോസ്പിറ്റാലിറ്റി മാനേജമെന്റ് സെക്ടറിലും പരിശീലനം നൽകിവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയേറിയതും തൊഴിൽ സാധ്യതകൾക്കനുസൃതവുമായ കോഴ്സുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. 2014-15 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പ്രയോജനപ്രദമല്ലാത്തതും തൊഴിൽ സാധ്യത കുറഞ്ഞതുമായ 20-ഓളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽനിന്നും ഒഴിവാക്കിയിരുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽനിന്ന് ടി ട്രേഡുകളുടെ യൂണിറ്റുകളും ഇതിനോടൊപ്പം തൊഴിൽ സാധ്യതയില്ലാത്തതും കാലാനുസൃതമല്ലാത്തതുമായ ട്രേഡുകളുടെ യൂണിറ്റുകളും നിർത്തലാക്കുകയും പകരം നൂതനവും തൊഴിൽ സാധ്യതയേറിയതുമായ ട്രേഡുകളുടെ 285 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിലും ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികൾ

154(4823) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആധികാരിക രേഖകൾ പരിശോധിച്ച് തൊഴിൽ വകുപ്പ് വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇവരിൽ ക്രിമിനലുകൾ, പകർച്ചരോഗബാധിതർ തുടങ്ങിയവർ ഉള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ കണ്ടെത്താൻ മറ്റു വകുപ്പുകളുടെ സഹായം തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് എന്നത് പകർച്ചവ്യാധി പെരുകുന്നതിനും പൂർണമായും നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും തിരികെ വരുന്നതിനും കാരണമാകുന്നു എന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ കൂടുതലും കുടിയേറ്റ തൊഴിലാളികളാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അവർ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഇ) 25 ലക്ഷത്തിലേറെയുള്ള അന്യസംസ്ഥാന തൊഴിലാളികളിൽ കൊടുംകുറ്റവാളികളും മോഷണ വിദഗ്ധരും ഉള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആധാർ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നിർബന്ധമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. ഇവർക്കിടയിൽ പകർച്ച രോഗബാധിതർ ഉള്ളതായി ആരോഗ്യ വകുപ്പ് മുഖേന നടത്തിയ പരിശോധനയിലൂടെയും മെഡിക്കൽ ക്യാമ്പുകൾ നടത്തിയിതിലൂടെയും കണ്ടെത്തിയിട്ടുണ്ട്. നിലവിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിശോധനയിൽ ചിലയിടങ്ങളിൽ ടി തൊഴിലാളികൾക്ക് പ്രാഥമിക കൃത്യനിർവ്വഹണത്തിനുള്ള സാഹചര്യങ്ങൾ നന്നേ കുറവായ പരിമിതമായ താമസസൗകര്യങ്ങളിലാണ് ജീവിക്കുന്നതെന്നും ഈ വൃത്തിഹീനമായ സാഹര്യത്തിൽ കഴിയുന്നതിനാലാണ് ഇവർക്ക് പല പകർച്ചവ്യാധികളും പടരുന്നതെന്നും ടാസ്ക്ഫോഴ്സിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടതായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ഇ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലിചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കുവാൻ കഴിയുംവിധത്തിലുള്ള വിവധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിൽ കാർഡ് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ്

155(4824) ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. അതോടൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നതാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കുവാൻ കഴിയുംവിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂആർ കോഡ് എന്നിവ ഉണ്ടായിരിക്കും.

(സി) ഇ-ടെണ്ടറിംഗ് നടപടികൾ പൂർത്തിയായി. പദ്ധതിയുടെ നടത്തിപ്പിനായി സ്മാർട്ട് ഐ.റ്റി. സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) സംസ്ഥാന സർക്കാരാണ് പദ്ധതിക്കുള്ള തുക അനുവദിച്ചിക്കുന്നത്. 2017-18 സാമ്പത്തിക വർഷം 10 കോടി രൂപ ഇതിനായി അനുവദിക്കുകയും ആയത് വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ**

156(4825) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് ജോലിക്ക് കേരളത്തിൽ എത്തുന്നവർ എവിടെയെങ്കിലും അവരുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെ നൽകി രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത വിഷയം പരിശോധിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലിക്ക് എത്തുമ്പോൾ തൊഴിൽ ഉടമകൾക്കുകൂടി ഉത്തരവാദിത്വം വരുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലില്ല. 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ കോൺട്രാക്ടർ മുഖേന ജോലിക്ക് നിയോഗിക്കുകയാണെങ്കിൽ തൊഴിലുടമ രജിസ്ട്രേഷൻ എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ഇതര സംസ്ഥാന തൊഴിലാളികളും കോൺട്രാക്ടർ മുഖേന അല്ലാതെ നേരിട്ട് ജോലിക്ക് എത്തിച്ചേരുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും അപകട ഇൻഷ്വറൻസ് കവറേജും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ 'ആവാസ്' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള വിവരശേഖരണം

157(4826) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള വിവരശേഖരണം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) വിവരശേഖരണത്തിന്റെ അപര്യാപ്തമൂലം അപകടത്തിൽപ്പെട്ട് മരിക്കുന്ന തൊഴിലാളികളുടെ മൃതദേഹം മോർച്ചറിയിൽ സൂക്ഷിച്ചശേഷം പൊതുശ്മശാനത്തിൽ മറവുചെയ്യുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവരിൽ കൊടുംക്രിമിനലുകളും കുറ്റവാളികളും ഉൾപ്പെടുന്നുണ്ടെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വിവരശേഖരണം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഇക്കാര്യത്തിൽ ഇതിനകം കൈകൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ൽ സർക്കാർ ഉത്തരവ് നമ്പർ 1325/2016/തൊഴിൽ പ്രകാരം ' ആവാസ് ' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ആയതിന്മേലുള്ള സത്വര നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേസുകൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി & ഇ) ബഹു. കേരള ഹൈക്കോടതിയിൽ ശ്രീമതി, ശ്രീകല ഫയൽ ചെയ്ത W.P.(C) No. 21412/2016 B കേസിലെ 2-9-2016-ലെ വിധി ന്യായത്തിൽ 4 മാസത്തിനകം ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി നടപ്പിലാക്കുന്ന 'ആവാസ് ' പദ്ധതിയുടെ നടത്തിപ്പിനായി 6 മാസത്തെ സമയംകൂടി നീട്ടി നൽകണമെന്ന് 3-1-2017-ൽ സർക്കാർ ബഹു. ഹൈക്കോടതിയോട് അപേക്ഷിച്ചിരുന്നു. 'ആവാസ്' പദ്ധതിയുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിന്റെ അവസ്ഥ ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുമുണ്ട്.

## മിനിമം കൂലി നിയമം

158 (4827) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം കൂലി നിയമം നടപ്പിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ തൊഴിൽ മേഖല തിരിച്ചുള്ള കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മിനിമം വേതന നിയമം 1948, മിനിമം വേതന ചട്ടങ്ങൾ 1958 എന്നിവ നിലവിലുണ്ട്. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 80 മേഖലകളിൽ 77 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം, സ്ഥാപന പരിശോധനകൾ, സ്ക്വാഡ് പരിശോധനകൾ എന്നിവ നടത്തുമ്പോൾ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്നും മിനിമം വേതന നിയമപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്നും ഉറപ്പുവരുത്താറുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2017-ൽ സംസ്ഥാനത്ത് ഒട്ടാകെ മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ വിവരം തൊഴിൽ വകുപ്പിന്റെ പരിശോധനയിലൂടെ ലഭ്യമായിട്ടുള്ളത് തൊഴിൽ മേഖല തിരിച്ച് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. 2017-ൽ മിനിമം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വേതന നിയമപ്രകാരം നാളിതുവരെ 9222 സ്ഥാപന പരിശോധനകൾ നടത്തുകയും 734 പ്രോസിക്യൂഷനും 161 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ വേതന വിതരണം ഓൺലൈനായി തന്നെ നിരീക്ഷിക്കാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സാധ്യമാണ്. വീഴ്ചകൾ കണ്ടെത്തുന്ന കേസുകളിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയിലൂടെ നാളിതുവരെ 4567 സ്ഥാപനങ്ങളിൽനിന്നും 99237 ജീവനക്കാർക്ക് 515 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്.

**ലേബർ ക്യാമ്പുകളിൽ സാംക്രമിക രോഗങ്ങൾ**

159 (4828) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ഡെങ്കിപ്പനി , പന്നിപ്പനി, എലിപ്പനി പോലുള്ള സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ലേബർ ക്യാമ്പുകളിലെ ശുചിത്വം, ജീവിത സാഹചര്യം എന്നിവ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ പലതിലെയും ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സർക്കാർ ഉത്തരവ് 960/2016/ തൊഴിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ

എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് (സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി.) 1717/2015/തൊഴിൽ തീയതി 17-12-2015) രൂപീകരിച്ചിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് (റഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻ ഓഫ് സർവ്വീസ്) നിയമം എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു.

**തൊഴിൽ നിയമലംഘന കേസുകൾ**

160(4829) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തൊഴിൽ നിയമലംഘന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വൻകിട ടെക്സ്റ്റൈൽ വ്യാപാര മേഖലകളിൽ മാനുഷിക പരിഗണനപോലും ലഭിക്കാതെ സ്ത്രീതൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിൽ ചൂഷണം ചെറുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്കെതിരെ 6989 പ്രോസിക്യൂഷനും 802 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ടെക്സ്റ്റൈൽ ഉൾപ്പെടെയുള്ള കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം

പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 18-6-2016-ന് സംസ്ഥാനമൊട്ടാകെയുള്ള 42 ടെക്സ്റ്റൈൽ ഷോപ്പുകളിൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ വിവിധ തൊഴിൽ നിയമപ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് മിക്ക സ്ഥാപനങ്ങളും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ, പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-ൽ ഈ മേഖലയിൽ നാളിതുവരെ 1304 സ്ഥാപന പരിശോധനകൾ നടത്തുകയും 191 പ്രോസിക്യൂഷനും 27 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തൽസമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

**സ്കിൽ ക്യാമ്പസ്**

161(4830) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ സ്കിൽ ക്യാമ്പസ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്കിൽ ക്യാമ്പസുകളിൽ നടക്കുന്നത്; വിവരിക്കുമോ;

(സി) സ്കിൽ ക്യാമ്പസുകളുടെ പ്രവർത്തനത്തിന് എതെല്ലാം തൊഴിൽ മേഖലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ സ്ഥിതി ചെയ്യുന്ന ഇങ്കൽ ടവറിലെ സ്കിൽ കാമ്പസിൽ പ്രവർത്തിച്ചുവരുന്ന മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ &റിഗ്)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ &റിഗ്) 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിൽ ഇന്ത്യക്കകത്തും പുറത്തും ഉള്ള തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ഒരു സംരംഭമാണ് ESPOiR. ഖത്തർ ആസ്ഥാനമായ ഇറാം എഞ്ചിനീയറിംഗ് ഗ്രൂപ്പിന്റെ അനുബന്ധ സ്ഥാപനമായ ഇറാം സയന്റിഫിക് സൊല്യൂഷനുമായി സംയോജിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ എന്നീ ട്രേഡുകളിൽ ഓയിൽ & ഗ്യാസ് മേഖലയ്ക്ക് അധികമായി വേണ്ടിവരുന്ന പ്രത്യേക പരിശീലനം ലഭ്യമാക്കുന്ന തരത്തിലാണ് കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ മേഖലയിൽ വിദേശത്ത് പ്രവൃത്തിപരിചയം ഉള്ള അദ്ധ്യാപകരാണ് ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് ഇവിടെ സജ്ജമാക്കിയിരിക്കുന്നത്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ESPOiR -ൽ പ്രവേശനം നൽകി വിദേശത്തേക്ക് അയക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. ESPOiR അക്കാദമിക്ക് PMKVY (പ്രധാൻമന്ത്രി കൗശൽ വികാസ് യോജന) അക്രഡിറ്റേഷനും CGSE (ക്യാപിറ്റൽ ഗുഡ്സ് സ്കിൽ കൗൺസിൽ)-യുടെ അംഗീകാരവും ലഭ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ PMKVY കോഴ്സുകൾ ESPOiR-ൽ ആരംഭിച്ചിട്ടുണ്ട്.

CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്)

ഐ. ടി. ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (EDI), അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് CEED (സെന്റർ ഫോർ

എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്) എന്ന പേരിൽ മികവിന്റെ കേന്ദ്രം സ്കിൽ എക്സലൻസ് പ്രവർത്തിക്കുന്നു. നവസംരംഭങ്ങൾക്ക് ആവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും പ്രവർത്തനരീതിയെക്കുറിച്ചും പരിശീലനം ലഭ്യമാക്കുകയും യുവസംരംഭകകർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് CEED ലക്ഷ്യമിടുന്നത്. 2017 ജൂൺ മാസത്തോടെ ടി സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

മേൽപ്പറഞ്ഞ മികവിന്റെ കേന്ദ്രങ്ങളെ കൂടാതെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ എന്നീ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്കിൽ ക്യാമ്പസിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## തോട്ടം മേഖലയിൽ തൊഴിലാളികളുടെ മിനിമം കൂലി

162(4831) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി 500 രൂപയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) 17-5-2016-ലെ സ.ഉ.(പി) 76/16/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വിവിധ തരം തോട്ടങ്ങളിലെ ടൈം റേറ്റഡ്/പീസ് റേറ്റഡ് ജോലികൾക്കും ജീവനക്കാർക്കും മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് 500 രൂപയാക്കി നിശ്ചയിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിൽ തർക്കങ്ങൾ**

163(4832) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-ലെ സംഹകരണസംഘങ്ങൾ ആക്റ്റിലെ 69(1)(സി) വകുപ്പനുസരിച്ച് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെയും പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിലെയും തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരം ഇപ്പോൾ ആർക്കാണ്; ഇതു സംബന്ധിച്ച പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) തൊഴിൽ വകുപ്പ് മധ്യസ്ഥത വഹിച്ചിരുന്ന തർക്കങ്ങൾ, ദീർഘകാലകരാറുകൾ, ആനുകൂല്യങ്ങൾ ഉറപ്പുവരുത്തൽ എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരം തൊഴിൽ വകുപ്പിനുതന്നെ നൽകി പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ തൊഴിൽ സംബന്ധമായ തർക്കങ്ങൾ തൊഴിൽ വകുപ്പിനു കീഴിൽത്തന്നെ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചിറയിൻകീഴ് സർവ്വീസ് സഹകരണ സംഘം Vs കെ. സന്തോഷ് എന്ന കേസ്സിൽ ബഹു.ഹൈക്കോടതിയുടെ വിധിന്യായപ്രകാരം (2015 (4) KLT 163) 1969-ലെ സഹകരണ സംഘനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ലേബർ കോടതികൾക്ക് അധികാരമില്ല എന്നും ഇതിനായി സഹകരണ നിയമത്തിൽ തന്നെ പരിഹാരവ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട് എന്നും ഉത്തരവായിരുന്നു. ആയതിനാൽ 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തൊഴിൽ പരമായ തർക്കങ്ങൾ ഉൾപ്പെടെ എല്ലാ ധനേതര തർക്ക പരിഹാരങ്ങളും ടി നിയമത്തിലെ വകുപ്പ് 69 പ്രകാരം രൂപീകൃതമായിട്ടുള്ള സഹകരണ ആർബിട്രേഷൻ കോടതിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

ഇത് സംബന്ധിച്ച് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## തയ്യൽ തൊഴിലാളികളുടെ ക്ഷേമനിധി

164(4833) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2015-ൽ ഫെബ്രുവരി മാസത്തിനുശേഷം ലൈഫ് സർട്ടിഫിക്കറ്റ് നൽകിയവർക്ക് തയ്യൽ തൊഴിലാളി ക്ഷേമനിധി ബോഡിൽനിന്നും പെൻഷൻ ലഭിക്കുന്നത് മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ കോഴിക്കോട് ജില്ലയിലെ ലൈഫ് സർട്ടിഫിക്കറ്റ് തന്നിട്ടുള്ളതും എന്നാൽ ആധാർ സമർപ്പിച്ചിട്ടില്ലാത്തതുമായ പെൻഷൻകാർക്ക് പെൻഷൻ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ടി പെൻഷൻകാർ ആധാർ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റ് പെൻഷൻ വാങ്ങുന്നുണ്ടോയെന്ന് പരിശോധിച്ച് പെൻഷൻ നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ സ്കൂളുകളിലും ആശുപത്രികളിലും മിനിമം വേതന നിയമം

165(4834) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്വകാര്യ സ്കൂളുകളിലും ആശുപത്രികളിലും വളരെ തുച്ഛമായ വേതനത്തിലാണ് ജീവനക്കാർ ജോലിനോക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിമം വേതന നിയമം നടപ്പിലാക്കുന്നുണ്ടോ എന്നറിയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന സി.ബി.എസ്.ഇ. സ്കൂളിലെ അധ്യാപകർക്കു നൽകേണ്ട വേതനത്തെക്കുറിച്ച് സർക്കാർ തലത്തിൽ ഏതെങ്കിലും തരത്തിലുള്ള നിയമാവലികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി സ്വകാര്യ സ്കൂളുകളിലെ അനദ്ധ്യാപക ജീവനക്കാർക്കും സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്കും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ടി സ്ഥാപനങ്ങളിൽ പരിശോധന നടത്തി ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നുണ്ട്.

(സി) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നിയമാവലികളൊന്നും നിലവിലില്ല. കേരളത്തിൽ സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള കരട് ബിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടച്ച തുക തിരികെ ലഭിക്കാൻ നടപടി**

166(4835) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികളുടെ പേരിൽ അടച്ച തുക തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തിരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ ;

(ഡി) പരിഗണനയിലുള്ള അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിൽ എന്നത്തേക്ക് തീരുമാനമെടുക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ തൊഴിലാളികളുടെ പേരിൽ അടച്ച തുക തിരികെ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ റീഫണ്ട് പാസാക്കുന്നതിന് റീഫണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ചീഫ് ഓഫീസിലേയ്ക്ക് അയക്കുകയാണ് ചെയ്തുവന്നിരുന്നത്. ഇത്തരത്തിൽ 14 ജില്ലകളിലെയും റീഫണ്ട് അപേക്ഷകൾ

ചീഫ് ഓഫീസിലേയ്ക്ക് അയക്കുന്നതിനാൽ റീഫണ്ട് അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ജീവനക്കാരുടെ എണ്ണം തുലോം കുറവായതിനാൽ റീഫണ്ട് അപേക്ഷകൾ പാസാക്കി നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 5-10-2016-ലെ 10/16 നമ്പർ സർക്കുലർ പ്രകാരം റീഫണ്ട് അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അധികാരം അതത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിക്ഷിപ്തമാക്കുകയുണ്ടായി. ടി തീരുമാനം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കപ്പെടാതിരുന്ന കാലയളവിലായതിനാൽ ടി ബോർഡ് നിലവിൽ വന്നശേഷം അതിന്റെ ഒരു സബ്കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും കമ്പൈലേഷൻ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിനാൽ തൽക്കാലം റീഫണ്ട് ജില്ലകളിലേക്ക് മാറ്റേണ്ടതില്ലെന്നും ചീഫ് ഓഫീസിൽത്തന്നെ പാസ്സാക്കി നൽകിയാൽ മതിയെന്നുള്ള തീരുമാനം ബോർഡ് അംഗീകരിക്കുകയും ചെയ്തു. അപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലാ ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെയും മനുഷ്യപ്രവൃത്തി ദിനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും റീഫണ്ട് അപേക്ഷകൾ പാസാക്കുന്നതിലേയ്ക്കായി നിയോഗിച്ചുകൊണ്ടും അവധി ദിനങ്ങൾ കൂടി വിനിയോഗിച്ചുകൊണ്ടും ഒരു സ്പെഷ്യൽ ഡ്രൈവ് ആയി റീഫണ്ട് അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ജില്ലാ ഓഫീസുകളിൽ 11-5-2017 തീയതി വരെ ലഭിച്ചിട്ടുള്ള 3428 അപേക്ഷകളും ചീഫ് ഓഫീസിൽ നിലവിൽ തീർപ്പാക്കാനുള്ള 1522 അപേക്ഷകളും ഉൾപ്പെടെ ആകെ 4950 റീഫണ്ട് അപേക്ഷകൾ പാസ്സാക്കി നൽകാനുണ്ട്. പ്രസ്തുത അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കിവരുന്നുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ**

167(4836) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ നിർബന്ധമാക്കുന്ന കാര്യം പ്രായോഗികമല്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

**ഒഡെപെക്കിന്റെ പ്രവർത്തനങ്ങൾ**

168 (4837) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില അറബ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണം വ്യാപകമാക്കുന്നത് വിദേശ തൊഴിലവസരങ്ങൾ ഗണ്യമായി കുറയാൻ ഇടയായത് കണക്കിലെടുത്ത് 'ഒഡെപെക്കി'ന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ വിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികൾക്ക് വിദേശ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഒഡെപെക്കിന്റെ പങ്ക് നാമമാത്രമായി പരിമിതപ്പെട്ടിരിക്കുന്നത് വിപുലീകരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) കേന്ദ്രസർക്കാർ നഴ്സിംഗ് റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികൾക്കായി പരിമിതപ്പെടുത്തിയതിനാലും ഒഡെപെക് വഴി നിലവിലുള്ള റിക്രൂട്ട്മെന്റിൽ 95 ശതമാനത്തോളം നഴ്സുമാരാണ് എന്നതിനാലും കൂടുതൽ തൊഴിൽദായകരെ കണ്ടെത്താൻ ഒഡെപെക്കിനെ പ്രാപ്തരാക്കുംവിധത്തിൽ ഓൺലൈൻ ജോബ് പോർട്ടൽ സൃഷ്ടിച്ച് വിദേശത്തേക്കുള്ള തൊഴിൽ എക്സ്ചേഞ്ച് സ്ഥാപനമാക്കി മാറ്റാൻ വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ ഉദ്ദേശിക്കുന്നുണ്ട്.

(ബി) മുൻകാലങ്ങളിൽ ഒഡെപെക്ക് അറബ് രാജ്യങ്ങളിലേക്ക് മാത്രമാണ് റിക്രൂട്ട്മെന്റ് നടത്തിയിരുന്നത്. എന്നാൽ 2015-2016 കാലയളവിൽ യൂറോപ്യൻ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള റിക്രൂട്ട്മെന്റ് നടപടികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിശദമായി പരിശോധിച്ചുവരുന്നു.

(സി) ഒഡെപെക്കിന്റെ റിക്രൂട്ട്മെന്റിൽ 95 ശതമാനത്തോളം നഴ്സുമാർക്കാണ് തൊഴിൽ അവസരം ലഭിക്കുന്നത്. ഇപ്പോൾ റിക്രൂട്ട്മെന്റ് ത്വരിതപ്പെടുത്തുന്നതിലേക്ക് ഓൺലൈൻ ജോബ് പോർട്ടൽ നിലവിലുണ്ട്. അത് കൂടുതൽ വിപുലീകരിച്ച് വിദേശത്തേക്കുള്ള തൊഴിൽ എക്സ്ചേഞ്ച് രൂപപ്പെടുത്തി കൂടുതൽ തൊഴിൽ ദായകരെ കണ്ടെത്തി നഴ്സുമാരുടെ റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഒഡെപെക് സ്വീകരിച്ചുവരുന്നു.

## സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റ് ജോലി

169(4838) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റ് ജോലി സംസ്ഥാനത്തെ ഐ.ടി. കമ്പനികളിൽ നിലവിലുണ്ടോ;

(ബി) മറ്റേതൊക്കെ മേഖലകളിലാണ് സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റ് ജോലി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ടി സമ്പ്രദായം നിയമാനുസൃതമാണോയെന്ന് പരിശോധിക്കാൻ സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജോലി സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രികൾ, ഫാക്ടറികൾ, ഷോപ്പിംഗ് മാളുകൾ, വൻകിട ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, ടൂറിസം മേഖല തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റോ, ഭാഗികമായി രാത്രിയിൽ ജോലി ചെയ്യിപ്പിക്കുന്ന സംവിധാനമോ നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## തൊഴിൽരഹിതരായ അഭ്യസ്തവിദ്യർ

170(4839) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽരഹിതരായ എത്ര അഭ്യസ്തവിദ്യർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏത് വർഷം രജിസ്റ്റർ ചെയ്ത ആളുകൾക്കാണ് താൽക്കാലിക നിയമനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളത്;

(ഡി) കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 89618

(ബി) എസ്.സി.-9266, എസ്.ടി.-5036, ഒ.ബി.സി. - 41498, മുസ്ലീം-7465, ക്രിസ്ത്യൻ-8029, ജനറൽ - 18324

Below Matric - 6784, Mtric - 47662

Above Matric - 26981, Graduation - 7348

Post Graduation - 843

(സി)

ഓപ്പൺ

| | DEE Kasargode | TEE Hosdurg |
|---|---|---|
| Below Matric | 09/06/92 | 15/06/90 |
| Matric | 24/07/90 | 01/08/87 |
| Graduation | 14/11/95 | 24/12/96 |

(ഡി)

എസ്.സി.

| | DEE Kasargode | TEE Hosdurg |
|---|---|---|
| Below Matric | 04/07/88 | 23/06/87 |
| Matric | 03/01/89 | 01/07/88 |
| Graduation | 05/07/04 | 11/06/98 |

എസ്.ടി.

| | DEE Kasargode | TEE Hosdurg |
|---|---|---|
| Below Matric | 16/09/90 | 08/06/89 |
| Matric | 11/11/87 | 08/06/90 |
| Graduation | 03/02/06 | 26/11/98 |

ഒ.ബി.സി.

| | DEE Kasargode | TEE Hosdurg |
|---|---|---|
| Below Matric | 12/06/89 | 05/10/84 |
| Matric | 24/06/87 | 13/06/88 |
| Graduation | 17/05/99 | 05/08/98 |

മുസ്ലീം

| | DEE Kasargode | TEE Hosdurg |
|---|---|---|
| Below Matric | 14/02/97 | 05/10/91 |
| Matric | 01/08/91 | 15/06/90 |
| Graduation | 18/09/02 | 21/07/98 |

ഇ.ടി.ബി.

| | DEE Kasargode | TEE Hosdurg |
|---|---|---|
| Below Matric | 02/08/89 | 18/06/87 |
| Matric | 21/06/89 | 16/06/88 |
| Graduation | 31/08/94 | 17/07/98 |

**ചെറുപ്പക്കാർക്കായി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി**

171(4840) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുപ്പക്കാർക്കായി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനൊപ്പം 'നിയുക്തി' ജോബ് ഫെയർമുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയുള്ള ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കിവരുന്നു. തൊഴിൽ വിപണിക്ക് അനുസരിച്ച് തൊഴിൽസാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കംനൽകി തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പരിശീലന പദ്ധതികൾ വിഭാവന ചെയ്തുവരുന്നു. നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രണർഷിപ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആന്റ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവ്വേദം, മൾട്ടി മീഡിയ ആന്റ് ആനിമേഷൻ, ആർക്കിടെക്ചർ ആന്റ് ഇന്റീരിയൽ ഡിസൈൻ, ഫിസിയോതൊറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽനിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

**പ്രധാൻമന്ത്രി കൗശൽ വികാസ് യോജന**

172(4841) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(ബി) പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയുടെ കീഴിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളും കേന്ദ്ര സംസ്ഥാന വിഹിതവും വ്യക്തമാക്കുമോ;

(സി) ഈ വർഷം വിനിയോഗിച്ച തുക വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയുടെ കേരളത്തിലെ നോഡൽ ഏജൻസി ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ മുഖേന PMKVY പദ്ധതികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ KASE മുഖേന പുരോഗമിച്ചുവരുന്നു.

**പാർടൈം കണ്ടിൻജന്റ് ജീവനക്കാരുടെ ഒഴിവുകൾ**

173(4842) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള പാർടൈം കണ്ടിൻജന്റ് ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇവരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതുവരെ (30-4-2017), എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നും നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എത്രയുംവേഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ എണ്ണം മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. മലപ്പുറം ജില്ലയിൽ 2016-17 വർഷം പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ 176 ഒഴിവുകൾ മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) 2016-2017 കാലയളവിൽ മലപ്പുറം ജില്ലയിലെ വിവിധ ഓഫീസുകളിൽ നിന്നും മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചിട്ടുള്ള പാർട്ട് ടൈം ഒഴിവുകളുടെ എണ്ണം, നിയമന വിവരം എന്നിവ താഴെ കൊടുക്കുന്നു:

| വർഷം | ഒഴിവുകളുടെ എണ്ണം | നിയമന വിവരം |
|---|---|---|
| 2016 | 100 | 100 |
| 2017 | 76 | 56 |

**ദേവികുളം മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ.**

174(4843) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ തമിഴ്ഭാഷാ ന്യൂനപക്ഷ മേഖലയിൽ ചിത്തിരപുരം ഹൈസ്കൂളിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ ആയില്ലെങ്കിൽ ഐ. ടി. ഐ. ആരംഭിക്കാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേവികുളം നിയോജകമണ്ഡലത്തിലെ ഭാഷാ ന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ചിത്തിരപുരം ഹൈസ്കൂളിൽ 5 ഏക്കർ സ്ഥലവും കെട്ടിടങ്ങളും ഉണ്ടെന്നുള്ള വിവരം ലഭ്യമായതിനെത്തുടർന്ന് ടി സ്ഥലം ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദം ആരാഞ്ഞിരുന്നു. എന്നാൽ ടി സ്ഥലത്ത് പോളിടെക്നിക് പണിയാൻ പട്ടികജാതി വികസന വകുപ്പ് അഭ്യർത്ഥിച്ചിരുന്നതായും ആയതിന് വിദ്യാഭ്യാസ വകുപ്പ് അനുകൂല മറുപടി നൽകിയതായും തൊടുപുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരുന്നു. ഐ.ടി.ഐ. ആരംഭിക്കുന്നതിനാവശ്യമായ ഭൗതീക സാഹചര്യങ്ങൾ സ്ഥലത്തെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**പുതിയതായി ആരംഭിച്ച ഐ.ടി.ഐ-കൾ**

175(4844) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഐ.റ്റി.ഐ കൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്; ഓരോ ഐ.റ്റി.ഐ കളുടെയും മണ്ഡലം തിരിച്ചുള്ള വിശദവിവരം നൽകുമോ; ഓരോന്നിനും എതെല്ലാം കോഴ്സുകളാണ് ലഭിച്ചിട്ടുള്ളത് എന്ന വിശദവിവരം നൽകുമോ;

(ബി) ഒരു ഐ.റ്റി.ഐ. അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചു വരുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഒരു ഐ.ടി.ഐ. പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്കൽ, അഗ്രികൽച്ചറൽ മെഷിനറി എന്നീ കോഴ്സുകളുടെ രണ്ട് യൂണിറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കാനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.ടി.ഐ.-കൾ അനുവദിച്ചുവരുന്നത്. ആയതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രമേയം, സമ്മതപത്രം (മുദ്രപ്പത്രത്തിൽ) എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ഐ.ടി.ഐ. പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ താൽക്കാലിക സംവിധാനം (കെട്ടിടം, ജലം, വൈദ്യുതി, ഗതാഗത സൗകര്യം മുതലായവ) സൗജന്യമായി ലഭ്യമാക്കാമെന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള സമ്മതപത്രവും ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ, സാധ്യതാപഠനം നടത്തുന്നതിന് വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ടിയാന്റെ റിപ്പോർട്ട് പരിശോധിച്ച് വിശദമായ ശിപാർശ സർക്കാർ പരിഗണനയ്ക്കും അനുമതിക്കുമായി സമർപ്പിക്കുകയും സർക്കാർ ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നു.

**വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

176(4845) ശ്രീ. എം. സ്വരാജ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഐ.ടി.ഐ.-കളുടെ നവീകരണത്തിനും ആധുനിക വത്ക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കാലഹരണപ്പെട്ടതും തൊഴിൽസാധ്യത ഇല്ലാത്തതുമായ ട്രേഡുകൾ നിർത്തലാക്കി, തൊഴിൽസാധ്യത ഏറിയ ട്രേഡുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യാവസായിക പരിശീലന രംഗത്ത് സ്ത്രീ-പുരുഷ അന്തരം കുറയ്ക്കുന്നതിനായി, വനിതാ ഐ.ടി.ഐ.-കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഐ.ടി.ഐ.-കളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി ഐ.ടി.ഐ.-കളുടെ നവീകരണം, മരാമത്ത് പണികൾ (മൂലധന ശീർഷകം) വനിത ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തൽ ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ ഐ.ടി.ഐ.-കളുടെ ശാക്തീകരണം, ഐ.ടി.ഐ.-കളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്രാവിഷ്കൃത പദ്ധതി) മാതൃക ഐ.ടി.ഐ. സ്ഥാപിക്കൽ (70% കേന്ദ്രാവിഷ്കൃത പദ്ധതി) തുടങ്ങിയ പദ്ധതികളിലൂടെ തുക ബജറ്റിൽ വകയിരുത്തി ഐ.ടി.ഐ.-കളിൽ കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, റീവയറിംഗ്, ക്ലാസ് റൂം/വർക്ക്ഷോപ്പ്/ഹോസ്റ്റൽ തുടങ്ങിയ കെട്ടിടങ്ങളുടെ നവീകരണം, വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും സംഭരണം എന്നിവയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തൊഴിൽസാധ്യത ഇല്ലാത്തതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയേറിയതും നവീനവുമായി ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2014-2015 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പ്രയോജനപ്രദമല്ലാത്തതും തൊഴിൽ സാധ്യത ഇല്ലാത്തതുമായ 20-ഓളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽനിന്നും ഒഴിവാക്കിയിരുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽനിന്ന് ടി ട്രേഡുകളുടെ യൂണിറ്റുകൾ നിർത്തലാക്കുകയും പകരം നൂതനവും തൊഴിൽസാധ്യത ഉള്ളതുമായ ട്രേഡുകളുടെ 285 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിലും ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ ഐ.ടി.ഐ.-കളിലെ എല്ലാ ട്രേഡുകളിലെയും പ്രവേശനത്തിന് സർക്കാർ 30% സീറ്റ് സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

വനിതാ ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലൂടെ നിലവിൽ രണ്ടാം നിരയിലുള്ള ചെങ്ങന്നൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ എന്നീ അഞ്ച് വനിതാ ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നതിന് കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിനും ഇതിന് ആവശ്യമായ കെട്ടിട നിർമ്മാണം ഉപകരണ സംഭരണം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

177(4846) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ മദ്യവും മയക്കുമരുന്നും വ്യാപകമായി ഉപയോഗിക്കുകയും ഇത് സാമൂഹിക പ്രശ്നം ഉണ്ടാക്കുകയും ചെയ്യുന്ന കാര്യം തൊഴിൽ വകുപ്പ് പരിശോധിക്കുമോ;

(സി) ഇവരുടെ ഐഡന്റിറ്റി കാർഡുകളിലെ വിലാസം പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇവർ തെറ്റായ ഐഡന്റിറ്റി കാർഡുകൾ ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുമോ;എങ്കിൽ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ഡിസൈൻ, തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ്, വിതരണം, AMC എന്നിവയ്ക്കായി സിസ്റ്റം ഇന്റഗ്രേറ്ററായി ഇ-ടെണ്ടറിംഗ് മുഖേന "സ്മാർട്ട് ഐ.റ്റി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, കൊൽക്കത്ത" എന്ന ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് പോലീസ്/ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.

178(4847) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവ. ഐ. ടി. ഐ.- യിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുവാൻ സൗകര്യമുണ്ടെന്നും അറിയിക്കാമോ;

(സി) ഈ ട്രേഡുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും ട്രേഡുകൾ ആരംഭിച്ചുവോ; എങ്കിൽ ഏതൊക്കെയാണെന്ന വിവരം അറിയിക്കാമോ;

(ഇ) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഒരേക്കർ സർക്കാർ ഭൂമികൂടി ഐ.ടി.ഐ.-യ്ക്ക് ലഭിക്കുന്നതിനും ട്രേഡുകൾക്ക് എൻ.സി.വി.ടി. അംഗീകാരം ലഭിക്കുന്നതിനുംവേണ്ടി ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടുവോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിൽ നിന്നുള്ള രണ്ടര കോടി രൂപ ചെലവഴിച്ച് അഡ്മിനിസ്ട്രേറ്റീവ് കം അക്കാഡമിക് ബ്ലോക്ക് കെട്ടിടവും പി.പി.പി. പദ്ധതി പ്രകാരം 59 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടവും പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ 2 വർക്ക്ഷോപ്പ് കെട്ടിടങ്ങളും ട്രാൻസ്ഫോർമർ ഉൾപ്പെടെ ത്രീഫേയ്സ് കണക്ഷനും ഉണ്ട്.

(ബി) ഇലക്ട്രീഷ്യൻ, ഡ്രസ്സ്മേക്കിംഗ്, പെയിന്റർ (ജനറൽ), ഫിറ്റർ, വെൽഡർ, സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ 8 ട്രേഡുകളാണ് ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഇപ്പോൾ നിലവിലുള്ളത്. ഓരോ ട്രേഡിലും അഡ്മിഷൻ നൽകാൻ കഴിയുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിലവിലുള്ള ട്രേഡ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ഇലക്ട്രീഷ്യൻ | 42 |
| 2 | ഡ്രസ്സ് മേക്കിംഗ് | 21 |
| 3 | പെയിന്റർ (ജനറൽ) | 21 |
| 4 | ഫിറ്റർ | 42 |
| 5 | വെൽഡർ | 36 |
| 6 | സർവ്വേയർ | 42 |
| 7 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 21 |
| 8 | മെക്കാനിക് മോട്ടോർ വെഹിക്കിൾ | 42 |

(സി) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിലുള്ള 8 ട്രേഡുകളിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾ ഒഴികെയുള്ള 6 ട്രേഡുകളും എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകളാണ്. 2 ട്രേഡുകൾക്ക് അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള ഉപകരണ സംഭരണം, തസ്തിക നേടിയെടുക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാത്തന്നൂർ സർക്കാർ ഐ.ടി.ഐ. -യെ ഒന്നാം നിര ഐ.ടി.ഐ. ആയി ഉയർത്തുന്നതിന്റെ ഭാഗമായി, വകുപ്പ് കണ്ടെത്തിയിട്ടുള്ളതും കൊല്ലം ജില്ലയിലെ മീനാട് വില്ലേജിൽ റീസർവ്വേ നമ്പർ 158/2-ൽപ്പെട്ട 42.50 ആർ. സർക്കാർ തരിശുഭൂമി വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർ

179(4848) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ തൊഴിലിനായി എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത എക്സ്ചേഞ്ചിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ തൊഴിലിനായി 43633 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ തൊഴിൽരഹിത വേതനം ലഭിക്കുന്ന 2562 പേർ ഉണ്ട്.

## ഇ.എസ്.ഐ. ആനുകൂല്യവും കേന്ദ്രസർക്കാരിന്റെ പുതിയ വ്യവസ്ഥകളും

180(4849) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ പുതുതായി എന്തെങ്കിലും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ പ്രകാരം, അർഹരായവർക്ക് ചികിത്സാ

സഹായം നഷ്ടമാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ തോട്ടടയിലുള്ള ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആക്കി ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 7-11-2016-ലെ V-14/11/5/2012-Med.l (policy) നമ്പർ കത്ത് പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയതുപ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത നേടാൻ പ്രധാനമായും താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ. പി. തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശാദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം.

(ബി) ഉണ്ട്. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ദോഷകരമായ വ്യവസ്ഥകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി 28-4-2017 നും 12-5-2017-നും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ തീരുമാനം പുന:പരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആക്കി ഉയർത്തുന്നതിനായി, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ, ഇ.എസ്.ഐ. കോർപ്പറേഷന്റെ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 28-4-2017-ലെ എഫ്3/217/2017/തൊഴിൽ നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

181(4850) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളികളുൾപ്പെടെ വിവിധ വിഭാഗങ്ങളെക്കൂടി ഇ.എസ്.ഐ. ആനുകൂല്യങ്ങളുടെ പരധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(സി) മലപ്പുറം മണ്ഡലത്തിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ. കോർപ്പറേഷന്റെ 31-7-2015-ലെ p-12/11/11/60/2010-Rev.II നോട്ടീസ് പ്രകാരം ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള ജലവിഭവം, പൊതുമരാമത്ത്, ലീഗൽ മെട്രോളജി, സോയിൽ കൺസർവേഷൻ, തദ്ദേശസ്വയംഭരണം, ഗ്രൗണ്ട്‌വാട്ടർ തുടങ്ങി വിവിധ വകുപ്പുകളിലെ കാഷ്വൽ/കോൺട്രാക്ട് ജീവനക്കാരെയും വിവിധ വകുപ്പുകളിലെ കാഷ്വൽ സ്വീപ്പർമാരെയും വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിൽ ജോലിചെയ്യുന്ന താഴ്ന്നവിഭാഗം ജീവനക്കാരെയും ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രികൾ ഇല്ല. കോട്ടയ്ക്കൽ, കുറ്റിപ്പുറം, മലപ്പുറം, നിലമ്പൂർ, വാഴക്കാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിൽ ഒരു പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മാത്രമെ സർക്കാരിന്റെ പരിഗണനയിലുള്ളൂ.

## ആം ആദ്മി ബീമ യോജന

182(4851) ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ഭൂരഹിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ആം ആദ്മി ബീമ യോജന (എ. എ. ബി. വൈ.) നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യപ്പെടുന്ന വ്യക്തിയ്ക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി എത്ര പേരെ ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നതെന്നും അർഹരായവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യപ്പെടുന്ന അംഗങ്ങളുടെ സ്വാഭാവിക മരണത്തിനു 30,000 രൂപയും അപകട മരണത്തിന് 75,000 രൂപയും പൂർണ്ണ വൈകല്യത്തിന് 75000 രൂപയും അർദ്ധവൈകല്യത്തിന് 37,500 രൂപയും നൽകുന്നു. മാത്രമല്ല അംഗങ്ങളുടെ ഒൻപത് മുതൽ 12-ാം തരം വരെ ക്ലാസ്സുകളിൽ പഠിക്കുന്ന (ഐ.ടി.ഐ. ഉൾപ്പെടെ) പരമാവധി 2 കുട്ടികൾക്ക് 100 രൂപ വീതം മാസം സ്കോളർഷിപ്പ് നൽകിവരുന്നു.

(സി) കേന്ദ്ര സംസ്ഥാന വിഹിതം 50:50 ആനുപാതത്തിലാണ്.

(ഡി) സംസ്ഥാനത്തിലെ അർഹരായ എല്ലാ വിഭാഗങ്ങളെയും 'ആബി' പദ്ധതിയിൽ അംഗങ്ങളാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി വർഷംതോറും അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്ട്രേഷൻ നടപടികൾ നടത്തുകയും പത്ര, ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ പരമാവധി ജനങ്ങൾക്ക് 'ആബി' പദ്ധതിയെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകി വരികയും ചെയ്യുന്നു.

## പള്ളുരുത്തി ഇ.എസ്.ഐ. ആശുപത്രി

183(4852) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി ഇ. എസ്. ഐ. ആശുപത്രിയിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ കിടത്തിചികിത്സ ഏർപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പള്ളുരുത്തിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറിയാണുള്ളത്. പ്രസ്തുത ഡിസ്പെൻസറിയിൽ 7306 വ്യക്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ബി) കിടത്തി ചികിത്സയ്ക്കുള്ള IP Strength പള്ളുരുത്തി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഇല്ല.

## കൊട്ടാരക്കരയിലെ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും

184(4853) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ, നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ കേന്ദ്രങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഇ.എസ്.ഐ. ആശുപത്രികളില്ല. കൊട്ടാരക്കര, മൈലം, തൃപ്പലഴികം എന്നീ സ്ഥലങ്ങളിലായി മൂന്ന് ഇ.എസ്.ഐ. ഡിസ്പെൻസറികളാണ് ഉള്ളത്.

(ബി) സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ഡിസ്പെൻസറി | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| കൊട്ടാരക്കര | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ | 1 |
| മൈലം | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II | 1 |
| തൃപ്പലഴികം | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ | 2 |
| | ഫാർമസിസ്റ്റ് | 1 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II | 1 |

ഇതിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാർ ജോലി ചെയ്തുവരുന്നു.

**കർണ്ണാടക അതിർത്തി ഗ്രാമങ്ങളിലെ കഞ്ചാവ് മാഫിയ**

185(4854) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള - കർണ്ണാടക അതിർത്തി ഗ്രാമങ്ങളിൽ വ്യാപകമായി കഞ്ചാവ് മാഫിയകൾ ശക്തമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ കഞ്ചാവ് മാഫിയകൾക്കെതിരെ എന്തൊക്കെ നടപടികൾ എടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ കണ്ടെത്തിയെന്നും അതിന്റെ തുടർ നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള-കർണ്ണാടക അതിർത്തിയിൽ വയനാട് ജില്ലയോട് ചേർന്ന് കിടക്കുന്ന കർണ്ണാടക അതിർത്തി ഗ്രാമമായ ബൈരക്കുപ്പ അടക്കമുള്ള സ്ഥലങ്ങളിൽ കഞ്ചാവ് കടത്ത് സംഘങ്ങൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ കർണ്ണാടക സംസ്ഥാനത്ത്

നിന്നും കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് കേരള-കർണ്ണാടക അതിർത്തി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. കർണ്ണാടക എക്സൈസ്/പോലീസ് സേനകളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിലും സംയുക്ത പരിശോധനകൾ നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ മയക്കുമരുന്ന് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തിവരുന്നതുമാണ്. ടി പ്രദേശങ്ങളിൽ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതുമാണ്.

(സി) കേരള-കർണ്ണാടക അതിർത്തി ചെക്ക്പോസ്റ്റുകളിൽ 2017 വർഷം നാളിതുവരെ 45 എൻ.ഡി.പി.എസ്. കേസുകളും അതിർത്തി പ്രദേശങ്ങളിൽനിന്നും കഴിഞ്ഞ ഒരു വർഷത്തിനിടെ 14 എൻ.ഡി.പി.എസ്. കേസുകളും എക്സൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നിയമ നടപടികൾ ബന്ധപ്പെട്ട കോടതികളിൽ നടന്നുവരികയാണ്.

**മദ്യ വിൽപ്പനശാലകളും മദ്യനയവും**

186(4855) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി നല്കാത്തതുമൂലം മദ്യ വില്പനശാലകൾ പൂട്ടേണ്ട സാഹചര്യം നിലനില്ക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ഇത് തരണംചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ജനകീയ പ്രക്ഷോഭങ്ങളും ജനങ്ങൾ പ്രകടിപ്പിക്കുന്ന എതിർപ്പുമാണ് ലൈസൻസ് നല്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് ബോധ്യമായിട്ടുള്ള ജനഹിതം കൂടി മാനിച്ച് മദ്യനയം രൂപീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അബ്കാരി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ദൂരപരിധി സംബന്ധിച്ച ബഹു. സുപ്രീംകോടതി വിധിക്കും അനുസൃതമായി പ്രദേശവാസികളെ പരമാവധി വിശ്വാസത്തിലെടുത്തുകൊണ്ട് മദ്യവിൽപ്പന ശാലകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

(ബി&സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ ഒരേ അഭിപ്രായമുള്ളവരല്ല. ലൈസൻസ് നൽകുന്ന കാര്യത്തിൽ വ്യത്യസ്ത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിന് പൊതുവിൽ ഗുണകരമാവുന്ന നിലപാടുകൾക്ക് അനുസൃതമായ സമഗ്ര മദ്യനയത്തിന് രൂപം നൽകുന്നതാണ്.

**മദ്യനയം**

187 (4856) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്തുന്നതിനായി കമ്മീഷനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) എങ്കിൽ കമ്മീഷന്റെ ഘടന നിശ്ചയിച്ചിട്ടുണ്ടോ; കമ്മീഷൻ എന്നത്തേക്ക് നിലവിൽവരും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**എക്സൈസ് റേഞ്ച് ഓഫീസിൽ വാഹനങ്ങളുടെയും ജീവനക്കാരുടെയും കുറവ്**

188(4857) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ ആകെ എത്ര വാഹനങ്ങളുണ്ടെന്നും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളി താലൂക്കിന്റെ പൂർണ്ണമായ ചുമതലയുള്ള ഈ ഓഫീസ്, വാഹനങ്ങളുടെയും ജീവനക്കാരുടെയും കുറവുമൂലം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;കൂടുതൽ വാഹനങ്ങളും ജീവനക്കാരെയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എൻ.ടി.പി.എസ്.കേസുകൾ ഉൾപ്പെടെ എക്സൈസ് കേസുകൾ വളരെ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രസ്തുത പ്രദേശത്ത് സ്ഥിരപരിശോധനകൾ നടത്തുന്നതിന് ഇരുചക്രവാഹനങ്ങൾ അനുവദിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ 1 ജീപ്പും 1 മോട്ടോർ

സൈക്കിളും ഉൾപ്പെടെ 2 വാഹനങ്ങളാണ് ഉള്ളത്. എക്സൈസ് ഇൻസ്പെക്ടർ-1, പ്രിവന്റീവ് ഓഫീസർ-4, സിവിൽ എക്സൈസ് ഓഫീസർ/വനിതാ സിവിൽ എക്സൈസ് ഓഫീസർ-18, എക്സൈസ് ഡ്രൈവർ-1, പാർട്ട്ടൈം സ്വീപ്പർ-1 ഉൾപ്പെടെ ആകെ 25 ജീവനക്കാർ കരുനാഗപ്പള്ളി എക്സൈസ് റെയ്ഞ്ചിൽ ജോലി നോക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) നിലവിൽ കരുനാഗപ്പള്ളി റെയിഞ്ചിൽ ഒരു മോട്ടോർ സൈക്കിൾ അനുവദിച്ചിട്ടുള്ളതാണ്. നിലവിലെ സംവിധാനത്തിൽ എല്ലാ പ്രദേശങ്ങളിലും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി പരിശോധനകൾ കാര്യക്ഷമമാക്കിവരുന്നു.

**മലപ്പുറം മുണ്ടുപറമ്പ് ബൈപ്പാസ് റോഡിൽ പ്രവർത്തിക്കുന്ന പുതിയ മദ്യവിൽപ്പനശാല**

189(4858) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ മദ്യശാലകൾ വേണ്ടെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിധിയുടെ അടിസ്ഥാനത്തിൽ മലപ്പുറം മുണ്ടുപറമ്പ് ബൈപാസ് റോഡിൽ പ്രവർത്തിക്കുന്ന പുതിയ മദ്യവില്പനശാല നിയമവിധേയമാണോ;

(സി) നഗരസഭയുടെയും എക്സൈസ് വകുപ്പിന്റെയും ലൈസൻസ് പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമവിധേയമാണ്.

(സി) എക്സൈസ് വകുപ്പിന്റെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. നഗരസഭയുടെ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പ് അനുവദിച്ച ലൈസൻസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വിൽപ്പനശാലകൾ**

190(4859) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31 വരെ ബിവറേജസ് കോർപ്പറേഷന്റെ എത്ര വിദേശമദ്യ വിൽപ്പനശാലകൾ പ്രവർത്തിച്ചിരുന്നു;

(ബി) ഇവ എവിടെയൊക്കെയാണെന്നും കെട്ടിട ഉടമയുടെ പേര് വിവരം, വിസ്തീർണ്ണം, വാടക സഹിതം വ്യക്തമാക്കുമോ;

(സി) ഇവയിൽ ദേശീയ-സംസ്ഥാന പാതയോരത്ത് പ്രവർത്തിച്ചിരുന്ന വിദേശമദ്യ വിൽപ്പനശാലകൾ ഏതൊക്കെ; ആയതിന്റെ വിവരങ്ങൾ, കെട്ടിട ഉടമയുടെ പേര്, വിസ്തീർണ്ണം, വാടക, അഡ്വാൻസ് തുടങ്ങിയവ വ്യക്തമാക്കുമോ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഓരോ വിദേശമദ്യ വിൽപ്പന ശാലകളിലും സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവ് എത്ര വീതമെന്ന് വില്പന ശാലകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) അനുവദനീയമായ അളവിനേക്കാൾ കൂടുതൽ മദ്യം സ്റ്റോക്ക് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 268 എണ്ണം പ്രവർത്തിച്ചിരുന്നു.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) 162 ബിവറേജസ് ഔട്ട് ലെറ്റുകൾ ദേശീയ-സംസ്ഥാന പാതയോരത്ത് പ്രവർത്തിച്ചിരുന്നു. അവയുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ചില്ലറ വിൽപ്പനശാലകളുടെ വിസ്തൃതി അനുസരിച്ച് ഓരോ ഷോപ്പിലും സൂക്ഷിക്കുന്ന മദ്യത്തിന്റെ അളവും വ്യത്യസ്തമായരിക്കും.

(ഇ) വിദേശമദ്യ വിൽപ്പനശാലകളിൽ സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവിനെ സംബന്ധിച്ച് നിയതമായ നിയമങ്ങളൊന്നും നിലവിലില്ല.

**മാവേലിക്കര എക്സൈസ് റേഞ്ച് ഓഫീസിലെ ജീവനക്കാരുടെ കുറവ്**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

191(4860) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് റേഞ്ച് ഓഫീസിൽ പ്രിവന്റീവ് ഓഫീസർമാർ, സിവിൽ എക്സൈസ് ഓഫീസർമാർ എന്നിവരുടെ എണ്ണം വളരെ പരിമിതമായതിനാൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ബിവറേജസ് ഔട്ട്ലെറ്റുകൾ**

192(4861) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ എവിടെയൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ജില്ലയിൽ പുതുതായി ബിവറേജസ് ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ ആരംഭിക്കാനുള്ള അപേക്ഷകളാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ കൈക്കൊണ്ട തീരുമാനം വിശദീകരിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ 5 ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥലം | എഫ്.എൽ 1 നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | വെള്ളരിക്കുണ്ട് ടൗൺ | 14010 |
| 2 | കാസർഗോഡ് | 14002 |
| 3 | ബദിയടുക്ക, മുള്ളേരിയ | 14005 |
| 4 | ബന്തടുക്ക, കാസർഗോഡ് | 14006 |
| 5 | നീലേശ്വരം, മൂന്നാംകുറ്റി | 14009 |

(സി) ഇല്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ പൂട്ടിക്കിടക്കുന്ന ഷോപ്പുകൾ അതതു താലൂക്കുകളിൽ തന്നെ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന സ്ഥലങ്ങളിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

| ഷോപ്പ് നമ്പർ | കിട്ടിയിട്ടുള്ള അപേക്ഷയുടെ വിവരങ്ങൾ |
|---|---|
| എഫ്.എൽ.1 14003 | ചെമ്മനാട് പഞ്ചായത്തിലെ പൂളിക്കുന്ന് എന്ന സ്ഥലത്ത് |
| എഫ്.എൽ.1 14008 | കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് താലൂക്കിലെ പടന്നക്കാട് എന്ന സ്ഥലത്ത് |
| എഫ്.എൽ.1 14001 | കുമ്പള- മഞ്ചേശ്വരം താലൂക്കിലെ നായ്ക്കാവ് നാരായണ മംഗലം എന്ന സ്ഥലത്ത് |

(ഡി) അപേക്ഷകൾ എക്സൈസ് വകുപ്പിന്റെ പരിഗണനയിലാണ്.

**സമ്പൂർണ്ണ മദ്യനിരോധനം**

193(4862) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തിയ ബീഹാർ സംസ്ഥാനത്ത് അതിനുശേഷം ഉണ്ടായ പരിവർത്തനത്തെക്കുറിച്ച് സംസ്ഥാനം ഏതെങ്കിലും തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

പരിശോധിച്ചിട്ടില്ല.

**മുല്ലശ്ശേരി പഞ്ചായത്തിലെ ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റി സ്ഥാപിക്കൽ**

194(4863) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ 14-ാം വാർഡിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കണമെന്നുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഔട്ട്ലെറ്റ് ജനവാസം കുറഞ്ഞ മറ്റൊരിടത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതെ സുഗമമായി ഷോപ്പ് പ്രവർത്തിക്കാൻ ഇപ്പോൾ കഴിയുന്നതിനാൽ ഷോപ്പ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം നിലവിലില്ല.

**അടച്ചുപൂട്ടിയ മദ്യഷോപ്പുകൾ**

195(4864) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബിവറേജസ്, കൺസ്യൂമർഫെഡ് മദ്യഷോപ്പുകൾ അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ എതിർപ്പുമൂലം ഷോപ്പുകൾ തുറക്കാൻ കഴിയാത്തതിന് പരിഹാരമായി എന്ത് നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതകളുടെ 500 മീറ്റർ ചുറ്റളവിലുള്ള മദ്യവിൽപ്പനശാലകൾ മാറ്റിസ്ഥാപിക്കേണ്ടതായുണ്ട്. ഈ ഉത്തരവുപ്രകാരം മാറ്റി സ്ഥാപിക്കുവാൻ കഴിയാത്ത ബിവറേജ് കോർപ്പറേഷന്റെ 96 ഔട്ട്ലെറ്റുകൾ ഇപ്പോൾ അടഞ്ഞുകിടക്കുന്നു.

(ബി) അബ്കാരി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ദൂരപരിധി സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിക്കും അനുസൃതമായി പ്രദേശവാസികളെ വിശ്വാസത്തിലെടുത്തുകൊണ്ട് പരമാവധി ജനവാസം കുറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് മദ്യവിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് ആലോചിക്കുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 a.m]

## II. അടിയന്തരപ്രമേയം

### മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രതിസന്ധി

മി. ഡെപ്യൂട്ടി സ്പീക്കർ: മഞ്ചേരി മെഡിക്കൽ കോളേജിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡപ്രകാരമുള്ള അദ്ധ്യാപകരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാത്തതിനെതിരെയും മെഡിക്കൽ കോളേജ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതിനെതിരെയും കഴിഞ്ഞ നാല് ദിവസമായി മെഡിക്കൽ വിദ്യാർത്ഥികൾ നടത്തുന്ന നിരാഹാര സമരംമൂലം മെഡിക്കൽ പഠനരംഗത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, വി. പി. സജീന്ദ്രൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അടിസ്ഥാന സൗകര്യങ്ങൾ യാതൊന്നും ഒരുക്കാതെയാണ് 2012-ൽ മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചത്. നിലവിൽ നാല് ബാച്ചുകളിലായി പഠനം നടത്തിവരുന്ന നാനൂറോളം എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ പഠനത്തിനും ആശുപത്രി നടത്തിപ്പിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിനകം സ്വീകരിച്ച നടപടികളുടെ ഫലമായി 2017-18 അക്കാദമിക വർഷത്തിലേയ്ക്ക് എം.ബി.ബി.എസ്. പ്രവേശനത്തിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. 21 കോടി രൂപ ചെലവിൽ നിർമ്മാണം തുടങ്ങിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയ്ക്ക് 75,47,37,433 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച ചില മാറ്റങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ നടപടി പുനരാരംഭിക്കുന്നതാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ 261 അദ്ധ്യാപക-അനദ്ധ്യാപകരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുകയും 40 തസ്തികകളിൽ ഔട്ട്സോഴ്സിംഗ്‌വഴി നിയമനം നടത്തുകയും ചെയ്തിരുന്നു. ഏഴ് തസ്തികകൾ മറ്റുള്ള കോളേജുകളിൽനിന്നും സ്ഥലംമാറ്റി

നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയും ഡെപ്യൂട്ടേഷൻ വഴിയും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം ആശുപത്രി നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക, പാരാമെഡിക്കൽ, നഴ്സിംഗ് സ്റ്റാഫ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ തസ്തികകൾ അനുവദിക്കുന്നതോടെ അവിടെയിപ്പോൾ നിലനിൽക്കുന്ന ദ്വിഭരണ സമ്പ്രദായം ഒഴിവാക്കി മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും സുഗമമായ പ്രവർത്തനം സാധ്യമാകും. ജനറൽ സർജറി വിഭാഗത്തിലെ അദ്ധ്യാപകരുടെ കുറവ് നികത്തുകയെന്നതാണ് സമരം നടത്തുന്ന വിദ്യാർത്ഥികളുടെ പ്രധാന ആവശ്യം. ഇതുസംബന്ധിച്ച് കോളേജ് യൂണിയൻ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ അഭാവം കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കുന്നതിന് മൂന്ന് അദ്ധ്യാപകരെ മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. അവർ ഇന്നവിടെ ചാർജ്ജെടുക്കുന്നതാണ്. അവിടത്തെ എല്ലാ അപാകതകളും പരിഹരിക്കാൻ സർക്കാർ ശ്രമിച്ചുവരുന്ന സാഹചര്യത്തിൽ സമരം നടത്തുന്ന കുട്ടികളുമായും ഞാൻ സംസാരിച്ചിരുന്നു. അവർക്ക് ഒരുപാട് പ്രശ്നങ്ങളുണ്ട്, അത് ശരിയാണ്. അത് പരിഹരിക്കാൻ ഈ ഗവൺമെന്റ് നടത്തുന്ന ഇടപെടലുകളിൽ സംതൃപ്തരാണെന്ന് കുട്ടികൾ എന്നോട് പറഞ്ഞു. 'മിനിസ്റ്ററും, ആരോഗ്യ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും ഡി.എം.ഇ.-യും വന്ന് നടത്തിയ ഇടപെടൽ ഞങ്ങൾക്ക് പ്രതീക്ഷ നൽകുന്നുണ്ടെന്ന് ' കുട്ടികൾ പറഞ്ഞിട്ടുണ്ട്. അവരുടെ എല്ലാ ഗ്രീവൻസും കേൾക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. ഇത്രയും കാര്യങ്ങൾ ഇപ്പോൾ ചെയ്തിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലെ ആദ്യവാചകംതന്നെ വളരെ വേദനയുണ്ടാക്കുന്നതാണ്. വേണ്ടത്ര അടിസ്ഥാന സൗകര്യമില്ലാതെ 2012-ൽ മെഡിക്കൽ കോളേജ് ആരംഭിച്ചുവെന്നാണ് ബഹു. മന്ത്രി പറഞ്ഞത്. ഇതുതന്നെ ഒരു കുറ്റപ്പെടുത്തലാണ്. 33 വർഷത്തിനുശേഷം സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിൽ ഒരു മെഡിക്കൽ കോളേജ് വരികയെന്നുപറയുമ്പോൾ യഥാർത്ഥത്തിൽ ഇവിടത്തെ പാവപ്പെട്ട ആളുകൾക്ക് മുന്തിയ ചികിത്സ ലഭിക്കുക, സാധാരണക്കാരായ മിടുക്കൻമാരായ കുട്ടികൾ മെരിറ്റോടുകൂടി പാസ്സായാൽ അവർക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാവുകയെന്നതാണ്. 33 വർഷമായി കേരളത്തിൽ രണ്ട് മുന്നണികളും മാറിമാറി

ഭരിച്ചു. പാവപ്പെട്ടവന് പഠിക്കാൻ മെച്ചപ്പെട്ടൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ഒരു മുന്നണിക്കും സാധിക്കാതെ പോയി. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഇച്ഛാശക്തിയോടുകൂടി, 40 ലക്ഷത്തോളം ജനസംഖ്യയുള്ള ഏറ്റവും പിന്നാക്കം നിൽക്കുന്ന മഞ്ചേരിയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചു. കേരളത്തിൽ എവിടെയാണ് എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടുള്ളത്; തിരുവനന്തപുരം മെഡിക്കൽ കോളേജ് ആരംഭിച്ചപ്പോൾ എന്തായിരുന്നു സ്ഥിതി; 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റ് ആരംഭിച്ച കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അന്നത്തെ സ്ഥിതി എന്തായിരുന്നു; വളരെ പരിമിതമായ സൗകര്യത്തോടുകൂടി ആരംഭിച്ച് പിന്നീട് പടിപടിയായി ഉയർന്ന് പുതിയ കെട്ടിടങ്ങളൊക്കെയുണ്ടാക്കി സൗകര്യമൊരുക്കുകയാണുണ്ടായത്. തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളുടെ സ്ഥിതി എന്തായിരുന്നു; ആലപ്പുഴയിലെ നിലവിലെ സ്ഥിതി എന്താണ്? മഞ്ചേരിയിലെ മെഡിക്കൽ കോളേജിന്റെ കാര്യം പറയുമ്പോൾ മാത്രം സൗകര്യങ്ങളില്ലാതെ തുടങ്ങിയെന്ന ബഹു. മന്ത്രിയുടെ മറുപടി വളരെ നിർഭാഗ്യകരമാണ്, വേദനിപ്പിക്കുന്നതാണ്. ഇത് കേവലം അടിയന്തര പ്രമേയത്തിന്റെ വിഷയം മാത്രമല്ല, എന്റെ ജീവനേക്കാൾ പ്രധാനമാണ് മഞ്ചേരി മെഡിക്കൽ കോളേജ്. അതിന് അടിസ്ഥാനപരമായി ഒരുപാട് കാരണങ്ങളുണ്ട്. ഒന്ന്, കേരളത്തിൽ അക്ഷരാഭ്യാസത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗം താമസിക്കുന്ന പ്രദേശം. രാജ്യം പുരോഗമിച്ചിട്ടും ഇപ്പോഴും ആളോഹരി വരുമാനത്തിൽ പതിനാലാം സ്ഥാനത്ത് നിൽക്കുന്നൊരു ജില്ലയിലെ ജനപ്രതിനിധി എന്ന നിലയ്ക്ക്, കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു പ്രദേശത്തെ ജനപ്രതിനിധി എന്ന നിലയ്ക്ക്, വൈദേശിക ആധിപത്യത്തോട് പോരാടിയതിനുശേഷം ആ ഭാഷയെ വെറുത്തുവെന്ന ഒറ്റ കാരണത്താൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ബഹിഷ്കരിച്ച ഒരു സമൂഹം താമസിക്കുന്നൊരു പ്രദേശമെന്ന നിലയ്ക്ക് അവിടെയൊരു മെഡിക്കൽ കോളേജുണ്ടാകുമ്പോൾ അവിടെ അടിസ്ഥാന സൗകര്യം പോര എന്നുപറയുന്നതാണോ ഒരു ഉത്തരവാദപ്പെട്ട ഗവൺമെന്റിന്റെ ചുമതല. എട്ട് വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ നാല് ദിവസമായി അവിടെ നിരാഹാര സമരത്തിലാണ്. അവർ നാല് വർഷം കഴിഞ്ഞ് അഞ്ചാം വർഷത്തിലേയ്ക്ക് കടന്നിട്ടും ഇതുവരെ ഒരു സമരംപോലും നടത്തിയിട്ടില്ല. അവിടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുവരുന്ന കുട്ടികളുണ്ട്. കോളേജ് മഞ്ചേരിയിലാണെങ്കിലും കേരളത്തിലെ പതിനാല് ജില്ലകളിൽനിന്നും അവിടെ കുട്ടികൾ പഠിക്കുന്നുണ്ട്. അവിടെയുള്ള 400 കുട്ടികളിൽ മലപ്പുറം ജില്ലയിൽനിന്നും 75-ൽ താഴെ കുട്ടികൾ മാത്രമേ കാണുകയുള്ളൂ. അപ്പോൾ ഇത് ഒരു ജില്ലയുടെ മെഡിക്കൽ കോളേജല്ല. പിന്നോക്ക പ്രദേശത്ത് ഇപ്പോൾ പത്താംതരത്തിലൊക്കെ ധാരാളം കുട്ടികൾ പാസ്സാകുന്നുണ്ട്. കൂടുതൽ റിസൾട്ട് വന്നുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട അമ്മമാർക്ക് അവരുടെ കുട്ടികളോട് 'നീ നന്നായി പഠിച്ചാൽ ഇവിടെയൊരു മെഡിക്കൽ കോളേജുണ്ട്, നിനക്കിവിടെ സൗജന്യമായി പഠിക്കാൻ

ഗവൺമെന്റ് അടിസ്ഥാന സൗകര്യമുണ്ടാക്കിയിട്ടുണ്ട്" എന്നുപറഞ്ഞ് ആ കുട്ടിക്ക് പഠനത്തിൽ ഉൽസാഹമുണ്ടാക്കാൻ കഴിയും. കഴിഞ്ഞ രണ്ടുവർഷം മുമ്പ് സംസ്ഥാനത്ത് മെഡിക്കൽ എൻട്രൻസിന് ആദ്യമായി ഒന്നാം സ്ഥാനം പിന്നോക്ക പ്രദേശമായ മഞ്ചേരി ജില്ലയ്ക്കുണ്ടായി എന്ന കാര്യം നിങ്ങൾ ഓർക്കണം. ഇപ്പോൾ മെഡിക്കൽ എൻട്രൻസിൽ പടിപടിയായി പിന്നാക്ക ജില്ലകൾ മുന്നേറിക്കൊണ്ടിരിക്കുന്നു. കാരണം, 'ഞങ്ങൾക്കൊരു പ്രതീക്ഷയുണ്ട്, പഠിക്കാനൊരു സ്ഥലമുണ്ട്, ഞങ്ങളെ ശ്രദ്ധിക്കാനൊരു ഗവൺമെന്റുണ്ട്, ഭരണകൂടമുണ്ട് ' എന്നൊരു തോന്നലുണ്ടായതുകൊണ്ടാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ നാനൂറ് കുട്ടികൾ പഠിക്കുകയാണ്. ഈ നാലുവർഷത്തിനിടയിൽ ഒരപശബ്ദം ഇതുവരെ ഉണ്ടാക്കിയിട്ടില്ല. താഴത്തെ നിലയിൽ രോഗികളും മുകളിലത്തെ നിലയിൽ മെഡിക്കൽ സ്റ്റുഡന്റ്സുമാണ് കഴിയുന്നത്. കുട്ടികൾ കുഴപ്പമുണ്ടാക്കിയെന്ന് ഒരു രോഗിപോലും ഇതുവരെ ആക്ഷേപം പറഞ്ഞിട്ടില്ല. മാത്രമല്ല, ഒരു കുട്ടിക്കും ഇത്തരമൊരു ആക്ഷേപം ഉണ്ടായിട്ടില്ല. ഈ ജില്ലയിലെ നാനാഭാഗത്തുള്ള പിന്നോക്ക പ്രദേശത്തുനിന്നും വന്ന ഒരു കുട്ടിക്കുപോലും ആ നാട്ടുകാരെ സംബന്ധിച്ചോ ആ കോളേജിനെ സംബന്ധിച്ചോ യാതൊരു ആക്ഷേപവുമില്ലാതെ പഠിച്ചുകൊണ്ടാണ് അമ്പതും അറുപതും വർഷം പിന്നിട്ട 25-ഓളം മെഡിക്കൽ കോളേജുകളെ പിന്നിലാക്കി മഞ്ചേരി മെഡിക്കൽ കോളേജിന് ഒന്നാം വർഷത്തെ എം.ബി.ബി.എസ്.-ന് ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞത്. അത് ആ പിന്നാക്ക പ്രദേശത്തെ ജനങ്ങളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അല്ലെങ്കിൽ മെരിറ്റിൽ താഴെനിൽക്കുന്ന മഞ്ചേരിയിലെ അസൗകര്യങ്ങൾക്കിടയിൽ എങ്ങനെയാണ് അക്കാദമിക രംഗത്ത് മഞ്ചേരി മെഡിക്കൽ കോളേജ് മുന്നോട്ടുപോയത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഒരു സഹോദരിയായതുകൊണ്ടും ഒരമ്മയായതുകൊണ്ടും ഈ രംഗത്ത് ശോഭിക്കുമെന്ന് ഞാൻ ആഗ്രഹിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞാൻ ആദ്യം കാണുന്നത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയാണ്.മഞ്ചേരി മെഡിക്കൽ കോളേജിനെ സഹായിക്കണമെന്നാണ് അപ്പോൾ ഞാൻ ബഹു. മന്ത്രിയോട് ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനോട് അങ്ങ് മഞ്ചേരി മെഡിക്കൽ കോളേജിനെ അവഗണിക്കരുത് എന്ന ഒറ്റക്കാര്യം മാത്രമാണ് ഞാൻ പറഞ്ഞത്. റോഡിന്റെ കാര്യമോ മറ്റൊരു പ്രശ്നമോ ഞാൻ അദ്ദേഹത്തോട് പറഞ്ഞിട്ടില്ല. അതുകൊണ്ടാണ് എനിക്കെന്റെ ജീവനെക്കാൾ പ്രധാനമാണ് മഞ്ചേരി മെഡിക്കൽ കോളേജെന്ന് ഞാൻ പറഞ്ഞത്. എന്റെ അമ്മ ചികിത്സ കിട്ടാതെ മരണപ്പെട്ടത് ഇതൊരു താലൂക്ക് ആശുപത്രിയായിരുന്നതു കൊണ്ടാണ്. അതുപോലെ എത്രയെത്ര അമ്മമാർ ഇന്നും ചികിത്സ ലഭിക്കാതെ മരണപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള ആളുകൾക്ക് പ്രതീക്ഷ നൽകുന്ന ഒരു പ്രസ്ഥാനമാണ് മഞ്ചേരി മെഡിക്കൽ കോളേജ്. അവിടെ അടിസ്ഥാന സൗകര്യങ്ങളില്ലെന്ന് പറഞ്ഞ് തള്ളിക്കളയരുത്. ഓട്ടോറിക്ഷക്കാരുടെ മക്കൾ, അന്യന്റെ പാത്രംകഴുകി കഴിയുന്ന അമ്മമാരുടെ

മക്കൾ, ചുമട്ടുതൊഴിലാളികളുടെ മക്കൾ, ഇവർക്കൊക്കെ മഞ്ചേരി മെഡിക്കൽ കോളേജില്ലായിരുന്നുവെങ്കിൽ പഠിക്കാൻ ഇടമുണ്ടാകുമായിരുന്നില്ല. സ്വാശ്രയക്കാർക്ക് ഫീസ് കൂട്ടിക്കൊടുക്കൽ മാത്രമോണോ ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വം; സ്വാശ്രയക്കാരുടെ മുമ്പിൽ നിസ്സഹായരായി നോക്കിനിൽക്കുന്ന മുഖ്യമന്ത്രിയും മന്ത്രിമാരും രാജ്യത്തിന് അപമാനമാണ്. ഇനിയും നിങ്ങൾ ഞങ്ങളെ അപമാനിക്കരുത്. ഇതൊരു പ്രദേശത്തിന്റെ വികാരമാണ്. അല്ലാതെ കേവലം ഒരു അടിയന്തരപ്രമേയത്തിന്റെ വിഷയമല്ലെന്ന് പറയാനുള്ള കാരണമിതാണ്. അവിടത്തെ കോളേജ് യൂണിയനുമായി സംസാരിച്ചുവെന്നും അവർ സംതൃപ്തരാണെന്നും ബഹു. മന്ത്രി പറഞ്ഞു. ഒന്നുമില്ലാത്തവന് കിട്ടുന്നതെല്ലാം സംതൃപ്തിയല്ലേ. ഭിക്ഷക്കാരന് നാണയത്തുട്ടുകൾ എറിഞ്ഞുകൊടുത്താൽ അവർ സംതൃപ്തരാണ്. ഇത് വളരെ വികാരപരമായ പ്രശ്നമാണ്. നാലാം വർഷം കഴിഞ്ഞ് അഞ്ചാം വർഷത്തിലേയ്ക്ക് കുട്ടികൾ കടക്കുകയാണ്. ആറ്റുനോറ്റുണ്ടായൊരുണ്ണി എന്നുപറയുന്നതുപോലെ ആറ്റുനോറ്റുണ്ടായ മെഡിക്കൽ കോളേജിൽ, സർജറി വിഭാഗത്തിൽ 26 -പേർ വേണ്ടിടത്ത് ഏഴുപേർ മാത്രമാണുള്ളത്. അതിൽത്തന്നെ ജൂനിയർ റസിഡന്റ് ഡോക്ടർമാർ നാലുപേർ, ഒരു പ്രൊഫസർ, ഒരു അസോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ. നാല് ജൂനിയർ റെസിഡന്റുമാരും താല്ക്കാലികാടിസ്ഥാനത്തിൽ. എങ്ങനെയാണ് താല്ക്കാലികമായി ഡോക്ടർമാർ ചുമതലയേൽക്കുന്നത്? ഒരു ജൂനിയർ ഡോക്ടർക്ക് കൊടുക്കുന്ന ശമ്പളം 35,000 രൂപയാണ്. പ്യൂണായി ആദ്യം ജോലിയിൽ പ്രവേശിക്കുന്ന ആളുകൾക്കുപോലും 25,000-30,000 രൂപ ലഭിക്കുമ്പോൾ താല്ക്കാലിക ഡോക്ടർമാരായി വരുന്നവർക്ക് കൊടുക്കുന്നത് 35,000 രൂപയാണ്. എങ്ങനെയാണ് ഡോക്ടർമാരെ കിട്ടുന്നത്; ഇതെല്ലാം പരിശോധിക്കേണ്ടതല്ലേ? ഓരോ ഡിപ്പാർട്ട്മെന്റിന്റെയും കാര്യം ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. എല്ലാം ഈ ഗവൺമെന്റിന്റെ തലയിൽ വച്ചുകെട്ടുകയല്ല. കഴിഞ്ഞ തവണ ഞാനിവിടെ ഒരു കാളിംഗ് അറ്റൻഷൻ ഉന്നയിച്ചു. അതിന് മറുപടിയായി ബഹു. മന്ത്രി പറഞ്ഞത്, 75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഹോസ്റ്റലിന്റെയും റെസിഡന്റ് ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നുവെന്നാണ്. ഈ മറുപടി പറഞ്ഞ് ആറ് മാസമായിട്ടും പ്രവൃത്തിയാരംഭിച്ചിട്ടില്ല. ഒരിക്കൽ ടെണ്ടർ ചെയ്ത പ്രവൃത്തിയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഇവിടെയുണ്ട്, ഒരു കെട്ടിടത്തിന് 17 ശതമാനം എബൗ ആയി ടെണ്ടർ ചെയ്തു. അവരുമായി നെഗോഷ്യേറ്റ് ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾത്തന്നെ കെട്ടിടത്തിന്റെ പണിയാരംഭിക്കാമായിരുന്നു. ഇന്നലെ ബഹു. മന്ത്രിയോട് ഇക്കാര്യം സംസാരിക്കുമ്പോൾ, അതിന്റെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്ന് ചോദിച്ചു. ഇത് ടെണ്ടർ ചെയ്തിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. ഇവിടെനിന്ന് മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബഹു. മന്ത്രിയും ഉദ്യോഗസ്ഥരും ഡി.എം.ഇ.-യും ഹെൽത്ത് സെക്രട്ടറിയുമടക്കം മഞ്ചേരി മെഡിക്കൽ കോളേജിൽ വന്ന് റിവ്യൂ നടത്തി. അതിലെനിക്ക് സന്തോഷമുണ്ട്.

മന്ത്രിയും ഉദ്യോഗസ്ഥരും കാര്യങ്ങളെല്ലാം നോട്ട് ചെയ്തു. ഉടനെ ടെണ്ടറുണ്ടാകുമെന്ന് ഞാൻ വിചാരിച്ചു. ഇപ്പോഴും ടെണ്ടർ നടപടി ആരംഭിച്ചിട്ടില്ല. ഒരിക്കൽ ടെണ്ടർ ചെയ്ത പ്രവൃത്തിയാണ്, ഇനി നെഗോഷ്യേറ്റ് ചെയ്യേണ്ട ആവശ്യമേയുള്ളൂ. റീടെണ്ടർ ചെയ്യുകയാണെങ്കിൽ കാലതാമസമുണ്ടാകും. വേണമെന്ന് വിചാരിക്കാത്തതു കൊണ്ടാണ് ഇതൊന്നും നടക്കാത്തത്. ഈ ഗവൺമെന്റിന് ആഗ്രഹവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ ഇത് നടത്തിക്കൂടെ. പണക്കാർ മാത്രം ഒരു കോടി രൂപ വരെ സ്വാശ്രയ കോളേജുകളിൽ കൊടുത്ത് പഠിച്ചാൽ മതിയോ. ഞാൻ വെറുതെ വികാരപരമായി പറയുന്നതല്ല, ഇടുക്കിയിലെ മെഡിക്കൽ കോളേജ് പൂട്ടി. തിരുവനന്തപുരത്ത് രണ്ടാം മെഡിക്കൽ കോളേജ് വരുന്നതിന് മുമ്പുതന്നെ ഗർഭച്ഛിദ്രം നടത്തി അത് നടപ്പാക്കാതെപോയി. എല്ലാം തയ്യാറാക്കി എല്ലാ സൗകര്യങ്ങളുമൊരുക്കിയാൽപ്പിന്നെ മന്ത്രിക്ക് ഉദ്ഘാടനം ചെയ്യലാണോ പണി. ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ഇത് ഗവൺമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മയാണ്. ഇത് ഗവൺമെന്റ് മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നിങ്ങൾക്കുള്ള അവസാനത്തെ പ്രയോറിറ്റിയാണ്. 33 വർഷത്തിനുശേഷം ആദ്യമായാണ് ഒരു മെഡിക്കൽ കോളേജ് വരുന്നത്. അതാണ് പ്രശ്നം. ശ്രീ. പി. കെ. ശശി ഒന്നാലോചിക്കണം, അങ്ങയുടെ ആളുകൾ ഭരിച്ചപ്പോൾ പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് കിട്ടിയില്ലല്ലോ. പാലക്കാട് മെഡിക്കൽ കോളേജിൽനിന്നും 70 പട്ടികജാതിക്കാരാണ് ഇപ്പോൾ പഠിച്ച് പുറത്തിറങ്ങുന്നത്. അത് മനസ്സിലാക്കണം. പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് വേണമെന്ന് പ്രതിപക്ഷത്തിരിക്കുമ്പോൾ അങ്ങയുടെ മണ്ഡലത്തിലെ അന്നത്തെ എം.എൽ.എ.-യായ ശ്രീമതി കെ. എസ്. സലീഖ പറയുകയുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എ. പി. അനിൽ കുമാറും അത് കേൾക്കുകയും മെഡിക്കൽ കോളേജ് അനുവദിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് ചെയ്യാനുള്ളത് അവിടേയ്ക്ക് ആവശ്യമായ ഡോക്ടർമാരെ കൊടുക്കുക എന്നുള്ളതാണ്. കുട്ടികൾക്ക് രാഷ്ട്രീയമില്ല, അവിടെ നടക്കുന്ന സമരത്തിൽ പങ്കെടുക്കുന്ന എട്ട് കുട്ടികളിൽ (3 പെൺകുട്ടികളും 5 ആൺകുട്ടികളും) ഒരാളുപോലും മലപ്പുറം ജില്ലക്കാരല്ല. നിരാഹാരം നടത്തുന്ന കുട്ടികൾ മുഴുവനും മലപ്പുറം ജില്ലയ്ക്ക് പുറമേയുള്ളവരാണെന്ന് പറയാൻ പ്രത്യേക കാരണമുണ്ട്. അവിടെ കളറും മറ്റും നോക്കി നിൽക്കുന്ന ആളുകളല്ലാത്തതുകൊണ്ടാണ് ഞാനത് പ്രത്യേകമായി പറയുന്നത്. അവിടെ പഠിക്കുന്ന കുട്ടികളെല്ലാം എനിക്കെന്റെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെയാണ്. എം.എൽ.എ.-യെന്ന നിലയിൽ എനിക്കെന്താണ് ചെയ്യാൻ കഴിയുന്നത്? ബഹു. മന്ത്രി വന്നപ്പോൾ കുട്ടികൾക്ക് ബസ് ഇല്ലെന്ന് ഞാൻ പറഞ്ഞു, എം.എൽ.എ. ഫണ്ടിൽനിന്നും 17 ലക്ഷം രൂപ ബസ് വാങ്ങാൻ കൊടുത്തു. ചില ക്ലാസുകളിൽ എ.സി. ഇല്ലെന്ന് പറഞ്ഞപ്പോൾ സ്മാർട്ട് ക്ലാസ് റൂം കൊടുക്കാമെന്ന് പറഞ്ഞു. ഹോസ്റ്റൽ കെട്ടിടം എനിക്ക് നിർമ്മിക്കാൻ കഴിയില്ലല്ലോ. ബഹു. മന്ത്രി ഒന്നോർക്കണം, എല്ലാ മെഡിക്കൽ കോളേജുകളും പോലെയല്ല മഞ്ചേരി മെഡിക്കൽ കോളേജ്. പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽനിന്ന്

വാരിയെടുത്ത പണം കൊണ്ടാണ് അവിടെയുള്ള മനോഹരമായ അഞ്ചുനില കെട്ടിടം നിർമ്മിച്ചതെന്ന് നിങ്ങളോർക്കണം. ഗവൺമെന്റിൽനിന്നും നയാപൈസ കിട്ടിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിൽനിന്നും മറ്റൊരു ഗവൺമെന്റിൽനിന്നും നയാപൈസ കിട്ടാതെയാണ് അവിടെയിന്ന് കുട്ടികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടം നിർമ്മിച്ചത്. കേരളത്തിൽ ഒരു ഹോസ്പിറ്റൽ കെട്ടിടവും അതുപോലെയില്ല. പാവപ്പെട്ടവരുടെയും സ്കൂൾ കുട്ടികളുടെയും കയ്യിൽനിന്ന് പണം പിരിച്ചെടുത്ത് നിർമ്മിച്ചതാണ് ഇന്നവിടെ മനോഹരമായി നിൽക്കുന്ന അഞ്ച് നിലക്കെട്ടിടമെന്ന കാര്യം നിങ്ങളോർക്കണം. കുട്ടികൾ താമസിക്കുന്നതും പഠിക്കുന്നതും അവിടെയാണ്. 40 ലക്ഷം ജനങ്ങളുള്ള ആ ജില്ലയെ അങ്ങ് അവഗണിക്കരുത്, ഈ ഗവൺമെന്റ് അവഗണിക്കരുത്. നിങ്ങളുടെ പാർട്ടിക്കിപ്പോൾ അവിടെയെല്ലാം വളക്കൂറുണ്ടല്ലോ. പലരും ജയിച്ചുവരുന്നുണ്ടല്ലോ. അതുകൊണ്ട് പാടേ തള്ളിക്കളയേണ്ട. രാഷ്ട്രീയമായും തള്ളിക്കളയേണ്ട. പാവപ്പെട്ട ജനവിഭാഗങ്ങളെ ഓർത്ത് കുട്ടികളുടെ ഈ സമരം അവസാനിപ്പിക്കണം, കുട്ടികളെ സംരക്ഷിക്കണം. നാല് കുട്ടികൾ അപകടകരമായ അവസ്ഥയിലാണെന്ന് ഡോക്ടർമാർ പറഞ്ഞതായ പത്രവാർത്തയുണ്ട്. എല്ലാ പത്രങ്ങളിലും റിപ്പോർട്ട് വന്നിട്ടുണ്ട്. മാധ്യമം - മഞ്ചേരി മെഡിക്കൽ കോളേജ് സമരം തുടരുന്ന വിദ്യാർത്ഥികൾ കളക്ടറെ തടഞ്ഞു; ജനയുഗം - മഞ്ചേരി മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ നിരാഹാര സമരം നാലാം ദിവസത്തിലേയ്ക്ക്. മാതൃഭൂമി, മലയാള മനോരമ ഉൾപ്പെടെ എല്ലാ പത്രങ്ങളും വളരെ പ്രാധാന്യത്തോടുകൂടി വാർത്ത റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. മലപ്പുറത്തെ ജനങ്ങൾ മുഴുവനും ഈ കുട്ടികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചിരിക്കുകയാണ്. തിരുവനന്തപുരത്തും കോഴിക്കോട്ടും സ്റ്റെതസ്കോപ്പിട്ട ഡോക്ടർമാർ വന്നാൽ അത്ഭുതമില്ല. പക്ഷെ മഞ്ചേരി മെഡിക്കൽ കോളേജിൽനിന്ന് സ്റ്റെതസ്കോപ്പിട്ട കുട്ടികൾ നാളെ ഡോക്ടർമാരായി പുറത്തിറങ്ങുന്നതിനുവേണ്ടി അവിടത്തെ നാട്ടുകാർ കാത്തിരിക്കുകയാണ്. മുമ്പ് ഞങ്ങൾക്ക് നിഷേധിച്ചത്, ഞങ്ങൾക്ക് നേടാൻ കഴിയാത്തത് പുതിയ തലമുറ നേടി. മലപ്പുറം ജില്ലയിൽ നിന്നല്ലെങ്കിലും പുറമേ നിന്നുള്ള കുട്ടികൾ മഞ്ചേരി പട്ടണത്തിൽകൂടി ഡോക്ടർമാരായി വരുന്നത് കാണുകയെന്നത് എന്നെപ്പോലുള്ള പൊതുപ്രവർത്തകരുടെ ജീവിതത്തിലെ ഏറ്റവും വലിയ അഭിലാഷമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് മറ്റ് മെഡിക്കൽ കോളേജുകളെ തകർത്തതുപോലെ ഇതിനെ തകർക്കരുത്. ബഹു. മന്ത്രീ, അങ്ങ് സഹായിക്കണം, അങ്ങ് ഉണർന്നുപ്രവർത്തിക്കണം. പുതിയ മെഡിക്കൽ കോളേജുകളോട്, പ്രത്യേകിച്ച് മഞ്ചേരി മെഡിക്കൽ കോളേജിനോട് ഉദാരമായ സമീപനമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ വിഷയത്തിലുള്ള ബഹു. എം.എൽ.എ.-യുടെ വേദനകളിൽ ഞാനും പങ്കുചേരുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിനെക്കുറിച്ച് ചോദ്യവും ഉത്തരവുമെല്ലാം ബഹു. അംഗംതന്നെ പറഞ്ഞിട്ടുണ്ട്. സൗകര്യങ്ങളൊന്നു

മില്ലാതെയാണ് മെഡിക്കൽ കോളേജ് ആരംഭിച്ചതെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ബഹു. അംഗത്തെ കുറ്റപ്പെടുത്താനല്ല. അവിടെയൊരു മെഡിക്കൽ കോളേജ് ഉണ്ടായിക്കാണാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ആഗ്രഹത്തെ ഞാൻ തള്ളിപ്പറയുന്നില്ല. മെഡിക്കൽ കോളേജുകളെക്കുറിച്ച് സർക്കാരിന് ഒരു നയമുണ്ട്. അത് നേരത്തേ പ്രഖ്യാപിച്ചതാണ്. ഞാനത് വീണ്ടും ആവർത്തിക്കുന്നില്ല. നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളും ഇങ്ങനെയൊക്കെയല്ലേ തുടങ്ങിയത് എന്നാണ് അദ്ദേഹം ചോദിച്ചത്. ഞാനതിന്റെ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ് ഇവയെല്ലാം 23 ഏക്കർ സ്ഥലത്താണോ തുടങ്ങിയത്? മൂന്നൂറ് ഏക്കറോളം സ്ഥലമുണ്ടായിട്ടും ഭാവിയിലേയ്ക്കുള്ള വികസനത്തിനൊന്നും കഴിയാതെ ഈ മെഡിക്കൽ കോളേജുകൾ ശ്വാസംമുട്ടുകയാണ്. മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം വേണം; മെഡിക്കൽ കോളേജിനെക്കുറിച്ച് നല്ല ഭാവനയുണ്ടെങ്കിൽ കേവലം 23 ഏക്കർ സ്ഥലത്ത് മെഡിക്കൽ കോളേജ് തുടങ്ങാനാവില്ല. തുടക്കത്തിൽ അതാവാം, ശ്രീ. എം. ഉമ്മർ പറഞ്ഞത് ശരിയാണ്. പിന്നീട് എക്സ്പാന്റ് ചെയ്യാനുള്ള സൗകര്യംകൂടി കാണണ്ടേ; 25-50 വർഷമെങ്കിലും മുന്നിൽകണ്ടുകൊണ്ടല്ലേ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നത്; കൂടുതലായി ഒരിഞ്ച് സ്ഥലം വ്യാപിപ്പിക്കാൻ ആ പ്രദേശത്തുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, എത്ര സ്ഥലം വേണമെങ്കിലും നൽകാം, പണം അനുവദിച്ചാൽ മതി. ന്യായമായ പണം അനുവദിച്ചാൽ സ്ഥലം നൽകാം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ശ്രീ. എം. ഉമ്മർ, വിഷയത്തെ ഇത്ര വൈകാരികമായി എടുക്കാതിരിക്കു. പാവപ്പെട്ട ജനങ്ങളുടെ ആവശ്യം പരിഗണിച്ച്, പിന്നോക്കാവസ്ഥ പരിഗണിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും ഇടുക്കിയിലും ഞാൻ പോയി. പ്രഖ്യാപിച്ച എല്ലാ മെഡിക്കൽ കോളേജുകളും മെഡിക്കൽ കോളേജുകളായി മാറ്റാൻ കഴിയുമോയെന്ന് ഞാൻ ഇവിടെ എത്രയോ തവണ ചോദിച്ചിട്ടുണ്ട്. ഇവ മാത്രമല്ല, കാസർഗോഡും വയനാടും മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്. ഇതൊക്കെ പിന്നോക്കാവസ്ഥയിലാണ്. മെഡിക്കൽ കോളേജുകൾ എല്ലാ ജില്ലയിലും വേണമെന്നുള്ള അഭിപ്രായമില്ല. പക്ഷേ അവിടെ പ്രഖ്യാപിച്ചു; ജനങ്ങൾ എന്തോ പ്രതീക്ഷിക്കുന്നു. ശ്രീ. എം. ഉമ്മർ തന്നെ പറഞ്ഞില്ലേ, ഒരു ഗവൺമെന്റും സഹായിച്ചില്ല, ഹോസ്റ്റൽ കെട്ടിടം പണിതത് ജനങ്ങളിൽനിന്നും പിരിച്ചെടുത്ത കാശ് ഉപയോഗിച്ചാണെന്ന്. മൂന്നോ നാലോ കൊല്ലം കൊണ്ട് ഇത്രയേറെ മെഡിക്കൽ കോളേജുകളെ എങ്ങനെയാണ് യാഥാർത്ഥ്യമാക്കാൻ സാധിക്കുക; മെഡിക്കൽ കോളേജുകളാകുമ്പോൾ എത്ര കോടി രൂപ വേണം; എത്ര സ്റ്റാഫിനെ

നിയമിക്കണം? നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ സ്റ്റാഫുകളുടെ കുറവ് പരിഹരിക്കാൻവേണ്ടി ഗവൺമെന്റ് ഈ വർഷം 1399 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അപ്പോൾ അവിടെത്തന്നെ എത്ര അഭാവമുണ്ട്. ഫാക്കൽറ്റി എങ്ങനെയാണ് കൊടുക്കാൻ സാധിക്കുക. നിലവിലുള്ള മെഡിക്കൽ കോളേജിൽ തന്നെ എം.സി.ഐ.-യുടെ അംഗീകാരം കിട്ടണമെങ്കിൽ.....,

ശ്രീ. വി. എസ്. ശിവകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് അടിയന്തരപ്രമേയമല്ലേ. താങ്കളോട് ഞാൻ എത്രയോ തവണ മറുപടി പറഞ്ഞതാണ്. അങ്ങ് ഒരു മുൻമന്ത്രിയാണ്. ഞാൻ ഇപ്പോൾ വകുപ്പ് കൈകാര്യം ചെയ്യുകയാണ്. നമുക്ക് പരസ്പരം കാണുമ്പോൾ താങ്കളുടെ സംശയവും എന്റെ സംശയവും ചർച്ച ചെയ്യാം. ഞാൻ ഒരുപാട് തവണ ഇക്കാര്യം പറഞ്ഞതാണ്. എന്തായാലും മുൻമന്ത്രി ചോദിക്കുന്നതല്ലേ, ഞാൻ വഴങ്ങുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ എല്ലാ പ്രസ്താവനകളും വരുന്നത്. 2012-ലാണ് മഞ്ചേരി മെഡിക്കൽ കോളേജ് തുടങ്ങുന്നത്. അന്ന് 37 കോടി രൂപ അനുവദിക്കുകയും 184 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ആദ്യ വർഷത്തിൽ അത്രയും തസ്തികകൾ മതി. എന്തിനാണ് 1400 തസ്തികകൾ സൃഷ്ടിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിന് 25 കോടി രൂപ കാസർഗോഡ് പാക്കേജിൽ അനുവദിച്ചു. നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സംസാരിക്കരുത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് അടിയന്തരപ്രമേയത്തിന് മറുപടി പറയണം. ഇത് ശരിയായ രീതിയല്ല. ഞാൻ ആവർത്തിക്കുന്നില്ല. താങ്കൾ ഇരിക്കു, ഞാൻ പറയട്ടെ. ഭാവനയില്ലാത്ത പ്രവൃത്തി ചെയ്താൽ അതിന്റെ ഫലമനുഭവിക്കുന്നത് മറ്റാരെങ്കിലുമായിരിക്കും. ഇക്കാര്യങ്ങളൊക്കെ ഞാൻ എത്രയോ തവണ ഇവിടെ വിശദീകരിച്ചതാണ്. ഇടുക്കി മെഡിക്കൽ കോളേജിന് എങ്ങനെയാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടിയത്. നേരത്തെ എം.സി.ഐ. കുറച്ച് ഫ്ലക്സിബിളായിരുന്നു; ലിബറലായിരുന്നു. നമ്മൾ ഒരു അഷ്വറൻസ് കൊടുത്താൽ അംഗീകാരം നൽകുകയാണ് ചെയ്യുന്നത്. ആ അഷ്വറൻസിന്റെ ബലത്തിലാണ് ഇടുക്കി മെഡിക്കൽ കോളേജിന് രണ്ട് വർഷം അംഗീകാരം ലഭിച്ചത്. 2015-ൽ താങ്കളുടെ കാലത്ത് മെഡിക്കൽ കൗൺസിൽ കുറച്ച് സ്ട്രിക്റ്റാക്കി. 2012-ൽ നിങ്ങളുടെ കാലത്ത് ആരംഭിച്ചതല്ലേ ഇടുക്കിയിലെ മെഡിക്കൽ കോളേജ്. 2012-ലും 2013-ലും അവർക്ക് അഷ്വറൻസ് കൊടുത്തു.

made shift ആയ; എവിടെയോ ഉള്ള പ്രീ-ഫാബ് കെട്ടിടം; പഴയ സ്പോർട്സ് വില്ലേജ് ഇളക്കിമാറ്റിയതൊക്കെ നിങ്ങൾ ഇടുക്കി മെഡിക്കൽ കോളേജിൽ കൊണ്ടുവന്നു സ്ഥാപിച്ചു. മഞ്ചേരി മെഡിക്കൽ – കോളേജിന്റെ കാര്യത്തിലും ശ്രീ. എം. ഉമ്മർ പറഞ്ഞത് ശരിയാണ്, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ നാലുകൊല്ലമുണ്ടായിരുന്നു. പക്ഷേ കൊടുക്കാൻ പറ്റിയിട്ടില്ല. എവിടെനിന്നോ ഉള്ള പ്രീ-ഫാബ് കെട്ടിടങ്ങളും ഫണ്ടുപിരിച്ചുണ്ടാക്കിയ കെട്ടിടവുമെല്ലാം കൊണ്ട് തത്ക്കാലം ഒപ്പിച്ചു. പിന്നീട് ചെയ്യുമെന്ന് കരുതി മെഡിക്കൽ കൗൺസിൽ ആദ്യം അംഗീകാരം നൽകി. ചെയ്യുന്നില്ലെന്ന് കണ്ടപ്പോൾ അംഗീകാരം നിഷേധിച്ചു. ഇത് ഞങ്ങളുടെ ഭരണകാലത്തല്ല നടന്നത്. 2015-ൽ പുതിയ കുട്ടികളെ എടുക്കരുതെന്ന് എം.സി.ഐ. കർശനമായി പറഞ്ഞു. ഇടുക്കിയിൽ ഞാനും റോഷി അഗസ്റ്റിൻ എം.എൽ.എ.-യും അവിടത്തെ എം.പി.-യും നാട്ടുകാരുമായി മീറ്റിംഗ് കൂടി മെഡിക്കൽ കോളേജാക്കി മാറ്റാനുള്ള പുതിയ ഫണ്ട് അനുവദിച്ചിട്ടാണ് വർത്തമാനം പറയുന്നത്. അവിടെ എല്ലാ കാര്യങ്ങളും ദ്രുതഗതിയിൽ നടക്കുന്നുണ്ട്. ഞാൻ ഇടുക്കിയിൽ മൂന്നോ നാലോ തവണ പോയി മീറ്റിംഗ് നടത്തി., എം.സി.ഐ.-യിൽ നിന്ന് ഉദ്യോഗസ്ഥർ വരുമ്പോൾ സൂത്രത്തിൽ എങ്ങനെയോ ഒരു അംഗീകാരം കിട്ടുമോയെന്ന് നോക്കുകയല്ല ചെയ്തത്. എന്നെക്കൊണ്ട് അത് പറയിപ്പിക്കരുത്.

ബഹുമാനപ്പെട്ട ഉമ്മർ എം.എൽ.എ.-യുടെ അഭിപ്രായം മാനിച്ച് മഞ്ചേരിയിൽ ഞാനും ആരോഗ്യ വകുപ്പുസെക്രട്ടറിയും പോയി. ഡി.എം.ഇ. നിരവധി തവണ പോയി. ശ്രീ. എം. ഉമ്മർ എം.എൽ.എ.-യുണ്ടായിരുന്നു, ഞങ്ങൾ അവിടെവച്ച് ചർച്ച ചെയ്തു. മഞ്ചേരി മെഡിക്കൽ കോളേജിനെ നല്ല ഒരു മെഡിക്കൽ കോളേജാക്കി മാറ്റുമെന്ന് ഗവൺമെന്റ് ഈ സഭയിൽ ഉറപ്പുപറയുകയാണ്. പക്ഷെ 23 ഏക്കറിൽ ഒരു മെഡിക്കൽ കോളേജാവില്ലെന്ന് എനിക്ക് പറയാതിരിക്കാൻ സാധിക്കില്ലല്ലോ. അത് ഞാൻ ഈ സഭയുടെ മുമ്പാകെ പറഞ്ഞില്ലെങ്കിൽ അത് തെറ്റിദ്ധരിപ്പിക്കലാകില്ലേ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ തീരുമാനപ്രകാരം ഒരു പുതിയ മെഡിക്കൽ കോളേജിന് 25 ഏക്കർ സ്ഥലം മതി. നഗരങ്ങളിൽ പ്രത്യേകിച്ച് മെട്രോപൊളിറ്റൻ സിറ്റികളിൽ 15 ഏക്കർ സ്ഥലം മതി. ജനസാന്ദ്രത കൂടുതലായതുകൊണ്ട് പഴയതുപോലെ 200-300 ഏക്കറൊന്നും കിട്ടില്ല. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പുതിയ stipulation അതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് അറിയാമല്ലോ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. തുടങ്ങുന്ന സമയത്ത് 25 ഏക്കറുണ്ടെങ്കിൽ എം.സി.ഐ. അംഗീകാരം തരും. പക്ഷേ നമുക്ക് ഒരു ധാരണ വേണ്ടേ. 25 ഏക്കറിൽ മെഡിക്കൽ കോളേജ് തുടങ്ങാം, തുടങ്ങിയതിനെ ഞാൻ തെറ്റ് പറയുന്നില്ല. പക്ഷെ ഭാവിയിൽ എന്തൊക്കെ വേണം....., മെഡിക്കൽ കോളേജിനെക്കുറിച്ച് സ്റ്റഡി ക്ലാസൊന്നും ഇവിടെ നടത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എല്ലാം ഒരുമിച്ച് തുടങ്ങാൻ കഴിയില്ലെന്ന് ഒരു ചെറിയ കുട്ടിക്കുപോലുമറിയാം. ഒരു മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാനിനെക്കുറിച്ച് നമുക്ക് ഒരു ഭാവന വേണ്ടേ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം അത് കാണണ്ടേ. മെഡിക്കൽ കോളേജിനെ നല്ല മെഡിക്കൽ കോളേജാക്കുമെന്ന് ഞാൻ പറയുമ്പോൾ നാളെ ഈ മെഡിക്കൽ കോളേജ് എങ്ങനെ വ്യാപിക്കണം; അതിന് എന്തൊക്കെ സൗകര്യങ്ങൾ വേണമെന്നുള്ള ഒരു ഭാവന എന്റെ മനസ്സിലുണ്ടാവണം. ക്വാർട്ടേഴ്സ്, അക്കാദമിക് ബ്ലോക്ക്, ക്ലിനിക്കൽ സൗകര്യങ്ങൾ; എന്തെല്ലാം സൗകര്യങ്ങൾ ആ മെഡിക്കൽ കോളേജിന് വേണം. അതൊക്കെ എവിടെ സ്ഥാപിക്കുമെന്ന് ഭാവനയിൽ കാണാതെ അംഗീകാരം കിട്ടാൻ 20 ഏക്കർ മതിയെന്ന് പറഞ്ഞിട്ട് ആ 20 ഏക്കർ മാത്രമുള്ള സൗകര്യംവച്ച് തുടങ്ങാൻ സാധിക്കുമോ? സ്ഥലം കിട്ടുമോയെന്ന് നമുക്ക് നോക്കാം. അതിനൊന്നും ഈ ഗവൺമെന്റ് എതിരല്ല. താങ്കളുടെ സ്വപ്നങ്ങൾക്കും എതിരല്ല. പക്ഷെ ഞാൻ പറഞ്ഞത് ഇത്രയേയുള്ളൂ. ഈ ഗവൺമെന്റ് വന്നിട്ട് ഒരു കൊല്ലമേ ആയിട്ടുള്ളൂ. കിഫ്ബിയിൽ 146 കോടി രൂപയുടെ പ്രൊപ്പോസലാണ് ഈ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ധാരണയായിട്ടുള്ളത്. അത് പാസ്സായി വരുന്നമുറയ്ക്ക് അതിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളെല്ലാം ആരംഭിക്കാം. 146 കോടി രൂപയുടെ പ്രൊപ്പോസലാണ് ഈ ഗവൺമെന്റ് വന്നപ്പോൾ കൊടുത്തത്. നിങ്ങളുടെ മെഡിക്കൽ കോളേജിനെ പരിഗണിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ മെഡിക്കൽ കോളേജിന് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയത്. ഹൃദയ ചികിത്സയ്ക്കാവശ്യമായ എക്കോ-കാർഡിയോഗ്രാം എന്ന ഉപകരണം വാങ്ങി നൽകി. ആധുനികമായ 8 ലൈബ്രറികൾ ഈ ഗവൺമെന്റ് വന്നപ്പോൾ സ്ഥാപിച്ചില്ലേ.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ലൈബ്രറി പഴയ ഗവൺമെന്റ് അനുവദിച്ചതാണ്. സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പഴയ ഗവൺമെന്റിന്റേതല്ല, നേരത്തെയുള്ളത് തുടരുന്നുണ്ട്. ലൈബ്രറിക്ക് നിങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടാകും, പക്ഷേ പ്രാവർത്തികമാക്കിയത് ഈ ഗവൺമെന്റാണ്. നിങ്ങളുടെ കാലത്ത്

തുടങ്ങിയതൊന്നും ഞാൻ അവകാശപ്പെട്ടിട്ടില്ല. ലൈബ്രറി യാഥാർത്ഥ്യമാക്കിയത് ഈ ഗവൺമെന്റ് വന്നപ്പോഴാണെന്ന് ശ്രീ. എം. ഉമ്മറിന് അറിയാം. ഒരു തെറ്റിദ്ധാരണയുമില്ല, സഭയെ ഒന്നും അങ്ങനെ തെറ്റിദ്ധരിപ്പിച്ചിട്ടുമില്ല. അപ്പോൾ ലൈബ്രറി യാഥാർത്ഥ്യമാക്കിയത് ഈ ഗവൺമെന്റാണ്. അതുപോലെ രോഗ നിർണ്ണയത്തിനാവശ്യമായ 33 ലക്ഷം രൂപയുടെ കളർ ഡോപ്ലർ അനുവദിച്ചു. ഒരു മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം അത് ചെറുതാണ്. അത് താങ്കൾ നിഷേധിക്കുമോ? താങ്കൾ തന്നെ പറഞ്ഞു, രോഗികൾ താഴെ കിടക്കുന്നു, വിദ്യാർത്ഥികൾ മേലെ താമസിക്കുന്നു. ലോകത്തെവിടെയെങ്കിലും ഒരു മെഡിക്കൽ കോളേജിൽ കേൾക്കുന്നതാണോ ഇത്. അത് മാറ്റുന്നതിനാണ് അടിയന്തരമായി ഇപ്പോൾ 146 കോടി രൂപയുടെ പ്രൊപ്പോസൽ വച്ചിട്ടുള്ളത്. നേരത്തെ ഞാൻ പറഞ്ഞതുപോലെ 76 കോടി രൂപയുടെ കിറ്റ്കോയുമായുള്ള കരാറിന് ഒരു ചെറിയ ബുദ്ധിമുട്ടുണ്ടായി. അത് റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ആയിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, കേരളത്തിനുപുറത്തുള്ള ഏജൻസിയാണ് ടെണ്ടർ ചെയ്തത്. കിറ്റ്കോ എസ്റ്റിമേറ്റ് എടുക്കുക മാത്രമാണ് ചെയ്തത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആരോ ആയിക്കോട്ടെ. അതിന്റെ ഏജൻസിയെ പരിശോധിച്ചതും ടെണ്ടർ നടപടികളിലുണ്ടായിട്ടുള്ള പോരായ്മയെക്കുറിച്ച് പറഞ്ഞതും നമ്മൾ ഒരുമിച്ചല്ലേ. ഞാൻ അതിനെ എതിർത്തിട്ടില്ലല്ലോ. ടെണ്ടർ നടപടികളിലെ അപാകതകൾ പരിഹരിച്ച് റീ ടെണ്ടർ ചെയ്യണമെന്ന് പറഞ്ഞാൽ നിഷേധിക്കുന്നുവെന്നാണോ അർത്ഥം. അത് ഞാനും അങ്ങയും വരുത്തിവച്ചതല്ല. മന്ത്രിയും എം.എൽ.എ.-യും ഇടപെട്ട് അത് പരിഹരിച്ച് അടിയന്തരമായി തുടങ്ങുകയല്ലേ വേണ്ടത്. അത് തുടങ്ങാൻ മന്ത്രി എന്നുള്ള നിലയിൽ ഞാൻ കൂട്ടുനിൽക്കുകയല്ലേ. ഞാൻ അത് നിഷേധിക്കുന്നുണ്ടോ. നമുക്കൊരുമിച്ച് അത് അടിയന്തരമായി തുടങ്ങാം. ഇനി കുട്ടികളെ അടിയന്തരമായി മാറ്റിതാമസിപ്പിക്കണം. 146 കോടി രൂപ കൂടി കിട്ടുമ്പോൾ കുറച്ചുകൂടി സൗകര്യമാകും. എന്നാൽ അത് മതിയാകുമോ, ഇല്ല. തസ്തികകളുടെ കണക്ക് ഞാൻ പറഞ്ഞപ്പോൾ, ഇത്രയും തസ്തികകൾ ഒന്നിച്ചുവേണോ എന്ന് ബഹുമാനപ്പെട്ട മുൻമന്ത്രി ചോദിച്ചു. വേണ്ട, തുടങ്ങാനുള്ള തസ്തികകൾ കഷ്ടിച്ചുവേണം. ഫാക്കൽറ്റി കുറവാണെന്ന് കണ്ടിട്ടാണല്ലോ കുട്ടികൾ സമരം ചെയ്യുന്നത്. ഇത്രയും സ്ട്രിക്ടായിട്ടുള്ള ഇൻസ്പെക്ഷനിടയിലും ഫാക്കൽറ്റി അറേഞ്ച് ചെയ്തുകൊടുത്ത് എം.സി.ഐ.-യുടെ അനുവാദം നമ്മൾ വാങ്ങിയില്ലേ. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ഗവൺമെന്റിന്റെയുമെല്ലാം പരിശ്രമഫലമായി 2017-18-ന് എം.സി.ഐ.-യുടെ അംഗീകാരം നമ്മൾ വാങ്ങിയില്ലേ, അതുകൊണ്ട് പേടിക്കാനൊന്നുമില്ല. ഇനിയും ആ കോളേജിനെ ഏറ്റവും നല്ല മെഡിക്കൽ കോളേജാക്കി മാറ്റാൻ സാധിക്കും.

അതിനുള്ള അംഗീകാരം വാങ്ങുന്നതിന് ഈ ഗവൺമെന്റ് പരിശ്രമിക്കും. നമുക്ക് കുറച്ചുകൂടി കാശ് വേണം. ഈ മെഡിക്കൽ കോളേജിന് കുറേക്കൂടി കാശ് തരാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും ചോദിക്കാം. കെട്ടിടങ്ങളുണ്ടാക്കുന്നതിനൊക്കെ നമുക്കൊരുമിച്ച് പരിശ്രമിക്കാം. അവിടെ സമരം ചെയ്യുന്ന കുട്ടികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് മന്ത്രിക്ക് ഉറപ്പ് പറയാവുന്നതാണെന്നാണ് അദ്ദേഹം പറഞ്ഞത്. എനിക്ക് മുഖ്യമന്ത്രിയുടെ ഉറപ്പ് കിട്ടിയാൽ പിന്നെ എന്താണ് വിഷമം? കുട്ടികളെ ഫോൺ മുഖാന്തരം ബന്ധപ്പെട്ടപ്പോൾ ഫാക്കൽറ്റിയുടെ അഭാവമുണ്ടെന്ന് പറഞ്ഞു. സർജറിയിൽ മൂന്ന് ഫാക്കൽറ്റികളുടെ കുറവ് പരിഹരിക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് അടിയന്തരമായി കൊടുക്കുകയാണ് ചെയ്തത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതിയ ആളുകളെ നിശ്ചയിക്കും. മഞ്ചേരി മെഡിക്കൽ കോളേജ് നിലനിൽക്കണം. ഫാക്കൽറ്റിയെ എവിടെനിന്ന് എടുത്തുകൊടുക്കും? അഞ്ച് മെഡിക്കൽ കോളേജ് നിലനിർത്താനുള്ള ഫാക്കൽറ്റി ഇവിടെയില്ല. പുതിയതായി തുടങ്ങിയ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും പെട്ടെന്ന് ഫാക്കൽറ്റിയെ എവിടെനിന്ന് കിട്ടും; പ്രായോഗികത ആലോചിക്കണ്ടേ? അഡ്ജസ്റ്റ്മെന്റും ധാരണയും നടത്തിയിട്ട് തന്നെയാണ് എം.സി.ഐ.-യുടെ അംഗീകാരം എല്ലാ മെഡിക്കൽ കോളേജിലും നിലനിർത്തിയത്. അത് എളുപ്പത്തിൽ അല്ലെന്നുള്ളത് എല്ലാവരും മനസ്സിലാക്കിയാൽ കൊള്ളാം. ഒരു ചെറിയ സംസ്ഥാനത്ത് കുറേ മെഡിക്കൽ കോളേജുകൾ ഒന്നിച്ച് തുടങ്ങണമെന്ന് സ്വപ്നം കണ്ടാലും അതിന്റെ പിന്നിൽ എന്തെല്ലാം വേണമെന്ന് വ്യക്തമായ ധാരണയില്ലെങ്കിൽ വല്ലാതെ ബുദ്ധിമുട്ടും. ആ ബുദ്ധിമുട്ട് അനുഭവിച്ചിട്ടാണ് ഈ ഗവൺമെന്റ് കാര്യങ്ങളെല്ലാം ചെയ്തിട്ടുള്ളത്. അതുകൊണ്ട് 1032 പോസ്റ്റ് മെഡിക്കൽ കോളേജിൽ ക്രിയേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. ഈ ഒരു വർഷം മഞ്ചേരി മെഡിക്കൽ കോളേജിനുവേണ്ടി ഈ ഗവൺമെന്റ് വെറുതേ ഇരിക്കുകയല്ല ചെയ്തത്. പ്രൊപ്പോസൽ അയച്ചുകഴിഞ്ഞു. ധനകാര്യ വകുപ്പിന്റെ സാധ്യതവച്ച് കുറേ അംഗീകരിച്ച് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. മുഴുവനായി അംഗീകരിച്ച് കിട്ടുമോ എന്ന് എനിക്കറിയില്ല, അത് കിട്ടിയാലേ പറയാൻ പറ്റൂ. കെട്ടിടത്തിനും ഫാക്കൽറ്റിയെ നിയമിക്കുന്നതിനുമുള്ള ഫണ്ട് തുടങ്ങിയ വിഷയങ്ങളിൽ നിരന്തരമായി സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. നേരത്തെ പറഞ്ഞ സർജറി വിഭാഗത്തിനുപുറമേ മെഡിസിൻ വിഭാഗത്തിലും ഒരു ഫാക്കൽറ്റിയെ നിയമിക്കുന്നുണ്ട്. അതുപോലെ ഗൈനക്കോളജി വിഭാഗത്തിലും ഡെപ്യൂട്ടേഷനിൽ ഒരാളെ നിശ്ചയിക്കാൻ ആലോചിച്ചിട്ടുണ്ട്. നമുക്ക് ഒരുമിച്ചിരുന്ന് ചർച്ച് ചെയ്ത് എല്ലാ കാര്യങ്ങളും തീരുമാനിക്കാം. നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്നും സമരം നിർത്തിവയ്ക്കണമെന്നുമാണ് കുട്ടികളോട് ഫോൺ മുഖാന്തരം ആവശ്യപ്പെട്ടത്. ഇപ്പോൾ സർജറി വിഭാഗത്തിൽ ഫാക്കൽറ്റിയെ

നിശ്ചയിച്ചമുറയ്ക്ക് ബാക്കി പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. ആറ് മാസത്തിനകം ഫാക്കൽറ്റിയെ നിയമിക്കണം, ഹോസ്പിറ്റൽ കെട്ടിടത്തിന്റെ പണി ഉടനെ ആരംഭിക്കണം, മറ്റ് പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണം, ഇതിന് തയ്യാറായാൽ സമരം നിർത്തിവയ്ക്കാമെന്നാണ് കുട്ടികൾ പറഞ്ഞത്. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അവരോട് സമരം നിർത്തിവയ്ക്കാൻ നിശ്ചയമായും പറയാം. അവർ വരട്ടെ, നമുക്ക് ഒരുമിച്ചിരുന്ന് സംസാരിക്കാം. മഞ്ചേരി മെഡിക്കൽ കോളേജിന്റെ എല്ലാ പോരായ്മകളും പരിഹരിച്ചുകൊണ്ട് ഗവൺമെന്റിന്റെ പ്രയാസങ്ങൾക്കിടയിൽ ആയാലും അതിനെ നല്ലൊരു മെഡിക്കൽ കോളേജാക്കി മാറ്റും.

ഒരു കാര്യംകൂടി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധിക്കേണ്ടതുണ്ട്. ജനറൽ ഹോസ്പിറ്റലിനെയാണ് അവിടെ മെഡിക്കൽ കോളേജ് ഹോസ്പിറ്റലാക്കി മാറ്റിയത്. അതുകൊണ്ട് അവിടെ ഇപ്പോൾ ദ്വിഭരണം നടക്കുകയാണ്. ഹെൽത്ത് സർവ്വീസസിന്റെ ഭാഗമായി കുറച്ച് സ്റ്റാഫും മെഡിക്കൽ എഡ്യുക്കേഷന്റെ ഭാഗമായി കുറച്ച് സ്റ്റാഫുമാണുള്ളത്. ഇതുണ്ടാക്കുന്ന പ്രയാസം ചെറുതല്ല, ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ലാത്തതാണ്. പക്ഷെ, അതിനെ എങ്ങനെയാണ് മാറ്റുന്നത്? മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ മെഡിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിന്റെ കീഴിലായിരിക്കണം. ജനറൽ ഹോസ്പിറ്റലിലെ സ്റ്റാഫിനെയും അവിടെ വരുന്ന രോഗികളെയും എന്ത് ചെയ്യും? അതിന് പകരം സംവിധാനം കണ്ടേ മതിയാകുകയുള്ളൂ. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. നമുക്ക് ചർച്ചചെയ്ത് ആ സംവിധാനവും ബുദ്ധിമുട്ടും പരിഹരിക്കാം. സ്വാഭാവികമായും ചെറിയ കുട്ടികളോട് കാണിക്കുന്ന പരിഗണനയുണ്ടല്ലോ; പ്രായപൂർത്തിയായിക്കഴിഞ്ഞാൽ സ്വമേധയാ കൈകാര്യം ചെയ്തുകൊള്ളും. മഞ്ചേരി മെഡിക്കൽ കോളേജ് നമ്മുടെ മുന്നിൽ ഒരു ശിശുവാണ്. അതുകൊണ്ട് ആ ശിശുവിനോട് കാണിക്കുന്ന പരിഗണന, സ്വാഭാവികമായും മഞ്ചേരി മെഡിക്കൽ കോളേജിനോട് കാണിക്കും. അതിനെ നല്ലൊരു മെഡിക്കൽ കോളേജായി മലപ്പുറം ജില്ലയിലെ പാവപ്പെട്ട ജനങ്ങൾക്ക് സമ്മാനിക്കുന്നതിന് ഈ ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00 am]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, A journey of thousand miles begins with a single step. ആയിരം മൈൽ യാത്രയുടെ തുടക്കം ആദ്യ ചുവടിൽനിന്നാണെന്ന് ചൈനീസ് ചിന്തകനായ Lao Tzu പറഞ്ഞിട്ടുണ്ട്. ഇന്ന് ഇന്ത്യയിൽ ആറ് ലക്ഷം ഡോക്ടർമാരെയാണാവശ്യം. മെഡിക്കൽ കോളേജുകൾ കൂടുതൽ ആവശ്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള എല്ലാ മെഡിക്കൽ കോളേജുകളും എളിയ നിലയിലാണ് ആരംഭിച്ചിട്ടുള്ളത്. ആലപ്പുഴ മെഡിക്കൽ കോളേജ് കൊട്ടാരം ആശുപത്രിയായിരുന്നു. അവിടെ യാതൊരു സൗകര്യവുമില്ലാത്ത കാലത്താണ് തിരുമല ദേവസ്വത്തിന്റെ കയ്യിൽനിന്ന് ഗവൺമെന്റ് ആ മെഡിക്കൽ കോളേജ് ഏറ്റെടുത്തത്. പിന്നീടാണ് അത് വണ്ടാനത്തേയ്ക്ക് വലിയ സൗകര്യങ്ങളോടുകൂടി മാറ്റിയത്. എല്ലാ മെഡിക്കൽ കോളേജുകളുടെയും സ്ഥിതി അതുതന്നെയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഭാവനാപൂർണ്ണമായി അഞ്ച് മെഡിക്കൽ കോളേജുകളാരംഭിക്കാൻ തീരുമാനിച്ചു. അതിനായി 1440 പോസ്റ്റുകളാണ് അന്ന് അനുവദിച്ചത്. അഞ്ച് മെഡിക്കൽ കോളേജുകളാരംഭിക്കാൻ തീരുമാനിച്ചത്, നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസത്തെയും ആരോഗ്യ സംരക്ഷണത്തെയും കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടിയായിരുന്നു. ഇടുക്കിയിലെ മെഡിക്കൽ കോളേജ്, അവിടത്തെ ജനങ്ങളുടെ പിന്നോക്കാവസ്ഥ, ആരോഗ്യസംരക്ഷണത്തിന് ആവശ്യമുള്ളതല്ലേ? മലപ്പുറം ജില്ല രൂപീകരിച്ചനാൾ മുതൽ മഞ്ചേരിയിൽ മെഡിക്കൽ കോളേജ് വേണമെന്ന ആവശ്യമുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജ് വേണമെന്ന ആവശ്യം ജില്ലയുടെ രൂപീകരണകാലം മുതൽ ആരംഭിച്ചതാണ്. പത്തനംതിട്ട ജില്ലയുടെ രൂപീകരണകാലം മുതൽ അവിടെ ഒരു മെഡിക്കൽ കോളേജ് വേണമെന്ന ആവശ്യം ആരംഭിച്ചതാണ്. ഞാൻ ഒരു അബദ്ധം ചെയ്തു, എന്റെ മണ്ഡലത്തിൽ ഒരു മെഡിക്കൽ കോളേജ് കൊണ്ടുവരാൻ നോക്കി, അതിനുള്ള എല്ലാ നടപടികളുമായി മുന്നോട്ടുപോയി. അതിന് ഞാൻ കേൾക്കേണ്ടിവന്ന പാപം എന്തെല്ലാമാണ്. ഈ ഗവൺമെന്റ് ഏതായാലും അതൊന്നും തുടങ്ങിയിട്ടില്ല. ഭാവിയിൽ യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ ഹരിപ്പാട് പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുമെന്ന് തന്നെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഞാൻ ഒരു ഡിമാന്റും വയ്ക്കുന്നില്ല. ഇവിടെ മെഡിക്കൽ കോളേജുകളുടെ കഴുത്തുഞെരിച്ച് കൊല്ലുന്ന നടപടിയാണ് സ്വീകരിക്കുന്നത്. ഞാൻ നിരവധി കത്തുകൾ മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും കൊടുത്തെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഞാൻ പിന്നെ മിണ്ടിയിട്ടുമില്ല. നാട്ടിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ആരോപണംകേട്ട ആളാണ് ഞാൻ. അതിൽ എനിക്ക് ഒരു പരാതിയുമില്ല.

മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ 200 ഏക്കർ വേണമെന്നാണ് ബഹുമാന്യനായ മന്ത്രി പറഞ്ഞത്. ശ്രീ. എ. കെ. ബാലൻ, പഴയ ഡി.എച്ച്.എസ്.-നോട് ചോദിച്ചുനോക്കൂ..... ഇനിയൊരിടത്തും മെഡിക്കൽ കോളേജ് തുടങ്ങാൻ 25 ഏക്കറിൽ കൂടുതൽ സ്ഥലം വേണ്ട. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഹോസ്റ്റലിന് 11 നിലയാണ്. ഇനിയുള്ള കാലത്ത്, കേരളം പോലെ ഇത്രയും വലിയ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് 200 ഏക്കർ സ്ഥലം എവിടെ കിട്ടും?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 25 ഏക്കർ സ്ഥലം മതിയെന്ന് വിചാരിക്കുക. ആദ്യ വർഷം എം.ബി.ബി.എസ്. കോഴ്സ് തുടങ്ങാൻ പാരലൽ കോളേജ് സംവിധാനവും മതിയാകും. കാരണം, ആദ്യവർഷം, അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി തുടങ്ങിയ വിഷയങ്ങൾ മാത്രമേ പഠിപ്പിക്കുന്നുള്ളൂ, അതുകൊണ്ട് തുടങ്ങാൻ ഒരു പ്രശ്നവുമില്ല. രണ്ടാം വർഷം ക്ലിനിക്കൽ ഡിപ്പാർട്ട്മെന്റ് വരുമ്പോൾ മെഡിസിൻ, സർജറി, ഗൈനക്കോളജി തുടങ്ങിയവയ്ക്കുള്ള എല്ലാ സൗകര്യങ്ങളും വേണം. അതേസമയം പാത്തോളജിയും മൈക്രോ ബയോളജിയും കമ്മ്യൂണിറ്റി മെഡിസിനും ഉണ്ടാകും. രണ്ടാം വർഷം, കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യം വേണം, റെസിഡന്റ് ട്യൂട്ടർ വേണം, മെഡിക്കൽ കോളേജ് നോംസ് അനുസരിക്കണം, ഡിപ്പാർട്ട്മെന്റ് പ്രൊഫസർ, അസോഷ്യേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെ എല്ലാവരും വേണം. ഇതൊക്കെ നമ്മൾ ഉണ്ടാക്കിക്കൊടുക്കണ്ടേ. ആദ്യ വർഷം തന്നെ രണ്ടാമത്തെ വർഷത്തെക്കുറിച്ച് ചിന്തിക്കണ്ടേ; ഈ സംവിധാനങ്ങൾ എന്തെങ്കിലും തയ്യാറാക്കിയിട്ടാണോ താലൂക്കാശുപത്രികളെയും പ്രൈമറി ഹെൽത്ത് സെന്ററുകളെയും മെഡിക്കൽ കോളേജാക്കിയത്. ഇതിന്റെ ഫലമല്ലേ ഇന്ന് നമ്മൾ അനുഭവിക്കുന്നത്. ഇടുക്കി മെഡിക്കൽ കോളേജിന് എം.സി.ഐ.-യുടെ അംഗീകാരം കിട്ടാതിരുന്നതിനുള്ള കാരണം ഈ ഗവൺമെന്റായിരുന്നോ? ബഹുമാനപ്പെട്ട അങ്ങേയ്ക്ക് ഇക്കാര്യങ്ങളൊക്കെ അറിയാവുന്നതല്ലേ? ദീർഘവീക്ഷണമില്ലാത്തതിന്റെ ഭാഗമായി നമ്മൾ സഹിക്കേണ്ടി വന്ന വിഷമങ്ങളല്ലേ; അതിന് ഈ ഗവൺമെന്റാണോ കുറ്റക്കാർ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഇതെല്ലാം പരിഗണിക്കും ഒരു രൂപത്തിലുമുള്ള ആശങ്കയും വേണ്ടെന്നാണ്. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അങ്ങ് വാക്കൗട്ടെങ്കിലും ഒഴിവാക്കണമെന്ന് മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏതായാലും ശ്രീമതി ജമീല, പഴയ ഡി.എച്ച്.എസ്. ഇക്കാര്യങ്ങളൊക്കെ അങ്ങയെ വളരെ വിശദമായി മനസ്സിലാക്കി

പഠിപ്പിച്ചിട്ടുണ്ടെന്നുള്ള കാര്യം പിടികിട്ടി. ഏതായാലും 'ആർദ്രം' പദ്ധതിയിലിട്ട് ആ പാവത്തിനെ ബുദ്ധിമുട്ടിക്കേണ്ട ആവശ്യമില്ലായിരുന്നു. നല്ല ഒരു സ്ഥലത്ത് കൊടുക്കാമെന്ന് ഞങ്ങൾ പറഞ്ഞതല്ലേ? ആർദ്രം പോലെ നടക്കാത്ത പദ്ധതിയിൽ ആ പാവത്തിനെ എന്തിനാണ് വലയ്ക്കുന്നത്?

ഇവിടെ ബഹുമാന്യനായ മന്ത്രി എ. കെ. ബാലൻ പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ അതിനാവശ്യമായ പ്രാഥമികകാര്യങ്ങൾ ചെയ്തിട്ട് തന്നെയാണ് തുടങ്ങിയത്. എല്ലാം full-fledged ആയെന്നൊന്നും ഞങ്ങൾ പറഞ്ഞില്ല, അതിന് സാധ്യവുമല്ല. കാലാന്തരത്തിൽ ഒരു full-fledged മെഡിക്കൽ കോളേജായി പുരോഗമിച്ചുവരേണ്ടത് നമ്മുടെ നാടിന് ആവശ്യമായ കാര്യമാണ്. അതുകൊണ്ട് മെഡിക്കൽ കോളേജ് തുടങ്ങുന്നില്ലെന്ന് പറയാൻ കഴിയുമോ? കേരളത്തിൽ സമ്പൂർണ്ണമായ ആരോഗ്യ പരിപാലനം യാഥാർത്ഥ്യമാക്കാൻ വേണ്ടിയായിരുന്നു ഇത്തരം മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാനായി ഞങ്ങൾ മുന്നോട്ട്വന്നത്. ഇന്ന് ഇത്രയും മെഡിക്കൽ കോളേജ് ഉണ്ടായിട്ടും സ്ഥിതി എന്താണ്? ബഹുമാന്യനായ മന്ത്രി ഇന്നലെ ജനറൽ ആശുപത്രിയിൽ പോയപ്പോൾ കണ്ട കാര്യങ്ങളൊക്കെ പത്രത്തിൽ വന്നതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. നമ്മുടെ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നടക്കുന്ന പ്രവർത്തനങ്ങളുടെ നേർചിത്രമാണ് ഇന്നലെ കണ്ടത്. തിരുവനന്തപുരത്ത് ഡെങ്കിപ്പനിമൂലം ആയിരക്കണക്കിനാളുകൾ ഇന്ന് ആശുപത്രിയിലാണ്. ഡെങ്കിപ്പനി ബാധിച്ച ആളുകൾക്ക് നല്ല ചികിത്സ കിട്ടുന്നില്ല. കഴിഞ്ഞ ദിവസത്തെ അടിയന്തര പ്രമേയത്തിൽ ഞങ്ങൾ സൂചിപ്പിച്ചതുപോലെ, മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടന്നില്ല. ഉള്ള ആളുകളെ പിരിച്ചുവിട്ടു. തിരുവനന്തപുരം സിറ്റി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ആയിരക്കണക്കിന് ആളുകളാണ് ഇന്ന് ആശുപത്രിയിൽ അഭയം തേടിയിട്ടുള്ളത്. ഇതൊക്കെ ഗവൺമെന്റിന്റെ പിടിപ്പുകേടും അനാസ്ഥയുമല്ലേ? ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രി കണ്ടതുതന്നെ ഗവൺമെന്റിന്റെ പിടിപ്പുകേടാണ്. മന്ത്രി ക്ഷോഭിച്ചുവെന്ന് പത്രത്തിൽ കണ്ടു. ആരോഗ്യ രംഗത്തെ കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയുമാണ് ഇത്തരം പ്രശ്നങ്ങളിലേയ്ക്ക് എത്തിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. ആരോഗ്യ രംഗത്ത് ഈ ജില്ല വളരെ പിന്നാക്കമാണ്. അതുകൊണ്ടാണ് അവിടെ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുവന്നത്. ആ മെഡിക്കൽ കോളേജിന് പരിമിതികളുണ്ട്. എല്ലാം പൂർത്തിയാക്കിയതിനു ശേഷമല്ല തുടങ്ങിയത്. ആ മെഡിക്കൽ കോളേജിന് കൂടുതൽ സൗകര്യങ്ങളെത്തിക്കാൻ പിന്നീട് വരുന്ന ഗവൺമെന്റുകൾക്ക് ഉത്തരവാദിത്വമുണ്ട്. ബഹുമാന്യനായ മുൻ ആരോഗ്യവകുപ്പുമന്ത്രി

അതിന്റെ വിശദാംശങ്ങൾ ഇവിടെ പറഞ്ഞു. ആദ്യം 37 കോടി രൂപ അനുവദിച്ചു. ആദ്യ ഫേയ്സായി 109 പോസ്റ്റുകൾ അനുവദിച്ചു. 149 പോസ്റ്റുകൾ പിന്നീട് ക്രിയേറ്റ് ചെയ്തു. ഇടുക്കി, തിരുവനന്തപുരം, പാരിപ്പിള്ളി മെഡിക്കൽ കോളേജുകളൊക്കെ യാഥാർത്ഥ്യമാക്കണമെന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമാണ്. വിശാലമായ താല്പര്യത്തോടെ നമ്മൾ ഇതിനെ കാണണം. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നൽകിയ ഉറപ്പിനെ ഞങ്ങൾ മാനിക്കുന്നു. അവിടെ സമരം ചെയ്യുന്ന വിദ്യാർത്ഥികളുണ്ട്. ആ വിദ്യാർത്ഥികളുടെ സമരം അവസാനിപ്പിക്കണം. എത്രയുംപെട്ടെന്ന് ഈ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനും ഇതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാനും നടപടിയുണ്ടാകണം. ശ്രീ. എം. ഉമ്മറിന് ഇനിയും മഞ്ചേരി മെഡിക്കൽ കോളേജിനെപ്പറ്റി ഒരു അടിയന്തരപ്രമേയമോ ശ്രദ്ധക്ഷണിക്കലോ സബ്മിഷനോ കൊണ്ടുവരാനുള്ള അവസരം ഉണ്ടാകാതിരിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അത് എത്രയും പെട്ടെന്ന് പാലിക്കുമെന്നുള്ള ധാരണയിൽ ഞങ്ങൾ വാക്കൗട്ട് ഉപേക്ഷിക്കുകയാണ്.

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡ്/പൊതുനിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. കൃഷ്ണൻ: സർ, നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവുംമൂലം റോഡ് ഉൾപ്പെടെയുള്ള പൊതുനിർമ്മാണ മേഖലകൾ വലിയ പ്രതിസന്ധിയിലാണ്. മൂവായിരത്തിൽപ്പരം ചെറുകിട കരിങ്കൽ ക്വാറികൾ അടഞ്ഞുകിടക്കുകയാണ്. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ഉൾപ്പെടെയുള്ള വടക്കൻ ജില്ലകളിലാണ് ചെങ്കൽ മുറിക്കുന്ന പണകളുള്ളത്. അവിടെയും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായി ചെങ്കൽ മുറിച്ചെടുക്കുന്നതും തടസ്സപ്പെട്ടിരിക്കുകയാണ്. മണൽക്ഷാമം അതിരൂക്ഷമാണ്. നദികളിൽനിന്നും ഡാമുകളിൽനിന്നും എടുക്കുന്ന മണലാണ് ഇവിടെ ലഭിച്ചു കൊണ്ടിരുന്നത്. നദികളിലെ മണലിന്റെ അളവ് പരിശോധിച്ച് (സാന്റ് ഓഡിറ്റ് നടത്തി) അവിടെനിന്നും എടുക്കാവുന്ന മണലിന്റെ അളവ് കണക്കാക്കി മണലെടുക്കാനുള്ള ലൈസൻസ് കൊടുക്കുന്ന നടപടിയാണ് നിലവിലുള്ളത്. പലയിടത്തും കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിൽ നിർത്തിവച്ച മണലെടുപ്പ് ഒരു വർഷമാകാറായിട്ടും അത് പരിശോധിച്ച് മണലെടുക്കാനുള്ള അനുവാദം കൊടുത്തിട്ടില്ല. ഇതിന്റെ ഫലമായി റോഡ്, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മേഖലകളും വലിയ സ്തംഭനാവസ്ഥയിലാണ്. സാധനങ്ങൾ കിട്ടാനില്ല,

കിട്ടുന്നതിനാണെങ്കിൽ വലിയ വില കൊടുക്കേണ്ടിവരുന്നതിനാൽ കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. കാലവർഷം വരാൻപോകുകയാണ്. പലയിടത്തും റോഡ് നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. ചോദിക്കുമ്പോൾ പറയുന്നത്, മെറ്റീരിയൽസ് കിട്ടുന്നില്ലെന്നാണ്. ചെറുകിട കരാറുകാർ ടെണ്ടർ എടുക്കാൻ തയ്യാറാകാത്തതിനാൽ സർക്കാർ അംഗീകരിക്കുന്ന പദ്ധതികൾപോലും നടപ്പിലാക്കാൻ സാധിക്കാത്ത നിലയാണുള്ളത്. റോഡുകളുടെയും കെട്ടിടങ്ങളുടെയും പണികൾ സമയബന്ധിതമായി നടക്കണമെങ്കിൽ ആവശ്യമായ നിർമ്മാണ വസ്തുക്കൾ ലഭിക്കണം. ചില നിയന്ത്രണത്തിന്റെ ഫലമായി ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മണലോ അതുപോലെയുള്ള വസ്തുക്കളോ ഇവിടെ എത്തിക്കാൻ സാധിക്കുന്നില്ല. ഇതിന്റെയെല്ലാം ഫലമായി പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ലോറി, മിനി ലോറി ഉൾപ്പെടെയുള്ള ഗതാഗത മേഖലയിൽ പണിയെടുക്കുന്നവർ, ചുമട്ടുതൊഴിലാളികൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ എന്നിവരുടെ സാമൂഹ്യ ജീവിതംതന്നെ വലിയ സ്തംഭനാവസ്ഥയിലാണ്. കടകളിൽ കച്ചവടം നടക്കുന്നില്ല. ആയിരക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുന്ന മേഖലകളിൽ അവർക്ക് തൊഴിലില്ല; വരുമാനമില്ല. വലിയതോതിലുള്ള തൊഴിൽ സ്തംഭനം ഒരു ഭാഗത്ത് നടക്കുന്നു. മറുഭാഗത്ത് നിർമ്മാണ മേഖല സ്തംഭിക്കുന്നതിന് ഇടയാക്കുന്നു. സർക്കാർ ചില നടപടികളൊക്കെ സ്വീകരിക്കുമെന്ന് നേരത്തെ വ്യക്തമാക്കിയതാണ്. പക്ഷേ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ ഇപ്പോഴും ഉണ്ടായിട്ടില്ല. ചെങ്കൽ, കരിങ്കൽ, മണൽ ഇവയൊക്കെ കിട്ടുന്നില്ലെങ്കിൽ സർക്കാർ വിഭാവന ചെയ്യുന്ന ലൈഫ് പോലെയുള്ള ഭവനനിർമ്മാണ പദ്ധതിയടക്കം തുടങ്ങാൻ സാധിക്കില്ല. സാമൂഹ്യ ജീവിതത്തേയും വികസനത്തേയും ബാധിക്കുന്ന ഗൗരവമായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ച വളരെ പ്രധാനപ്പെട്ട വിഷയങ്ങളായ നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ, തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടൽ, നിർമ്മാണ പ്രവർത്തന സ്തംഭനം ഇവയൊക്കെ

പരിപൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. ഏതാണ്ട് മൂവായിരത്തോളം ക്വാറികൾ അടച്ചിട്ടിട്ടുണ്ട്. ചെങ്കല്ല് മുറിച്ചെടുക്കുന്നതിനുള്ള പ്രശ്നങ്ങൾ, മണൽക്ഷാമം, വയലിൽനിന്ന് മണ്ണെടുക്കാൻ സാധിക്കാത്തതിന്റെ ഭാഗമായി ഇഷ്ടിക തൊഴിലാളികളുടെ പ്രശ്നങ്ങൾ ഇതൊക്കെ ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന്റെ ഭാഗമായി ഇവിടെ വന്നിട്ടുണ്ട്. ഇത് വളരെ ഗൗരവത്തിലാണ് ഗവൺമെന്റ് പരിശോധിക്കുന്നത്.

പാരിസ്ഥിതികാഘാത നിർണ്ണയ വിജ്ഞാപനത്തിൽ 2014-ൽ വന്ന ഭേദഗതിയനുസരിച്ച് അഞ്ച് ഹെക്ടറിൽത്താഴെ വിസ്തീർണ്ണം വരുന്ന ഭൂമിയിൽനിന്ന് ധാതുക്കൾ ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും നിർബന്ധമാണ്. അതോടൊപ്പം 2016-ലെ സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം വ്യക്തമായ മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും ഇല്ലാതെ ഖനനാനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇക്കാരണത്താൽ അതുവരെ പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സ്ഥിതിവിശേഷമുണ്ടായി. ക്വാറികളുടെ പ്രവർത്തനം നിർത്തിയതോടെ നിർമ്മാണ വസ്തുക്കളുടെ വില വർദ്ധിച്ചു. അഞ്ച് ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണം വരുന്ന സ്ഥലത്തുനിന്നും ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി നൽകുന്നത് സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയും (S.E.I.A.A.) അഞ്ച് ഹെക്ടറിൽ താഴെയുള്ളതിന് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുമാണ്. ഖനന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും മറ്റ് ബന്ധപ്പെട്ടവരും അടങ്ങിയ യോഗങ്ങൾ വിവിധ ഘട്ടങ്ങളിൽ വിളിച്ചുചേർത്തിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകളിന്മേൽ നിശ്ചിത സമയപരിധിയായ 60 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും അല്ലാത്തപക്ഷം അപേക്ഷകന് അനുമതി ലഭ്യമായതായി കണക്കാക്കുമെന്നും S.E.I.A.A.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ഖനനാനുമതി നൽകുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപടിയെടുക്കും. ക്വാറികളുടെ പ്രവർത്തനം നിർത്തിവച്ച സാഹചര്യത്തിൽ മെറ്റലിനും എം-സാന്റിനും വില വർദ്ധിച്ചിട്ടുണ്ട്. സിമന്റ് വില വർദ്ധന നിയന്ത്രിക്കുന്നതിന് സിമന്റ് ഉല്പാദകരുടേയും ഡീലർമാരുടേയും ഒരു യോഗം വ്യവസായ വകുപ്പുമന്ത്രി വിളിച്ചുചേർത്തിരുന്നു. ഡാമുകളിൽനിന്ന് അനുവദനീയമായ രീതിയിൽ നീക്കംചെയ്യാവുന്ന മണൽ സംഭരിച്ച് വിതരണം ചെയ്യുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. ക്വാറികൾ പ്രവർത്തിച്ച് തുടങ്ങുന്നതോടെ നിർമ്മാണ മേഖലയിലെ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. കൃഷ്ണൻ: സർ, രൂക്ഷമായ മണൽക്ഷാമം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്ന് മണൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്ന രീതി ഇപ്പോൾ നിലനില്ക്കുന്നുണ്ട്. അത് പെർമിറ്റ് ഇല്ലാത്തതുകൊണ്ടാണെന്നാണ് പറയുന്നത്. പലപ്പോഴും പെർമിറ്റ് ഉണ്ടെങ്കിൽപ്പോലും തടയുന്ന ഒരവസ്ഥയുണ്ട്. ആയതിനാൽ ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇങ്ങോട്ടുകൊണ്ടുവരുന്ന മണലും മറ്റു നിർമ്മാണവസ്തുക്കളും ഇവിടെ എത്തിക്കുന്നതിനുവേണ്ടി അതിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ അയവ് വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അനധികൃതമായി വരുന്ന മണലിന് പെർമിറ്റ് കൊടുക്കാൻ നിയമപരമായി കഴിയില്ല. എന്നാൽ പെർമിറ്റുള്ള വാഹനങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. ഇപ്പോൾ പെർമിറ്റുള്ളത് ചില സ്ഥലത്ത് പിടിക്കുന്നുണ്ട്. കർശനമായി നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് കൊടുക്കും. പെർമിറ്റുള്ളതിന് ഒരു രൂപത്തിലുമുള്ള തടസ്സമുണ്ടാക്കാൻ പാടില്ലെന്ന നിർദ്ദേശം ഇതിന്റെ ഭാഗമായി കൊടുക്കുന്നതായിരിക്കും.

(2) സൈബർ സുരക്ഷാ സംവിധാനം

ശ്രീ. പി. ഉബൈദുള്ള: സർ, വാണാക്രൈ വൈറസ് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സൈബർ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തേണ്ട ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. ലോകഗതിയെത്തന്നെ നിയന്ത്രിച്ചു പോരുന്ന കമ്പ്യൂട്ടർ സംവിധാനങ്ങൾ കുറ്റമറ്റതാണെന്നായിരുന്നു നമ്മുടെ വിശ്വാസം. 150-ലേറെ രാജ്യങ്ങളിലെ കമ്പ്യൂട്ടർശൃംഖലകൾ താറുമാറാക്കിയ വാണാക്രൈ സൈബർ ആക്രമണത്തോടെ കമ്പ്യൂട്ടറുകളിലെ വിശ്വാസവും ജനങ്ങൾക്ക് നഷ്ടപ്പെടുകയാണ്. കമ്പ്യൂട്ടറുകളുടെ പ്രവർത്തനം നിയന്ത്രണത്തിലാക്കി ഫയലുകൾ തിരിച്ചുനൽകാൻ മോചനദ്രവ്യം ആവശ്യപ്പെടുന്ന റാൻസംവെയർ സൈബർ ആക്രമണത്തിന്റെ നടുക്കത്തിലും തുടർ ആഘാതത്തിലുമാണ് നമ്മുടെ ലോകം. ആശുപത്രികൾ, ബാങ്കുകൾ, വിമാനത്താവളങ്ങൾ, ഓഹരി വിപണി, ടെലികോം മേഖലകൾ എന്നിവ ലക്ഷ്യമിട്ടാണ് ആക്രമണം ആസൂത്രണം ചെയ്തതെന്നാണ് വ്യക്തമാകുന്നത്. കമ്പ്യൂട്ടറിന്റെ ഉടമസ്ഥാവകാശം തട്ടിയെടുത്ത് നിശ്ചിത സമയത്തിനകം ആവശ്യപ്പെടുന്ന തുക നൽകിയില്ലെങ്കിൽ കമ്പ്യൂട്ടറിലെ മുഴുവൻ വിവരങ്ങളും മായ്ച്ചുകളയുമെന്ന ഭീഷണിയാണ് ഉയർത്തിക്കൊണ്ടിരിക്കുന്നത്. വാണാക്രൈ ആക്രമണം നമ്മുടെ രാജ്യത്തെ സാരമായി ബാധിച്ചിട്ടില്ലെങ്കിലും

സ്ഥിതി അതീവഗുരുതരമാണെന്നാണ് കേന്ദ്രസർക്കാരിന്റെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (CERT) കഴിഞ്ഞ ദിവസം വിലയിരുത്തിയത്. ആഗോളവ്യാപകമായി കമ്പ്യൂട്ടർ ശൃംഖലകളെ പ്രതികൂലമായി ബാധിച്ച സൈബർ ആക്രമണം ചെറിയ തോതിലാണെങ്കിലും നമ്മുടെ സംസ്ഥാനത്തെയും ബാധിച്ചിരിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, വയനാട്, പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ പഞ്ചായത്താഫീസുകളാണ് സൈബർ അക്രമികൾ ലക്ഷ്യമിട്ടതെങ്കിലും പാലക്കാട് സതേൺ റെയിൽവേ ഡിവിഷൻ ഓഫീസിലെ 23 കമ്പ്യൂട്ടറുകളിൽ കഴിഞ്ഞ ദിവസം ആക്രമണമുണ്ടായി. ഓരോ ദിവസവും പുതിയ റിപ്പോർട്ടുകളാണ് ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ നമ്മുടെ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും ജാഗ്രത പുലർത്താനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്. ഏതാനും ജില്ലകളിലെ ചുരുക്കംചില പഞ്ചായത്തുകളൊഴികെ സംസ്ഥാന സർക്കാരിന്റെ ഒരു വകുപ്പിനെയും സൈബർ ആക്രമണം ബാധിച്ചിട്ടില്ലെന്ന് നമുക്ക് ഇപ്പോൾ സമാധാനിക്കാമെങ്കിൽപ്പോലും ഇത്തരം സാഹചര്യങ്ങളെ എങ്ങനെ നേരിടണമെന്ന് അറിയാതെ സംസ്ഥാന ഐ. ടി. മിഷനും സൈബർ ഡോം പോലീസ് വിഭാഗവും ഇരുട്ടിൽ തപ്പുകയാണ്.

കേരളത്തിൽ ആദ്യമായി റാൻസംവെയർ ആക്രമണം റിപ്പോർട്ട് ചെയ്തത് കഴിഞ്ഞവർഷമാണ്. സംസ്ഥാന വനം വകുപ്പ് ആസ്ഥാനത്തെ 20-ഓളം കമ്പ്യൂട്ടറുകളിലായിരുന്നു ആക്രമണം ആദ്യമായി നടന്നത്. സാമ്പത്തിക ഇടപാടുകളിലെ വിവരങ്ങളിൽ അടങ്ങിയിരുന്ന കമ്പ്യൂട്ടറുകളിലാണ് ആർ.എസ്.എ. -4096 എന്ന വൈറസ് ബാധിച്ചത്. തുടർന്ന് കമ്പ്യൂട്ടറുകളിലെ വിവരങ്ങൾ മായ്ച്ചുകളയേണ്ടി വന്നു. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലെ സുരക്ഷാ പിഴവുകളാണ് അക്രമികൾ മുതലെടുത്തത്. എല്ലാ സർക്കാർ ഓഫീസുകളും ലൈസൻസുള്ള സോഫ്റ്റ്‌വെയർ മാത്രമേ ഉപയോഗിക്കാവൂ എന്ന് ഒരു വർഷംമുമ്പ് സംസ്ഥാന ഐ. ടി. വകുപ്പ് സെക്രട്ടറി നൽകിയ നിർദ്ദേശം ഇനിയും പല വകുപ്പുകളും ഗൗരവത്തിലെടുത്തിട്ടില്ല. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം അംഗീകൃതമായി ഉപയോഗിക്കുന്നവർക്ക് കഴിഞ്ഞ മാർച്ചിൽത്തന്നെ മൈക്രോസോഫ്റ്റ് മുന്നറിയിപ്പുനൽകിയിരുന്നു. എന്നാൽ പലരും അപ്ഡേറ്റ് ചെയ്തിട്ടില്ല. ഇതിനെക്കുറിച്ച് ശക്തമായ ബോധവൽക്കരണം ഇതുവരെയും നടന്നിട്ടുമില്ല. സൈബർ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കമ്പ്യൂട്ടർ ശൃംഖലയിലെ സുരക്ഷ ശക്തമാക്കേണ്ടതുണ്ട്. എല്ലാ വകുപ്പിലെയും കമ്പ്യൂട്ടറിലെ ഓപ്പറേറ്റിംഗ് സിസ്റ്റമടക്കം അപ്ഡേഷനുകൾ പൂർത്തിയാക്കണം. ജീവനക്കാർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകണം. സൂക്ഷ്മത

പുലർത്താൻ ജില്ലകൾതോറും പ്രത്യേക ജാഗ്രതാ സമിതികൾ ആരംഭിക്കേണ്ടതുണ്ട്. സർക്കാർ സംവിധാനങ്ങളിൽ കമ്പ്യൂട്ടർ വൈറസുകളെ പ്രതിരോധിക്കുന്നത് പ്രത്യേകിച്ച് ആന്റിവൈറസുകൾ ഉപയോഗിച്ചാണ്. എന്നാൽ റാൻസംവെയർ വൈറസിനെ നേരിടാൻ പറ്റിയ ആന്റിവൈറസുകൾ ഇപ്പോൾ നിലവിലില്ല. കേരളത്തിൽ സൈബർ സുരക്ഷയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്ത ലൈസൻസുള്ള ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കുവാൻ മടിയുള്ളവരാണ് അധികമാളുകളും. സ്വയരക്ഷപോലെ പ്രധാനപ്പെട്ടതാണ് സൈബർ സുരക്ഷയുമെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതുണ്ട്. കുറ്റമറ്റ സൈബർ സുരക്ഷാ സംവിധാനങ്ങൾ എല്ലാ മേഖലയിലും നടപ്പാക്കുന്നതിനും കാലാനുസൃതമായി കർശനമായ സൈബർ നിയമങ്ങൾ കൊണ്ടുവരുന്നതിനും നമുക്ക് കഴിയണം. ശക്തമായ ബോധവൽക്കരണം, സൈബർ സുരക്ഷാസേന എന്നിവയുൾപ്പെടെയുള്ള പരിഷ്കാരങ്ങൾ കൊണ്ടുവന്ന് ഇത്തരം ആക്രമണങ്ങളെ ചെറുക്കാനും നമ്മുടെ സംസ്ഥാനത്തെ ഇതിൽനിന്ന് രക്ഷിക്കാനുമുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട ശ്രീ. എസ്. ശർമ്മ എം.എൽ.എ.-യും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. എസ്. ശർമ്മ:</u> സർ, ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞിട്ടുള്ള കാര്യം പൂർണ്ണമായും ശരിയാണ്. നമ്മുടെ നാടിനെയും ലോകത്തെയും ഉത്കണ്ഠപ്പെടുത്തിക്കൊണ്ടുള്ള സൈബർ അറ്റാക്കാണ് ലോകത്ത് സമീപ ദിവസങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. ലഭ്യമായിട്ടുള്ള വിവരങ്ങൾ വച്ചുനോക്കുമ്പോൾ വൈറസ് മൈക്രോ സോഫ്റ്റ്വെയർ കൈകാര്യം ചെയ്യുന്ന കമ്പ്യൂട്ടറിലേയ്ക്കാണ് വ്യാപിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ ഐ.ടി. നയത്തിന്റെ പ്രസക്തി ഈ സന്ദർഭത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയർ സംരക്ഷിക്കപ്പെടുക എന്നുള്ളത്, ഇന്നത്തെ സാഹചര്യത്തിൽ ലോകത്തിന്റെ ഗതിയെ നിർണ്ണയിക്കപ്പെടുന്ന ദിശാബോധം നൽകുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക്വഹിക്കുന്നത് സൈബർ ലോകമാണ്; ഇൻഫർമേഷൻ ടെക്നോളജിയാണ്. ആ ലോകത്താണ് പിടിച്ചുപറിയും കൊള്ളയും മറ്റൊരു രൂപത്തിൽ ശക്തിപ്പെട്ടുവരുന്നത്. സൈബർ അറ്റാക്കെന്ന് പറയുന്നത് പണത്തിനുവേണ്ടി മൂലധനശക്തികൾ നടത്തുന്ന ഏറ്റവും വലിയ പച്ചയായ പ്രഖ്യാപിത തീവെട്ടിക്കൊള്ളയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ നാടിന് കൂടുതൽ അവയർനെസ്സുണ്ടാക്കാനും സൈബർ സെക്യൂരിറ്റിക്ക് അടിസ്ഥാനമായി സ്വീകരിക്കേണ്ട, നമുക്ക് സാധ്യമായ വിധത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ഈ സഭ അവസാനിക്കുന്നതിനുമുമ്പുതന്നെ ചട്ടം

300 അനുസരിച്ചോ മറ്റ് രൂപത്തിലോ ഒരു പ്രസ്താവന നടത്തി ഈ സംസ്ഥാനത്തെയും ഈ സമൂഹത്തെയും ജാഗ്രതപ്പെടുത്തുന്നതിനും മുൻകരുതലായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സന്നദ്ധമാകണമെന്ന് ആവശ്യപ്പെടുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പി. ഉബൈദുള്ളയും ശ്രീ. എസ്. ശർമ്മയും പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ലോകമെമ്പാടും ഇന്ന് ഒരു ഭീഷണിയുടെ നിഴലിലാണ്. ഈ വൈറസ് ബാധയെത്തുടർന്ന് ലോകത്തുണ്ടായിരിക്കുന്ന ആശങ്ക അസ്ഥാനത്തല്ലായെന്ന് തെളിയിക്കുന്ന കാര്യങ്ങളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലും പല സ്ഥലത്തും ഈ സംഭവം ഭീതി വിതച്ചിട്ടുണ്ട്. വാണാക്രൈ വൈറസിന്റെ ആക്രമണത്തിന്റെ ഫലമായി കേരളത്തിലെ പല സ്ഥലങ്ങളിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ഇത് ലോകം മുഴുവൻ ഗുരുതരമായ ഒരു പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ സൈബർ സെക്യൂരിറ്റി ഉറപ്പുവരുത്താനുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇവിടെ ബഹുമാനപ്പെട്ട പി. ഉബൈദുള്ളയും ശ്രീ. എസ്. ശർമ്മയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തിലാണ് ഗവൺമെന്റ് കാണുന്നത്. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തേയും അനുബന്ധ സംവിധാനങ്ങളെയുമാണ് വാണാക്രൈ വൈറസ് പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. അമേരിക്കയുടെ ദേശീയ സുരക്ഷാ ഏജൻസി വികസിപ്പിച്ചെടുത്ത Eternal blue എന്ന സുരക്ഷാപാളിച്ചയെ ഉപയോഗപ്പെടുത്തിയാണ് ഈ വൈറസ് വികസിപ്പിച്ചിരിക്കുന്നത്. ഈ വൈറസ് ഒരു കമ്പ്യൂട്ടറിനെ ബാധിച്ചുകഴിഞ്ഞാൽ ആ കമ്പ്യൂട്ടറിലെ വിവരങ്ങളെല്ലാം എൻക്രിപ്റ്റ് ചെയ്ത് ബന്ധിതമാക്കുന്നു. റാൻസംവെയർ എന്ന് പൊതുവിൽ അറിയപ്പെടുന്ന ഗണത്തിൽപ്പെടുന്ന ഈ വൈറസ് ഇപ്പോൾ ലോകത്തെ മുഴുവൻ വിൻഡോസ് കമ്പ്യൂട്ടറുകളെയും ബാധിച്ചിരിക്കുകയാണ്. 150 രാജ്യങ്ങളിലായി രണ്ട് ലക്ഷത്തോളം കമ്പ്യൂട്ടറുകളെ വാണാക്രൈ വൈറസ് ബാധിച്ചിട്ടുണ്ട്. എന്നാൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ലിനക്സ് പോലെയുള്ള ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ വാണാക്രൈ വൈറസ് ബാധയിൽനിന്ന് പരിപൂർണ്ണ സുരക്ഷ പ്രദാനം ചെയ്യുന്നു. ഇന്റർനെറ്റിലുള്ള അനാവശ്യമായ ലിങ്ക് ക്ലിക്ക് ചെയ്യുന്നതിലൂടെയും അജ്ഞാതരുടെ ഇ-മെയിൽ

അറ്റാച്ചുമെന്റ് വഴിയും ഇത് പടരും. വൈറസ്ബാധയുള്ള കമ്പ്യൂട്ടറുകളിൽ അത് ഘടിപ്പിച്ചിരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലയിലെ സുരക്ഷാ പാളിച്ചയുള്ള എല്ലാ കമ്പ്യൂട്ടറുകളെയും വൈറസ് ബാധിക്കും. അപരിചിതമായ ഇ-മെയിൽ അറ്റാച്ചുമെന്റുകൾ തുറക്കാതിരിക്കുകയും സോഫ്റ്റ്വെയറുകൾ അപ്ഡേറ്റ് ചെയ്യാതിരിക്കുകയും ബ്രൗസറുകളിൽ ഒരു Pop-up blocker വയ്ക്കുകയും തുടർച്ചയായി ബാക്കപ്പ് എടുക്കുകയും ഒരു ആന്റി വൈറസും ആന്റി റാൻസൺ വൈറസും ഫയർവാളും ഇൻസ്റ്റാൾ ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് പൊതുവെ വൈറസ് ആക്രമണങ്ങളെ ചെറുക്കുന്നതിന് സഹായകരമായിരിക്കും. ഈ വൈറസ് കേരളത്തിൽ 6 പഞ്ചായത്തുകളിലെ കമ്പ്യൂട്ടറുകളെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ മറ്റിടങ്ങളിൽ ഉണ്ടായതുപോലെ വ്യാപകമായ വൈറസ്ബാധയും അതിനെത്തുടർന്നുള്ള നിശ്ചലാവസ്ഥയും കേരളത്തിൽ ഉണ്ടാകാതിരിക്കുന്നതിനുള്ള പ്രധാന കാരണം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമായ ഐ.റ്റി. നയമാണ്. ഇക്കാര്യത്തിൽ ഐ.റ്റി. ആക്ടിലെ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണമാരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ നടത്തുന്ന തട്ടിപ്പായതിനാൽ കുറ്റവാളികളെ കണ്ടെത്തുന്നതിന് പരിമിതിയുണ്ട്. Ransomware ആക്രമണത്തെ പ്രതിരോധിക്കുന്നതിന് ഇപ്പോൾ സാധ്യമായ പ്രധാന പോംവഴി പൊതുജനങ്ങളിൽ ഇത്തരം സൈബർ ആക്രമണങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുകയെന്നതാണ്. അതിനാവശ്യമായ നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സുരക്ഷാ മുൻകരുതൽ നടപടികൾ സർക്കാർ സ്ഥാപനങ്ങളും കമ്പനികളും ജനങ്ങളും നടപ്പിലാക്കുന്നതുവഴി ransomware വ്യാപിക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തിൽ കാണുന്നതായിരിക്കും. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടിയും സ്വീകരിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതാണ് ഈ ശ്രദ്ധ ക്ഷണിക്കലിനെത്തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അതുപോലെ തന്നെ ശ്രീ. എസ്. ശർമ്മയും സംസാരിച്ചത്. എന്തായാലും ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ടുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലായത്. സൈബർ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഐ.റ്റി. മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ, എൻ.ഐ.സി. എന്നിവിടങ്ങളിൽ കമ്പ്യൂട്ടർശൃംഖലകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക വിഭാഗം രൂപീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ സർക്കാരിന്റെ നയം ഇത്തരം ആക്രമണത്തെ അതിജീവിക്കുന്ന സ്വതന്ത്ര ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്തുചെയ്യുമെന്നതാണ്. സർക്കാരിന്റെ നയ രൂപീകരണത്തിലും പ്രവർത്തനത്തിലും സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകളുടെ പങ്ക് വളരെ നിർണ്ണായകമാണ്. അത്തരം സാങ്കേതിക വിദ്യകളെ പ്രോൽസാഹിപ്പിക്കുന്നതാണ് സർക്കാർ നയവും. പൊതുമുതൽ ഉപയോഗിച്ച് നിർമ്മിക്കുന്ന വിവരസാങ്കേതിക സംവിധാനങ്ങളിൽ ഇത്തരം സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം നിർബന്ധമാക്കും.

മി. ചെയർമാൻ: ശ്രീ. എസ്. ശർമ്മ നേരത്തെതന്നെ സബ്മിഷന് നോട്ടീസ് നൽകിയിരുന്നതാണ്. ശ്രദ്ധ ക്ഷണിക്കൽ വന്നതുകൊണ്ടാണ് ഉൾപ്പെടുത്താത്തത്. അദ്ദേഹത്തിന് സംസാരിക്കാൻ അവസരം കൊടുത്തത് അത്തരമൊരു കീഴ്വഴക്കമുള്ളതുകൊണ്ടാണ്.

## IV. സബ്മിഷൻ

### (1) ചാവറ റോഡ് നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിലെ കൈനകരി വില്ലേജിലെ ചേന്നങ്കരി, കൈനകരി തുടങ്ങിയ ഗ്രാമപ്രദേശങ്ങൾ പമ്പയാറിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു വലിയ തുരുത്താണ്. റോഡുപോലുമില്ലാത്ത ഈ പ്രദേശത്തെ ഏക യാത്രാമാർഗ്ഗം സർക്കാർ ബോട്ടുകളാണ്. ഈ പ്രദേശത്തെ യാത്രാദുരിത പരിഹാരത്തിനായി 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. നെടുമുടി-ചാവറ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് 2016 ജനുവരി 12-ന് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിരുന്നു. എന്നാൽ പത്തനംതിട്ടയിൽനിന്നും കുട്ടനാട്ടിലേയ്ക്ക് ഗ്രാവൽ എത്തിക്കാനുള്ള കൺവെയൻസ് നിരക്ക് വ്യത്യാസത്തിന്റെ പേരിൽ ഈ പ്രവൃത്തിയുടെ തുടർനടപടികൾ സ്തംഭനാവസ്ഥയിലാണ്. നിലവിലുള്ള നിരക്ക് 800 രൂപയാണ്. ഈ നിരക്കിനോടൊപ്പം 400 രൂപയും കൂടി അധികമായി നൽകിയാൽ മാത്രമേ കുട്ടനാട്ടിൽ ഗ്രാവൽ എത്തിക്കാൻ കഴിയുകയുള്ളൂവെന്നതാണ് വാദം. പൊതുമരാമത്ത് വകുപ്പിൽനിന്നും ഗ്രാവൽ നിരക്ക് വർദ്ധിപ്പിക്കാനുള്ള റിപ്പോർട്ട് പല തവണ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. ബഹുമാന്യനായ മന്ത്രിക്ക് എന്നെപ്പോലെതന്നെ അറിയാവുന്ന ഒരു പ്രദേശമാണത്. ഈ റോഡിനുവേണ്ടി നിരവധി സമരങ്ങൾ ഇപ്പോൾ കുട്ടനാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. അവിടത്തെ എം. പി. ശ്രീ. കൊടിക്കുന്നിൽ സുരേഷ്

നിരവധി തവണ ഈ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അടിയന്തരമായി നെടുമുടി-ചാവറ റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കേണ്ടത് നാടിന്റെ മുഴുവൻ ആവശ്യമായി മാറിയിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. എനിക്ക് ആ സ്ഥലമെല്ലാം അറിയാം, കാരണം അങ്ങ് ആലപ്പുഴയിൽ പ്രവർത്തിക്കുന്നതുപോലെ ഞാനും രണ്ടുമൂന്ന് പതിറ്റാണ്ടായി അവിടെ പ്രവർത്തിക്കുന്ന ഒരാളാണ്. അവിടെ പാർട്ടിയുടെ താലൂക്ക് സെക്രട്ടറിയായിരുന്നു. അവിടെനിന്നാണ് 2006-ൽ എം.എൽ.എ. ആയത്. ജില്ലാ കൗൺസിൽ പ്രസിഡന്റായതും അവിടെനിന്നാണ്. അതുകൊണ്ട് ഈ സ്ഥലമെല്ലാം അറിയാം. അങ്ങ് ഉന്നയിച്ചിരിക്കുന്ന കണ്ടങ്കരി-നെടുമുടി-ഉമ്പുക്കാട്-വരമ്പിനകം, വെള്ളാമത്തടം, വേണാട്ടുകടവ്, കായൽപുറം, കണ്ണാടിറോഡ്, കിലോമീറ്റർ 5 മുതൽ 9 വരെ നിർമ്മാണത്തിനായി 16-7-2015-ൽ 25 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. ഈ കാലയളവിൽ 10 കോടി രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾക്ക് ഗവൺമെന്റ് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയാണ് സാങ്കേതികാനുമതി നൽകിക്കൊണ്ടിരുന്നത്. എന്നാൽ ഇത് ലഭിക്കുന്നതിനായി 29-12-2015-ൽ എസ്റ്റിമേറ്റ് ഗവൺമെന്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർ അത് 12-1-2016-ൽ പരിശോധിച്ച് ഒൻപത് നിരീക്ഷണങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുകയും വിശദീകരണമാവശ്യപ്പെടുകയും ചെയ്തു. ഡിസൈനുകളുടെ പുനഃപരിശോധന, വർക്കിന്റെ സ്ലോപ്പിലുള്ള വ്യതിയാനം, സ്ഥലം ലഭ്യമാക്കലിനുശേഷം മാത്രമേ ടെണ്ടർ ചെയ്യാവൂ എന്നീ നിബന്ധനകളായിരുന്നു പ്രധാനം. അതിൻപ്രകാരം 14-1-2016-ലെ ഗവൺമെന്റ് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി സി.റ്റി.ഇ.-യുടെ ഒബ്സർവേഷന് വിധേയമായി സാങ്കേതികാനുമതി നൽകാൻ തീരുമാനിച്ചു. എസ്റ്റിമേറ്റ് വീണ്ടും റിവൈസ് ചെയ്യേണ്ടിവന്നു. കൂടാതെ സ്ഥലം ലഭ്യമാക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തീകരിച്ചു. അതിർത്തിക്കല്ലുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ടായിരുന്നു. 4.2 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭാഗിക സാങ്കേതികാനുമതി നൽകി. ഇൻവെസ്റ്റിഗേഷനുവേണ്ടി രണ്ടുതവണ ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുത്തില്ല. തുടർന്ന് പ്രവൃത്തികൾ അറേഞ്ച് ചെയ്ത് സർവ്വേ പൂർത്തീകരിച്ച് അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി ജൂൺ 15-നകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള സ്ഥലം പൂർണ്ണമായും ലഭ്യമായതിനുശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂ എന്ന പുതിയ തീരുമാനം വന്നു. ഇതിനെക്കാളും പ്രധാനപ്പെട്ടൊരു തടസ്സം അവിടെ

നിലനിന്നത് ഇപ്പോഴും നിലനിൽക്കുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കുട്ടനാടൻ മേഖലയിൽ മറ്റു സ്ഥലങ്ങളിൽനിന്നും മണ്ണ് കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർണ്ണമായും സ്തംഭിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതലാണ്. കാരണം പഴയ റേറ്റിൽ മണ്ണ് കൊണ്ടുവരാൻ കഴിയില്ല. എല്ലാ റേറ്റുകളും മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പി.ഡബ്ല്യു.ഡി.-യുടെ റേറ്റ് എടുത്ത് കളഞ്ഞിട്ട് ഡൽഹിയിലെ റേറ്റ് കൊണ്ടുവന്നു. അതാണ് ഇപ്പോൾ നമ്മുടെ പുതിയ പ്രശ്നം. ഇവർ ഇത് മറ്റു ജില്ലയിൽനിന്നും കൊണ്ടുവന്നാലും പുതിയ കമ്പോള വില കൊടുക്കുകയില്ല. കഴിഞ്ഞ മൂന്ന് വർഷമായി കൊടുത്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷവും കൊടുത്തിട്ടില്ല. മണ്ണിന്റെ പുതുക്കൽ നിരക്ക് അനുസരിച്ചേ മണ്ണ് കൊണ്ടുവരികയുള്ളൂ, കോൺട്രാക്ടേഴ്സ് കൊണ്ടുവരികയില്ല. സംസ്ഥാനത്ത് മണ്ണിന്റെ വില പുതുക്കി നിശ്ചയിക്കാത്തതിനാൽ കഴിഞ്ഞ ഒന്നിലേറെ വർഷങ്ങളായി കുട്ടനാടൻ മേഖലകളിലെ മരാമത്ത് പണികൾ സ്തംഭിച്ചിരിക്കുകയാണ്. പൊതുമരാമത്ത് ധനകാര്യ വകുപ്പുകളിലെ അധികാരമുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. മിനിസ്റ്റർക്ക് ചെയ്യാൻ സാധിക്കുകയില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. തോമസ് ചാണ്ടിയും ചേർന്ന് മൂന്ന് മീറ്റിംഗുകൾ നടത്തി ഉത്തരവിറക്കാൻ നിർദ്ദേശിച്ചെങ്കിലും ആ മിനിറ്റ്സ് ധനകാര്യവകുപ്പിൽ മാസങ്ങളോളം സി.റ്റി.ഇ. കയ്യിൽ വച്ചുകൊണ്ടിരുന്നു. തീരുമാനമെടുത്തതല്ല. ഇതിനൊന്നും അധികാരമുള്ളതല്ല. അവസാനം മൂന്നാഴ്ച മുൻപ് എഴുതിക്കൊടുത്തു. എന്നിട്ടും ചീഫ് എഞ്ചിനീയർ കയ്യിൽ വച്ചുകൊണ്ടിരുന്നു. ഉത്തരവ് ഇറക്കിയില്ല. ഇപ്പോൾ അത് ചീഫ് എഞ്ചിനീയറുടെയും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കയ്യിൽ ഇരിക്കുകയാണ്. ഏതായാലും ഫയൽ പൂഴ്ത്തിവച്ചതായി ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിൽ ഉന്നതതല അന്വേഷണം നടത്താൻ ഉദ്ദേശിക്കുകയാണ്. സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്. കാരണം മൂന്ന് വർഷത്തെ റിവിഷൻ വന്നു, പണികൾ നടന്നിട്ടില്ല. നമ്മുടെയെല്ലാം പ്രദേശം അപ്പർ കുട്ടനാടാണ്. സി.ഇ.-യുടെ ഓഫീസിലും കാലതാമസമുണ്ടായി. സെക്രട്ടറി തലത്തിൽ ഉടനെ ജി.ഒ. പുറപ്പെടുവിക്കുമെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നാട്ടിലെ നിർമ്മാണ പ്രവർത്തനം സ്തംഭിപ്പിച്ച് സർക്കാരിന്റെ വികസന കാഴ്ചപ്പാട് കണക്കാക്കാതെ പ്രവർത്തിക്കുന്ന ഈ രീതി ഗവൺമെന്റ് അംഗീകരിക്കുന്നില്ല. കാലതാമസത്തിന് കാരണം, ഗവൺമെന്റിന് കഴിഞ്ഞ മൂന്ന് വർഷം ഉണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം എന്നിവ സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്താൻ ഗവൺമെന്റ് സംവിധാനം ഉണ്ടാക്കുന്നതാണ്. ഈ ആഴ്ചയിൽത്തന്നെ ജി.ഒ. പുറപ്പെടുവിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. മണ്ണ് വന്നാൽ മാത്രമേ പണി നടത്താൻ സാധിക്കുകയുള്ളൂ. ബാക്കി കാര്യങ്ങൾ നമുക്ക് പരിഹരിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

10.38 am ]

(2) വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്തെ വിവരാവകാശ കമ്മീഷനിൽ ആറ് പേരാണ് വേണ്ടത്. ഇപ്പോൾ മുഖ്യ വിവരാവകാശ കമ്മീഷണർ ശ്രീ. വിൻസൺ എം. പോൾ മാത്രമാണുള്ളത്. കഴിഞ്ഞ ഒരു വർഷമായി ആ തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. അവിടെ എല്ലാ ദിവസവും ശരാശരി മുപ്പത് അപേക്ഷകളാണ് ലഭിക്കുന്നത്. കഴിഞ്ഞ ഒരുവർഷമായി സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പതിനയ്യായിരത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. സംസ്ഥാന വിവരാവകാശ കമ്മീഷൻ ഒരു നോക്കുകുത്തിയായി മാറിയിരിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, വിവരാവകാശ കമ്മീഷനിൽ മുഖ്യവിവരാവകാശ കമ്മീഷണറടക്കം ആറംഗങ്ങളെ നിയമിച്ചെങ്കിലും മുഖ്യ വിവരാവകാശ കമ്മീഷണറുടെ നിയമനം ഒഴിച്ചുള്ള കാര്യങ്ങളിൽ ഗവർണർ ഇടപെട്ടതിനെത്തുടർന്ന് അത് നിർത്തിവയ്ക്കുകയുണ്ടായി. 23.3.2016-ൽ ഇതുസംബന്ധിച്ചുവന്ന ഹൈക്കോടതിവിധിയിൽ മുൻ സർക്കാരിന്റെ തീരുമാനം ഭരണഘടനാ വ്യവസ്ഥകൾക്കോ പൊതുതാൽപ്പര്യങ്ങൾക്കോ വിരുദ്ധമല്ലെന്ന് പറയുകയുണ്ടായി. ഭരണം മാറിയതിന്റെ പേരിൽ സർക്കാർ തീരുമാനം മാറ്റരുതെന്ന ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിട്ടും ഇക്കാര്യത്തിൽ തീരുമാനമെടുത്തില്ല. ഇതിൽ അംഗങ്ങളായി നിയമനം ലഭിച്ചിട്ടും അംഗീകാരം കിട്ടാത്തവർ കോടതിയെ സമീപിച്ചപ്പോൾ ഒരു മാസത്തിനുള്ളിൽത്തന്നെ വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം നടത്തണമെന്ന കുറേക്കൂടി വ്യക്തമായ നിർദ്ദേശം 9-9-2016-ന് സർക്കാരിന് ലഭിച്ചു. സർക്കാർ അതുവരെ ഉയർത്തിക്കൊണ്ടിരുന്ന വാദം നമിതാ ശർമ്മ Vs. യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസ്സിലെ കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ പോയതിനെത്തുടർന്ന് ആ കേസ് റിവേഴ്സ് ചെയ്തു. ഇപ്പോൾ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ നടപടിക്രമങ്ങൾ അനുസരിച്ചുതന്നെ വിവരാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കണമെന്നാണ് സുപ്രീംകോടതി വിധി. പാർലമെന്റിലെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ എന്താണെന്നതറിഞ്ഞുവേണം സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്ന കൃത്യമായ ഡയറക്ഷൻ തന്നിട്ടുണ്ട്. രണ്ട് കൃത്യമായ വിധികൾ ഹൈക്കോടതിയിൽ നിന്നുണ്ടായിട്ടും മനഃപൂർവ്വം നിയമനം വൈകിപ്പിക്കുന്നതിനും നിയമനം നടത്താതിരിക്കുന്നതിനും വേണ്ടി ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ മുമ്പാകെ ഗവൺമെന്റ് അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്. ജീവനും സ്വാതന്ത്ര്യവുമായി

ബന്ധപ്പെട്ട അപേക്ഷകളിൽ 48 മണിക്കൂറിനുള്ളിലും മറ്റുള്ളവയിൽ 30 ദിവസത്തിനുള്ളിലും തീരുമാനമെടുക്കണമെന്ന് വിവരാവകാശ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും അതിപ്പോൾ നടക്കുന്നില്ല. ഭരണഘടനാപരമായി രണ്ടുകാര്യങ്ങൾ ഗവൺമെന്റിന് ചെയ്യാം ഒന്ന്, ഭരണപരമായ ഉത്തരവാദിത്വം നിർവ്വഹിക്കാൻ വിവരാവകാശ കമ്മീഷനിൽ അംഗങ്ങളെ നിയമിക്കാൻ സാധിക്കാത്തതുകൊണ്ട് ഏഴെട്ടുമാസമായി പെന്റിംഗ് കിടക്കുന്ന ഈ അപ്പീലിൽ തീരുമാനമെടുക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടാം. എന്നാൽ സർക്കാർ അത് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടുന്നില്ല. രണ്ട്, ഡിവിഷൻ ബഞ്ചിലുള്ള റിട്ട് അപ്പീൽ പിൻവലിച്ച് സംസ്ഥാനത്തെ വിവരാവകാശ കമ്മീഷൻ നിഷ്ക്രിയമായിരിക്കുന്ന ഈ സാഹചര്യം, പതിനയ്യായിരത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുന്ന വിവരാവകാശ നിയമത്തെ നോക്കുകുത്തിയാക്കിയിരിക്കുന്ന ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിന് കഴിയും. ഗവൺമെന്റ് ഇതിനൊരു തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വിവരാവകാശ കമ്മീഷൻ മെമ്പർമാരെ മനഃപൂർവ്വം നിയമിക്കാതിരിക്കുന്നതല്ല. നിയമപരമായ ചില പ്രശ്നങ്ങൾ വന്നതിന്റെ ഭാഗമായിട്ടാണ് നിയമിക്കാതിരുന്നത്. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ മുഖ്യ വിവരാവകാശ കമ്മീഷണർ ഉൾപ്പെടെ ആറ് വിവരാവകാശ കമ്മീഷണർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ ഒരെണ്ണം 2012-മുതലും നാലെണ്ണം 2015-മുതലും ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് മുൻസർക്കാരിന്റെ കാലവധി കഴിയാറായ ഘട്ടത്തിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി മുൻപ്രതിപക്ഷ നേതാവിന്റെ വിയോജനക്കുറിപ്പോടെ പാനൽ തയ്യാറാക്കിയിരുന്നു. പ്രസ്തുത പാനലിന് ബഹുമാനപ്പെട്ട ഗവർണർ അംഗീകാരം നൽകിയിരുന്നില്ല. ഈ പാനലിൽ ഉൾപ്പെട്ടവർ അവർക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും അനുകൂലമായി വിധിസമ്പാദിക്കുകയും ചെയ്തിരുന്നു. വിവരാവകാശ കമ്മീഷണർമാരുടെ തെരഞ്ഞെടുപ്പ് നീതിപൂർവ്വമല്ലെന്നും നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായെന്നും വിലയിരുത്തിയതിനാൽ സർക്കാർ ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവിനെതിരെ ഡിവിഷൻ ബഞ്ചിനെ സമീപിക്കുകയും സിംഗിൾ ബഞ്ചിന്റെ വിധി സ്റ്റേ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. റിട്ട് അപ്പീൽ തീർപ്പാക്കുന്നമുറയ്ക്കുമാത്രമേ വിവരാവകാശ കമ്മീഷനിലെ നിലവിലെ ഒഴിവുകൾ നികത്തുന്നതിന് സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ വി.ഡി. സതീശൻ സൂചിപ്പിച്ചതുപോലെ, ഇത് എ.ജി.-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുമുള്ള നിർദ്ദേശം കൊടുക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ വിഷയത്തിന്റെ പ്രാധാന്യം മുഖവിലയ്ക്കെടുക്കണം. ഇപ്പോൾ വിവരാവകാശ കമ്മീഷണർ മാത്രമേയുള്ളൂ. പതിനയ്യായിരത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഇതിൽ 16 -പേരെ വേണമെങ്കിലും നിങ്ങൾക്ക് നിയമിക്കാം. ഞങ്ങളുടെ കാലത്ത് നിയമിച്ചുപോയി എന്നത് ഒരു കുറ്റമായി കണക്കാക്കണോ? അങ്ങ് ബഹുമാന്യനായ മുഖ്യമന്ത്രിയുമായി ആലോചിച്ചതിനുശേഷം പരസ്പരധാരണയോടെ ഈ വിഷയത്തിൽ എത്രയും പെട്ടന്ന് ഒരു സംവിധാനമുണ്ടാക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നതിനുശേഷം ഈ വിഷയം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം.

## (3) ധനസഹായം

ശ്രീമതി യു. പ്രതിഭ ഹരി: സർ, കേരളത്തിൽ പതിമൂന്നായിരത്തിലധികം മന്തുരോഗ ബാധിതരുണ്ട്. ലഭ്യമായ കണക്കനുസരിച്ചാണിത്, ഇതിലും കൂടുതലുണ്ടാകാനാണ് സാധ്യത. ഇവർ അനുഭവിക്കുന്ന വേദനയും ഒറ്റപ്പെടലും മറ്റുള്ളവരിൽ നിന്നുള്ള അവജ്ഞയും അവഗണനയുമെല്ലാം വിവരണാതീതമാണ്. മന്തുരോഗത്തിന്റെ ഭാഗമായി ഇവരുടെ കാലുകളിലുണ്ടാകുന്ന സ്ഥിരമായ വ്രണത്തിന് തുടർച്ചയായി ചികിത്സ വേണ്ടിവരുന്നതിനാൽ വൈദ്യസഹായത്തിന് സാമ്പത്തിക ചെലവുകൾ വരുന്നുണ്ട്. ആശുപത്രികളിൽ എത്താൻ ബുദ്ധിമുട്ടുന്ന ഇവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി ഇവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ സഹായം ആരോഗ്യവകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഒരുകാലത്ത് മന്തുരോഗം ഏറ്റവും കൂടുതൽ പടരാൻ സാധ്യതയുള്ള പ്രദേശം ആലപ്പുഴയായിരുന്നുവെങ്കിൽ ഇപ്പോൾ തിരുവനന്തപുരവും എറണാകുളവും മലപ്പുറവും അതിൽ ഉൾപ്പെടും. പ്രാരംഭഘട്ടത്തിൽ തന്നെ ഈ രോഗം കണ്ടുപിടിച്ച് കൃത്യമായി മരുന്നുകൊടുത്ത് നിയന്ത്രണവിധേയമാക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ ആരോഗ്യ വകുപ്പ് ചെയ്യുന്നുണ്ട്. ഈ രോഗം വരാതിരിക്കാനുള്ള പ്രതിരോധ നടപടികൾ ചെയ്യുന്നുണ്ടെങ്കിലും നിലവിൽ രോഗമുള്ളവർ അനുഭവിക്കുന്ന അവസ്ഥയ്ക്ക് ആരോഗ്യവകുപ്പിന്റെ സഹായമാവശ്യമാണ്. അവർക്ക് പെൻഷൻ അടക്കമുള്ള സഹായങ്ങൾ നൽകുന്നതിനും, ജീവിതംവഴിമുട്ടിയ മന്ത് രോഗികളായവരെ സഹായിക്കുന്നതിനുമുള്ള ശക്തമായ ഇടപെടൽ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശ്രദ്ധേയമായ ഒരു വിഷയമാണ്. നമ്മുടെ നാട്ടിൽ ഇപ്പോഴും മന്തുരോഗമുണ്ട്. മന്തുരോഗ നിവാരണത്തിനുള്ള നടപടിക്രമങ്ങൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. മന്തു രോഗികൾക്ക് പെൻഷൻ ആരോഗ്യ വകുപ്പ് ഇപ്പോൾ നടപ്പാക്കുന്നില്ല. രോഗനിവാരണത്തിനുവേണ്ടി ആരോഗ്യ വകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നു. 2020-ഓടെ മന്തുരോഗം കേരളത്തിൽ നിന്നും നിവാരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ ലക്ഷ്യം തന്നെ പ്രഖ്യാപിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി കേരള ഗവൺമെന്റ് പതിനെട്ട് എക്സ്പെർട്ട് ഗ്രൂപ്പുകളെ നിശ്ചയിച്ചിട്ടുണ്ട്. അതിലെ ഒന്ന്, മന്തുരോഗ നിവാരണമാണ്. അതിനാവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകി ജനങ്ങളുടെ ഇടയിൽ മന്തുരോഗത്തെക്കുറിച്ച് പഠിക്കുന്നതിനും പരിശോധിക്കുന്നതിനും തുടക്കത്തിൽത്തന്നെ ചികിത്സ നൽകുന്നതിനും സർജറി ആവശ്യമായവർക്ക് അത് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. അതിനുവേണ്ടി നടപ്പിലാക്കുന്ന സമൂഹ ചികിത്സാ പദ്ധതിയും തുടരുകയാണ്. സമൂഹത്തിൽ എല്ലാവരും വർഷത്തിൽ ഒരു പ്രാവശ്യം എന്ന തോതിൽ അഞ്ചുവർഷം തുടർച്ചയായി ഒരു ഡോസ് ഡി.ഇ.സി., ആൽബന്റസോൾ ഗുളികകൾ കഴിക്കുന്നതുവഴി കൊതുകുവഴിയുള്ള മന്തുരോഗ വ്യാപനം പൂർണ്ണമായും തടയാൻ സാധിക്കും. മന്തുരോഗികൾക്കായി വീടുവീടാന്തരം ആരോഗ്യപ്രവർത്തകർ രാത്രികാല രക്തപരിശോധനയും നടത്തിവരുന്നു. എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം രക്തപരിശോധനയ്ക്കുവേണ്ടി സ്റ്റാറ്റിക് ക്ലിനിക്കും മോർബിഡിറ്റി ക്ലിനിക്കും നടത്തിവരുന്നു. രോഗവാഹകർക്കും മന്ത് രോഗികൾക്കും ഡി.ഇ.സി. ഗുളികകളും ആൽബന്റസോൾ ഗുളികകളും നൽകിവരുന്നു. കൂടാതെ രോഗാതുരത കുറയ്ക്കുന്നതിനും അംഗവൈകല്യങ്ങൾ തടയുന്നതിനുമുള്ള ക്ലിനിക്കുകളും എല്ലാ ജില്ലയിലും നടത്തിവരുന്നുണ്ട്. എല്ലാ താലൂക്കാശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി.-കളിലും മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മന്തുരോഗംമൂലം ദുരിതമനുഭവിക്കുന്ന ആളുകളുടെ എല്ലാ പ്രശ്നങ്ങളും നമ്മൾ കാണേണ്ടതായിട്ടുണ്ട്. അവർക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പഠനം നടത്തുന്നതിനും ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനും ആരോഗ്യ വകുപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്നതാണ്.

(4) സ്ഥലം അനുവദിക്കൽ

ശ്രീ. കാരാട്ട് റസാഖ്: സർ, 2004-ൽ ആരംഭിച്ച കൊടുവള്ളി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് വാടക കൊടുത്താണ് നടത്തപ്പെടുന്നത്. വാടക കൊടുക്കാൻ ഗവൺമെന്റ് ഫണ്ട് അനുവദിക്കുന്നില്ല. ഇതുകാരണം വാടക കിട്ടുന്നതിനും ബിൽഡിംഗ് ഒഴിഞ്ഞുകൊടുക്കുന്നതിനും ഉടമസ്ഥർ കോടതിയെ സമീപിച്ചിരിക്കുകയാണ്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് 5 ഏക്കർ സ്ഥലം സൗജന്യമായി നൽകിയിരിക്കുകയാണ്. സൗജന്യമായി ലഭിച്ച സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിനും ഗവൺമെന്റ് കോളേജിനും ഫണ്ടില്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് ഇളവ് ചെയ്യുന്നതിനും കോളേജിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കൊടുവള്ളി ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് വാങ്ങിയ കിഴക്കോത്ത് വില്ലേജിലെ 5 ഏക്കർ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് 22-4-2017-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി തനത് ഫണ്ടുപയോഗിച്ച് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി വാങ്ങുന്നതിന് അനുമതി നൽകിയതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27-02-2013-ലെ കത്ത് പ്രകാരമാണ്. അതിന്റെയടിസ്ഥാനത്തിലാണ് കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് പ്രസ്തുത ഭൂമി വാങ്ങിയത്. ഭൂമി കൈമാറ്റം സംബന്ധിച്ച ശിപാർശ റവന്യൂ വകുപ്പിന് ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(5) ശമ്പളപരിഷ്കരണം

ശ്രീ. എം. രാജഗോപാലൻ: സർ, കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം കാണണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഒരു കയ്യിൽ ചോറുപൊതിയും മറ്റേ കയ്യിൽ സങ്കടപ്പൊതിയുമായിട്ടാണ് ഇവർ ആശുപത്രികളിൽ ജോലിക്കെത്തുന്നത്. ബഹുമുഖമായ തൊഴിൽചൂഷണത്തിനാണ് ഇവർ വിധേയരാകുന്നത്. അകത്തുള്ള വേദന കടിച്ചമർത്തി വേദനയനുഭവിക്കുന്ന രോഗികളെ സാന്ത്വനിപ്പിക്കാൻ പാടുപെടുകയാണ് ഇവർ. തുച്ഛമായ ശമ്പളമാണ്

ഇവർ വാങ്ങുന്നത്. ഒരു ശമ്പളപരിഷ്കരണവും അടുത്തകാലത്തുണ്ടായില്ല. 3,000 രൂപ ശമ്പളം വാങ്ങുന്നവരുടെ കയ്യിൽനിന്നും മാനേജ്മെന്റ് 10,000 രൂപ വാങ്ങിയതായി ഒപ്പിട്ടുവാങ്ങുകയാണ്. മാനസികവും ശാരീരികവുമായിട്ടുള്ള പീഡനമാണ് ഇവർ അനുഭവിക്കുന്നത്. ഓവർടൈം കൊടുക്കുക എന്നുള്ളത് ചില സ്വകാര്യ ആശുപത്രി മാനേജ്മെന്റിന്റെ ക്രൂരവിനോദമായി മാറിയിരിക്കുകയാണ്. കാലോചിതമായിട്ടുള്ള ശമ്പളപരിഷ്കരണം ലഭിക്കാത്ത ഈ വിഭാഗത്തിന് 30-40 വർഷം സർവ്വീസ് കഴിഞ്ഞാലും ഇ.പി.എഫ്. പെൻഷൻ വെറും 1,000 രൂപയാണ് ലഭിക്കുന്നത്. സ്ഥിരം നിയമനത്തിന് യോഗ്യമായ തസ്തികകളിൽത്തന്നെ കോൺട്രാക്ട് നിയമനം നടത്തുന്ന ചില സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുമുണ്ട്. ജീവനക്കാർക്ക് ഒരു വർഷത്തിൽ ലഭിക്കേണ്ട അർഹമായിട്ടുള്ള 49 ദിവസത്തെ അവധിപോലും അവർക്ക് ലഭ്യമാകുന്നില്ല. തുല്യജോലിക്ക് തുല്യവേതനമോ ക്ഷേമനിധി സംവിധാനമോയില്ല. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കാനും ജോലി സാഹചര്യം മെച്ചപ്പെടുത്താനും സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയം നേരത്തേ തന്നെ നിർദ്ദേശം നൽകിയതായിട്ടാണ് മനസ്സിലാക്കുന്നത്. നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നിയമനിർമ്മാണം സംസ്ഥാന സർക്കാരുകൾ തന്നെ നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ നാളിതുവരെ നഴ്സുമാർ ഉൾപ്പെടെയുള്ള സ്വകാര്യ ജീവനക്കാരുടെ ശമ്പളം ഒരുമിച്ചാണ് പുതുക്കിക്കൊണ്ടിരുന്നത്. ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ചില ആലോചനകളെല്ലാം നടന്നു. വിവിധ കേന്ദ്രങ്ങളിൽ/ജില്ലകളിൽ അതിന്റെ സിറ്റിംഗ് പൂർത്തിയാക്കി. പക്ഷേ ആ കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ ലേബർ കമ്മീഷണർക്ക് യോഗം വിളിച്ചുചേർക്കാൻ കഴിയാത്ത അവസ്ഥ സംജാതമായി. ഇത് അടിയന്തരമായി പരിഹരിക്കപ്പെടണം. സ്റ്റാഫ് നഴ്സ്, GNM, ANM, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവർക്ക് അർഹമായിട്ടുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. സ്വകാര്യ ആശുപത്രികളിൽ ജീവനക്കാർക്ക് നേരെയുള്ള തൊഴിൽചൂഷണം അവസാനിപ്പിക്കാനും ജോലിസുരക്ഷ ഉറപ്പുവരുത്താനും സഹായകരമായ രീതിയിൽ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെ നടത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിൽ

ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ഈ മേഖലയിലെ തൊഴിലാളി-തൊഴിലുടമ പ്രതിനിധികളും സർക്കാർ പ്രതിനിധിയും അടങ്ങുന്ന ത്രികക്ഷി സംവിധാനമായ പ്രൈവറ്റ് ഹോസ്പിറ്റൽ മിനിമം വേതന കമ്മിറ്റിയാണ്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മിനിമം വേതന വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനമാണ് ഇപ്പോൾ ലഭ്യമായി വരുന്നത്. ഈ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യത്തിൽ വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം മൂന്ന് മാസത്തെ സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് 28-10-2016-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി മിനിമം വേതന കമ്മിറ്റി സംസ്ഥാനതലത്തിൽ തെളിവെടുപ്പ് നടത്തിയെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാനാവാതെ വന്നതിനാൽ സമയപരിധി വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തി ജീവനക്കാരുടെ സേവന- വേതന വ്യവസ്ഥകൾ വീഴ്ചകൂടാതെ നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (6) ഓണറേറിയം വർദ്ധിപ്പിക്കൽ

ശ്രീ. കെ. രാജൻ: സർ, സംസ്ഥാന കുടുംബശ്രീയിൽ ജോലിചെയ്യുന്ന സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ഈ സബ്മിഷൻ സഭയ്ക്ക് മുമ്പാകെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് സി.ഡി.എസ്. അക്കൗണ്ടന്റുമാരായി ഇപ്പോൾ 1073 പേരാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ബി.കോം ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, പ്രവൃത്തിപരിചയം എന്നിവ അടിസ്ഥാനപ്പെടുത്തി 2009-ൽ 5,000 രൂപ പ്രതിമാസ വേതനാടിസ്ഥാനത്തിലാണ് അക്കൗണ്ടന്റുമാരെ നിയമിച്ചത്. 2013-ൽ ഇത് 6000 രൂപയായും 2015-ൽ 8,000 രൂപയായും ഉയർത്തി. ഇന്ന് കുടുംബശ്രീ കേരളത്തിലെ ഏറ്റവും വലിയ മഹാപ്രസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. 2,77,175 അയൽക്കൂട്ടങ്ങളും 19,854 എ.ഡി.എസ്.-ഉം 1073 സി.ഡി.എസ്.-ഉം ഉൾപ്പെടെ ഒരു ബൃഹത്തായ ശൃംഖലയായി കുടുംബശ്രീ ഇപ്പോൾ മാറിക്കഴിഞ്ഞിട്ടുണ്ട്. ജെ.എൽ.ജി., പലിശ സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് തുടങ്ങിയ അപേക്ഷകളെല്ലാം ബാങ്കിൽ കൊടുക്കേണ്ടതും ബാങ്കിൽനിന്നും അനുമതി വാങ്ങേണ്ടതും അത് ജില്ലാ

മിഷനിൽ സമർപ്പിക്കേണ്ടതുമായ മുഴുവൻ ഓഫീസ് പ്രവർത്തനങ്ങളും നടത്തേണ്ടത് സി.ഡി.എസ്. അക്കൗണ്ടന്റുമാരാണ്. അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്. എന്നിവരുടെ ബാങ്ക് ഇടപാടുകൾക്കായി വിവിധതരത്തിലുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും അത് ബന്ധപ്പെട്ടയാളുകളുടെ മുമ്പിൽ സമർപ്പിക്കുന്നതിനും സി.ഡി.എസ്. അക്കൗണ്ടന്റുമാർ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. സി.ഡി.എസ്.-ലെ മുഴുവൻ അയൽക്കൂട്ടങ്ങളുടെ വിവരങ്ങളും ജെ.എൽ.ജി., എം.ഇ., ആശ്രയ പദ്ധതി തുടങ്ങിയ മുഴുവൻ വിവരങ്ങളും അയൽക്കൂട്ടത്തിൽ നിന്നും ശേഖരിച്ച് NRLM-ന്റേയും, കുടുംബശ്രീയുടേയും എം.ഐ.എസ്.-ൽ ഡാറ്റാ എൻട്രി നടത്തുന്നതും സി.ഡി.എസ്. അക്കൗണ്ടന്റുമാരാണ്. ഇപ്പോൾ ജെ.എൽ.ജി.-യുടെ പ്രവർത്തനവും വളരെ വിപുലമായി വരികയാണ്. ഏരിയ ഇൻസെന്റീവ്, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവ കൊടുക്കേണ്ട ചുമതലകൾ നിർവ്വഹിക്കണം ഇങ്ങനെ വളരെ വിപുലമായ പ്രവർത്തനങ്ങൾക്ക് അവർ നേതൃത്വം നൽകുകയാണ്. 2,77,175 അയൽക്കൂട്ടങ്ങളെ ഉൾപ്പെടെ ബന്ധിപ്പിക്കുന്ന ഈ പ്രവർത്തനങ്ങൾ നടത്തുന്നത് കേരളത്തിലാകെ 1073 പേരാണ്. 8,000 രൂപയാണ് ഇവർക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ള ഓണറേറിയം. വർഷങ്ങൾക്കുമുമ്പ് നിയമിതരായ ഇവർക്ക് ഓണറേറിയമല്ലാതെ മറ്റാനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ഇവർ ചെയ്യുന്ന ജോലിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ തുക തികച്ചും അപര്യാപ്തമാണെന്നുള്ളത് പൊതുസമൂഹം ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. ഇവർക്കൊപ്പം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5000 രൂപയ്ക്ക് നിയമിതരായ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ഇപ്പോഴത്തെ പ്രതിമാസ വേതനം 18,500 രൂപയാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ പ്രതിമാസ വേതനം ഏറ്റവും ചുരുങ്ങിയത് തൊഴിലുറപ്പ് പദ്ധതിയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നൽകുന്ന 18500 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 12-1-2017-ൽ കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം സി.ഡി.എസ് അക്കൗണ്ടന്റുമാർ ഉൾപ്പെടെ കുടുംബശ്രീയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 15 വിഭാഗം ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഗവേണിംഗ് ബോഡിയുടെ ശിപാർശ അടങ്ങുന്ന പ്രൊപ്പോസൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്. അന്തിമ തീരുമാനമാകുന്നമുറയ്ക്ക് ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

11.00 am.]

(7) അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള പ്രായപരിധി ഉയർത്തൽ

ശ്രീ. ഡി. കെ. മുരളി: സർ, ഹൈസ്കൂൾ അസിസ്റ്റന്റ്, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ, കോളേജ് അദ്ധ്യാപകർ എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് അപേക്ഷിക്കേണ്ട പ്രായപരിധി 18 വയസ്സ് മുതൽ 40 വയസ്സുവരെയാണ്. എന്നാൽ ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാനുള്ള യോഗ്യത ബിരുദവും ബി.എഡ്.-ഉം ആണെന്നിരിക്കെ 22 വയസ്സാകാത്ത ഒരാളിനും ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിലേയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 20 വയസ്സ് മുതൽ 40 വയസ്സുവരെയാണ്. ഈ തസ്തികയിലേയ്ക്കുവേണ്ട യോഗ്യത ബിരുദാനന്തര ബിരുദവും ബി.എഡ്.-ഉം സെറ്റുമാണ്. 24 വയസ്സാകാത്ത ഒരു ഉദ്യോഗാർത്ഥിക്കും അപേക്ഷിക്കാനാകില്ല. അതുപോലെ കോളേജ് അദ്ധ്യാപക തസ്തികയുടെ കാര്യവും മറിച്ചല്ല. ബിരുദവും ബിരുദാനന്തര ബിരുദവും നെറ്റ് യോഗ്യതയും നേടുന്നവർക്കാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ കഴിയുന്നത്. 23 വയസ്സാകാത്ത ഒരു ഉദ്യോഗാർത്ഥിക്കും ഈ തസ്തികയിലേയ്ക്കും അപേക്ഷിക്കാൻ കഴിയില്ല. എച്ച്.എസ്.എസ്.ടി. തസ്തിക സംബന്ധിച്ച് 2010-ൽ വിജ്ഞാപനം വന്നതിനുശേഷം 2017 ആയിട്ടും പുതിയ വിജ്ഞാപനം ആയിട്ടുമില്ല. അതുകൊണ്ടുതന്നെ അവസരങ്ങൾ നിഷേധിക്കപ്പെടുകയാണ്. 2007-ൽ വിജ്ഞാപനംവന്ന മലയാളം അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിൽ 57 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. 2012-ൽ വിജ്ഞാപനം വന്ന ഇതേ തസ്തികയുടെ റാങ്ക് ലിസ്റ്റ് 2017 ജനുവരിയായിട്ടും വന്നിട്ടില്ല. 22 വയസ്സ് മുതൽ 40 വയസ്സുവരെ പ്രായപരിധിയിലുള്ള ഒരു ഉദ്യോഗാർത്ഥിക്ക് അപേക്ഷിക്കാൻ കിട്ടുന്ന അവസരം രണ്ടോ മൂന്നോ തവണ മാത്രമാണ്. ആയതിനാൽ അദ്ധ്യാപക തസ്തികകൾക്ക് അപേക്ഷിക്കേണ്ട പ്രായപരിധി 22 വയസ്സ് മുതൽ 45 വയസ്സുവരെയായി പുതുക്കി നിശ്ചയിക്കേണ്ടത് അത്യാവശ്യമാണ്. ഈയിടെ വിജ്ഞാപനം വന്ന സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ ഹയർ സെക്കന്ററി വിഭാഗത്തിന് പ്രായപരിധി 18 മുതൽ 45 വയസ്സുവരെയായി ഉയർത്തിയിരുന്നു. അതുപോലെതന്നെ മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസിലേയ്ക്ക് അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള പ്രായപരിധി 21 വയസ്സ് മുതൽ 46 വയസ്സുവരെയാണ്. അംഗീകൃത സർവ്വകലാശാലയിൽനിന്ന് എം.ബി.ബി.എസ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്ന ഈ തസ്തികയ്ക്ക്

സമാനമാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക തസ്തികകൾ. ആയതിനാൽ മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിശോധിച്ച് അദ്ധ്യാപക തസ്തികകളുടെ ഉയർന്ന പ്രായപരിധി 45 വയസ്സാക്കണമെന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. 2014 മുതൽ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾ കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനത്തിൻ കീഴിലാണ് വരുന്നത്. അവരുടെ പെൻഷൻ പ്രായംതന്നെ 60 വയസ്സാകുകയാണ്. ഈ സാഹചര്യം ഗൗരവമായി പരിഗണിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഹൈസ്കൂൾ അസിസ്റ്റന്റ്, ഹയർ സെക്കന്ററി അദ്ധ്യാപകർ, കോളേജ് അദ്ധ്യാപകർ എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാനുള്ള താഴ്ന്ന പ്രായപരിധി 18 വയസ്സും ഉയർന്ന പ്രായപരിധി 40 വയസ്സുമാണ്. ഇവർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ നേടിയെടുക്കാൻ ചുരുങ്ങിയത് 23 വയസ്സാകുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ എന്നത് വസ്തുതയാണ്. പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്ന തസ്തികകളുടെ പ്രായപരിധി നിഷ്കർഷിക്കുന്നത് അതത് തസ്തികകളുടെ വിശേഷാൽ ചട്ടങ്ങളിലാണ്. വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള ഉയർന്ന പ്രായം 2012 ഏപ്രിൽ മുതൽ പൊതുവിൽ ഒരു വർഷം ഉയർത്തി 2014-ലെ പബ്ലിക് സർവ്വീസ് റൂൾസ് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ എസ്.സി/എസ്.റ്റി, ഒ.ബി.സി. വിഭാഗത്തിനുള്ള വയസ്സിളവ് ഉൾപ്പെടെ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായം 50 വയസ്സ് കഴിയരുതെന്ന് പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ തസ്തികകൾക്ക് അപേക്ഷിക്കാനുള്ള നിലവിലുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല.

## (8) ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ നിയമനം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2013-ൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 29 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുകയുണ്ടായി. അക്കൂട്ടത്തിലുള്ള ഒരു സ്കൂളാണ് എന്റെ മണ്ഡലത്തിലുള്ള ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂൾ. ഈ ഹൈസ്കൂളിൽ 1200-ൽപ്പരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഏറക്കുറെ ഇങ്ങനെ ഉയർത്തപ്പെട്ട എല്ലാ സ്കൂളുകളും ആയിരത്തിൽപ്പരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളാണ്. മാത്രമല്ല, ചാലിയപ്പുറം ഹൈസ്കൂൾ 2 തവണ 100 ശതമാനം വിജയം നേടിയിട്ടുണ്ട്. ഈ സ്കൂളിൽ ഇപ്പോൾ ഹെഡ്മാസ്റ്ററും അദ്ധ്യാപകരുമില്ല. ആ സ്കൂളിന്റെ തലവനെന്ന് പറയുന്നത് യു.പി.

സ്കൂളിന്റെ ഹെഡ്മാസ്റ്ററാണ്. അനുബന്ധ സ്റ്റാഫുമില്ല. നാട്ടുകാർ പിരിവെടുത്ത് ശമ്പളം കൊടുത്തുകൊണ്ടാണ് താൽക്കാലിക അദ്ധ്യാപകർ അവിടെ ജോലി ചെയ്യുന്നത്. ഈ സ്കൂളിൽ പോസ്റ്റ് ക്രിയേഷൻ നടത്തി ഹെഡ്മാസ്റ്ററെയും എച്ച്.എസ്.എ.-മാരെയും അനുബന്ധ സ്റ്റാഫിനെയും നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് യു.പി. സ്കൂൾ, ചാലിയപ്പുറം ഉൾപ്പെടെ 30 ഗവൺമെന്റ് യു.പി. സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് 2013-14-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ഈ സ്കൂളുകളിലെ ഉയർന്ന ക്ലാസ് 7-ാം ക്ലാസ് ആയതിനാൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരമുള്ള മാനദണ്ഡങ്ങൾവച്ച് ഇവ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യാൻ സാധിച്ചില്ല. പിന്നീട് ഈ സ്കൂളുകളിൽ 7-9-2013-ലെ സർക്കാർ ഉത്തരവുപ്രകാരം 8-ാം ക്ലാസ് അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ അപ്പോഴും അതിനെ ആർ.എം.എസ്.എ. സ്കൂളായി അപ്ഗ്രേഡ് ചെയ്തിരുന്നില്ല. തുടർന്ന് 2014-15, 2015-16 വർഷങ്ങളിൽ വീണ്ടും അപ്ഗ്രഡേഷന് അപേക്ഷ സമർപ്പിച്ചുവെങ്കിലും ആർ.എം.എസ്.എ. പദ്ധതി പ്രകാരം അംഗികരിച്ചില്ല. UDISE മാനദണ്ഡപ്രകാരം 5 കിലോമീറ്റർ ചുറ്റളവിൽ വേറെ ഹൈസ്കൂളുകൾ ഉള്ളതാണ് പ്രധാന കാരണം. എന്നാൽ 17.10.2016-ലെ ഉത്തരവ് പ്രകാരം ടി സ്കൂളുകൾ ഉൾപ്പെടെയുള്ള 29 സ്കൂളുകളെയും സാധാരണ സർക്കാർ സ്കൂളുകളായി കണക്കാക്കി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ കെ.ഇ.ആർ. പ്രകാരം നിർണ്ണയിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇപ്പോഴാണ് ആർ.എം.എസ്.എ. സ്കൂൾ, സർക്കാർ സ്കൂളായി അംഗീകരിച്ചത്. അതിനുമുമ്പ് അതിനു കഴിഞ്ഞില്ലെന്നുള്ളതാണ് ഈ സ്കൂളിന്റെ പ്രത്യേകത. ഇപ്പോൾ അവിടെ തസ്തിക നിർണ്ണയിക്കാൻ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ സ്കൂൾ ആണെന്നുള്ളതുകൊണ്ട് അവിടെ പി.ടി.എ. ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിക്കേണ്ടതില്ല. സർക്കാർ സ്കൂളിൽ തസ്തിക നിർണ്ണയിച്ചുകഴിഞ്ഞാൽ അദ്ധ്യാപകരില്ലെങ്കിൽ അവിടെ പി.ടി.എ. അല്ലാതെതന്നെ ഡെയ്‌ലി വേജസിന് അദ്ധ്യാപകരെ വയ്ക്കാവുന്നതാണ്. ടി സ്കൂൾ ഉൾപ്പെടെയുള്ള 29 സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെയും ഓഫീസ് സ്റ്റാഫിനെയും നിയമിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

ശ്രീ. അൻവർ സാദത്ത്: .... പ്രതിപക്ഷത്തിന് കൂടുതൽ സബ്മിഷനുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുന്നില്ല. ഇന്ന് 2 സബ്മിഷനുകൾ മാത്രമാണ് പ്രതിപക്ഷത്തിന് കിട്ടിയത്. സബ്മിഷനെന്നത് ആരുടെയും ഔദാര്യമല്ല, അത് അംഗങ്ങളുടെ അവകാശമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. ഇന്ന് 8 സബ്മിഷനുകളാണ് എടുത്തിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: പ്രതിപക്ഷത്തിന് കൂടുതൽ സബ്മിഷനുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകണം. പ്രതിപക്ഷാംഗങ്ങൾ എഴുതിക്കൊടുക്കുന്ന സബ്മിഷനുകളൊന്നും അനുവദിച്ചുതരുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. ഒരു ദിവസം 10 സബ്മിഷനുകളാണ് എടുക്കുന്നത്. ഇന്ന് 8 എണ്ണമാണ് എടുത്തത്. ഒരു സബ്മിഷനാണ് അടിയന്തര പ്രമേയമായി മാറ്റിയത്.

ശ്രീ. പി. ടി. തോമസ്: ആ 8 എണ്ണത്തിൽ 2 എണ്ണം മാത്രമാണ് പ്രതിപക്ഷത്തിന് കിട്ടിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിലെ കീഴ്വഴക്കമനുസരിച്ച് ഭരണകക്ഷിയാണെങ്കിലും പ്രതിക്ഷമാണെങ്കിലും മെമ്പർമാർക്ക് സബ്മിഷൻ equal ആയാണ് കൊടുക്കാറുള്ളത്. പ്രതിപക്ഷ നേതാവിന് അത് കൂടാതെയാണ് കൊടുക്കുന്നത്. പ്രതിപക്ഷനേതാവ് എല്ലാ സമയത്തും സബ്മിഷൻ അവതരിപ്പിക്കാറില്ല. സഭയുടെ കീഴ്വഴക്കം അതാണ്. അങ്ങ് പരിശോധിക്കണം. ഇക്കാര്യം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ നേരിട്ട് പറഞ്ഞതാണ്. ഭരണ-പ്രതിപക്ഷ മെമ്പർമാർക്ക് അവരവരുടെ മണ്ഡലങ്ങളിലെ ആവശ്യങ്ങൾ സബ്മിഷനിലൂടെ ഉന്നയിക്കാൻ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങളിൽ കുറച്ചുകൂടി നീതി പ്രതിപക്ഷത്തോട് കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## V. ഗവൺമെന്റ് പ്രമേയം

### ജനിതകമാറ്റം വരുത്തിയ കടുക് വിത്ത്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുമതി ആവശ്യമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ജനറ്റിക് എഞ്ചിനീയറിംഗ് അപ്രൈസൽ കമ്മിറ്റി 2017 മേയ് മാസം 11-ാം തീയതി ജനിതകമാറ്റം വരുത്തിയ കടുകിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനും കൃഷിക്കും അംഗീകാരം നൽകിയെന്ന വസ്തുത വളരെ ഖേദകരമാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുംകൂടി ഇത്

അംഗീകരിക്കുകയാണെങ്കിൽ ജനിതകമാറ്റം വരുത്തിയ വിളകൾ അതത് സംസ്ഥാനങ്ങളുടെ അംഗീകാരത്തോടുകൂടി വാണിജ്യാടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി ചെയ്യപ്പെടും. ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. ജനിതകമാറ്റം വരുത്തിയ പരുത്തിക്കും വഴുതനയ്ക്കുമാണ് ഇതുവരെ കേന്ദ്രസർക്കാർ അംഗീകാരം നൽകിയിരുന്നത്. വഴുതനയ്ക്ക് 2009-ൽ നൽകിയ അനുമതി 2010-ൽ കേന്ദ്ര സർക്കാർതന്നെ പിൻവലിച്ചതുമാണ്. ജനിതകമാറ്റം വരുത്തിയ ഉൽപ്പന്നങ്ങൾ ആരോഗ്യപരമായി വരുത്താവുന്ന പ്രശ്നങ്ങളെപ്പറ്റി നടത്തിയ പഠനങ്ങൾ സംശയാസ്പദമായതിനാലാണ് ഇതുവരെ ഭക്ഷണത്തിന് ഉപയോഗിക്കുന്ന വിളകളിൽ ഈ വിദ്യ വാണിജ്യപരമായി പ്രയോഗിക്കാൻ അനുമതി നൽകാതിരിക്കുന്നത്. എന്നാൽ ജി.എം. കടുകിന് അംഗീകാരം നൽകുകവഴി കേന്ദ്ര സർക്കാർ ജനങ്ങളുടെ ആരോഗ്യത്തിനും കൃഷിത്തനിമയിലും കരിനിഴൽവീഴ്ത്തുകയാണ് ചെയ്തത്. ഭക്ഷ്യ എണ്ണയുടെ സ്വയംപര്യാപ്തതയെന്ന ഉദ്ദേശ്യ ലക്ഷ്യം രാജ്യം നിറവേറ്റാൻ ശ്രമിക്കുന്ന ഈ അവസരത്തിൽ ആ പേരും പറഞ്ഞ് ജനിതകമാറ്റം വരുത്തിയ കടുകിന്റെ കൃഷിക്ക് അംഗീകാരം നേടാമെന്ന നിഗൂഢലക്ഷ്യത്തോടുകൂടിയാണ് ചില തൽപ്പരകക്ഷികൾ ശ്രമിക്കുന്നത്. ഏകദേശം 72-ഓളം വിളകൾ ജി.എം. പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ജി.എം. കടുകിന് അംഗീകാരം നേടിക്കഴിഞ്ഞാൽ ഒന്നിനുപുറകെ മറ്റ് ജി.എം. വിളകളും കൃഷിക്ക് സജ്ജമാക്കാമെന്നാണ് അവരുടെ കണക്കുകൂട്ടൽ. ഈ തീരുമാനം കൃഷിക്കും കൃഷിക്കാർക്കും രാജ്യത്തിനും ഭീഷണിയാണ്. ജനങ്ങളുടെ ഹിതത്തിനെതിരായ ഇത്തരം തീരുമാനങ്ങൾ താഴെപ്പറയുന്ന കാരണങ്ങളാൽ ഭൂഷണമല്ലെന്ന് കാണുന്നു. ജനിതകമാറ്റം വരുത്തിയ വിളകൾ വളരെ കൂടുതൽ വിളവ് തരുമെന്നത് തെളിയിക്കപ്പെട്ടിട്ടില്ല. ഉദാഹരണം ജി.എം. പരുത്തി. ജി.എം. വിളകൾ പുതിയതരം കീടങ്ങളെ ആകർഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കീടബാധകൾ നിയന്ത്രിക്കുന്നതിന് വീര്യംകൂടിയതും ചെലവേറിയതുമായ രാസ കീടനാശിനികളും അവയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ടി പുതിയതരം രാസവളങ്ങളും പ്രയോഗിക്കേണ്ടി വരുമെന്നതും ഒരു വസ്തുതയാണ്. ഇത് ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും പഠനങ്ങൾ കാണിക്കുന്നു. കൂടാതെ ജി. എം. വിളകളുടെ പ്രിതിരോധശേഷി സ്ഥായിയാകണമെന്നുമില്ല. ജി.എം. വിളകൾ ചെലവേറിയതും അവയുടെ പരിപാലനമുറകൾ ബുദ്ധിമുട്ടേറിയതുമാണ്. ജി.എം. വിളകൾ നാടൻ വിളകളുടെ ജനുസ് നശിപ്പിക്കുന്നതാണ്. ജനിതകമാറ്റം വരുത്തിയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമല്ലെന്ന കാര്യം പൂർണ്ണമായും ഇതുവരെയും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ജിം.എം. വിളകൾ കുത്തകകമ്പനികളുടെ കൈവശമെത്തിച്ചേരുമ്പോൾ കർഷകർക്ക് താങ്ങാനാവാത്ത വില

നൽകേണ്ടിവരുകയും അതിന്റെ ചെലവേറിയ കൃഷിമുറകൾ അവരെ ദുരിതത്തിലാഴ്ത്തുകയും ചെയ്യും. ജൈവകൃഷിയെന്ന ആശയത്തെ നശിപ്പിച്ച് ആ മേഖലയിൽ ഭാരതത്തിന്റെ കർഷകർ ഉണ്ടാക്കിയ സൽപ്പേര് കളങ്കപ്പെടുത്തുകയും കയറ്റുമതിയെ ബാധിക്കുകയും ചെയ്യുന്നതാണ്. ആയുർവ്വേദം പോലുള്ള ചികിത്സകളിൽ എണ്ണകളുടെ പ്രാധാന്യം വളരെ വലുതാണ്. ജനിതകമാറ്റം വരുത്തിയ എണ്ണകൾ മരുന്നിനായി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഫലപ്രാപ്തി പ്രവചിക്കാൻ സാധ്യമല്ല. 2012 ആഗസ്റ്റ് 9-ാം തീയതിയിലെ കൃഷി പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ജി.എം. വിളകളുടെ ഫീൽഡ് പരീക്ഷണംപോലും തടയണമെന്ന് ശിപാർശ ചെയ്തിട്ടുള്ളതാണ്. ഡോ. എം. എസ്. സ്വാമിനാഥനെപ്പോലുള്ള കൃഷിവിദഗ്ദ്ധൻമാർപോലും ബി. ടി. വഴുതനയുടെ മേന്മയെപ്പറ്റി ആശങ്ക പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്. ജിം.എം. വിളകളുടെ വരവോടെ പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് ആക്ട് 2001 അനുസരിച്ച് കർഷകന്റെ വിത്ത് സൂക്ഷിക്കാനും ഉപയോഗിക്കാനും കൈമാറ്റം ചെയ്യാനും വിൽക്കാനുമുള്ള അവകാശം നിഷേധിക്കപ്പെടുകയാണ്. ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളും ജി.എം. വിളകൾക്കെതിരാണ്. മേൽപ്പറഞ്ഞ ആശങ്കകൾ സംസ്ഥാന മന്ത്രിസഭയുടെ അനുമതിയോടെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുള്ളതും ജി.എം. വിളകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനും കൃഷിക്കും അനുമതി നൽകാനുള്ള ജി.എ.സി.-യുടെ തീരുമാനങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഒട്ടേറെ എതിർപ്പുണ്ടായിട്ടും ജനിതകമാറ്റം വരുത്തിയ കടുക് വിത്തിന്റെ വാണിജ്യാവശ്യത്തിനുള്ള ഉൽപ്പാദനത്തിനും കൃഷിക്കും അനുമതി നൽകുവാൻ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയവും മന്ത്രാലയത്തിന് കീഴിലുള്ള ജനിറ്റിക് എഞ്ചിനീയറിംഗ് അപ്രൈസൽ കമ്മിറ്റിയും എടുത്ത തീരുമാനങ്ങൾ നടപ്പാക്കരുതെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ പ്രമേയം വളരെ പ്രധാനപ്പെട്ട ഒന്നാണ്. സഭയിൽ ഇന്ന് ചർച്ച നടത്തുവാൻ കഴിഞ്ഞില്ലെങ്കിലും ഇതിനെപ്പറ്റി വളരെ വിശദമായ ഒരു ചർച്ച ആവശ്യമാണ്. കാരണം ജി.എം. വിളകളെ സംബന്ധിച്ചുള്ള വലിയ ആശങ്ക സംസ്ഥാനത്തും രാജ്യത്തും നിലനിൽക്കുകയാണ്. അപ്പോൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെക്കുറിച്ച് ഈ സെഷനിൽ അല്ലെങ്കിൽ അടുത്ത സെഷനിൽ സഭയിൽ ചർച്ച ചെയ്യുന്നതിനുള്ള അവസരമൊരുക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ പ്രമേയം പിന്നീട് ചർച്ച ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കുന്നതാണ്.

## VI. റിപ്പോർട്ട് സമർപ്പണം

2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

## (2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ:

### (1) സ്വകാര്യ ആശുപത്രികളുടെ ചൂഷണവും യോഗ്യതയില്ലാത്ത ജീവനക്കാരും

(2017 മേയ് മാസം 5-ാം തീയതി ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച പ്രമേയം)

(തുടർ ചർച്ച)

ശ്രീമതി യു. പ്രതിഭ ഹരി: സർ, കഴിഞ്ഞ ദിവസം ബഹുമാന്യനായ സി. മമ്മൂട്ടി അവതരിപ്പിച്ച സ്വകാര്യ പ്രമേയം വളരെ അർത്ഥവത്തായ, വളരെ കണ്ടന്റുള്ളതായിരുന്നു. അദ്ദേഹം ആ പ്രമേയം അവതരിപ്പിച്ചപ്പോൾ എനിക്ക് തോന്നിയത് നമ്മുടെ ഗവൺമെന്റിലുള്ള വലിയ വിശ്വാസത്തിന്റെ ഭാഗമായിട്ടാണ് ആ പ്രമേയം അവതരിപ്പിച്ചതെന്നാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഡ്രാഫ്റ്റ് കഴിഞ്ഞ മന്ത്രിസഭായോഗം അംഗീകരിക്കുകയുണ്ടായി. സ്വകാര്യ ആശുപത്രികൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് സ്വകാര്യ ആശുപത്രികളിലെ ചികിത്സാച്ചെലവുകൾപ്പെടെ നിയന്ത്രിക്കാനുള്ള ശക്തമായ നിയമനിർമ്മാണം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിലൂടെ നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആ പശ്ചാത്തലത്തിലാണ് ബഹുമാനപ്പെട്ട എം.എൽ.എ. അത്തരമൊരു പ്രമേയവുമായി രംഗത്തുവന്നത്. അദ്ദേഹത്തിന്റെ പ്രതീക്ഷയെ തീർച്ചയായും ഈ അവസരത്തിൽ കാണാതെ പോകുവാൻ കഴിയുകയില്ല. കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിൽ ഏകദേശം 34 ശതമാനം ആളുകൾ മാത്രമാണ് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നത്. മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മരണനിരക്ക് കുറവാണെങ്കിലും രോഗാതുരമായി ജീവിക്കുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്. ചികിത്സയ്ക്കുവേണ്ടി വലിയ തോതിൽ പണം ചെലവഴിക്കുന്നവരാണ് കേരളത്തിലെ ആളുകൾ. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒരു ഫ്ലാഷ് വിസിറ്റ് നടത്തുകയുണ്ടായി. ദൃശ്യമാധ്യമങ്ങളിലൂടെ അതിന്റെ ദൃശ്യങ്ങൾ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. പലപ്പോഴും ഓരോ മേഖലകളിലേയും പ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ് നമ്മൾ മീറ്റിംഗുകൾ വിളിക്കുന്നത്. നൂറുകണക്കിന് മീറ്റിംഗുകൾ നടത്തുന്നതിനെക്കാൾ ഏറ്റവും നല്ലത് ഒരു സ്ഥാപനത്തിലേയ്ക്ക് നേരിട്ട് സന്ദർശനം നടത്തുന്നതാണ്. ആ രീതിയിൽ വലിയൊരു പ്രതീക്ഷയാണ് ആരോഗ്യ വകുപ്പുമന്ത്രിയുടെ വിസിറ്റിലൂടെ ഉണ്ടായത്. വളരെ ശക്തമായ ഇടപെടലിലൂടെ തന്നെയാണ് ആരോഗ്യ വകുപ്പുമന്ത്രി അവിടേയ്ക്ക് ചെന്നത്. എനിക്ക് തോന്നുന്നത്

എല്ലാ മെഡിക്കൽ കോളേജുകളിലും ഇതുപോലുള്ള പരിശോധനകൾ നടത്തണമെന്നാണ്. ആലപ്പുഴ ജില്ലയിലെ വണ്ടാനം മെഡിക്കൽ കോളേജ് അടക്കമുള്ള സ്ഥലങ്ങളിൽ ഇതുപോലുള്ള വിസിറ്റുകൾ നടത്തണമെന്ന് ഞാനും ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിട്ടുണ്ട്. ഇതുപോലുള്ള വിസിറ്റുകൾ നടത്തിയാൽ ജീവനക്കാരുടെ ഭാഗത്തുനിന്ന് എവിടെയെങ്കിലും കാര്യക്ഷമതക്കുറവുണ്ടെങ്കിൽ അതുകൂടി പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും. ഇപ്പോൾ നമ്മുടെ നാട്ടിൽ ഡെങ്കിപ്പനിയും എച്ച്1 എൻ1 പോലുള്ള അസുഖങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. പലപ്പോഴും ഏറ്റവും നല്ല ചികിത്സ കിട്ടുന്നത് സർക്കാർ ആശുപത്രികളിൽ തന്നെയാണ്. ഇപ്പോൾ പനിയുടെ കാലമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലടക്കം മികച്ച ചികിത്സ ലഭ്യമാക്കിയാൽ, ആളുകൾക്ക് അവിടെ വിശ്വാസം വന്നുകഴിഞ്ഞാൽ കൂടുതൽ ആളുകൾ അവിടേയ്ക്ക് പോകുന്ന സ്ഥിതിയുണ്ടാകും. സ്വകാര്യ ആശുപത്രികളിലേയും മെഡിക്കൽ കോളേജുകളിലേയും തിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. അവിടെയാണ് 'ആർദ്രം മിഷൻ' എന്നപേരിൽ വലിയൊരു ഇടപെടൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളൊക്കെ പലപ്പോഴും ചർച്ചകളിൽ 'ആർദ്രം' പദ്ധതി ഒരു സ്വപ്നമാണെന്നൊക്കെ പറയാറുണ്ട്. 'ആർദ്രം' ഒരു സത്യമായിത്തുടങ്ങി. 170 ആശുപത്രികളിൽ അഡീഷണൽ ഡോക്ടർമാരെയും ലാബ് ടെക്നീഷ്യൻമാരെയും മറ്റ് സംവിധാനങ്ങളും ഒരുക്കിക്കൊണ്ട് കേരളത്തിൽ 'ആർദ്രം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാർക്കും അതിന്റെ പ്രയോജനം അവരുടെ മണ്ഡലങ്ങളിൽ ലഭിച്ചുതുടങ്ങുകയാണ്. വലിയ രൂപത്തിൽ കുത്തഴിഞ്ഞുകിടക്കുന്ന ഒരു മേഖലയായിരുന്നല്ലോ കേരളത്തിലെ ആരോഗ്യ രംഗം. എന്റെ ഓർമ്മയിൽ ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏകദേശം രണ്ട് വർഷം മുമ്പ് ഒരു ക്യാൻസർ രോഗി റേഡിയേഷൻ കൊടുക്കാൻ കിടത്തിയിരുന്ന ടേബിളിൽനിന്ന് വീണ് മരിക്കുന്ന ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. അതുപോലെ ഇടതുകാൽ ഒടിഞ്ഞുവന്ന ചിലർക്ക് വലതുകാലിൽ പ്ലാസ്റ്ററിട്ട അവസ്ഥയൊക്കെ അന്ന് ആ മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്നു. ആ നിലയിൽനിന്ന് ആശുപത്രികളെ മാറ്റിയെടുക്കുന്നതിനുള്ള വലിയൊരു പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്നതും ഈ അവസരത്തിൽ പ്രത്യേകമായി എടുത്തുപറയുകയാണ്.

ഇന്ന് പ്രമേഹം, കൊളസ്ട്രോൾ, പ്രഷർ ഇത്തരത്തിലുള്ള എല്ലാ അസുഖങ്ങളും മിക്കവാറും കേരളത്തിലെ എല്ലാ വീടുകളിലും ആളോഹരിയായുണ്ട്. ഇതിനുവേണ്ടി അമിതമായി മരുന്ന് കഴിക്കുന്നവരുണ്ട്. സ്വകാര്യ ആശുപത്രികൾ

സാധാരണക്കാരായ ആളുകളെ ആവശ്യമില്ലാത്ത മരുന്ന് കഴിപ്പിക്കുന്ന ഒരു പ്രവണതയും നിലനിൽക്കുന്നുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രാവർത്തികമാകുന്നതോടെ അത്തരത്തിലുള്ള ചൂഷണം കുറയ്ക്കുന്നതിനുള്ള വലിയൊരു ഇടപെടൽ നടത്താൻ കഴിയുമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

അവയവമാറ്റ ശസ്ത്രക്രിയകൾ ധാരാളമായി നടക്കുന്ന ഒരു നാടായി ഇന്ന് കേരളം മാറിയിട്ടുണ്ട്. മുൻകാലത്ത് കേരളത്തിൽ കാണുന്ന ഒരു പ്രവണത ആർക്കെങ്കിലും അവയവമാറ്റ ശസ്ത്രക്രിയ നടത്തണമെങ്കിൽ പാട്ടുപാടിയും നാട്ടിലിറങ്ങി പണം പിരിച്ചുമായിരുന്നു പണം കണ്ടെത്തിക്കൊണ്ടിരുന്നത്. അങ്ങനെയൊരു അവസ്ഥ ഇപ്പോൾ കേരളത്തിൽ മാറിയിരിക്കുന്നു. സർക്കാർ ആശുപത്രികളിൽ അതിനുവേണ്ട മെച്ചപ്പെട്ട ചികിത്സ കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. അതിനുശേഷമുള്ള ഇവരുടെ ജീവിതവും ക്ലേശകരമാണ്. പുതിയ ആരോഗ്യ നയം പ്രഖ്യാപിച്ചപ്പോൾ അവർക്ക് തുടർജീവിതത്തിൽ മുന്നോട്ടുപോകാൻ കഴിയുന്ന ചില സഹായങ്ങൾകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. എന്തായാലും വലിയ പ്രതീക്ഷ, വലിയൊരു ഇടപെടൽ ആരോഗ്യ രംഗത്ത് നടക്കുന്ന അവസരത്തിലാണ് ബഹുമാനപ്പെട്ട അംഗം ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ചത്. ഒരിക്കൽക്കൂടി അതിന്റെ കണ്ടന്റിനെ ഉൾക്കൊണ്ടുകൊണ്ട് ഇത്തരത്തിലൊരു വലിയമാറ്റം കേരളത്തിൽ വരുന്ന നാല് വർഷംകൊണ്ട് ഉണ്ടാകുമെന്നുള്ള ശുഭപ്രതീക്ഷയോടുകൂടി ഇതിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സംസ്ഥാനത്ത് 93 ശതമാനം സ്വകാര്യ ലാബുകൾ അംഗീകാരമില്ലാത്തവയാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നുള്ള വാർത്ത ആശങ്ക സൃഷ്ടിക്കുന്നതാണ്. 4333 ലാബുകൾ പ്രവർത്തിക്കുന്നതിൽ ഏറ്റവും കൂടുതൽ തൃശ്ശൂരും ഏറ്റവും കുറവ് വയനാടുമാണെന്ന് പറയുന്നു. പക്ഷേ ഈ ലാബുകളെല്ലാം വളരെ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്നവയാണ്. ഒരു ലാബിനുവേണ്ട മിനിമം സൗകര്യങ്ങൾപോലും ഇല്ലെന്നാണ് പറയുന്നത്. പരിശോധനയ്ക്ക് പോകുന്ന ആളുകൾക്ക് ഇരിക്കാനുള്ള സംവിധാനങ്ങളോ ലാട്രിൻ സംവിധാനമോ വെള്ളമോ ഒന്നുമില്ലാത്ത വളരെ മോശപ്പെട്ട സാഹചര്യങ്ങളുള്ള ലാബുകളാണെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആരോഗ്യ വകുപ്പിന്റെ പരിശോധനയിൽ 25 ശതമാനം ലാബ് ജീവനക്കാർക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയില്ലെന്നുപറയുന്നത് അതിനേക്കാൾ ഞെട്ടിപ്പിക്കുന്ന കാര്യമാണ്. ഇതിൽ 35 ശതമാനം ലാബുകൾക്ക് രജിസ്ട്രേഷനില്ല. 60 ശതമാനം ലാബുകളിലും

രോഗനിർണ്ണയങ്ങൾ നടത്തുന്നില്ല. അവർ സാമ്പിളുകൾ മറ്റ് ലാബുകളിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ള പരിശോധനാ ഫലമാണ് നമുക്ക് ലഭ്യമാക്കുന്നത്. ഗുരുതരമായി രോഗം ബാധിച്ചവരുടെ ജീവന് ഭീഷണിയാകുന്ന തരത്തിലാണ് ഇക്കാര്യങ്ങൾ പോകുന്നത്. സ്വകാര്യ ആശുപത്രികളിലെയും ലാബുകളിലെയും പരിശോധനാ നിരക്കും സംവിധാനങ്ങളും ഏകീകരിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ലാബിന്റെ തരംതിരിവ് പ്രത്യേകമായി ഉണ്ടാകണം. നിലവിലുള്ള ലാബുകളെ പ്രൈമറി ലെവൽ, സെക്കന്ററി ലെവൽ എന്നിങ്ങനെ മൂന്ന് ലെവലുകളായി തരംതിരിച്ച് ഫീസ് ഘടന പരിഷ്കരിക്കണം. പലപ്പോഴും ആശുപത്രികളിൽ അനാവശ്യമായ പരിശോധനയും ആവശ്യമില്ലാത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും നിർബന്ധിതമായ സ്ഥിതിവരുന്നു. അത് ഡോക്ടർമാരും ലാബുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ ഭാഗമായി വരുന്നതാണ്. അതൊക്കെ നിയന്ത്രിക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടതുണ്ട്.

ഷുഗർ, പ്രഷർ, കൊളസ്ട്രോൾ എന്നിവയൊക്കെ തീരുമാനിക്കുന്നത് അന്താരാഷ്ട്ര മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിന് യാതൊരു വ്യവസ്ഥയും മെഡിക്കൽ കൗൺസിലിൽ ഉണ്ടാകുന്നില്ല. അതൊക്കെ ഈ ബില്ലിന്റെ പരിധിയിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഈ രംഗത്ത് നിരവധി നല്ല കാര്യങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ മരുന്ന് നൽകുന്ന നടപടി അഭിനന്ദനാർഹമാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ഈ പ്രമേയത്തിന് അടിസ്ഥാനമായിട്ടുള്ളത്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. വളരെ പരിതാപകരമായ അവസ്ഥ ചില സ്ഥാപനങ്ങളിലുണ്ട്. സ്വാശ്രയ സ്ഥാപനങ്ങൾ ധാരാളമായി വന്നപ്പോൾ അവർക്കെന്തുമാകാമെന്ന ഒരവസ്ഥ ചില സ്ഥാപനങ്ങളിലുണ്ട്. അത് കർശനമായി നിയന്ത്രിച്ചില്ലെങ്കിൽ ഒരു സംസ്ഥാനത്തെ ജനജീവിതത്തിന്റെ മൊത്തം ആരോഗ്യസ്ഥിതിയാണ് മോശമാകാൻ പോകുന്നത്. ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും പരിമിതമായ സമയത്തിനുള്ളിൽ ധാരാളം കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്ക് വ്യത്യസ്തമായ ഫീസ് ഈടാക്കുന്ന ഒരവസ്ഥയുണ്ട്. ഒരേ തരത്തിലുള്ള ഓപ്പറേഷന് വ്യത്യസ്ത സ്വകാര്യ ആശുപത്രികളിൽ വ്യത്യസ്ത ഫീസ് ഈടാക്കുന്നതായി കാണാറുണ്ട്. അതുപോലെതന്നെ സാധാരണയായി നമ്മൾ നിഷ്കർഷിക്കുന്ന പശ്ചാത്തല

സൗകര്യങ്ങൾ ആശുപത്രിയിലും ലാബുകളിലുമെല്ലാം ഒരുക്കേണ്ടതാണ്. സ്വകാര്യ ലാബുകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചത് വസ്തുതയാണ്. എല്ലാമെന്ന് പറയുന്നില്ല, ചില ലാബുകൾ എല്ലാ സൗകര്യങ്ങളോടുകൂടി ശാസ്ത്രീയമായി ചെയ്യുന്നുണ്ട്. സ്വകാര്യ മേഖലയിലും അത്തരത്തിലുള്ള ചിലത് കാണാം. ഫീസ് കൂടുതലാണെങ്കിലും ചിലപ്പോൾ സൗകര്യങ്ങളുടെ കാര്യത്തിൽ മെച്ചപ്പെട്ടതുണ്ട്. എന്നാൽ ഫീസിന്റെ കാര്യത്തിലും പശ്ചാത്തല സൗകര്യമില്ലാത്തതും വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ആളുകൾ ജോലി ചെയ്യുന്നതുമായ ലാബുകളുടെ കാര്യങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ്തന്നെ ഒരു നിയമം കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റും ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ. കേരള സർക്കാർ കേരളത്തിന്റെ പ്രത്യേകതകളെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ ഒരു നിയമം, 2017-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആന്റ് റഗുലേഷൻ) ബില്ലിന്റെ ഡ്രാഫ്റ്റ് ശരിയായി, ഗവർണറുടെ അംഗീകാരം ലഭിച്ചു, ക്യാബിനറ്റും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ ഈ സമ്മേളനത്തിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ വാർഷികാഘോഷങ്ങളുടെയൊക്കെ ഭാഗമായി ബിസിനസ് അഡ്വൈസറി കമ്മിറ്റി നിയമസഭാ സമ്മേളനത്തിന്റെ സമയം കുറച്ചപ്പോൾ ഇത്തവണ അതവതരിപ്പിക്കാൻ കഴിയാത്ത അവസ്ഥ വന്നിട്ടുണ്ട്. പക്ഷേ ബിൽ റെഡിയായിരിക്കുകയാണ്. അടുത്ത നിയമസഭാ സമ്മേളനത്തിൽത്തന്നെ ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയും.

ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം. ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ. ഞാൻ ഒരു ആശുപത്രി സന്ദർശിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ഗവൺമെന്റ് ആശുപത്രികളിൽ ചിലതിൽ ഈ പറയുന്ന സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. നമുക്ക് വലിയ കെട്ടിടങ്ങളുണ്ട്. ഗവൺമെന്റ് ആശുപത്രി സംവിധാനം വളരെ വ്യാപകമായി പടർന്ന് പന്തലിച്ചിട്ടുണ്ട്. എന്നാൽ നമ്മൾ നിഷ്കർഷിക്കുന്ന എല്ലാ സൗകര്യങ്ങളും വൃത്തിയും വെടിപ്പും ചില സർക്കാർ ആശുപത്രികളിൽ ഇല്ലെന്നുള്ളത് വസ്തുതയാണ്. NABH accreditation, NABL accreditation, KASH എന്നെല്ലാം നമ്മൾ പറയാറുണ്ട്. പക്ഷേ ആ നിലവാരത്തിലേയ്ക്ക് എല്ലാ ഗവൺമെന്റ് ആശുപത്രികളും എത്തിച്ചേർന്നിട്ടില്ലെന്നുള്ളത് പരിശോധിച്ചാൽ മനസ്സിലാകും. ചില സർക്കാർ ആശുപത്രികൾ ശ്ലാഘനീയമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ഞാൻ എപ്പോഴും ഉദാഹരണം പറയാറുണ്ട്. പുനലൂരും പാണ്ടപ്പള്ളിയിലുമുള്ളത് നല്ല

രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രികളാണ്. ഇന്നലെ ഞാൻ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ സന്ദർശിച്ചു. അവിടത്തെ കാര്യങ്ങൾ ലേശം മോശമാണെന്ന് ശ്രീ. കെ. മുരളീധരൻ, എം.എൽ.എ. എന്നോട് സൂചിപ്പിച്ചിരുന്നു. വൈദ്യുതി മുടങ്ങിയിട്ട് കുറച്ചുനാൾ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. പക്ഷേ ഞാൻ ഇത്രയും പ്രതീക്ഷിച്ചില്ല. കാരണം പട്ടണത്തിന്റെ നടുക്കുള്ള ഒരു ജനറൽ ആശുപത്രിയാണ്. ഞാൻ എറണാകുളം ജനറൽ ആശുപത്രിയിൽ പോയിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ എപ്പോഴും പോകാറുണ്ട്. അതിന്റെയെല്ലാം ഒരവസ്ഥയാണല്ലോ നമ്മുടെ മനസ്സിൽ ഉണ്ടാകുന്നത്. ഇന്നലെ ചെന്നു നോക്കുമ്പോൾ കണ്ട കാഴ്ച പറയാതിരിക്കാൻ വയ്യ, നമ്മളെന്തിനാണ് മറച്ചുവയ്ക്കുന്നത്? അത് ശരിയാക്കുകയാണ് വേണ്ടത്. ഇന്നലെ പത്ത്-അറുപത് ആളുകളിറങ്ങി, ഡോക്ടർമാരും നഴ്സുമാരുമെല്ലാംകൂടി അവിടെ ഭയങ്കര ക്ലീനിംഗായിരുന്നു. എന്നിട്ടും പൂർത്തിയായിട്ടില്ല. രണ്ട് ദിവസംകൊണ്ട് മുഴുവൻ ക്ലീൻചെയ്ത് തുടർച്ചയായി ആ സ്ഥിതി ഉണ്ടാക്കണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. മന്ത്രി ഇടയ്ക്കിങ്ങനെ വന്നു നോക്കും, അപ്പോൾ ഒരു ബഹളമൊക്കെ നടക്കും, പിന്നെ കുഴപ്പമൊന്നുമില്ല എന്നുള്ള കമന്റ് ചിലർ പറഞ്ഞുവത്രേ. അതിൽ അവസാനിപ്പിക്കുന്നില്ലെന്ന് കരുതിയിരുന്നോളാൻ ഞാൻ തിരിച്ചൊരു മെസേജും കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. അവിടെ ഇടയ്ക്കിടയ്ക്കൊന്ന് പോകണം. അതിന്റെ അവസ്ഥ എന്താണെന്നുള്ളത് പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, അവിടെ കുറേ മദ്യക്കുപ്പികൾ കണ്ടെത്തിയെന്ന് പറയുന്നുണ്ട്. അതിനെ സംബന്ധിച്ച് ഒന്ന് വിശദീകരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും. വിശദീകരിക്കാൻ എനിക്ക് വിഷമമില്ല. മദ്യം കഴിക്കുന്നത് ഞാൻ നേരിട്ട് കണ്ടിട്ടില്ല. അവിടെ സ്കൂട്ടർ പാർക്ക് ചെയ്യുന്ന ഒരു സ്ഥലമുണ്ട്. ചെറിയൊരു ഗാരേജാണ്. അവിടെ അഴുക്ക് കണ്ടതുകൊണ്ടാണ് ഞാൻ അങ്ങോട്ട് പോയി നോക്കിയത്. അതിന്റെ പിറകിൽ ഒരു കാർബോർഡ് പെട്ടിയിൽ കുറേ മദ്യക്കുപ്പികളായിരുന്നു. ഡി.എച്ച്.എസ്. എന്നോട് ടീച്ചർ ഇങ്ങനെ ഒരു കാര്യമുണ്ടെന്നു പറഞ്ഞു. ഞാൻ അത് എടുക്കാൻ പറഞ്ഞു. ആരാണ് അവിടെയിരുന്ന് മദ്യപിച്ചതെന്ന് അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഡോക്ടർമാരാണോ അതോ രോഗികളാണോ അവിടെയിരുന്ന് മദ്യപിച്ചതെന്ന് പറയാൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇതിനെ അത്തരത്തിലെടുക്കേണ്ടതില്ല. ഇതൊരു സഭാതലമാണ്. അത്തരത്തിലുള്ള

ഒരു വാദഗതിയിലേയ്ക്ക് നമ്മൾ പോകരുത്. അവിടെയുള്ള ഡോക്ടർമാരെല്ലാം നല്ല മാന്യൻമാരാണ്. അവർക്ക് പാളിച്ച പറ്റിയിട്ടുള്ളത്, ആശുപത്രിയുടെ ഭരണത്തിൽ കുറച്ചുകൂടി ശ്രദ്ധിക്കണമെന്നുള്ളതാണ്. അവരെ തരം താഴ്ത്തരുത്. അവിടത്തെ ഡോക്ടർമാരും നഴ്സുമാരുമെല്ലാം അന്തസ്സുറ്റ ജീവിതം നയിക്കുന്ന വ്യക്തികളാണ്. രോഗികളുടെ കൂടെയൊക്കെ ധാരാളം ആളുകൾ വരുന്നുണ്ട്. അങ്ങനെയുള്ള ആളുകൾ അവിടെയിരുന്ന് മദ്യപിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഇതിനെ ഒരു വിവാദവിഷയമായി എടുക്കാതെ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ചെയ്യേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഇതെങ്ങനെയാണ് മദ്യത്തിന്റെ കുപ്പിയാണെന്ന് മനസ്സിലായത്; നിരപരാധികൾ ഇതിന്റെ പേരിൽ ക്രൂശിക്കപ്പെടരുത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത് ഒരു വലിയ ചോദ്യമാണ്, കുപ്പി, മദ്യത്തിന്റേതായിരുന്നു, കുപ്പി കണ്ടപ്പോൾ മദ്യക്കുപ്പിയാണെന്ന് മനസ്സിലായി. ധാരാളം കുപ്പികൾ ഒരുപോലെ വന്നപ്പോൾ അവിടെയിരുന്ന് ആരെങ്കിലും മദ്യപിച്ചിട്ടുണ്ടോയെന്ന് സ്വാഭാവികമായിട്ടും സംശയിക്കണം, അത് പരിശോധിക്കാനാണ് പറഞ്ഞത്, ഞാൻ കൺഫേം ചെയ്തു പറയുന്നതല്ല. ആരെയും അതിന്റെ പേരിൽ പ്രത്യേകിച്ച് പറഞ്ഞിട്ടില്ല. എങ്ങനെ ആ കുപ്പികൾ അവിടെ വന്നുവെന്ന് അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും അതൊന്നും പൊതുജനങ്ങളിൽനിന്ന് മറച്ചുവയ്ക്കേണ്ടതല്ല, അത് പരിശോധിക്കട്ടെ, കണ്ടിട്ട് ഒറ്റക്കാഴ്ചയിൽ, പ്രാഥമിക നിഗമനത്തിൽ എനിക്ക് തോന്നിയത് മെഡിസിൻ അല്ല എന്നാണ്. ഏതായാലും അത് പരിശോധിക്കണം, ആ ആശുപത്രിയെ അങ്ങനെ തള്ളിപ്പറയേണ്ടതില്ല. ധാരാളമാളുകൾ ആശ്രയിക്കുന്ന, ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്ന, ധാരാളം പ്രതിജ്ഞാബദ്ധരായിട്ടുള്ള ഡോക്ടർമാരും നഴ്സുമാരുമൊക്കെയുള്ള ഒരാശുപത്രിയാണ് ജനറൽ ആശുപത്രി. അതിനെ ആകെ തള്ളിപ്പറയുകയൊന്നും വേണ്ട, പക്ഷേ ശുചീകരണത്തിന്റെ കാര്യത്തിൽ പാളിച്ചയുണ്ടായിരുന്നുവെന്നുള്ളത് ശരിയാണ്, അത് പരിഹരിക്കാൻ പറഞ്ഞിട്ടുണ്ട്. എച്ച്.ഡി.എസ്.-ന്റെ കയ്യിൽ ഫണ്ടുള്ളതിനാൽ അതിന് ബുദ്ധിമുട്ടൊന്നുമില്ല.

ശ്രീ. കെ. മുരളീധരൻ: സർ, കുറേക്കാലമായിട്ടുള്ള ഒരു പ്രധാന കുഴപ്പം, എന്തുകാര്യമുണ്ടെങ്കിലും ജനപ്രതിനിധികളെ അറിയിക്കുന്ന ഒരേർപ്പാട് അവിടെയില്ലെന്നുള്ളതാണ്. ഞാൻ പലപ്പോഴും പത്രം വായിച്ച് അറിഞ്ഞാണ് ആശുപത്രിയിൽ പോകുന്നത്. മുൻപ് 9-ാം വാർഡിൽ ഒരു സംഭവമുണ്ടായി,

ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, പുറമേനിന്ന് വരുന്ന മാനസിക വൈകല്യമുള്ള രോഗികളെയാണ് 9-ാം വാർഡിൽ താമസിപ്പിക്കുന്നത്. ആ വാർഡിലുണ്ടാകുന്ന ഇഷ്യൂപോലും അന്ന് ഞാൻ അറിഞ്ഞിരുന്നില്ല. പിന്നീടാണ് അവിടെച്ചെന്ന് അതിനുവേണ്ടി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചത്. ആശുപത്രിയധികൃതർ ഒരു കാര്യവും ആരെയും അറിയിക്കുകയില്ല. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, പ്രധാനപ്പെട്ട ന്യൂനതയാണത്. പത്രങ്ങളിൽ സീരിയസ്സായിട്ടുള്ള വാർത്ത വരുമ്പോഴാണ് ജനപ്രതിനിധികൾപോലും അറിയുന്നത്, അങ്ങനെ പത്രം വായിച്ച് അറിഞ്ഞിട്ടാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞതും, അതിന്റെ ഫലമാണ് ഇന്നലെയുണ്ടായ ഈ സംഭവം. എനിക്ക് തോന്നുന്നത്, ഈ മദ്യം രോഗികൾക്ക് കൂട്ടിരിക്കാൻ വരുന്നവർ അവിടെയിരുന്നു കഴിക്കുന്നതായിരിക്കാം. അങ്ങനെ ചില ആക്ഷേപങ്ങൾ ഉണ്ടായിരുന്നത് മുൻപ് ഞാൻ ആശുപത്രിയധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്, ആശുപത്രിയുടെ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനപ്രതിനിധികളെ അറിയിക്കേണ്ടതാണ്, പറയേണ്ടതാണ്, എന്നാൽ അത് ചെയ്തിട്ടില്ല. ഇന്നലെ എച്ച്.ഡി.എസ്.-ലെ മെമ്പർ എന്റെകൂടെ ഉണ്ടായിരുന്നു. എല്ലാദിവസവും അവിടെപോയി നോക്കിക്കൊള്ളണമെന്ന് അദ്ദേഹത്തോട് പറഞ്ഞു. ഇപ്പോൾ അറിയിക്കുന്നില്ല എന്നുള്ള ഒരു പോരായ്മ അവിടെയുണ്ട്. അത് പരിഹരിക്കാം, നമുക്കിനി അത് പരിഹരിച്ചേ പോകാൻ കഴിയുകയുള്ളൂ. അവരോട് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്, ഒന്നുരണ്ട് സമർത്ഥരായ ഡോക്ടർമാർ ചേർന്ന് പ്രാഥമികമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അത് ഒന്നുകൂടി വിപുലമാക്കി നമുക്ക് കിഫ്ബി ലോണിന് ശ്രമിക്കണം. ചരിത്രപ്രസിദ്ധമായ ഒരു ഹോസ്പിറ്റൽ ആണത്.

ശ്രീ. കെ. മുരളീധരൻ : സർ, എം.എൽ.എ. ഫണ്ടിൽനിന്ന് കുറച്ചുതുക കൊടുക്കാവുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എം.എൽ.എ. ഫണ്ടൊക്കെ കൊടുത്ത് കൂട്ടായ ഒരു ഇടപെടലിലൂടെ ആശുപത്രിയുടെ ചീത്തപ്പേര് കളയണം. 93 ലക്ഷത്തിലധികം രൂപ എച്ച്.ഡി.എസ്.-ൽ ഉണ്ട്. അതുപോലെ അവരുടെ കൈവശം ഒന്നേകാൽ കോടി രൂപ ആർ.എസ്.ബി.വൈ. ഫണ്ട് ഉണ്ട്. ആശുപത്രി വൃത്തിയാക്കാത്തതിന് ക്ലീനിംഗ് സ്റ്റാഫിന്റെ കുറവുണ്ടെന്നാണ് കാരണമായി എന്നോട് പറഞ്ഞത്. അവരെയൊക്കെ നിയമിച്ചു കിട്ടിയിട്ട് വൃത്തിയാക്കൽ എളുപ്പമായിരിക്കില്ല, അതുകൊണ്ട് ഫണ്ടിൽനിന്ന് കാശെടുത്ത് താൽക്കാലികമായി ആളെവെച്ച് ക്ലീൻ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും അവർക്ക് ഒരു കുറ്റബോധം

തോന്നിയിട്ടുണ്ട്, ഇന്നലെ എല്ലാവരുംകൂടി ചേർന്ന് നന്നായി ഇടപെട്ട് ഹോസ്പിറ്റൽ വൃത്തിയാക്കാൻ ശ്രമിച്ചിട്ടുണ്ട്, നല്ല മാറ്റം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, ആ മാറ്റം തുടരുന്നതിന് ജനപ്രതിനിധികൾ ഇടപെടണം, ഞാനും ഇടപെടും, ഒന്നുകൂടി പോയി പരിശോധിക്കണമെന്നുണ്ട്. ഒരു ശ്രദ്ധകൊടുത്താൽ ഏറ്റവും നല്ലൊരു ഹോസ്പിറ്റൽ ആയി ജി.എച്ച്.-നെ മാറ്റാൻ സാധിക്കുമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല, ഇതേ ആശയത്തിൽ ഒരു ബിൽ നിയമസഭയിൽ ഔദ്യോഗികമായി ഗവൺമെന്റ് അവതരിപ്പിക്കുന്നു എന്നുള്ളതുകൊണ്ട് ഈ പ്രമേയം പാസ്സാക്കേണ്ടതില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. സി. മമ്മൂട്ടി, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവരുന്നു എന്നുള്ളതു കൊണ്ടുതന്നെ, സഭയുടെകൂടി സപ്പോർട്ടോടുകൂടി ഒരു ആവശ്യം അംഗീകരിക്കുന്നത് പോസിറ്റീവായിട്ടാണ് എടുക്കേണ്ടത്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കുന്നതിൽ കുഴപ്പമില്ലല്ലോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഗവൺമെന്റ് അതിന്റെ ആശയം ഉൾക്കൊള്ളുന്നതുകൊണ്ട് ഈ പ്രമേയം പാസ്സാക്കേണ്ടതില്ല, ബിൽ വരുന്നുണ്ടല്ലോ. ഇതിന്റെ സദുദ്ദേശ്യവും ആശയവും ഗവൺമെന്റ് അംഗീകരിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, സ്വകാര്യ ആശുപത്രികളിലെ ചൂഷണം വളരെ ക്രൂരമായ രീതിയിൽ നടക്കുന്നുണ്ടെന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. പല സ്ഥലങ്ങളിലും 10 ദിവസം വരെ ഡെഡ്ബോഡി വെന്റിലേറ്ററിൽ വച്ചിട്ട്, മരിച്ചിട്ടില്ലെന്നും പറഞ്ഞ് അഞ്ചും പത്തും ലക്ഷം രൂപ വാങ്ങുന്ന കേസ്സുകൾ വ്യാപകമാണ്. പലരും ക്വാളിഫൈഡ് അല്ലാതെ ഓപ്പറേഷൻ നടത്തുകയാണ്. ഒരുപാട് രോഗികൾ മരിക്കുന്നുണ്ട്. ഇത്രയും മാരകമായ ഒരു സ്ഥിതിയാണുള്ളത്. ഇതിനെതിരെ കർശനമായ നിയമം കൊണ്ടുവരേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഇപ്പോൾ കൊണ്ടുവരുന്ന ബിൽ ഈ സഭയിലെ എല്ലാപേരുടേയും അംഗീകാരത്തോടുകൂടി പാസ്സാക്കുന്നതായിരിക്കും നല്ലത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച പ്രമേയത്തെ....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (2) ദേശീയ റബ്ബർ നയം

ശ്രീ. എം. നൗഷാദ് : സർ, "വിവിധ വാണിജ്യക്കരാറുകൾ റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനയിൽ കനത്ത ആഘാതമേൽപ്പിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോളവില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ വ്യവസായികളുടെ സംഘം ആഭ്യന്തര വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉൽപ്പാദനത്തിൽ 12.9 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിലസ്ഥിരതാഫണ്ട് അനുവദിച്ചും ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉൽപ്പാദനച്ചെലവ് കണക്കാക്കി റബ്ബറിന്റെ അടിസ്ഥാനവില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ ഏറ്റവും സുപ്രധാനമായ കൃഷിയാണ് റബ്ബർ. സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമിയിൽ 20 ശതമാനത്തിലും കൃഷി ചെയ്യുന്നത് റബ്ബറാണ്. കേരളത്തിലെ കൃഷിയോഗ്യമായ ആകെ ഭൂമി 2591734 ഹെക്ടറാണ്. ഇതിൽ 550840 ഹെക്ടറിലും കൃഷി ചെയ്യുന്നത് റബ്ബറാണ്, ഇത് 2015-16 ലെ കണക്കാണ്. ഓരോ വർഷവും റബ്ബർ കൃഷിയുടെ വ്യാപ്തി വർദ്ധിച്ചുവരികയാണ്. 2013-14-ൽ 5,48,225 ഹെക്ടറായിരുന്നുവെങ്കിൽ 2014-15-ൽ 549955 ഹെക്ടറായി മാറി. എന്നാൽ നമ്മളെ അസ്വസ്ഥമാക്കുന്ന ഒരു യാഥാർത്ഥ്യം 2010-നുശേഷം റബ്ബർ ഉൽപ്പാദനം സംസ്ഥാനത്ത് ഓരോ വർഷവും കുറഞ്ഞുവരുന്നു എന്നതാണ്. 2013-ൽ ഉൽപ്പാദനം 648220 ടൺ ആയിരുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റബ്ബർ കൃഷി ചെയ്യുന്ന ഇത്രയും ജനതയുള്ളതുകൊണ്ട് ഇതൊരു ലൈവ്‌ലിഹുഡാണ്, അല്ലെങ്കിൽ ജീവനോപാധിയാണെന്നുള്ള നിലയ്ക്കുള്ള ഒരു റിപ്പോർട്ട് നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പോകേണ്ടതായിരുന്നു. ഇപ്പോൾ തായ്‌ലന്റ് ഇത് ലൈവ്‌ലിഹുഡാണെന്ന നിലയ്ക്ക് നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസിയൻ കരാർ വന്നിട്ട് ഇപ്പോൾ നാല് കൊല്ലം കഴിഞ്ഞു. അതുകൊണ്ട് ഈ വിഷയം വീണ്ടും ചർച്ചയ്ക്ക് വരാനുള്ള അവസരമുള്ളതുകൊണ്ട് റബ്ബറിനെ നെഗറ്റീവ്

ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള ഒരു പ്രൊപ്പോസൽ സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുകയും കേന്ദ്രത്തിൽ ആ തരത്തിലുള്ള ഒരു സമ്മർദ്ദം ചെലുത്തുകയും വേണം. ജൂലൈ മാസത്തിൽ ഹൈദ്രാബാദിൽ വച്ച് ആസിയാൻ രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുടേയും കോമേഴ്സ് മിനിസ്റ്റർമാരുടേയും മീറ്റിംഗ് നടക്കുകയാണ്. അതിനുമുൻപുതന്നെ നമ്മുടെ അഭിപ്രായം അറിയിക്കണം. അതുപോലെ ഇന്ത്യാഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അത് നെഗറ്റീവ് ലിസ്റ്റിൽ കൊണ്ടുവന്നാൽ നമുക്ക് സംരക്ഷണം ഉണ്ടാക്കാൻ പറ്റും. അതുപോലെ ഇവിടെയുള്ള വ്യവസായികൾക്ക് വിയറ്റ്നാമിലോ, മലേഷ്യയിലോ മറ്റ് സ്ഥലങ്ങളിലൊക്കെ പോയി കൃഷി ചെയ്യാനുള്ള അവസരം വരാൻ പോകുകയാണ്, വലിയൊരപകടം വരാൻ പോകുകയാണ്, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. നൗഷാദ് : സർ, അതുകൂടി ചേർത്തുകൊണ്ട് തന്നെയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. നാളിതുവരെ റബ്ബറിന്റെ പേരിൽ ഒരുപാടുപേർ മുതലക്കണ്ണീർ ഒഴുക്കിയെങ്കിലും ഇതിനുവേണ്ടി ക്രിയാത്മകമായിട്ടൊന്നും ചെയ്യാൻ ആരും തയ്യാറായിട്ടില്ല. പ്രസംഗങ്ങൾ മാത്രമേ ഇതുവരെ നടത്തിയിട്ടുള്ളൂ. വേണ്ടത്ര ഗൗരവത്തിൽ ഇടപെടലുകൾ മുൻകാലങ്ങളിൽ നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് എനിക്ക് ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കേണ്ടിവന്നത്. നിലവിലുള്ള സാഹചര്യത്തിൽ ഇതിന്റെ ഗൗരവം മനസ്സിലാക്കും എന്നതുകൊണ്ടാണ്. കേരളത്തിന്റെ പ്രധാനപ്പെട്ട പ്രശ്നമാണിത്, അല്ലാതെ മണ്ഡലത്തിന്റെ പ്രശ്നമല്ല. ഇത് കേരള നിയമസഭയാണല്ലോ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, കേരള നിയമസഭയിൽ പതിമൂന്ന് ബജറ്റ് അവതരിപ്പിച്ച ശ്രീ. കെ.എം മാണി സാർ റബ്ബറിന്റെ ഒരു സ്നേഹിതൻ എന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. പക്ഷേ പതിമൂന്ന് ബജറ്റിൽ ഒരു സ്ഥലത്തെങ്കിലും പുസ്തകത്തിന്റെ പുറം പൊതിഞ്ഞുകെട്ടുന്ന റബ്ബർബാൻഡ് ഉണ്ടാക്കുന്ന ഒരു കമ്പനിക്ക് ടാക്സ് എക്സംപ്ഷനോ സബ്സിഡിയോ അദ്ദേഹം കൊടുത്തിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണല്ലോ പ്രസംഗം മാത്രമേ നടന്നിട്ടുള്ളൂ, അവരുടെപേരിൽ മുതലക്കണ്ണീർ മാത്രമേ ഒഴുക്കിയിട്ടുള്ളൂ എന്ന് പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങനെ മുതലക്കണ്ണീർ ഒഴുക്കിയിട്ടുള്ള ബഹുമാന്യനായ കെ. എം മാണിസാർ അങ്ങോട്ട് ഒഴുകിവരുന്നത് അങ്ങ് കാണുന്നുണ്ടോ.

ശ്രീ. എം. നൗഷാദ്: സർ, മാണി സാർ എങ്ങോട്ട് ഒഴുകുന്നവെന്ന് നോക്കിനിൽക്കുകയാണല്ലേ, ആ പേടിയുണ്ടോ; മാണി സാർ എന്ന് വിളിക്കുമോ?

ഡോ. എൻ. ജയരാജ് : സർ, റബ്ബറിന്റെ വിലസ്ഥിരതാഫണ്ട് മാണിസാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയത്. കൃഷിക്കാർക്ക് നൂറ്റിയൻപത് രൂപ വിലയുറപ്പാക്കി കൊണ്ടായിരുന്നു അത്. അന്ന് റബ്ബറിന് യഥാർത്ഥത്തിൽ 90 രൂപ മാത്രമേ മാർക്കറ്റ് വിലയുള്ളൂ. അറുപത് രൂപ ഗവൺമെന്റ് ബജറ്റിൽ നിന്ന് വച്ചാണ് ഒരു കിലോ റബ്ബർ ഏറ്റെടുത്തത്. പക്ഷേ ഇന്ന് മാർക്കറ്റിൽ റബ്ബറിന് 129 രൂപ വിലയുണ്ട്. ഇരുനൂറ് രൂപയാക്കണമെന്ന് പല തവണ ആവശ്യപ്പെട്ടു, ഇതുവരെ ഗവൺമെന്റ് അക്കാര്യത്തിൽ ഒരു നിലപാട് എടുത്തിട്ടില്ല. അതുകൊണ്ട് ശ്രീ. കെ.എം മാണി സാർ മുതലക്കണ്ണീരാണ് ഒഴുക്കുന്നതെന്ന് പറയുന്നത് യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാത്തതുകൊണ്ടാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ അത് കാർഷിക ഉൽപ്പന്നമാണ്. സ്ഥിരമായ ഒരു വില ലഭിക്കണമെങ്കിൽ, ആ റാമെറ്റീരിയലിൽനിന്ന് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഇൻഡസ്ട്രികളെ പ്രോത്സാഹിപ്പിക്കണം. കേന്ദ്രം ഇറക്കുമതി നടത്തുമ്പോൾ വിലയിടിയുകയും കയറ്റുമതി അനുവദിക്കുമ്പോൾ വില കൂടുകയും ചെയ്യുന്ന റബ്ബർ പോലെ വലിയുന്ന ഒരു സംവിധാനമായതുകൊണ്ടാണ് ഞാൻ ചോദിച്ചത്, ഈ പതിമൂന്ന് ബജറ്റിൽ എവിടെയെങ്കിലും ടയറാകട്ടെ, ട്യൂബാകട്ടെ റബ്ബർകൊണ്ടുള്ള ഉൽപന്നമുണ്ടാക്കുന്ന ഒരു ഇൻഡസ്ട്രിക്ക് എന്തെങ്കിലും ഒരു ആനുകൂല്യം ഉണ്ടോയെന്ന് ചിന്തിക്കണം. താൽക്കാലികമായി നൂറോ ഇരുനൂറോ രൂപ വർദ്ധിപ്പിച്ചിട്ട് കാര്യമില്ല, സ്ഥിരമായ വില വേണം. എങ്കിലേ കൃഷിക്കാരൻ രക്ഷപ്പെടുകയുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ : സർ, ഇവിടെ വലിയ ചർച്ച നടക്കുകയാണ്. മാഹാത്മാഗാന്ധിയെ രാഷ്ട്രപിതാവ് എന്നുപറയുന്നതുപോലെ റബ്ബറിന്റെ പിതാവായി മാണിസാറിനെ പ്രഖ്യാപിക്കാൻ പറ്റുമോ?

ശ്രീ. എം. നൗഷാദ്: സർ, റബ്ബറിന്റെ പിതാവായി മാണിസാറിനെ പ്രഖ്യാപിക്കുന്നതൊന്നും എന്റെ വിഷയത്തിൽപ്പെടുന്നതല്ല. അതിനെ സംബന്ധിച്ച് ആധികാരികമായി പറയാൻ ഞാനാളല്ല.

ശ്രീ. സി. കൃഷ്ണൻ: സർ, റബ്ബർഅധിഷ്ഠിത വ്യവസായത്തെക്കുറിച്ച് പറഞ്ഞല്ലോ. റബ്ബർ ബാൻഡുണ്ടാക്കുന്ന സ്ഥാപനത്തിനുപോലും അംഗീകാരം കൊടുത്തില്ലെന്നും പറഞ്ഞു. എന്നാൽ റബ്ബറിന് കിലോയ്ക്ക് പതിനെട്ട്

രൂപയുള്ളപ്പോഴാണ് കണ്ണൂരിൽ റബ്കോ എന്ന സ്ഥാപനം തുടങ്ങിയത്. ആ സ്ഥാപനത്തെക്കുറിച്ചാണ് നേരത്തെ പ്രസംഗത്തിൽ ഒരു പൊളിപ്പ് സ്ഥാപനമെന്ന് പറഞ്ഞത്. ആയിരക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുന്ന റബ്ബർ അധിഷ്ഠിത വ്യവസായമാണത്. അങ്ങനെയുള്ള സമീപനവും എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്കറിയുമോ?

ശ്രീ. എം. നൗഷാദ്: സർ, എൽ.ഡി.എഫ്.-ന് റബ്ബർ കർഷകരോടുള്ള നിലപാട് വളരെ വ്യക്തമാണ്. അത് ഓരോന്നും എടുത്തുപറയേണ്ട കാര്യമില്ല, വളരെ പോസിറ്റീവായി അതിനെ കാണുന്നുവെന്നുള്ളത് എല്ലാവർക്കും അറിയാം. 2013-ൽ റബ്ബർ ഉൽപ്പാദനം 648220 ടൺ ആയിരുന്നുവെങ്കിൽ 2014-ൽ അത് 507700 ആയി കുറഞ്ഞു. 2016-ൽ 438630 ടണ്ണിലേയ്ക്ക് കൂപ്പുകുത്തി. ഇത് ആരെയും ആശങ്കപ്പെടുത്തുന്നതാണ്. പന്ത്രണ്ട് ലക്ഷത്തിലധികം റബ്ബർ കർഷകരും ആറുലക്ഷത്തോളം ടാപ്പിംഗ് തൊഴിലാളികളും അൻപതിനായിരത്തിലധികം ചെറുകിട കച്ചവടക്കാരുമാണ് സംസ്ഥാനത്തുള്ളത്. ഏതാണ്ട് 90% കർഷകരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമിയുള്ള ദരിദ്ര ചെറുകിട കർഷകരാണ്. വില കുത്തനെ കുറയുന്നതുമൂലം ചെറുകിട കർഷകർ കൃഷി ഉപേക്ഷിക്കുകയാണ്. ടാപ്പിംഗ് തൊഴിലാളികൾ തൊഴിലുപേക്ഷിക്കുകയാണ്. റബ്ബർ കൃഷി ആരംഭിച്ചാൽ വിളവെടുപ്പിന് ഏഴും എട്ടും വർഷം കാത്തിരിക്കണം. ഈ കാലയളവിൽ ക്ലേശകരമായ പരിചരണങ്ങളും നല്ല മുതൽമുടക്കുമുണ്ടെങ്കിൽ മാത്രമേ തൈ വളരുകയുള്ളൂ. ടാപ്പിംഗ് ആരംഭിച്ചാലും പട്ട മരവിപ്പും ചീക്ക് രോഗവുംമൂലം ഉൽപ്പാദനം ഗണ്യമായി കുറയുന്നു. വളത്തിന്റെയും കീടനാശിനികളുടെയും വില വർദ്ധനവ്, അനുബന്ധ ചെലവുകളുടെ വർദ്ധനവ് ഇതെല്ലാം കണക്കിലെടുത്താൽ ഒരു കിലോ റബ്ബറിന്റെ ഉൽപ്പാദനച്ചെലവ് ഇപ്പോൾ 130/-രൂപയാണ്. ആഭ്യന്തര വിപണിയിൽ റബ്ബറിന് ലഭിക്കുന്ന വില 90/- രൂപ മുതൽ 100/-രൂപവരെ മാത്രമാണ്. ലോകത്തിലെ നാലാമത്തെ റബ്ബറുൽപ്പാദക രാജ്യമാണ് ഇന്ത്യ. ദേശീയ നിരക്ക് നോക്കിയാൽ റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് രാജ്യത്തെ ആകെ റബ്ബറുൽപ്പാദനം 903100 ടൺ ആണ്, ഉപഭോഗമാകട്ടെ 954415 ടൺ ആണ്. എന്നാൽ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ അൻപത് മുതൽ അറുപത് ശതമാനം വരെ മാത്രമാണ് വ്യവസായികൾ വാങ്ങുന്നത്. രാജ്യത്തെ വ്യവസായികൾക്ക് ആവശ്യമായ മുഴുവൻ റബ്ബറും ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നിരിക്കെ അവർ എന്തിനാണ് ഇറക്കുമതി റബ്ബറിനായി ഓടിനടക്കുന്നത്. റബ്ബർ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേന്ദ്രസർക്കാരിന്റേത്. ആവശ്യമുള്ള റബ്ബർ ഇവിടെ ഉൽപ്പാദിക്കുന്നുണ്ടെന്നിരിക്കെ റബ്ബർ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്ന കേന്ദ്രനയം രാജ്യദ്രോഹമാണ്. റബ്ബറിന്റെ

ഇറക്കുമതിച്ചുങ്കം 60% ആയിരുന്നു, ഇപ്പോൾ വെറും 25% മാത്രമാണ്. ഇതും വെട്ടിക്കുറയ്ക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. പ്രതിവർഷം 7000 മുതൽ 10000 വരെ കോടി രൂപയുടെ റബ്ബറാണ് ഇറക്കുമതി ചെയ്യുന്നത്. 2001 ഏപ്രിൽ മുതൽ ആസിയാൻ കരാർ അനുസരിച്ച് ബൗണ്ട് റേറ്റിന്റെ 25% നികുതിയടച്ചാൽ ലൈസൻസില്ലാതെ ആർക്കും റബ്ബർ ഇറക്കുമതി ചെയ്യാം. ചുങ്കരഹിത റബ്ബർ ഇറക്കുമതി ചെയ്യാൻ വേറെയും കുറുക്കുവഴികളുണ്ട്. അഡ്വാൻസ് ലൈസൻസ് സ്കീം അനുസരിച്ച് അസംസ്കൃത പദാർത്ഥങ്ങൾ ഇറക്കുമതിചെയ്ത് ഉൽപ്പന്നം കയറ്റുമതി ചെയ്യുന്നവർക്ക് നികുതിയില്ലാതെ റബ്ബർ ഇറക്കുമതി ചെയ്യാം. ഇപ്പോൾ ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ നല്ലൊരു ഭാഗവും ഈ മാർഗ്ഗത്തിലൂടെയാണ്. ചുങ്കരഹിതമായി നടത്തുന്ന എല്ലാ ഇറക്കുമതികളും അവസാനിപ്പിക്കണം. സമീപകാലത്ത് റബ്ബറിന്റെ രാജ്യാന്തരവില ഉയർന്നിട്ടുണ്ട്. റബ്ബറിന്റെ ഗുണമേൻമയുടെ അടിസ്ഥാനത്തിൽ ബാങ്കോക്കിലെ ആർ.എസ്.എസ്-3 ഗ്രേഡിന് തുല്യമാണ് ഇന്ത്യയിലെ ആർ.എസ്.എസ്-4 ഗ്രേഡ് റബ്ബർ. അന്താരാഷ്ട്ര മാർക്കറ്റുമായി ഒരു ബന്ധവുമില്ലാതെയാണ് റബ്ബർ ബോർഡ് വില നിശ്ചയിക്കുന്നത്. ബാങ്കോക്കിൽ 181/-രൂപ വിലയുള്ളപ്പോൾ ഇന്ത്യയിൽ 141/-രൂപ മാത്രമാണ് വില. ബോർഡ് നിശ്ചിക്കുന്ന വിലയിൽ വിപണിയിൽ കച്ചവടം നടക്കുന്നില്ല, ഇതിൽനിന്നും മൂന്നോ നാലോ രൂപ കുറച്ചാണ് വ്യാപാരികൾ കർഷകരിൽനിന്ന് റബ്ബർ വാങ്ങുന്നത്. റബ്ബർ മേഖലയിലെ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഡോ. ചന്ദൻ മിത്ര ചെയർമാനായ പാർലമെന്ററി സമിതി 2015 ഡിസംബർ 24-ന് കേന്ദ്ര വ്യാപാര മന്ത്രാലത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. സർക്കാർ അധികാരത്തിലേറിയ ഉടനെ റബ്ബർ നയം ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചതാണ്. ഇതുവരെയും ആ വാഗ്ദാനം പാലിക്കപ്പെട്ടിട്ടില്ല. ആവർത്തന കൃഷിക്കുള്ള സബ്സിഡി നിർത്തി വച്ചിരിക്കുകയാണ്. റബ്ബർബോർഡിനെ വന്ധ്യംകരിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇപ്പോൾ മൂന്ന് മേഖലാ ആഫീസുകൾ അടച്ചുപൂട്ടി. ഫീൽഡ് ഓഫീസുകൾ ഏതാണ്ട് പ്രവർത്തന രഹിതമായിരിക്കുകയാണ്. റബ്ബറിന്റെ താങ്ങുവില 200 രൂപയായി നിശ്ചയിക്കണമെന്നും റബ്ബർ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കണമെന്നും അടിയന്തരമായി റബ്ബർനയം പ്രഖ്യാപിക്കണമെന്നുമുള്ള ഈ പ്രമേയം സഭ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്രമേയത്തിന് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുള്ള ശ്രീ. പി. ടി തോമസിന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, "നടപടി സ്വീകരിക്കണമെന്നും" എന്നതിനുശേഷം "ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കേരളത്തിലെമ്പാടും പ്രവർത്തിക്കുന്ന റബ്ബർ ബോർഡ് ഓഫീസുകൾ നിർത്തലാക്കാൻ ശ്രമിക്കുന്നതിൽനിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്നും" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ എം. നൗഷാദ് അവതരിപ്പിച്ചത് തികച്ചും അർത്ഥവത്തായ ഒരു പ്രമേയമാണ്. കേരളത്തിലെ പ്രത്യേകിച്ച് മലയോര മേഖലയിലെ റബ്ബർ കൃഷിക്കാർ അനുഭവിക്കുന്ന യാതനയുടെ ഉള്ളടക്കം ഈ പ്രമേയത്തിൽ ഉൾച്ചേർത്തിട്ടുണ്ട്. റബ്ബർ കർഷകരുടെ ആശ്രയകേന്ദ്രമായിരുന്ന റബ്ബർ ബോർഡ് ഓഫീസുകൾ അടച്ചു പൂട്ടുകയാണ്. കോതമംഗലം, കോട്ടയം, വടവാതൂർ മേഖലാ ഓഫീസുകൾ പൂട്ടിക്കഴിഞ്ഞു. കോട്ടയത്തെ കേന്ദ്ര ഓഫീസ് നഷ്ടമാകുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. വിവിധ കാർഷിക ബോർഡുകൾ ലയിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ നീക്കം കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. തോട്ടവിളയായ റബ്ബറിന്റെ പരിപാലനവും വിലനിയന്ത്രണവും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വാണിജ്യ മന്ത്രാലയത്തിന്റെ അധീനതയിലാണ്. 2011 വരെ അന്താരാഷ്ട്ര കമ്പോളത്തിൽ ഭാഗ്യവിളയായി പരിഗണിച്ച കാർഷിക ഉൽപ്പന്നമായിരുന്നു റബ്ബർ. 2011-ൽ 240 രൂപയ്ക്ക് വിറ്റ റബ്ബറിന്റെ ഇപ്പോഴത്തെ വില 110 രൂപയാണ്. റബ്ബർ ബോർഡിന്റെ കണക്കുപ്രകാരം ഒരു കിലോഗ്രാം റബ്ബറിന്റെ ഇപ്പോഴത്തെ ഉൽപ്പാദനച്ചെലവ് 160 രൂപയാണ്. 110 രൂപയ്ക്കും 120 രൂപയ്ക്കും വിൽക്കാമെന്ന് വച്ചാൽതന്നെ വാങ്ങാൻ ആളില്ലാത്ത അവസ്ഥയാണ് ഇന്ന് ഇന്ത്യൻ മാർക്കറ്റിലുള്ളത്. അന്താരാഷ്ട്ര കമ്പോളത്തിലെ സൂചന ശരിയാണെങ്കിൽ ഇനിയും റബ്ബറിന്റെ വില ഇടിയാനാണ് സാധ്യത. ഇന്ത്യയിൽ 11.5 ലക്ഷം ചെറുകിട നാമമാത്ര കർഷകരും അഞ്ച് ലക്ഷത്തിലധികം തൊഴിലാളികളും ഉപജീവനത്തിനായി ആശ്രയിക്കുന്ന റബ്ബർ ഉൽപ്പാദന മേഖല വിലത്തകർച്ചമൂലം തകർന്ന് തരിപ്പണമാകുകയാണ്. കേരളത്തിലെ റബ്ബർ കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച സഹായം കുറെയധികം ആശ്വാസം നല്കുന്നുണ്ട്. 500 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി മാറ്റിവച്ചത്. ഏകദേശം കഴിഞ്ഞ ഒക്ടോബർ മാസം വരെ 284 കോടി രൂപയുടെ സഹായം റബ്ബർ കൃഷിക്കാർക്ക് നൽകിയതായിട്ടുള്ള റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് എന്ന നിലയിൽ ചെയ്യാൻ കഴിയുന്ന കാര്യം ഇതൊക്കെയാണ്. എന്നാൽ കേന്ദ്രഗവൺമെന്റാകട്ടെ, ഇക്കാര്യത്തിൽ ഒന്നുമറിയാതെ ആട്ടം കാണുകയാണ്. ലോകത്ത് റബ്ബർ ഉൽപ്പാദക

രാജ്യമായി അറിയപ്പെടുന്നത് തായ്‌ലന്റ്, മലേഷ്യ, ഇൻഡോനേഷ്യ എന്നിവയാണ്. ഇതിൽ ഇന്ത്യ 4-ാം സ്ഥാനത്തായിരുന്നു, അതിനെ പിന്തള്ളി വിയറ്റ്നാം നാലാം സ്ഥാനത്തേയ്ക്ക് ഉയർന്നു. ഈയടുത്തകാലത്ത് അന്താരാഷ്ട്ര മാർക്കറ്റിൽ വിലയുടെ പ്രശ്നം ഉയർന്നുവന്നപ്പോൾ തായ്‌ലാന്റ് ഗവൺമെന്റ് തീരുമാനിച്ചത്, റബ്ബർ കൃഷിക്കാർക്കാവശ്യമായിട്ടുള്ള ആശ്വാസം നൽകണമെന്നാണ്. മാത്രമല്ല 4000 കോടി രൂപയുടെ ഒരു പാക്കേജ് ആ ഗവൺമെന്റ് കൊണ്ടുവന്നു. കഴിഞ്ഞവർഷം ആദ്യം തായ്‌ലന്റിൽനിന്നും അവിടത്തെ ഗവൺമെന്റ് പ്രതിനിധികൾ ഡൽഹിയിൽ എത്തി ഇന്ത്യയിലെ വ്യവസായികളുടെ യോഗത്തിൽ പങ്കെടുത്തു, ഇന്ത്യയുടെ ആഭ്യന്തര മാർക്കറ്റിൽ ഇടപെട്ടു. ഗവൺമെന്റ് തലത്തിൽ മാത്രമല്ല വിദേശ രാജ്യങ്ങളുടെ ആഭ്യന്തര മാർക്കറ്റിലും അവർ ഇടപെടുകയാണ്. തായ്‌ലന്റിലെ റബ്ബർ കൃഷിക്കാരോട് അവർ വച്ചുപുലർത്തുന്ന താൽപ്പര്യമെന്താണെന്ന് ഇതിലൂടെ തായ്‌ലന്റ് ഗവൺമെന്റ് വ്യക്തമാക്കി. രണ്ടുലക്ഷം ടൺ റബ്ബർ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത സ്ഥാനത്ത് നാല് ലക്ഷം ടൺ ഇറക്കുമതി ചെയ്യാമെന്ന് ഇന്ത്യയിലെ വ്യവസായികളുമായി നടത്തിയ ചർച്ചയിൽ സമ്മതിക്കുകയുണ്ടായി. ആ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ആകെ റബ്ബറിന്റെ ആഭ്യന്തര ഉപയോഗം 14-15 ശതമാനം മാത്രമാണ്. അവർ റബ്ബർ കൃഷി ചെയ്യുന്നത് യഥാർത്ഥത്തിൽ കയറ്റുമതി ചെയ്യുന്നതിനാണ്. അവിടെ ആഭ്യന്തര ഉപഭോഗം കുറവാണ്. അവർ ലോകത്തിൽ കമ്പോളം കണ്ടുപിടിക്കാനുള്ള വലിയ പരിശ്രമവും നടത്തുന്നുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് നമ്മുടെ രാജ്യത്തെ റബ്ബർ കൃഷിക്കാരെ സംരക്ഷിക്കുന്നതിനായി വിദേശ മാർക്കറ്റ് കണ്ടെത്താനുള്ള ഒരു പരിശ്രമവും നടത്തുന്നില്ല. ഈ കമ്പോളത്തെ മറ്റു രാജ്യങ്ങൾ കൊണ്ടുപോവുകയാണ്. ഇത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഘടനയിൽ വരുത്താൻ പോകുന്ന പ്രതിസന്ധി ചെറുതായിരിക്കില്ല. ശ്രീ. എം. നൗഷാദ് സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയിലും മലയോര സമ്പദ്ഘടനയിലും അല്പമെങ്കിലും ആശ്വാസം എത്തിക്കുന്നത് റബ്ബർ കൃഷിക്കാരുടെ ഉൽപ്പാദനവും വിപണനവും വഴിയാണ്. ലോകത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ വളർത്തിക്കൊണ്ടുവന്ന രാജ്യമാണ് ഇന്ത്യ. 1947-ൽ ഇന്ത്യയിലെ ആകെ റബ്ബറിന്റെ ഉൽപ്പാദനം 15000 ടൺ ആയിരുന്നു. പിന്നീട് റബ്ബർ ഉൽപ്പാദനം 7-8 ലക്ഷം ടണ്ണായി വർദ്ധിച്ചു. ജവഹർലാൽ നെഹ്റു തന്നെ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങൾ നടത്തിയിരുന്നു. കേരളത്തിൽ വന്ന പാരിസ്ഥിതിക പ്രശ്നം കാരണം റബ്ബർ കൃഷി ഇവിടെനിന്നും മാറുന്ന അവസ്ഥയിലേയ്ക്ക് നീങ്ങി കൊണ്ടിരിക്കുകയാണ്. ആസ്സാം, മേഘാലയ, ത്രിപുര തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശിപാർശയും സഹായവുമാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രം സഹായിച്ചാൽ കേരളത്തിൽത്തന്നെ റബ്ബർ കൃഷി നിലനിർത്താനും വ്യാപിപ്പിക്കാനും കേരളത്തിലെ മലയോര മേഖലയിലെ ഗ്രാമീണ സമ്പദ്ഘടനയെ രക്ഷിക്കാനും കഴിയുന്ന സമീപനം നമുക്ക് സ്വീകരിക്കാനാകും. ഇവിടെത്തന്നെ വെള്ളമില്ലെന്ന് പറയുന്ന പ്രദേശങ്ങളിലും കടലോര മേഖലയിലും റബ്ബർകൃഷി വ്യാപകമാക്കാൻ കഴിഞ്ഞാൽ ലാഭകരമാക്കാൻ കഴിയുമെന്ന ഗവേഷണ റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. ഭൂവസ്ത്രം പോലുള്ള കാര്യങ്ങൾക്ക് റബ്ബർ ഉപയോഗിക്കാൻ കഴിയും. ഇന്ത്യയിൽ വ്യവസായങ്ങൾക്കാവശ്യമായിട്ടുള്ള റബ്ബർ നമുക്ക് നൽകാനാകും. യഥാർത്ഥത്തിൽ കേരളത്തിന്റെ മണ്ണിനും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെ മണ്ണിനും ഉപയോഗപ്രദമായുള്ള കൃഷിയാണ് റബ്ബർ, അതിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. ദേശീയ തലത്തിൽ രൂപീകരിച്ച സമിതിയിൽ അംഗങ്ങളായവർ കർഷക സംഘടനയുടെ പ്രതിനിധികൾ ആയിരുന്നില്ല. ഇക്കാര്യങ്ങൾ ശരിയായി മനസ്സിലാക്കി അഭിപ്രായം പറയാൻ കഴിയുന്നവരായിരുന്നില്ല. ഉദ്യോഗസ്ഥ പ്രതിനിധികളെയും ചില വ്യവസായ പ്രതിനിധികളേയും വച്ചുകൊണ്ട് 24 അംഗ ദേശീയ സമിതി രൂപീകരിക്കുകയാണ് കേന്ദ്രം ചെയ്തത്. നമ്മുടെ രാജ്യം സ്വീകരിക്കുന്ന തലതിരിഞ്ഞ നയത്തെ ഇത് വ്യക്തമാക്കുകയാണ്.ഇന്ത്യൻ സമ്പദ്ഘടനയെ എങ്ങനെ വളർത്തിയെടുക്കണമെന്ന കാര്യത്തിൽ ലക്ഷ്യബോധമില്ലാതെ തലതിരിഞ്ഞ സമീപനം സ്വീകരിക്കുന്ന കേന്ദ്രഗവൺമെന്റിനെതിരായി വലിയ തോതിലുള്ള പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും നമ്മുടെ രാജ്യത്ത് വളർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ടെന്ന അഭിപ്രായമാണ് ഈ പ്രമേയത്തിലൂടെ നിയമസഭയുടെ മുൻപിൽ കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നത്. നിശ്ചയമായും ഏകകണ്ഠമായി ആ തീരുമാനത്തിലേയ്ക്ക് പോകണമെന്നും ഈ പ്രമേയം അംഗീകരിക്കണമെന്നും അഭിപ്രായപ്പെടുകയാണ്.

12.00 Noon.]

ശ്രീ. ഡി. കെ. മുരളി: സർ, റബ്ബർ കൃഷിക്കാർക്കെതിരായും റബ്ബർ ബോർഡ് അടച്ചു പൂട്ടാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനുപിന്നിലും കേരളത്തിലെ ബി.ജെ.പി. നേതൃത്വത്തിന് പങ്കുണ്ടെന്നുള്ള വാർത്തകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇക്കാര്യത്തിൽ ബി.ജെ.പി. ഇന്ത്യയിൽ ഏതുവർഗ്ഗത്തെ പ്രതിനിധീകരിക്കുന്നുവെന്നുള്ളത് ഇക്കഴിഞ്ഞ രണ്ടുവർഷംകൊണ്ട് വ്യക്തമായി. വ്യവസായ പ്രമുഖന്മാരുമായി ഉണ്ടാക്കുന്ന ചില കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ നയം സ്വീകരിക്കുന്നതെന്ന കാര്യം തർക്കമറ്റതാണ്.

1995-ലോ 1996-ലോ ഗാട്ട് കരാറിൽ ഒപ്പിടുന്ന കാലത്ത് ഇന്ത്യയിലെ ഭരണവർഗ്ഗം ഏത് നിലപാടാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കി. റബ്ബറടക്കം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഉചിതമായ നയം സ്വീകരിക്കുന്നതിനുപകരം ലോകത്തെ അന്താരാഷ്ട്ര പ്രമുഖന്മാരുടെയും വ്യവസായ പ്രമാണിമാരുടെയും താൽപ്പര്യത്തിന് കീഴടങ്ങിയ നയമാണ് സ്വീകരിക്കുന്നത്. ഇത് നമ്മുടെ രാജ്യത്ത് ആഗോളവത്കരണ നയം കൊണ്ടുവന്ന പ്രത്യാഘാതങ്ങളാണെന്ന് മനസ്സിലാക്കണം. ബി.ജെ.പി. ഈ നയം തീവ്രഗതിയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെന്നാണ് അത് പ്രകടമാക്കുന്നത്. സ്വതന്ത്ര ഇന്ത്യയിൽ മാറിമാറി വരുന്ന സർക്കാരുകൾ പുലർത്തിപ്പോരുന്ന ഒരു നയമുണ്ട്. ഒരു കാർഷിക ഉൽപ്പന്നത്തിന്റെ വിലയിടിഞ്ഞാൽ, കർഷകരെ രക്ഷിക്കാനായി കേന്ദ്രസർക്കാർ ആ ഉൽപ്പന്നം വിപണിയിൽ ന്യായവിലയ്ക്ക് വാങ്ങി സംഭരിക്കും. മുമ്പ് റബ്ബർ വിപണി രംഗത്ത് പ്രതിസന്ധിയുണ്ടായപ്പോഴെല്ലാം കേന്ദ്രസ്ഥാപനങ്ങളായ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവ റബ്ബർ സംഭരിച്ചിരുന്നു. 150 രൂപയ്ക്ക് വിപണിയിൽനിന്ന് റബ്ബർ വാങ്ങി സംഭരിക്കുന്ന പതിവുണ്ടായിരുന്നു. അങ്ങനെ വാങ്ങി സംഭരിക്കേണ്ടതാണ്. കർഷകരുടെ നിവേദനങ്ങളും കണ്ണീരും തമാശയായിട്ടാണ് കേന്ദ്രസർക്കാർ കാണുന്നതെന്ന് പല അനുഭവത്തിലൂടെയും ബോദ്ധ്യമായിട്ടുണ്ട്. ഇനി സമരം ചെയ്ത് നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടാൻ ശ്രമിക്കേണ്ടതുണ്ട്. നീതിക്കും ന്യായത്തിനും അവകാശ സംരക്ഷണത്തിനുംവേണ്ടിയുള്ള സമരം ശക്തിപ്പെടുത്തുമ്പോൾ നിയമസഭ പാസ്സാക്കുന്ന ഈ പ്രമേയം അതിന് പ്രേരകമാകുമെന്നാണ് ഞാൻ കരുതുന്നത്. എന്റെ മണ്ഡലം മലയോര മണ്ഡലമാണ്. റബ്ബർ കൃഷിക്കാർ അനുഭവിക്കുന്ന ജീവിതയാതനകൾ ദൈനംദിനം കാണുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. ഇക്കാര്യത്തിൽ ദീർഘവീക്ഷണത്തോടെയുള്ള ഒരു നയം സ്വീകരിക്കാതെ ഈ രാജ്യത്തെ ലക്ഷക്കണക്കിന് റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാനാകില്ലെന്നാണ് വ്യക്തമാകുന്നത്. ഇക്കാര്യങ്ങളാണ് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. വിവിധ വാണിജ്യ കരാറുകൾ, റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കി കേരളത്തിന്റെ സാമ്പത്തിക മേഖലയെ പാടേ തളർത്തുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. വിലത്തകർച്ച കാരണം രാജ്യത്തെ കർഷകർ ദുരിതത്തിലാകുകയാണെങ്കിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് സേഫ് ഗാർഡ് ഡ്യൂട്ടി ചുമത്തുന്നതിനുള്ള അധികാരം കരാർ അനുസരിച്ച് അതത് ഉൽപ്പന്ന രാജ്യങ്ങൾക്കുള്ളതാണ്. വിലത്തകർച്ചയുണ്ടാകുന്ന കാർഷിക ഉൽപ്പന്നങ്ങൾ

ഇറക്കുമതി ചെയ്യുമ്പോൾ സേഫ് ഗാർഡ് ഡ്യൂട്ടി ചുമത്തി കർഷകരെ സംരക്ഷിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കണം. റബ്ബർ ബോർഡിന്റെ മേഖലാ ഓഫീസുകൾ അടച്ചുപൂട്ടാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം മോദി സർക്കാർ തുടർന്നുവരുന്ന കർഷകദ്രോഹ നടപടികളുടെ ഒരു ചെറിയ ഉദാഹരണം മാത്രമാണ്. റബ്ബർ കർഷകരുടെ ഉന്നമനത്തിനായി 1947-ലെ റബ്ബർ ആക്ട് ഇല്ലാതാക്കി. വിവിധ ബോർഡുകൾ ചേർന്ന പ്ലാന്റേഷൻ എക്സ്പോർട്ട് ഏജൻസിയിൽ ബോർഡിനെ ലയിപ്പിക്കാനാണ് ഇപ്പോൾ നീക്കംനടക്കുന്നത്. വൻകിട കമ്പനികളുടെയും വ്യവസായികളുടെയും ബിനാമികളാണ് ഈ ഏജൻസികളെ നിയന്ത്രിക്കുന്നത്. ഇതോടെ കേരളത്തിലെ 9 ലക്ഷം ചെറുകിട കർഷകർ വഴിയാധാരമാകുകയാണ്. കൂടാതെ മേഖലാ ഓഫീസുകൾ ഇല്ലാതാകുന്നതോടുകൂടി, റബ്ബർ കർഷകരെ സഹായിക്കാനായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന, കർഷകർക്ക് ഒരു കിലോ റബ്ബറിന് 150/- രൂപ ഉറപ്പുവരുത്തുന്ന വിലസ്ഥിരതാ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമായി നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഇപ്പോഴത്തെ ഉൽപ്പാദനച്ചെലവ് വച്ചുനോക്കുമ്പോൾ റബ്ബറിന് കുറഞ്ഞത് 200/-രൂപയെങ്കിലും താങ്ങുവില വർദ്ധിപ്പിക്കാൻ കേരളസർക്കാർ തയ്യാറാകണം. റബ്ബർ കർഷകർ ആത്മഹത്യയുടെ വക്കിലാണ്. പലരും ഇപ്പോൾ ടാപ്പിംഗ് നിർത്തി വച്ചിരിക്കുകയാണ്. റോഡുകൾ ടാർ ചെയ്യുമ്പോൾ റബ്ബർ ബിറ്റുമിൻ ഉപയോഗിക്കുന്നതുവഴി റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കുക മാത്രമല്ല, റബ്ബർ ഉപയോഗം കൂടുന്നതിലൂടെ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കും. റബ്ബറിന്റെ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾക്ക് പൂജ്യം ശതമാനം നികുതിയാണ് ഇപ്പോൾ ചുമത്തുന്നത്. ഉദാഹരണത്തിന് പാവകൾ, കളിപ്പാട്ടങ്ങൾ എന്നിവ ചൈനയിൽനിന്നും മറ്റും ഇറക്കുമതി ചെയ്ത് ശതകോടികളുടെ കച്ചവടമാണ് ഇന്ത്യൻ മാർക്കറ്റിൽ നടക്കുന്നത്. ഇതിന് നിശ്ചിത നികുതി ഏർപ്പെടുത്തിയാൽ ആഭ്യന്തരമായി മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നവരുടെ വില ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിയും. ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ നയം കർഷകർക്ക് അനുകൂലമായി സ്വീകരിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ വളരെ ഗൗരവത്തോടെ ഈ വിഷയത്തെ കാണണം. റബ്ബർ കർഷകരിൽ പലരും ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. അവരെ സംരക്ഷിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച റബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട പ്രമേയത്തിന്റെ പൊതുവികാരത്തോട്

യോജിക്കുന്നു. ഇത് കേരളത്തിന്റെ പൊതുവികാരമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്ന് പറയുന്നതിൽ കുറച്ച് പരിമിതികളും സാങ്കേതികമായ വിഷയങ്ങളുമുണ്ട്. ആസിയാൻ കരാർ വന്നതുവഴി ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന റബർ ഉൽപ്പന്നങ്ങൾക്ക് പരമാവധി 25 ശതമാനം ചുങ്കം ഇപ്പോൾത്തന്നെ ചുമത്തിക്കഴിഞ്ഞു. ഇനി അധികം ചുങ്കം ചുമത്താതെ എങ്ങനെ രക്ഷപ്പെടാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചുള്ള ചർച്ചകളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. സേഫ് ഗാർഡ് ഡ്യൂട്ടി ചുമത്തണമെന്നുള്ളത് കേരളത്തിന്റെ അല്ലെങ്കിൽ കർഷകന്റെ ആവശ്യമായി വളർന്നു വരേണ്ടിയിരിക്കുന്നു. കേരളത്തിന് ഇതിൽ നേരിട്ട് ഇടപെടാൻ ബുദ്ധിമുട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിന് കർഷകർ മുൻകയ്യെടുക്കുകയും കേരള സർക്കാർ അതിൽ കക്ഷിചേരുകയും വേണം. അതിന് ഭീമമായ തുക വേണ്ടിവരും. കാരണം സേഫ് ഗാർഡ് ഡ്യൂട്ടി ചുമത്താനുള്ള പെർമിഷൻ നൽകേണ്ടത് ഈ കരാറിലെ ഘടകരാജ്യങ്ങൾ ഉൾപ്പെട്ട ഒരു സമിതിക്കാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്വാഭാവികമായും അതിനുവേണ്ടിയുള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കർഷകരെ ആ രീതിയിൽ മോട്ടിവേറ്റ് ചെയ്യുകയും സംസ്ഥാന സർക്കാർതന്നെ ആ രീതിയിലുള്ള ഒരു മൂവ്മെന്റുണ്ടാക്കുകയും ചെയ്യണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഇവിടെ സൂചിപ്പിച്ചതുപോലെ, റബർ ബോർഡിന്റെ 39 റീജിയണൽ ഓഫീസുകൾ ഇല്ലാതായിക്കഴിഞ്ഞു. 15 ഓഫീസുകൾ പൂട്ടുകയും ചെയ്തു. കേരളത്തിൽ 180-ഓളം റീജിയണൽ ഓഫീസുകളുള്ളതിൽ 54 എണ്ണം ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. 2015-നുശേഷം കർഷകരുടെ സബ്സിഡിക്കുള്ള അപേക്ഷപോലും സ്വീകരിക്കുന്നില്ല. കേന്ദ്രസർക്കാർ ഇപ്പോൾ എടുത്ത നിലപാടിന്റെ ഫലമായാണ് ഇങ്ങനെയൊക്കെ വന്നുകൊണ്ടിരിക്കുന്നത്. യു.പി.എ. ഗവൺമെന്റ് അവസാനമായി അവതരിപ്പിച്ച ബജറ്റിൽ 262 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിരുന്നു. എന്നാൽ അത് 2 ഘട്ടങ്ങളായി 29 കോടി രൂപയും 90 കോടി രൂപയും ചുരുക്കി മോദി സർക്കാരിന്റെ അവസാനത്തെ ബജറ്റിൽ 142 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2015 വരെ 60 കോടി രൂപ കർഷകർക്ക് സബ്സിഡിയായി കൊടുക്കാനുണ്ട്. ആ അരിയറും ഇനിയുള്ള സബ്സിഡിയുമൊന്നും കൊടുക്കാൻ കഴിയാത്തവിധം കേന്ദ്ര സർക്കാർ ഇതിനെ ഇല്ലാതാക്കുകയാണ്. ഇതിൽ സംസ്ഥാന സർക്കാർ ഒരു നിലപാട് സ്വീകരിക്കണം. യൂണിയൻ ലിസ്റ്റിൽനിന്ന് വാണിജ്യ വകുപ്പിനെ (റബ്ബർ ബോർഡ് അടക്കമുള്ള മേഖലകളെ) കൃഷി വകുപ്പിലേയ്ക്ക് മാറ്റാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. സമയമില്ലാത്തതുകൊണ്ട് ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുന്നു. റബ്ബർ കർഷകരും തൊഴിലാളികളും ഇന്ന് വളരെയധികം ബുദ്ധിമുട്ടിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത് കഴിഞ്ഞ തവണ കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് ഗവൺമെന്റും ഇപ്പോൾ കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റുമാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ആസിയാൻ കരാർ ഒപ്പുവച്ചതുകൊണ്ട് റബ്ബർ കർഷകരെ ദരിദ്രപൂർണ്ണമാക്കുന്ന അവസ്ഥാവിശേഷമാണ് മുൻ കാലഘട്ടങ്ങളിലും ഇപ്പോഴും വന്നിട്ടുള്ളതെന്നത് ഒരു യാഥാർത്ഥ്യമാണ്. ആസിയാൻ കരാർ ഒപ്പുവച്ചിട്ട് നാല് വർഷം കഴിഞ്ഞു. കേരളത്തിലെ റബ്ബർ കർഷകരെ രക്ഷപ്പെടുത്താൻ ഒറ്റ മാർഗ്ഗമേയുള്ളൂ. ജൂലൈ മാസത്തിൽ ഹൈദരാബാദിൽവച്ച് ആസിയാൻ രാജ്യങ്ങളുടെ യോഗം ചേരുന്നുണ്ട്. റബ്ബറിനെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികളിലേയ്ക്കാണ് ഗവൺമെന്റ് മുന്നോട്ട് പോകേണ്ടത്. തീർച്ചയായും അതിനുവേണ്ടിയുള്ള സമ്മർദ്ദമാണുണ്ടാകേണ്ടത്.

ഒരു ടയർ ഉണ്ടാക്കുന്നതിന് 4,200 രൂപയാണ് ചെലവാകുന്നത്. എന്നാൽ ടാക്സ് ചുമത്തിക്കൊണ്ട് വിൽക്കുന്നത് 17,000 രൂപയ്ക്കാണ്. ആ ടാക്സ് കർഷകർക്ക് നൽകാനുള്ള നടപടിയിലേയ്ക്ക് പോകണമെന്നാണ് ഇതിലൂടെ പറയാനുള്ളത്. ജൂലൈ മാസത്തിൽ ഹൈദരാബാദിൽ നടക്കുന്ന ആസിയൻ രാജ്യങ്ങളുടെയും ആറ് രാജ്യങ്ങളുടെയും യോഗത്തിൽ ആർ.സി.ഇ.പി. (റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ട്ണർഷിപ്പ്) തീരുമാനം പ്രാബല്യത്തിൽ വരുന്നതോടെ റബ്ബർ, കുരുമുളക്, ജാതി, റബ്ബർപ്പൊടി എന്നിവ കേരളത്തിലുള്ള ഏത് കുത്തകകൾക്കും മറ്റ് രാജ്യങ്ങളിൽ ഉല്പാദിപ്പിക്കാനും കേരളത്തിൽ വിറ്റഴിക്കാനുമുള്ള അവസരമാണുണ്ടാകുന്നത്. കർഷകരെയും തൊഴിലാളികളെയും രക്ഷിക്കാനായി, കുത്തകകൾക്കുവേണ്ടിമാത്രം നിർമ്മിക്കപ്പെടുന്ന ഈ കരാറുകൾക്കെതിരെ രാഷ്ട്രീയം മറന്നുകൊണ്ട് കേരളം ഒറ്റക്കെട്ടായി നിൽക്കണമെന്നാണ് പറയാനുള്ളത്. ഡബ്ല്യൂ.ടി.ഒ.-യുടെ സെൽ ഇവിടെയുണ്ട്. കാർഷിക മേഖലയിലുണ്ടാകുന്ന വിഷയങ്ങളെക്കുറിച്ച് പഠിക്കുകയോ ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോയെന്നുകൂടി അറിയാനുള്ള ആഗ്രഹമുണ്ട്. റബ്ബർ ബോർഡ് ഇല്ലാതാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. റബ്ബർ ബോർഡിന്റെ മിക്ക ഫീൽഡ് ഓഫീസുകളും അടച്ചുപൂട്ടിക്കഴിഞ്ഞു. റബ്ബർ കർഷകരിൽ 98 ശതമാനം വരുന്ന ചെറുകിട ഇടത്തരം കർഷകരാണ് ഈ മാറ്റങ്ങളുടെ പ്രത്യാഘാതങ്ങൾ കൂടുതലായി അനുഭവിക്കുന്നത്. കേരളത്തിൽനിന്നുള്ള 11 ലക്ഷം റബ്ബർ കർഷകരുൾപ്പെടെ രാജ്യത്തെ 12 ലക്ഷത്തിലേറെവരുന്ന സാധാരണക്കാരായ റബ്ബർ കർഷകർക്കെതിരെ കേന്ദ്ര ഗവൺമെന്റ് നടത്തുന്ന നടപടികൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കണമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞങ്ങളുടെ പാർട്ടി രൂപീകരിച്ച കാലത്ത് റബ്ബർ മുതലാളിമാരുടെയും കായൽ രാജാക്കൻമാരുടെയും പാർട്ടിയാണെന്നുപറഞ്ഞത് കളിയാക്കുമായിരുന്നു. ഇന്ന് റബ്ബർ കർഷകർക്കുവേണ്ടി ആളുകൾ കണ്ണീരൊഴുക്കാൻ തയ്യാറാകുന്നതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഇവിടെ സൂചിപ്പിച്ചത് റബ്ബർ ഉല്പാദകരെ സഹായിച്ചില്ല എന്നാണ്. ഉല്പാദകരെ സഹായിക്കുക എന്നതല്ല, കൃഷിക്കാരെ സഹായിക്കുക എന്നതായിരുന്നു ശ്രീ. കെ. എം. മാണിയുടെ നിലപാട്. അതുകൊണ്ടാണ് വിലസ്ഥിരതാ ഫണ്ടുൾപ്പെടെ കൃഷിക്കാരെ സഹായിക്കുന്ന പദ്ധതികളുമായി മുന്നോട്ടുവന്നത്. നമ്മുടെ രാജ്യത്തെ റബ്ബർ കർഷകർ വളരെയേറെ ആശങ്കയിലാണ്. ഈ പ്രമേയത്തോട് യോജിക്കുന്നതോടൊപ്പംതന്നെ സംരക്ഷിത ചുങ്കം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കണമെന്നതാണ് ഏറ്റവും പ്രധാനം. പ്രത്യേകിച്ച് ലോക വാണിജ്യ കരാറിൽ അതുമായി ബന്ധപ്പെട്ട വ്യവസ്ഥകളുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. ഏതെങ്കിലും രാജ്യത്തെ കാർഷിക മേഖലയ്ക്ക് ഇറക്കുമതിമൂലം നഷ്ടമുണ്ടായാൽ അത് പരിഹരിക്കാൻവേണ്ടി സംരക്ഷിത ചുങ്കമെന്ന ആശയം നിലനിൽക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് ഒട്ടും ശരിയല്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെ കഴിഞ്ഞ ജനുവരിക്കുശേഷം കൃഷിക്കാർക്ക് വിലസ്ഥിരതാ ഫണ്ട് ലഭിച്ചിട്ടില്ല. 4 മാസമായി ഏകദേശം 25 കോടി രൂപ പെൻഡിംഗുണ്ട്. ഏകദേശം 18700-ഓളം അപ്‍ലോഡ് ചെയ്ത അപേക്ഷകർക്ക് തുക ലഭിച്ചിട്ടില്ലെന്ന പ്രശ്നമുണ്ട്. കേന്ദ്രവും സംസ്ഥാനവും ഒരു പരിധിവരെ ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തി റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകയ്യെടുക്കണം. ഈ പ്രമേയത്തോട് പൂർണ്ണമായി യോജിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളത്തെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ പ്രമേയമായി വന്നിരിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖലയിൽ ഏറ്റവുമധികം സംഭവന നൽകുന്ന ഒരു മേഖലയാണ് റബ്ബർ കൃഷി. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ ഏകദേശം 90 ശതമാനത്തോളം ഉല്പാദിപ്പിക്കുന്നത് കേരളത്തിലാണ്. റബ്ബർ ഉല്പാദിപ്പിക്കുന്ന കേരളത്തിലെ കൃഷിക്കാർ വൻകിട റബ്ബർ കൃഷിക്കാരല്ല. 90 ശതമാനം റബ്ബർ ഉല്പാദകരും 5 ഏക്കർവരെ കൃഷി ചെയ്യുന്ന പാവപ്പെട്ട കൃഷിക്കാരാണ്. പ്ലാന്റേഷൻ ചെയ്യുന്ന ആളുകൾ വളരെ കുറവാണ്. അതിനേക്കാൾ കൂടുതലാണ് റബ്ബർ കൃഷി ചെയ്യുന്ന ചെറുകിട കർഷകർ. റബ്ബറിന്റെ വിലത്തകർച്ചമൂലം ഗുരുതരമായ പ്രശ്നങ്ങളാണ് റബ്ബർ മേഖലയിലുണ്ടാകുന്നത്. ചില ആളുകൾ റബ്ബർ കൃഷി അവസാനിപ്പിക്കുകയും റബ്ബറിന്റെ പരിചരണം പലപ്പോഴും നിർത്തിവയ്ക്കുകയും

ചെയ്യുന്നുണ്ട്. റബ്ബർ വെട്ടിമാറ്റി പുതിയ റബ്ബർ നടുന്നതിന് വിമുഖത കാണിക്കുന്ന സ്ഥിതിവിശേഷം കേരളത്തിൽ വ്യാപകമായി കൊണ്ടിരിക്കുകയാണ്. ഈ വർഷം റബ്ബർ ഉല്പാദനത്തിൽ 23 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് റബ്ബർ ബോർഡ് അവകാശപ്പെടുന്നത്. അത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. ഡോ. എൻ. ജയരാജ് സൂചിപ്പിച്ച വിലസ്ഥിരതാ ഫണ്ടിന്റെ കാര്യത്തിൽ, റബ്ബർ ബോർഡ് പ്രോസസ് നടത്തി ആ ലിസ്റ്റ് അനുസരിച്ചാണ് തുക കൊടുക്കുന്നത്. രണ്ടാഴ്ചക്കാലമാണ് പ്രോസസ് ടൈം പറയുന്നത്. അതനുസരിച്ചുള്ള കൃത്യമായ തുക ഖജനാവിൽനിന്ന് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും അവർക്ക് കൊടുക്കാനുള്ള തുക ബാക്കിയുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പത്രത്തിൽ പ്രധാനപ്പെട്ട ഒരു വാർത്തയുണ്ട്. "റബ്ബർ കർഷകർ നട്ടംതിരിയുമ്പോൾ സംസ്ഥാന സർക്കാരിന് കടുത്ത അനാസ്ഥ. ഷീറ്റൊന്നിന് 150 രൂപയും ലാറ്റക്സിന് 142 രൂപയും ഉറപ്പാക്കുന്ന പദ്ധതിയിൽ തീർപ്പാക്കാനുള്ളത് 87000 ബില്ലുകൾ. ഏപ്രിൽ വരെയുള്ള കുടിശ്ശിക 25 കോടി രൂപ. ഫെബ്രുവരിക്കുശേഷം സമർപ്പിച്ച ബില്ലുകളിൽ സബ്സിഡി നൽകിയിട്ടില്ല". പ്രോസസ് ചെയ്യുന്നതിലുള്ള കാലതാമസമാണെങ്കിൽ അത് വേഗതയിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം പരിശോധിക്കാവുന്നതാണ്. എനിക്ക് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. അങ്ങ് പറയുന്ന കാര്യത്തെപ്പറ്റി ഗൗരവമായി പരിശോധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു കാരണവശാലും വീഴ്ചയില്ലാത്ത രീതിയിലുള്ള പരിഹാരമുണ്ടാകും. ഒരു പ്രമേയംകൂടി അവതരിപ്പിക്കാനുള്ളതിനാൽ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഇത് ചെയ്യേണ്ടതായിരുന്നുവെന്ന് നേരത്തെ ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി എം.എൽ.എ. ഇവിടെ സൂചിപ്പിച്ചു. നേരത്തെ ചെയ്തില്ലെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. റബ്ബർ കൃഷി കൈകാര്യം ചെയ്യുന്നത് കൊമേഴ്സ് മിനിസ്ട്രിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 16-10-2016-ന് ശ്രീമതി നിർമ്മല സീതാരാമിന് കൊടുത്തിരിക്കുന്ന കത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കയച്ച കത്തിലും ഇക്കാര്യം വളരെ വ്യക്തമായി പറയുന്നുണ്ട്. The livelihood security of the farming community

must be protected during all negotiation at any cost - എന്നതന്നെ ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. മാത്രമല്ല, ജൂലൈ മാസത്തിൽ നടക്കാൻ പോകുന്ന മീറ്റിംഗ് സംസ്ഥാന ഗവൺമെന്റുകളുമായി ബന്ധപ്പെട്ടതല്ല. റബ്ബറിനെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത് സെൻട്രൽ ഗവൺമെന്റാണ്. സെൻട്രൽ ഗവൺമെന്റ് ഇത്തരം കരാറിലേർപ്പെടുമ്പോൾ അത് ബാധിക്കുന്ന സംസ്ഥാനങ്ങളുമായി, 'The State Government must be consulted on the matters regarding the categorisation of agricultural commodities into highly sensitive, normal track, exclusive list special products etc.' എന്ന നിർദ്ദേശം ഞങ്ങൾ വയ്ക്കാൻ കാരണമിതാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളുമായി കൺസൾട്ട് ചെയ്തുമാത്രമേ ഇത്തരം കരാറുകളിലേർപ്പെടാൻ പാടുള്ളൂ എന്ന നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് ഈ പശ്ചാത്തലത്തിലാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് വളരെ ഗൗരവമായി തന്നെയാണ് ഇക്കാര്യങ്ങളെല്ലാം കാണുന്നത്. നമ്മുടെ സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളിൽ നാണ്യവിളകൾക്ക് പ്രോത്സാഹനം നൽകാൻ ആവശ്യപ്പെട്ടത് കേന്ദ്രഗവൺമെന്റുതന്നെയാണ്. ആ കേന്ദ്രഗവൺമെന്റുതന്നെയാണ് ഇപ്പോൾ റബ്ബർ കൃഷിയെ കൊന്നു കൊണ്ടിരിക്കുന്നത്. "കൊണ്ടുനടന്നതും നീയെ ചാപ്പാ കൊണ്ടുപോയി കൊല്ലിച്ചതും നീയെ ചാപ്പ" എന്നുപറയുന്നതുപോലെ റബ്ബർ കൃഷിക്കാരെ കൊണ്ടുവന്ന അതേ ഗവൺമെന്റുതന്നെ...., ചാപ്പാ എന്നു മാറ്റി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് എന്നാക്കിയിരിക്കുകയാണ്. റബ്ബർ കർഷകരെ പ്രോത്സാഹിപ്പിച്ചതും റബ്ബർ ബോർഡ് കൊണ്ടുവന്നതും കേന്ദ്ര ഗവൺമെന്റാണ്. സംസ്ഥാന കൃഷി വകുപ്പ് ഒരിക്കലും റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടേണ്ടി വരാറില്ല. കേന്ദ്ര ഗവൺമെന്റിനു കീഴിൽവരുന്ന റബ്ബർ ബോർഡാണ് ഇതെല്ലാം ചെയ്യുന്നത്. അതിന്റെ റീജിയണൽ ഓഫീസുകളും ഫീൽഡ് ഓഫീസുകളും അതിന്റെ കീഴിൽ വരുന്ന ആർ.പി.എസ്.-കളുമൊക്കെ ചേർന്നാണ് റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ആദ്യമായി സംസ്ഥാന ഗവൺമെന്റ് റബ്ബർ കൃഷിക്കാർക്ക് ഇടവിള കൃഷിക്കുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി റബ്ബർ ബോർഡുമായി രണ്ടുതവണ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇടവിള കൃഷിയുടെ കാര്യത്തിൽ കൃഷി വകുപ്പ്

ഇടപെട്ടുകൊണ്ട് അഞ്ചര കോടി രൂപയുടെ പ്രോജക്ടിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. മാത്രമല്ല, നമ്മൾ ആരംഭിക്കാൻ പോകുന്ന അഗ്രോ പാർക്കുകളിലൊന്ന് റബ്ബർ ഉല്പന്നങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുന്നതാണ്. അത് ആരംഭിക്കുന്നതോടുകൂടി ഇവിടെയുണ്ടാക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി അന്താരാഷ്ട്ര മാർക്കറ്റിൽ കൊണ്ടുപോകാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില 2011 മേയ് മാസത്തിൽ ക്വിന്റലിന് 24,569 രൂപയായിരുന്നു. 16-5-2017-ൽ അത് 12,900 രൂപയായി കുറഞ്ഞിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഒരു വ്യവസായ പ്രാധാന്യമുള്ള ഉല്പന്നമാണ്. അതിന്റെ ഉപഭോഗം റബ്ബർ അധിഷ്ഠിത വ്യവസായത്തെയും അതുപോലെതന്നെ വാഹനനിർമ്മാണ വ്യവസായത്തെയും ആശ്രയിച്ചാണ് നിശ്ചയിക്കപ്പെടുന്നത്. അതിനാൽ അതിന്റെ വില കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ ആഭ്യന്തര അന്താരാഷ്ട്ര ആവശ്യകതയിലുണ്ടാകുന്ന വ്യതിയാനവും അന്താരാഷ്ട്ര കമ്പോളത്തിലുണ്ടാകുന്ന കുറവും മാറിവരുന്ന കേന്ദ്ര സർക്കാരുകളെടുക്കുന്ന നയങ്ങളുമാണ്. 1995-ൽ ലോക വാണിജ്യ കരാർ നിലവിൽ വന്നതുമുതൽ ഇന്ത്യയും അംഗമാണ്. അന്ന് സ്വാഭാവിക റബ്ബറിന് (ഉണക്ക റബ്ബർ) ഇന്ത്യ അംഗീകരിച്ച കൂടിയ ചുങ്കം 25 ശതമാനമായിരുന്നു. 25 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് എന്നതാണ് സ്വാഭാവിക റബ്ബറിന് ഇന്ത്യ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം. ലോക വ്യാപാര കരാറിനുശേഷം റബ്ബർ മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രഹരമേൽപ്പിച്ച ഒരു കരാർ ഇന്ത്യ ആസിയാൻ സ്വതന്ത്ര വ്യാപാര കരാറാണ്. പ്രസ്തുത കരാറിൽ അംഗങ്ങളായ മലേഷ്യ, തായ്‌ലന്റ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങൾ സ്വാഭാവിക റബ്ബറിന്റെ വൻഉല്പാദകരാണ്. സ്വാഭാവിക റബ്ബറിന്റെ ഉല്പാദനച്ചെലവ് കുറഞ്ഞ രാജ്യങ്ങളാണിവ. പ്രസ്തുത രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി നടക്കുന്നുണ്ട്. ഇപ്പോൾ അന്താരാഷ്ട്ര വിലയേക്കാൾ കുറവാണ് ഇന്ത്യയിലെ സ്വാഭാവിക റബ്ബറിന്റെ വില. ആർ.എസ്.എസ്.IV ഗ്രേഡിന് 16-5-2017 തീയതിയിലെ വിലനിലവാരമനുസരിച്ച് കിലോയ്ക്ക് 129 രൂപയും ബാങ്ക് ഓഫ് മാർക്കറ്റ് റേറ്റ് 139 രൂപയുമാണ്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയണമെന്നും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കൂട്ടണമെന്നും കയറ്റുമതി സബ്സിഡി അനുവദിക്കണമെന്നും താങ്ങുവില

പ്രഖ്യാപിക്കണമെന്നതുമുൾപ്പെടെ വിവിധ ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെ മാത്രമേ ഇറക്കുമതി താൽക്കാലികമായി തടഞ്ഞിരുന്നുള്ളു. സ്വാഭാവിക റബ്ബറിന്റെ എക്സ്പോർട്ട് ഒബ്ലിഗേഷൻ പീരിഡ് ക്ലിയറൻസ് മുതൽ 6 മാസത്തേയ്ക്കായി 2015 ജനുവരി 9 മുതൽ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധത കാരണം ഇറക്കുമതി ചുങ്കം 25 ശതമാനത്തിൽ കൂട്ടാൻ കഴിയില്ലെന്നും രാജ്യത്ത് നിലവിലുള്ള ഉല്പാദന ഉപഭോഗ സാഹചര്യം കാരണം വൻതോതിലുള്ള കയറ്റുമതിക്ക് സാധ്യതയില്ലെന്നും കച്ചവട നിയന്ത്രണവും നേരിട്ടുള്ള സംഭരണവും വഴി സ്വതന്ത്ര വിപണിയിൽ ഇടപെട്ട് സ്വാഭാവിക റബ്ബറിന് ഉയർന്ന നിരക്കിലുള്ള താങ്ങുവില നിശ്ചയിക്കുകയെന്നത് ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാ ബദ്ധതയുമായി ഒത്തുപോകാത്തതിനാൽ ആയത് പ്രായോഗികമല്ലെന്നും കേന്ദ്ര സർക്കാർ ഇപ്പോൾ അറിയിച്ചിരിക്കുകയാണ്. ഇത്തരത്തിൽ സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഇതുസംബന്ധിച്ച് ഒരു നയം രൂപവൽക്കരിക്കുന്നതിനും വിവിധ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ച നിർദ്ദേശത്തിൽ മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല പ്രതികരണം ഇപ്പോൾ ഉണ്ടായിട്ടുള്ളത്. റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ച് ദേശീയ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ പല പഠനങ്ങൾ നടത്തുകയും റബ്ബറൈസ്ഡ് റോഡിന്റെ മേന്മ മനസ്സിലാക്കുകയും ബിറ്റുമിൻ റോഡിനെ അപേക്ഷിച്ച് 15 മുതൽ 20 ശതമാനം വരെ അധികച്ചെലവ് വരുമെന്നതിനാൽ ഇതിന്റെ പ്രായോഗികത പരിശോധിക്കാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്തും റബ്ബർ വിപണിയിലെ അനിശ്ചിതാവസ്ഥ പരിഗണിച്ചും കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി 2015-16 സാമ്പത്തിക വർഷം മുതൽ വളരെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസം

കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുവേണ്ടി 2016-17 സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 451.46 കോടി രൂപ പദ്ധതിയിനത്തിൽ ഇതുവരെ ചെലവായിട്ടുണ്ട്. ഇതുവരെ 334276 കർഷകർക്ക് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കമ്മോഡിറ്റി ബോർഡ് ആയിരിക്കുന്ന റബ്ബർ ബോർഡിന് ആസ്ഥാന ഓഫീസ് കൂടാതെ സംസ്ഥാനത്ത് 26 റീജിയണൽ ഓഫീസുകളും 140 ഫീൽഡ് ഓഫീസുകളുമാണ് നിലവിലുള്ളത്. ഇവയിൽ ചില റീജിയണൽ ഓഫീസുകൾ റബ്ബർ ബോർഡ് തന്നെ അടച്ചുപൂട്ടുകയും ചിലത് സംയോജിപ്പിച്ച് ഉത്തരവാകുയും ചെയ്തതിനെത്തുടർന്ന് റബ്ബർ ബോർഡിനോട് സംസ്ഥാന ഗവൺമെന്റ് വിശദീകരണം ചോദിച്ചപ്പോൾ നൽകിയ വിശദീകരണം റബ്ബർ ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വളരെ കൂടുതലായ സാഹചര്യത്തിലും ബോർഡ് നൽകിവരുന്ന പല സേവനങ്ങളും ഇ-ഗവേർണൻസിന്റെ ഭാഗമായി വരുന്നതിനാലും സഹായങ്ങൾ നേരിട്ട് അക്കൗണ്ടുവഴി കൈമാറുന്ന സംവിധാനം ശക്തിപ്പെടുത്തിയതിനാലും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ബോർഡിനെ യുക്തിസഹമായി പുനഃസംഘടിപ്പിക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ്. നിലവിലുള്ള 26 റീജിയണൽ ഓഫീസുകളിൽ മൂവാറ്റുപുഴ, കോതമംഗലം ഓഫീസുകളും കോട്ടയം, ചങ്ങനാശ്ശേരി ഓഫീസുകളും സംയോജിപ്പിച്ച് ഓരോ മേഖലകളിലായി ഓഫീസുകൾ ക്രമീകരിച്ചിട്ടുണ്ടെന്നും എന്നാൽ ഇപ്രകാരം മേഖലാ ഓഫീസുകൾ ക്രമീകരിക്കപ്പെട്ട് ഇല്ലാതായ സ്ഥലങ്ങളിൽ പകരം ഡെവലപ്മെന്റ് ഓഫീസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഫീൽഡ് ഓഫീസുകളൊന്നും നിർത്തലാക്കുന്നതിനോ സംയോജിപ്പിക്കുന്നതിനോ തീരുമാനിച്ചിട്ടില്ലെന്നുമാണ് റബ്ബർ ബോർഡ് പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ആശങ്കയുണ്ട്. ഈ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കാൻവേണ്ടി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് യോഗം വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ പ്രമേയം ഗവൺമെന്റ് ഔദ്യോഗിക പ്രമേയമായിത്തന്നെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ വിഷയം ഇന്നത്തെ ദീപിക പത്രത്തിൽ വളരെ വിശദമായി വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. റബ്ബർ ബോർഡ് നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സർവ്വകക്ഷി യോഗം കേന്ദ്രത്തിൽ പോകുന്നതിനോട് ഞങ്ങൾക്കും യോജിപ്പാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ദീപിക പത്രം കുറച്ചുദിവസങ്ങളായി ഇതുസംബന്ധിച്ച് എഴുതിക്കൊണ്ടിരിക്കുകയാണ്. മലയാള മനോരമ ഉൾപ്പെടെയുള്ള എല്ലാ പത്രമാധ്യമങ്ങളും ഇക്കാര്യത്തിലുള്ള ആശങ്ക സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പ്രമേയത്തിന്റെ അന്തസ്സത്ത പൂർണ്ണമായും ഗവൺമെന്റ് അംഗീകരിക്കുകയാണ്. എന്നാൽ വിശദമായ വിവരങ്ങളോടുകൂടി കേന്ദ്ര സർക്കാരിലേയ്ക്ക് എത്തിക്കത്തക്കവിധത്തിലുള്ള ഔദ്യോഗിക പ്രമേയമായി അടുത്ത ദിവസംതന്നെ സഭയിൽ അവതരിപ്പിക്കണമെന്നുള്ളതുകൊണ്ട് ഈ പ്രമേയം പിൻവലിക്കണമെന്നാണ് ഗവൺമെന്റിന് അഭ്യർത്ഥിക്കാനുള്ളത്. എന്നാൽ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. എം. നൗഷാദ്, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, സർക്കാർ തത്വത്തിൽ പ്രമേയം അംഗീകരിക്കുകയും ഔദ്യോഗിക പ്രമേയമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ ഞാൻ അവതരിപ്പിച്ച പ്രമേയം പിൻവലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (3) ഐ.ടി. മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, "ഐ.ടി. അധിഷ്ഠിത തൊഴിൽമേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും തൊഴിൽ സാധ്യതക്കുറവും ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതുകൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി. മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണംചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പല കമ്പനികളിലും ആറായിരത്തോളം ജീവനക്കാരെ ഈ മാസം പിരിച്ചുവിടുന്നുവെന്നുള്ള വാർത്ത അടുത്തകാലത്ത് പത്രങ്ങളിലൊക്കെ നമ്മൾ കണ്ടതാണ്. ഇന്ന് ഏകദേശം 10 ലക്ഷത്തോളം മലയാളികൾ ഇന്ത്യക്കകത്തും പുറത്തും കേരളത്തിലെ പല സ്ഥലങ്ങളിലുമുള്ള ഐ.ടി. മേഖലയിൽ ജോലി ചെയ്യുകയാണ്. പണ്ട് ഗൾഫ് boom വന്നതുപോലെ ഏറ്റവും കൂടുതൽ മലയാളികൾ, മധ്യവർഗ്ഗ സമൂഹം വളർന്നത് ഐ.ടി. മേഖലയിലെ boom കാരണമാണ്. ഇപ്പോൾ വരുന്ന പുതിയ കണക്കുകൾ പ്രകാരം മൂന്നുവർഷം കൊണ്ട് ഏകദേശം 6 ലക്ഷം ആളുകൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാൻ പോകുകയാണെന്നാണ്. Automation, Artificial Intelligence, Internet of things എന്നിവ വരുമ്പോൾ ആളുകളുടെ പ്രസക്തിയില്ലെന്നാണ് മെക്കിൻസിയുടെ റിപ്പോർട്ട് പറയുന്നത്. മെക്കിൻസി റിപ്പോർട്ട് പ്രകാരം അടുത്ത നാലുവർഷംകൊണ്ട് ഇന്നത്തെ ഐ.ടി. ജീവനക്കാരിൽ 50 ശതമാനം ആളുകളും അപ്രസക്തർ (irrelevant) ആകുകയാണെന്നാണ്. തൊഴിൽ നിയമങ്ങൾ എത്രമാത്രം ഈ മേഖലയിൽ ഉപയോഗിക്കുന്നുണ്ടെന്നതിന്റെ സംശയങ്ങൾ വരുന്നത് ഇതുകൊണ്ടാണ്. പലപ്പോഴും ഈ ആറായിരം ആളുകളെയും പിരിച്ചുവിടുന്നത് അവരുടെ പ്രകടനം മോശമാണെന്ന് പറഞ്ഞുകൊണ്ടാണ്. ചെറിയ തീപ്പെട്ടി കമ്പനിയാണെങ്കിൽപ്പോലും കോൺട്രാക്ട്-ലേബർ നിയമം, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നിവയുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽപ്പോലും ഒരാളെ പിരിച്ചുവിടുന്നതിനുമുമ്പ് നിയമത്തിന്റെ ശക്തി നോക്കിക്കൊണ്ടാണ് തീരുമാനങ്ങളെടുക്കുന്നത്. ഇവിടെ നിയമങ്ങളുടെ വ്യാഖ്യാനത്തിന്റെ പ്രശ്നമുണ്ട്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള കോളേജുകളിൽ പഠിച്ചവരെ ഒരു കാരണവുമില്ലാതെ അവരുടെ വ്യക്തിപരമായ പെർഫോർമൻസിനേക്കാൾ കൂടുതൽ അവർ വർക്ക്ചെയ്യുന്ന കമ്പനിയിലെ ബിസിനസ് യൂണിറ്റിന്റെ റവന്യൂവോ ടാർജറ്റോ പ്രോഫിറ്റോ കുറഞ്ഞുവെന്ന് പറഞ്ഞ് നിഷ്ഠുരമായി പിങ്ക് സ്ലിപ്പ് കൊടുത്തുവിടുന്ന ഒരു പ്രവണത കൂടിക്കൊണ്ടിരിക്കുകയാണ്. നിയമങ്ങളുടെ അവ്യക്തത കാരണമാണ് പലപ്പോഴും ഇത് സംഭവിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തൊഴിൽ ചെയ്യുമ്പോൾ അവരുടെ പെർഫോർമൻസ് മെഷർ ചെയ്യുന്നതിന്റെ അടിസ്ഥാനവും മാനദണ്ഡവുമെന്താണെന്ന് മുൻകൂട്ടി അറിയാനുള്ള അവകാശം ഓരോ തൊഴിലാളിക്കും ജീവനക്കാരനുമുണ്ട്. ഈ പറയുന്ന കമ്പനികളുടെ റവന്യൂ കഴിഞ്ഞ രണ്ടുമൂന്ന് വർഷംകൊണ്ട് വർദ്ധിച്ച കണക്കുകളാണ് കാണുന്നത്. എന്നിട്ടും ബിസിനസ് യൂണിറ്റിലെ പെർഫോർമൻസ് മോശമാണെന്ന് പറഞ്ഞ് തൊഴിലാളികളെ പിരിച്ചുവിടുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്ന കാര്യമല്ല. അതുകൊണ്ട് ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്നാൽ തമിഴ്നാട് ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളിൽ

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റിന് കീഴിൽ ഐ.ടി. മേഖലയിലെ ജീവനക്കാരും വരുമെന്ന് പറഞ്ഞിട്ടുണ്ട്. അതേക്കുറിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരുപക്ഷെ പല തൊഴിൽ നിയമങ്ങൾക്കും ഏറ്റവും കൂടുതൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. ആ മാതൃകയിൽ ആളുകളെ കൂട്ടത്തോടെ retrench ചെയ്യുന്ന ഈ ദുരവസ്ഥ മാറണം. അതിന് പറ്റിയ നിയമനടപടികൾ കൊണ്ടുവരാൻ സാധിക്കുന്ന ഒരു സംസ്ഥാനം കേരളമാണെന്ന് കഴിഞ്ഞ 60 വർഷങ്ങളായി കാണിച്ചുതന്നിട്ടുണ്ട്. അതിന്റെ തുടർച്ചയായി അതിനുള്ള നിയമനടപടികൾ സർക്കാർ എടുക്കണം എന്നുള്ള ഒരു പ്രമേയമാണ് അവതരിപ്പിക്കുന്നത്. ഞാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽനിന്ന് പഠിച്ചിറങ്ങിയ ആളാണ്. 2005-ൽ എന്റെ കൂടെ പഠിച്ചിരുന്ന ഏറ്റവും മിടുക്കരായ ആളുകളിൽ 80 ശതമാനം പേരും കേരളത്തിലും പുറത്തുമായി ഐ.ടി മേഖലയിൽ ജോലി ചെയ്യുകയാണ്. ഇവർ പത്തും പന്ത്രണ്ടും വർഷം ജോലിചെയ്ത് ഇന്ന് മിഡിൽ മാനേജ്മെന്റിലെത്തിയിരിക്കുന്ന അവസ്ഥയാണ്. ഇന്ന് ഐ.ടി. മേഖലയിൽ ഏറ്റവും കൂടുതൽ ജോലികൾ കുറയ്ക്കുന്നത് മിഡിൽ മാനേജ്മെന്റിലാണ്. ഐ.ടി. boom വന്ന സമയത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് നൂറും ഇരുന്നൂറും ആളുകളെ ജോലിക്ക് എടുക്കുമായിരുന്നു. അവരുടെ ശമ്പളവും സ്കില്ലും റീഡിപ്ലോയ് ചെയ്യാൻ കഴിയാത്തതുകൊണ്ട് ഒരുപക്ഷെ ഈ ചാട്ടവാറടി ആദ്യം കിട്ടുന്നത് പത്തും പന്ത്രണ്ടും വർഷം ജോലി ചെയ്ത്, ഹോം ലോണുമൊക്കെയുള്ള ആളുകൾക്കാണ്. ഈ കാര്യത്തിൽ പ്രത്യേക പരിഗണന വേണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയത്തിൻമേലുള്ള ചർച്ച പിന്നീട് തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് 22-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)